MY INDIA PART 7 CHOLA AND CHERA RELATIONS

Dr Suvarna Nalapat

എന്റെ ഭാരതം ഭാഗം 7 ചോളരും ചോളലിഖിതങ്ങളിലെ കേരളബന്ധവും

ചോളചേരനാടുകളും പാണ്ഡ്യനാടും തമ്മിലുള്ള ബന്ധവും മേൽക്കോയ്മക്കുള്ള അവകാശത്തർക്കങ്ങളും അതു കൊണ്ടുവന്ന തകർച്ചയും സാമാന്യമായി ഇവിടെ പറയുന്നു. ഒരു കുടുംബ ത്തിലെ പല മക്കൾ പരസ്പരം കലഹിച്ചാലുള്ള നാശവും ദോഷവുമാണ് ചരിത്രം നമ്മോടു സംവദിക്കുന്നത്. വർത്തമാനകാലത്ത് ഇതേ സംഭവങ്ങളുടെ തനിയാവർത്തനം കാണുന്ന മനുഷ്യൻ (ചരിത്രകാരൻ) ഭാവിയിലേക്ക് നോക്കി വേണം സംവദിക്കുന്നത്. വീണ്ടും രാജ്യം തകര്ച്ചയിലേക്കും വിദേ ശാധിപത്യത്തിലേക്കും വഴുതിവീഴാതിരിക്കാനാണ് ഒരുമയെ പഠിപ്പിക്കുന്ന ചരിത്രം വായിക്കേണ്ടത്. പരസ്പരം കലഹിക്കരുത്, ഒരുമയോടെ രാജ്യത്തിന്റെ നന്മക്കായി പ്രവർത്തിക്കണം

വിഭാഗീയതകൾക്ക് അതീതമായി ചിന്തിക്കണം.

Past is the prologue of the future

ഡോ സുവർണ്ണ നാലപ്പാട്ട്

ഉള്ളടക്കം.

1. രാജേന്ദ്രചോളന്റെ പിൻഗാമികൾ
2. ചോളകാലത്തെ ലിഖിതങ്ങളിലെ കേരളബന്ധം



രാജേന്ദ്രചോളന്റെ പിൻഗാമികൾ

രാജാധിരാജന്റെ 35ആം ഭരണവർഷത്തിൽ അദ്ദേഹത്തെ തമ്പിത്തുണൈയോടെ ചോളവളനാട് ഭരിക്കുന്നുവെന്ന് പറയുന്നു. രാജേന്ദ്രൻ രണ്ടാമനാണ് തമ്പി. വീരരാജേന്ദ്രൻ (വീരചോളൻ)രാജേന്ദ്രന്റെ ഇളയ സഹോദരനാണ്. പടിഞ്ഞാറൻ ചാലൂക്യലിഖിതങ്ങളിൽ വീരരാജേന്ദ്രനെന്നും മറ്റുള്ളവയിൽ കരികാലചോളരാജേന്ദ്രനെന്നും കാണാം. രാജാധിരാജന്റെ കൂടെ നീണ്ട ചാലൂക്യയുദ്ധത്തിൽ രാജേന്ദ്ര രണ്ടാമനും പങ്കെടുത്തതായി പ്രശസ്തികളിലുണ്ട് വീരരാജേന്ദ്രന്റെ രാമനാട് ലിഖിതം. അച്ഛൻ ഗംഗാപൂർവ്വദേശവും കടാരവും കയ്യടക്കിയതായി പറയുന്നു. രാജാധിരാജനും രാജേന്ദ്ര ഒന്നാമനും 25 വർഷം ഒരുമിച്ചാണ് ഭരിച്ചത്. 1053-4 വരെയാണ് രാജാധിരാജന്റെ ലിഖിതങ്ങൾ. 1052ൽ രാജേന്ദ്ര രണ്ടാമന്റെ കിരീടധാരണം. 1064 വരെ 12 കൊല്ലം ഭരണം. രാജകേസരി രാജമഹേന്ദ്രദേവൻ വീരരാജേന്ദ്രനുമുമ്പ് സിംഹാസനാരൂഢനായി, 3 വർഷം മനുനീതി പാലിച്ച് ഭരിച്ചു. കലിംഗത്തുപരണി കൊപ്പത്തു യുദ്ധക്കളത്തിൽ കിരീടം ധരിച്ച രാജേന്ദ്ര രണ്ടാമനും, കൂടൽ സംഗമത്തിൽ വിജയിച്ച വീരരാജേന്ദ്രനും ഇടയിലെന്ന് പറയുന്നു. ആനയെക്കൊണ്ട് നദീതീരത്തുവെച്ച് ആഹവമല്ലനെ പിന്തിരിഞ്ഞോടിപ്പിച്ചു എന്നാണ് ഒരു ലിഖിതത്തിലുള്ളത് രാജേ

ന്ദ്ര രണ്ടാമന്റെ 9ആം ഭരണവർഷലിഖിതത്തിൽ തൻ തിരുമകൻ രാജേന്ദ്രനെന്ന് പറയുന്നത് ഈ രാജമ ഹേന്ദ്രനെയാവാം. അഛൻ രാജേന്ദ്രദേവനും മുത്ത ശ്ശൻ രാജേന്ദ്രചോളദേവനും . ബിരുദം രാജമഹേ ന്ദ്രദേവൻ.

1. രാജാധിരാജ 1 രാജകേസരി 1018-1054
2. രാജേന്ദ്ര 2 പരകേസരി (സഹോദരൻ) 1052-1064
3. രാജമാഹേന്ദ്രരാജകേസരി രാജേന്ദ്ര 2യുടെ മകൻ യുവരാജാവായിരിക്കെത്തന്നെ മരിച്ചു. 1060-63
4. വീരരാജേന്ദ്രരാജകേസരി രാജേന്ദ്ര 2ന്റെ ഇളയ അനുജൻ 1063-1069
5. അധിരാജേന്ദ്ര പരകേസരി 1067-70

രാജാധിരാജന്റെ കാലത്താണ് സിംഹളരാജാവ്, മാലയണിഞ്ഞ വല്ലവൻ, കണക്കുച്ചിയർ (കാനൂജ്) രാജാവ് ഇവരുടെ വധം. വിക്രമപാണ്ഡ്യൻ പേടി ച്ച് ലങ്കയിൽ ഒളിച്ചതും ഇക്കാലത്താണ്. വിക്രമ ബാഹുവിന്റെ (ഈലം)സ്വർണ്ണക്കിരീടം തന്റെ കന്നു ക്കുച്ചിയേക്കാളും സുന്ദരമെന്ന് കരുതിയ വീരശാല മേഘനും അവിടെ അഭയം പ്രാപിച്ചിരുന്നു. ചോള ൻ അദ്ദേഹത്തിന്റെ ജ്യേഷ്ഠത്തിയേയും ഭാര്യയേ യും പിടിച്ചുവെച്ച് അവരുടെ കന്നുക്കുച്ചിയോടു കൂടി (കാതിലെ ആഭരണം) മൂക്കും അരിഞ്ഞു. അപമാനത്താൽ അദ്ദേഹം ചോളനെ നേരിട്ടപ്പോൾ വധിക്കയും ചെയ്തു. ശ്രീവല്ലഭമദനരാജന്റെ കണ്ണാ രു(കൃഷ്ണ) കുടുംബത്തിലെ പ്രസിദ്ധമായ കിരീടം ഈലരാജാവിന്റെ കയ്യിലുള്ളത് എടുത്തു. 1019ൽത്ത ന്നെ ഈളമണ്ഡലം ചോളസാമ്രാജ്യത്തിന്റെ ഭാഗമാ

യിട്ടുണ്ട്. 12 വർഷത്തിനുശേഷം മഹീന്ദന്റെ മകൻ കസ്സപനെ പിടിക്കാൻ നോക്കിയപ്പോൾ 95000 പേരുള്ള ചോളപ്പടക്കെതിതെ സിംഹളർ പൊരുതി. 6 മാസത്തെ യുദ്ധത്തിൽ അനേകം ദമിളരെ വധിച്ചു. ബാക്കിയുള്ളവരെ പഴയപോലെ പുലത്തിനഗരത്തിലേക്ക് (പുലസ്ത്യനഗരം) വിശ്രമത്തിനയച്ചു എന്ന് മഹാവംശം.

കണ്ണരൻ വലി വന്ദുരൈ കോലവിലൈത്തരശനാകിയ എന്നതിനെ Hultzch രാഷ്ട്രകൂടകർണ്ണാടകദേശത്തു നിന്ന് വന്ന മദനരാജൻ സിലോണിലെ രാജാവായതാണെന്ന് വ്യാഖ്യാനിക്കുന്നു. കണ്ണരനെന്നാൽ കണ്ണൻ അഥവാ കൃഷ്ണൻ, യാദവവംശം. വലി ബലി അഥവാ മഹാബലി ബാണവംശം. (കൃഷ്ണന്റെ പ്രപൌത്രനായ അനിരുദ്ധനും ബാണപുത്രി ഉഷക്കും ജനിച്ച വജ്രന്റെ വംശം) വന്ദുരൈ കേലം വന്ദേരി കോലം അഥവാ കോവിലകം. ഈലത്ത് അരശനാകിയ ഈലത്തിലെ രാജാവായ. കൃഷ്ണന്റെ ബാണവംശശാഖയിലെ വന്ദേരികോലത്തിൽനിന്ന് വന്ന് ഈലത്തിലെ രാജാവായ എന്നാണ് അർത്ഥം.കസ്സപൻ തെക്കുകിഴക്കന് പ്രവിശ്യയിലെ രോഹന്ന വിക്രമബാഹു എന്ന പേരിൽ ഭരിക്കാൻ തുടങ്ങി. 6 മാസത്തെ ചോളയുദ്ധം രാജേന്ദ്രകാലത്താണ്. അതിൽ വിക്രമബാഹു മരിച്ചു, കിരീടം രാജാധിരാജന് കിട്ടി. (ചോളലിഖിതം) മഹാവംശം 1047 എഡിയിൽ അസുഖം ബാധിച്ചാണ് മരണം രേഖപ്പെടുത്തുന്നത്.

അതായത് ചോളർ കിരീടം എടുത്തത് സത്യമാണ്, വധിച്ചത് നുണയും. ചോളരോഹന്ന അതിർത്തിയിൽ നിരന്തരം യുദ്ധമുണ്ടാവുന്ന സ്ഥലമായിരുന്നു.

1041-44 വരെ ഭരിച്ച മഹാലാനകിറ്റി ചോളയുദ്ധ ത്തിൽ സ്വയം കഴുത്ത് മുറിച്ച് ആത്മാഹൂതി ചെയ്തു. ചോളർ നാടു കൊള്ളയടിച്ച് മുഴുവൻ ഈളവും ചോളമാക്കി. മഹാലാനകിറ്റിയുടെ ഏക മകനാണ് വിക്രമപാണ്ഡു (1044-47)അദ്ദേഹം തുളുനാട്ടിലേക്ക് ഓടിപ്പോയി. അഛന്റെ മരണ വാർത്ത കേട്ട് തിരിച്ചെത്തി. ജഗതീപാലനുമായുള്ള യുദ്ധത്തിൽ മരിച്ചു. ചോളലിഖിതത്തിൽ മഹാലാന കിറ്റി തെക്കൻ പാണ്ഡ്യദേശത്തെ രാജകുമാരനാണ്. രജാധിരാജൻ തെക്കേ ഇന്ത്യയിൽനിന്ന് ലങ്കയിലേക്ക് ഓടിച്ചതാണ്. പാണ്ഡ്യസിംഹളകേരളവംശങ്ങൾ ഒറ്റ ക്കെട്ടായി ചോളനെ എതിർത്തതും ഇക്കാരണത്താ ലാണ്. വിക്രമപാണ്ഡുവിന്റെ അമ്മ പാണ്ഡ്യരാജ കുമാരിയും അഛൻ സിംഹളനുമാണ്. മഹാവംശ പ്രകാരം ജഗതീപാലൻ(1047-51) അയോദ്ധ്യാരാജാവി ന്റെ മകനാണ്. രോഹണത്തിൽ 9 വർഷം ഭരിച്ചു. മഹേശിയേയും മകളേയും എല്ലാ സ്വത്തുക്കളോടും കൂടി കേരളനാട്ടിലേക്കയച്ചു. 1046ൽ വീരശാല മേഘൻ മരിച്ചശേഷമാണ് ജഗതീപാലന്റെ ഭരണം തുടങ്ങുന്നത്. ചോളരേഖകളിൽ ഇവർ കന്യാകു ബ്ജ.ത്തിൽനിന്നാണ് അയോദ്ധ്യയിൽനിന്നല്ല. ഈ വംശത്തിലെ അവസാനത്തേയും നാലാമത്തെയും രാജകുമാരനാണ് ശ്രീവല്ലഭമദനരാജൻ (മഹാവംശ ത്തിലെ പരാക്രമബാഹു). വല്ലഭവംശം കണ്ണാരയാ ദവവംശമാണെന്ന് ലിഖിതം പറയുന്നുണ്ട്. രാജാ ധിരാജന്റെ ലിഖിതം (1046) കഴിഞ്ഞ് 7 വർഷം പിന്നിട്ടാണ് 1053ൽ പരാക്രമന്റെ മരണം. ചോള, സിംഹളലിഖിതം രണ്ടിലും വിക്രമബാഹുവും വിക്രമപാണ്ഡ്യനും ഉണ്ട്. വീരശാലമേഛശ്രീവല്ലഭമ ഹാരാജാ ചോളലിഖിതത്തിലേ ഉള്ളു മഹാവംശ

ത്തിലില്ല. മഹാവംശത്തിലെ ജഗതീപാലനും പരാക്ര മനും അവസാനഘട്ടത്തിലെ യുദ്ധത്തിലാണ്. അവരെ ചോളലിഖിതങ്ങളിൽ കാണുന്നില്ല. 1053നു ശേഷമുള്ള രാജേന്ദ്ര 2 ലിഖിതം (1055) വീരശാല മേഘനെ വധിച്ചു, മാനാഭരണന്റെ മകളെ തടവി ലാക്കി എന്ന് പറയുന്നുണ്ട്. കന്നക്കുച്ചിയർ കാവ ലനെന്നല്ല വീരശാലമേഘനെ പറയുന്നത്, കലിംഗദേ ശരാജാവ് എന്നാണ്. വീരർപടൈക്കലിംഗർ മകൻ എന്നാണ് പ്രയോഗം. Hultzch വിജയബാഹു 1 ന്റെ ഭാര്യ ത്രിലോകസുന്ദരി (കലിംഗ) യുടെ മരുമകൻ കിറ്റിശിരിമേഘൻ വീരശാലമേഘന്റെ നാമമുള്ളവ നാണ്. വിജയബാഹുവിന്റെ മരുമകനും (മകളുടെ ഭർത്താവ്) മാനാഭരണന്റെ പൂർവ്വികനും ആയ പാണ്ഡ്യമാനാഭരണനാണ് രാജാധിരാജനാൽ ശിര ഛേദം ചെയ്യപ്പെട്ടത്. ശ്രീവല്ലഭമദനരാജൻ വല്ലഭന്റെ വംശമാണ്. വിജയബാഹുവിന്റെ മൂന്നാമത്തെ മരുമകനും പുത്രീഭർത്താവുമാണ്. കുലോത്തുംഗ ചോളൻ 1 രാജാവായശേഷമാണ് (1070) വിജയ ബാഹു 1 സിലോണിനെ ചോളരിൽനിന്ന് സ്വതന്ത്ര മാക്കിയത്.

രാജാധിരാജന്റെ രണ്ടാം യുദ്ധങ്ങൾ ചാലൂക്യസോ മേശ്വരനോടാണ്. 1046ലെ മണിമംഗലം ലിഖിതം ചാലൂക്യരുടെ കാംപില്ലി(കാമ്പില്യം)നഹരം നശി പ്പിച്ചു എന്ന് അവകാശപ്പെടുന്നു. അന്നത്തെ വിജയം കന്തർ ദിനകരൻ നാരണൻ ഗണപതി വന്ദലർതേരിയിൽ മതിസൂദനനോടാണ് ജയിച്ചത്. ഈ നാമം ചില ചാലൂക്യലിഖിതങ്ങളിലുമുണ്ട്. കന്തനെന്നത് തലപ്പള്ളി വംശക്കാരുടേതാണ്.

വന്ദലർതേരി വന്നിലശ്ശേരി എന്ന വന്ദേരിയാണ്. ദിനകരനെന്നത് സൂര്യവംശം, നാരായണനെന്നത് യാദവ(ചന്ദ്രവംശം)വംശം ഗണപചി എന്നാൽ സൈന്യാധിപൻ. സോമേശ്വരനുവേണ്ടി ചോളരോട് പൊരുതിയത് ഈ സർവ്വസൈന്യാധിപനാണ്. (കേരളബന്ധം) കൃഷ്ണാനദിയുടെ ഇടത്തെ കരയിലെ കടകമാനഗരമായ പൂണ്ടൂർ സോമേശ്വരന്റെ തെലുഗുസാമന്തരും സൈന്യാധിപരും നിരവധി സ്ത്രീകളും വസിച്ചിരുന്ന സ്ഥലമാണ്. ചോളൻ അത് നശിപ്പിച്ച് കഴുതകളെ കൊണ്ട് ഉഴുത് വരതികൈ (വരക്) വിതപ്പിച്ചു. വലിയ കൊട്ടാരം തൂവെച്ച് വിജയചിഹ്നമായ പുലിക്കൊടി ഉയർത്തി. ഇതെല്ലാം 1048നു മുമ്പാണ്. ചോളന്മാർ ഇതെല്ലാം ചെയ്തിട്ടും തുംഗഭദ്ര വരെ സോമേശ്വരൻ സാമ്രാജ്യം നിലനിർത്തി. 1047ലെ ത്രൈലോക്യമല്ലദേവ (സോമേശ്വര 1)ന്റെ ബെല്ലാരി വാഡഗല്ലി ലിഖിതം (ചോളരുമായി പടവെട്ടിയ തെലുഗുരാജകുമാരൻ കാളിദാസനുള്ള സമ്മാനദാനമാണത്.) ഇതിന് സാക്ഷ്യം വഹിക്കുന്നു. അടുത്തവർഷം അതേസ്ഥലത്ത് വേറെ 2 രേഖകളും കൂടി ഉണ്ട്. മാഹിഷ്മതിപുരഗാന്ധാരാദിത്യരശൻ (സിന്ധവാടി 1000 ബെണ്ണെവൂരു 12 നൂറ്റുഗണ്ട) എന്ന സോമേശ്വരന്റെ സാമന്തൻ പണിത വിഷ്ണുക്ഷേത്രത്തിനുള്ള ഭൂമിദാനമാണത്.കന്തർ ദിനകരൻചോളൻ തന്നെയാണ് കൊടുക്കുന്നത്.

പാണ്ഡ്യകേരളവെങ്കികളെപ്പോലെ ചാലൂക്യരെ കീഴടക്കാൻ ചോളസൈന്യത്തിന് സാധിച്ചിട്ടില്ല. വെങ്കിയിൽ സോമേശ്വരന് തന്റെ ഭരണം നിലനിർത്താനും

കഴിഞ്ഞു. 1053ൽ അദ്ദേഹത്തിന്റെ മകൻ സോമേശ്വ രദേവൻ ബെൽഗോളെ 300, പുലിഗേരേ 300 ഇവ ഭരിക്കുന്നത് വെങ്കീപുരവരേശ്വരബിരുദത്തോടെയാണ്. 2 വർഷം കഴിഞ്ഞ് ദ്രാക്ഷാരാമത്തിലെ ഒരു രേഖയിൽ അദ്ദേഹത്തിന്റെ മന്ത്രി നാരായണഭട്ടന്റെ മകളുടെ ഒരു ഭൂദാനം കാണുന്നു. ദ്രാക്ഷാരാമത്തിലും മറ്റ് തെലുഗുദേശസ്ഥലങ്ങളിലും വെങ്കി കീഴടക്കിയ വിക്രമാദിത്യ 6(സോമേശ്വരപുത്രൻ)ലിഖിതങ്ങളുണ്ട്. രാജാധിരാജൻ തന്റെ അനുജനായ രാജേന്ദ്ര 2നെ അടുത്ത അവകാശിയാക്കി. അവരൊന്നിച്ച് ചാലൂക്യയുദ്ധം തുടർന്നു. കൃഷ്ണാതീരത്തെ കൊപ്പത്ത് രാത്തമണ്ഡലത്തിലെ ചാലൂക്യആഹവമല്ലുമായി യുദ്ധം നടന്നു. തീർത്ഥക്കൊപ്പത്തകവായിൽ അഥവാ പേരാറ്റിൻകരയിലെ കൊപ്പത്തുവരെ വന്ന് എതിർത്തു ആഹവമല്ലൻ. ആനപ്പുറത്തിരുന്ന് യുദ്ധം ചെയ്ത രാജാധിരാജനേയും ആനയോയും ഒപ്പം ചാലൂക്യർ സ്വർഗ്ഗത്തേക്ക് അയച്ചു.സമുദ്രം പോലുള്ള ചാലൂക്യസൈന്യം ചോളസൈന്യത്തെ എതിർത്തു. അതോ ടെ ചോളസൈന്യം ഭയന്ന് ചിതറി ഓടി. രാജേന്ദ്രൻ ഓടുന്ന സൈന്യത്തെ തടുത്തുനിർത്തി വീണ്ടും യുദ്ധം ചെയ്തു. ആഹവമല്ലന്റെ അസ്ത്രം ആനയുടെ മസ്തകത്തിലും രാജേന്ദ്രന്റെ തുടയിലും കുന്നുപോലുള്ള തോളിലും തുളച്ചുകയറി. ഈ യുദ്ധത്തിൽ രാജേന്ദ്രൻ ജയസിംഹനെന്ന ചാലൂക്യസഹോദരനേയും, ദശവർമ്മൻ, നന്നി നോലുംബൻ,പുലകേശി, ഇവരേയും വധിച്ചു. സാലൂക്കിയും (ചാലൂക്കി)വന്ദിയത്തേവനും വമ്പിച്ച സൈന്യമുള്ള തുത്തനും കുന്ത(ള)മയനും പരാജിത

രായി. അവർ ഓടി പടിഞ്ഞാറേ കടലിൽ ചാടി എന്ന് പറഞ്ഞിരിക്കയാൽ പെരിയാറിന്റെ തീരത്തുള്ള (കേരളത്തിലെ) കൊപ്പത്താണ് യുദ്ധം നടന്നിരിക്കുന്നത്. ഇതിലെ വന്ദിയത്തേവൻ വന്ദലർത്തേരി അഥവാ വന്ദിലച്ചേരിയിലെ രാജാവാണ്. അവരുടെ ആന,കുതിര, ഒട്ടകം, വരാഹചിഹ്നമുള്ളപതാക, സത്തിയവ്വൈ സാംഗപ്പൈ മുതലായ സ്ത്രീകൾ എല്ലാം ചോളന്റേതായി. രാജേന്ദ്രൻ യുദ്ധക്കളത്തിൽ വെച്ചുതന്നെ കിരീടധാരണം നടത്തി. കൊല്ലാപുരത്ത് ജയസ്തംഭം നാട്ടി തന്റെ ഗംഗാപുരിതലസ്ഥാനത്തേക്ക് മടങ്ങി.

ചാലൂക്യലിഖിതങ്ങളിൽ കൊപ്പം യുദ്ധം പറയുന്നില്ല. ശകം 981ൽ ചോളനെ തെക്കൻജില്ലകളിൽ പരാജയപ്പെടുത്തിയ സോമേശ്വരൻ , മഹാമണ്ഡലേശ്വര ചിദ്രനചോളരാജാ ഭരിക്കുന്ന സിന്ധവാടിയിൽ വിശ്രമിക്കയാണ്. 987ൽ വിഷ്ണുവർദ്ധന വിജയാദിത്യൻ അരശിയക്കേരെയിൽ തെക്കൻ ആക്രമണത്തിനുമുമ്പ് വിശ്രമിക്കുന്നു. 1071ലെ ഒരു ലിഖിതം രാജാധിരാജന്റെ മരണം പറയുന്നുണ്ട്.മഹാപാതകതമിഴനായ പാണ്ഡ്യചോളൻ തന്റെ പിതൃക്കളുടെ ആചാരം തെറ്റിച്ച്, വഴിതെറ്റി, ബെൽഗോളയിൽ കടന്ന് ഗംഗ പെരുമാനടി നിർമ്മിച്ച ജിനാലയങ്ങളടക്കം നിരവധി ക്ഷേത്രം നശിപ്പിച്ച് പാപത്തിനു ശിക്ഷയായി ശിരസ്സ് നഷ്ടപ്പെട്ടു എന്നാണ് ചാലൂക്യരേഖ. ആനൈമേൽ തുഞ്ചിയ എന്നതാണ് രാജാധിരാജന്ന് ബിരുദം. രാജാധിരാജന്റെ ജന്മനക്ഷത്രം പൂർവ്വഫാൽഗുനിയാണ്. തലസ്ഥാനം ഗംഗൈകൊണ്ടചോളപുരം. ഭാര്യമാരിലൊരാൾ ത്രൈലോക്യം ഉടൈയാർ നമ്പി

രാട്ടിയാർ. വിജയരാജേന്ദ്ര, വീരരാജേന്ദ്രവർമ്മൻ, ആഹവമല്ലകുരാന്തക, കല്യാണപുരം കൊണ്ടചോള ൻ മുതലായ നാമങ്ങളും വഹിച്ചിരുന്നു. ഗുരുദേ വൻ ഉലകളന്ത ചോളബ്രാഹ്മണമാരായനെന്ന കോ വിലധികാരികൾ പാരാശര്യനായിരുന്നു. ഉദ്യോഗസ്ഥരിൽ 13 പേർ സ്വന്തക്കാരായിരുന്നു. സാമന്തരായി ദണ്ഡനായകൻ ചോളൻ കുമരൻ പരാന്തകമാരായൻ എന്ന രാജാധിരാജ നീലഗംഗ രായർ , പിള്ളൈയാർ ചോളവല്ലഭതേവനും പത്നി പഞ്ചവൻ മഹാതേവിയാരും , ദണ്ഡനായക അപ്പ മയ്യ (മഹാരാജനടി 7000 കടപ്പയിലെ വള്ളൂരു തലസ്ഥാനം), രാജരാജബ്രഹ്മാദിരായപ്പിള്ളൈയാർ വിഷ്ണുവർദ്ധനദേവനെന്ന രാജരാജ 1 (വെങ്കി . രാജേന്ദ്ര 1 ന്റെ മകളും രാജാധിരാജന്റെ സഹോദരി .യുമായ അമാങ്കദേവി ഭാര്യ. ഇദ്ദേഹം പിന്നെ കുലോത്തുംഗ 1 എന്ന് അറിയപ്പെട്ടു.). അമാങ്കദേ വി എഡി 1050ൽ 300 രാജരാജമാടം സ്വർണ്ണനാ ണ്യം തിരുവയ്യാർ ക്ഷേത്രത്തിന് ദാനം ചെയ്തു. സേനാപതി രാജേന്ദ്രചോള മാവേലിവാനരായർ (അനുജൻ). രാജേന്ദ്ര 2ന്റെ ഉദ്യോഗസ്ഥരിൽ 13 പേർ വിശ്വസ്ഥരായ സ്വന്തക്കാരായിരുന്നു.

ശിരിയതന്തൈ (അഛന്റെ ഭാഗത്തുനിന്നുള്ള ചെറിയ ഛൻ) 4 അനുജന്മാർ, 6 മക്കൾ, 2 പേരക്കുട്ടികൾ എന്ന് മണിമംഗലം ശാസനം. പിന്നീടുള്ള ലിഖിത ങ്ങളിൽ എണ്ണം മാറുന്നുണ്ട്. അമ്മാമനും മകനും 3 സഹോദരന്മാരും രാജേന്ദ്രചോളനെന്ന മകനുമായി 6 പേരെന്ന് കാണുന്നു. 1061ലെ ലിഖിതം 9 പേരെന്ന്

പറയുന്നു. ഇത് കുലോത്തുംഗന്റെ സിംഹാസനാരോഹണത്തിനു മുമ്പുള്ള ലിസ്റ്റാണ്. ഇക്കാലത്ത് വംശ ബിരുദങ്ങൾ ചോളപാണ്ഡ്യ, ചോളഗംഗ, ചോളകേരളൻ എന്നെല്ലാമാണ്. (മാതാപിതാക്കളുടെ രണ്ടു പേരുടേയും വംശം പറയുന്നു)

രാജകേസരി രാജമാഹേന്ദ്രന്റെ 1059ലെ ലിഖിതം മുദക്കാരുവിൽ, പിതാവിന്റെ 9ആം ഭരണവർഷം ആഹവമല്ലനെ തോൽപ്പിച്ചതായി രേഖപ്പെടുത്തുന്നു. ദണ്ഡനായക വാലാദേവന്റെ സൈന്യം നദിക്കരയിൽ ചോളരെ നേരിട്ടു ദണ്ഡനായകൻ മരിച്ചു, ആഹവമല്ലനും മകൻ വിക്കരനും ചോളരെ നേരിടാനായില്ല. ഇത് കൂടൽയുദ്ധം (വീരരാജേന്ദ്രന്റെ) തന്നെയാണ്. വീരരാജേന്ദ്രന് ഇരട്ടരാജകുലകാലനെന്ന് ബിരുദമുണ്ട്. വാസ്തവത്തിൽ കൂടൽസംഗമത്തിലെ യുദ്ധത്തിൽ മൂന്ന് ചോളരാജകുമാരന്മാർ പങ്കെടുത്തിരുന്നു. രാജേന്ദ്രൻ അടുത്ത രാജാവകാശി മജമഹേന്ദ്ര, രാജാവിന്റെ സഹോദരൻ വീരചോളകരികാലവീര രാജേന്ദ്ര. ഈ യുദ്ധത്തെക്കുറിച്ച വീരരാജേന്ദ്രന്റെ ലിഖിതം പറയുന്നത് ഇപ്രകാരമാണ്ഃ-ഗംഗപാടി യുദ്ധക്കളത്തിൽനിന്ന് മഹാസാമന്തരെ തുംഗഭദ്രയിലേക്ക് ഓടിച്ചു. മുന്നിൽ നിന്നിരുന്നത് വിക്കലനാണ്.അവൻ തന്റെ സൈന്യത്തെ വെങ്കനാട്ടിലേക്ക് യച്ചു. മാദണ്ഡനായകൻ ചാമുണ്ഡരാജനെ വധിച്ചു. അദിദ്ഹത്തിന്റെ ഏകമകൾ നാഗല ഇരുഗയന്റെ ഭാര്യയായിരുന്നു. മയിൽപ്പേടപോലെ സുന്ദരിയായ അവളുടെ മൂക്ക് മുറിച്ചു. ആഹവമല്ലന്റെ രണ്ട് മക്കളായ വിക്കലനും സിംഗണനും അടക്കം നിരവധി സാമന്തരെ നദിക്കരയിലെ കൂടൽസംഗമത്തിൽ

തോൽപ്പിച്ചു. കോസലരാജാ സിംഗയനെ കഷ്ണമാക്കി. കേശവദണ്ഡനായകനും കേട്ടരചനും മാരായനും പോറ്ററയനും ഇരേച്ചയനും യുദ്ധം ചെയ്യുമ്പോൾ അദ്ദേഹം വിളിച്ചുപറഞ്ഞു, സ്വർണ്ണമാലയണിഞ്ഞ മൂവേന്തിയെ പിൻതുടരുക. വിക്കലനും സിംഗണനും ഓടിപ്പോയി. അണ്ണലൻ മുതലായവർ ആനപ്പുറത്തുനിന്ന് ഇറങ്ങിയോടി. ആഹവമല്ലനും ഓടി. അവനെ തടഞ്ഞുനിർത്തി വിജയമാലയും കുലധനവും ശംഖുകളും കുടകളും വാദ്യങ്ങളും ചാമരവും വരാഹക്കൊടിയും മകരതോരണവും പുഷ്പകമെന്ന പിടിയാനയും യുദ്ധത്തിനുള്ള ആനകളും കുതിരകളും എടുത്തു, പത്നിമാരേയും കൈക്കലാക്കി രത്നകിരീടം അണിഞ്ഞു. രാജേന്ദ്രദേവന്റെയും വീരരാജേന്ദ്രന്റേയും ലിഖിതങ്ങളിലുള്ളത് താരതമ്യം ചെയ്യേണ്ടതാണ്. ചോളന്മാർ വിവാഹം കഴിക്കുന്ന പതിവ് ഉണ്ടായിരുന്നു, ഇത് പടിഞ്ഞാറൻ ചാലൂക്യരെ സുഹൃത്തുക്കളാക്കി അവരെ ആക്രമണത്തിൽനിന്ന് തടയാനാണ്. കൂടൽ സംഗമത്തിലെ രണ്ട് നദികളേതാണ്. തുംഗയും ഭദ്രയുമെന്നും, തുംഗഭദ്രയും കൃഷ്ണയുമെന്നും , കാന്തയും കരന്തയുമെന്നും പല നിഗമനങ്ങളുണ്ട്.

കന്യാകിമാരിലിഖിതത്തിൽ രാജേന്ദ്ര 2 കാലത്ത് ചോളതലസ്ഥാനം ഗംഗാപുരിയിൽനിന്ന് കുറ്റാലംത്തേക്ക് മാറിയതായി കാണിക്കുന്നു. അവിടെ കോട്ടക്കകത്ത് വലിയ അങ്ങാടി ഉണ്ടായിരുന്നു. രാജേന്ദ്രന്റെ രാജ്ഞി കിളാനടികൾ . പുത്രി മധുരാന്തകി കിഴക്കൻ ചാലൂക്യരാജകുമാരൻ രാജേന്ദ്ര രണ്ടാമന്റെ (കുലോത്തുംഗ 1)പത്നി.

രാജേന്ദ്രരണ്ടാമന്റെ സാമന്തർ മിലാഡു നരസിംഹ വർമ്മൻ, അരയൻ കടക്കൻകൊണ്ട സോളൻ, ജയമുറി നാടാൾവൻ സേനാതികർ (സിലോൺലിഖിതം) അരയൻ രാജരാജൻ അഥവാ വീരരാജേന്ദ്ര ജയമുറിനാടാൾവൻ (കരുവൂർ ലിഖിതം).
കുലോത്തുംഗ 1ന്റെ സേലം ലിഖിതത്തിൽ (12ആം ഭരണവർഷം) കൊല്ലിമലനാടിലെ റവെന്യു നിർണ്ണയം രാജമഹേന്ദ്രകാലത്തേതുതന്നെയാണ്. ചിദംബരം ലിഖിതത്തിൽ രാജമാഹേന്ദ്രന്റെ രാജ്ഞി ലോകമഹാദേവിയാണ്. വീരരാജേന്ദ്രന്റെ നാലാം വർഷത്തെ കരുവൂർലിഖിതം പൊട്ടാപ്പി കേരളൻ ധാരാവർഷന്റെ ഇളയ സഹോദരൻ പാണ്ഡുശ്രീവല്ലഭന്റെ മകനെ വധിച്ചതായി പറയുന്നു. അടുത്തവർഷം മണിമംഗലത്ത് ഉദകൈയും കേരളവും ആനകളെയാണ് കപ്പമായി കൊടുക്കുന്നത്. 7 ചാലൂക്യസേനാപതിമാരും ഗംഗ, നോലുംബ,കാടവ,വൈഡുംബ രാജാക്കന്മാരുമായി 11 പേരാണ് ഈ യുദ്ധത്തിൽ ശിരഛേദം ചെയ്യപ്പെട്ടത്. ഇരട്ടപ്പാടിയിലെ ദേവനാമാനും സിത്തിയും കേശിയും 3 ദിശയിൽ ഓടിപ്പോയി. നഗരങ്ങൾ തീവെച്ച് സോമേശ്വരന്റെ കോലം കത്തിച്ചശേഷം വെങ്കിയിലേക്ക് തിരിഞ്ഞു. കാംപില്ലി ചുട്ടു. സോമേശ്വരന് കണ്ണാടദേശം വിട്ട് പോകേണ്ടിവന്നു. വീരരാജദേവൻ വിക്രമാദിത്യദേവനുവേണ്ടി (വിക്രമാദിത്യ7)വെങ്കി പിടിച്ചുകൊടുത്തു. സോമേശ്വരന്റെ മാല അദ്ദേഹത്തെ അണിയിച്ചു. വീരരാജേന്ദ്രൻ വെങ്കിയിലേക്ക് പോകുംമുമ്പ് സോമേശ്വരന് അയച്ച എഴുത്ത് ഒരിക്കൽ ഞങ്ങളുടേതായിരുന്ന വെങ്കി പിടിച്ചെടുക്കാതെ ഞങ്ങൾ

നാട്ടിലേക്ക് തിരിച്ചുപോകില്ല, നീ ശരിക്കും ഒരു വല്ലഭനാണെങ്കിൽ വന്ന് പ്രതിരോധിക്കുക എന്നാണ്. സോമേശ്വരന്റെ മരണത്തിനുശേഷമാണ് വിക്രമാദി ത്യനുമായി സന്ധി ചെയ്ത് അദ്ദേഹത്തിന് രാജ്യം കൊടുത്തത്.

കൃഷ്ണാനദീതീരത്ത് ജനനയനും രാജമയനും നയി ച്ച സൈന്യത്തെ കാട്ടിലേക്ക് ഓടിച്ച് ഗോദാവരി നദി കടന്ന് കലിംഗത്തിൽ പ്രവേശിച്ചു. ചക്രക്കോ ട്ടത്തിനപ്പുറം വരെ എത്തി. കീഴടക്കിയ വെങ്കിയെ കീഴടങ്ങിയ വിജയാദിത്യന് (വിക്രമാദിത്യ 7) തിരി ച്ചുകൊടുത്തു.

കന്യാകുമാരിലിഖിതത്തിൽ കലിംഗവും വെങ്കിയും ചോളരുടേതാണ്. അവിടെനിന്ന് ചാലൂക്യരെ ഓടി ച്ചത് വീരരാജേന്ദ്രനാണ്. ഗോവ-വനവാസിയിലെ ജയകേശി 1 എന്ന കദംബനും ചോളചാലൂക്യസന്ധി യും ചോളന്റെ മകളെ വിക്രമാദിത്യന് കൊടുത്തിട്ടാ ണ്. സോമേശ്വര 1ന്റെ മരണശേഷം മകൻ സോമേ ശ്വര 2, അനുജൻ വിക്രമാദിത്യനെന്നിവർ തമ്മിൽ അവകാശത്തർക്കം ഉണ്ടായി. ഇളയ അനുജൻ ജയസിംഹനും കദംബജയകേശിയും വിക്രമാദിത്യ ന്റെ ഭാഗം നിന്നു. ത്രൈലോക്യമല്ലനെന്നു കൂടാതെ പടിഞ്ഞാറൻ ചാലൂക്യബിരുദങ്ങളായ സകലഭു വനാശ്രയ, മേദിനീവല്ലഭ, മഹാരാജാധിരാജാ ഇവ യും ചോളബിരുദങ്ങളായ ആഹവമല്ലകുല കാല, പാണ്ഡ്യകുലാന്തക, രാജാശ്രയ, രാജരാജേന്ദ്ര, വല്ലഭ വല്ലഭ, വീരചോളകരികാല ഇവയും ചോളചാലൂ ക്യസന്ധിമൂലം വിക്രമാദിത്യന് ലഭിച്ചു. ചിദംബരം

നടരാജന് ത്രൈലോക്യസാരമെന്ന റൂബിഇനത്തിലുള്ള രത്നവും ചോളതുണ്ഡീരപാണ്ഡ്യഗംഗാ വാടികളിൽ ബ്രഹ്മദേയവും 40000 വേദപണ്ഡിതർക്ക് ഭൂമിയും വീരരാജേന്ദ്രൻ നൽകി. ഗംഗൈകൊണ്ടപുരത്ത് ചോളകേരളമാളികയും രാജേന്ദ്രചോളമാവേലിരാജസിംഹാസനവും 5ആം ഭരണവർഷത്തിൽ ഉണ്ടാക്കി. മകനും പിൻഗാമിയും ആയ വീരരാജേന്ദ്രൻ ചാലൂക്യവിക്രമാദിത്യ 6ആമന്റെ സഹോദരീഭർത്താവുമായിരുന്നു. ശ്രാവണമാസത്തിലെ ആയില്യത്തിൽ ജനിച്ച വീരരാജേന്ദ്രൻ 1070ൽ മരിച്ചു. അരുൾമൊഴിനങ്ക എന്ന ഭാര്യ കുലോത്തുംഗ 1ന്റെ 15ആം ഭരണവർഷം വരെ ജീവിച്ചു. വീരരാജേന്ദ്രകാലത്താണ് തമിഴ്നാട്ടിൽ ബുദ്ധമതം നടപ്പായത്. ആറു വർഷമേ ഭരിച്ചിട്ടുള്ളു.

കുലോത്തുംഗ 1 (1070 മുതൽ)

വീരരാജേന്ദ്രനുശേഷം പരകേസരി അധിരാജേന്ദ്ര ഏതാനും ആഴ്ചകളാണ് ഭരിച്ചത്. പിന്നീട് രാജകേസരി കുലോത്തുംഗ 1 രാജാവായി. 1067-68ൽ അധിരാജേന്ദ്രനെയാണ് വീരരാജേന്ദ്രൻ അനന്തരാവകാശിയായി തെരഞ്ഞെടുത്തത്. മൂന്നു വർഷക്കാലം അദ്ദേഹത്തിന്റെ ലിഖിതങ്ങൾ കാണുന്നുണ്ട്. വിക്രമാങ്കചരിത്പ്രകാരം ഭാര്യാപിതാവ് മരിച്ചപ്പോൾ വിക്രമാദിത്യൻ കാഞ്ചി ഗംഗാകുന്ദപുരത്തേക്ക് ഭാര്യാസഹോദരനെ സിംഹാസനത്തിൽ അവരോധിക്കാൻ പോയി. എന്തുകൊണ്ട് അദ്ദേഹത്തെ മാറ്റി കിഴക്കൻ ചാലൂക്യരാജേന്ദ്ര രണ്ടാമനെ 1070 ൽത്തന്നെ അവരോധിച്ചു. അക്കാലത്തേക്ക് നിരവ

ധി തുടർവിവാഹശൃംഖലകളാൽ ചാലൂക്യർ ചോളർ തന്നെ ആയിക്കഴിഞ്ഞിരുന്നു.

രാജരാജചോളൻ മക്കൾ രാജേന്ദ്ര 1, കുന്തവൈ. കുന്തവൈയക്കും രാജരാജനരേന്ദ്രനും ഉണ്ടായ പുത്രനാണ് രാജേന്ദ്രകുലോത്തുംഗൻ (ചോളരാജകുമാരിയിടെ മകനാണ്) രാജേന്ദ്ര 1ന്റെ മക്കൾ രാജേന്ദ്ര 2, മധുരാന്തകി.

കിഴക്കൻചാലൂക്യവിമലാദിത്യന്റെ പത്നി മേദവ മഹാദേവി ചോളരാജകുമാരി. അവരുടെ പുത്രൻ വിജയാദിത്യ 7. മകൻ ശക്തിവർമ്മൻ. വിമലാദിത്യൻ 7 വർഷം ചാലൂക്യസിംഹാസനത്തിലും പിന്നീട് ചോളസിംഹാസനത്തിലും ഭരിച്ചു. രാജരാജനരേന്ദ്രനുശേഷം വിജയാദിത്യനും കുലോത്തുംഗനും അധികാരത്തർക്കമുണ്ടായി. (കുലോത്തുംഗൻ 41 വർഷം ഭരിച്ചു.)രാജരാജനരേന്ദ്രന്റെ 30ആം ഭരണവർഷത്തിലാണ് (1030) വിജയാദിത്യൻ അദ്ദേഹത്തെ മാറ്റി സ്വയം രാജാവായത്. ശക്തിവർമ്മൻ 1061ലാണ് രാജാവായത്.ഒരു വർഷമേ ഭരിച്ചിട്ടുള്ളു. വിജയാദിത്യൻ പടിഞ്ഞാറൻ ചാലൂക്യ ലിഖിതങ്ങളിലെ വിഷ്ണുവർദ്ധനവിജയാദിത്യനാണ്. എന്നു വരികിൽ സോമേശ്വരനും കിഴക്കൻ ചാലൂക്യവിമലാദിത്യനും ഒരാളാണ്, അമ്മ ചോള രാജകുമാരിയുമാണ്. വിജയാദിത്യൻ തന്റെ ഒന്നുവിട്ട സഹോദരനില്ലാത്ത സമയത്ത് അദ്ദേഹത്തിന്റെ സിംഹാസനം അപഹരിക്കയാണ് ചെയ്തത്. മകൻ ശക്തിവർമ്മൻ ഒരു വർഷം മാത്രം ഭരിച്ച് മരിച്ചു

പോയതിനാൽ വിജയാദിത്യൻ തന്നെ വീണ്ടും രാജാവായി.

കുലോത്തുംഗന്റെ കിഴക്കൻചാലൂക്യ കോപ്പർപ്ലേറ്റു കൾ:-ദെക്കി(17ആം വർഷം), ചെല്ലൂർ(21ആം), പിത്തപുരം (23ആം) ഗ്രാന്റുകൾ. കുലോത്തുംഗൻ മകൻ രാജാരാജമുമ്മുടിച്ചോളനെ ചോളസാമ്രാജ്യ ത്തിന്റെ വടക്കേ ഭാഗമായ വെങ്കിയിലേക്ക് വൈ സ്രോയി ആയി നിയോഗിച്ചു. 41 വർഷം ഭരിച്ച ശേഷം രാജരാജൻ മരിച്ചു.പിന്നീട് വെങ്കിരാജാവാ യ രാജേന്ദ്രന്റെ കിരീടധാരണം ചോഡരാജ്യത്തായി രുന്നുഅദ്ദേഹം രാജേന്ദ്ര 1ന്റെ പുത്രി മധുരാന്തകി യെ വിവാഹം കഴിച്ചു. അനേകം മക്കളിൽ ഒരാ ളായ രാജരാജനോട് തന്റെ മരണസമയത്ത് ഇപ്രകാ രം പറഞ്ഞു:- മകനേ, എന്റെ അഛന്റെ ഭാഗത്തുനി ന്നുള്ള അമ്മാമനായ വിജ്ജയാദിത്യനാണ് എന്നെ വെങ്കി ഏൽപ്പിച്ചത്. ആ സിംഹം സ്വർഗ്ഗം പ്രാപി ച്ചത് 15 വർഷം രാജ്യം ഭരിച്ചിട്ടാണ്. തെക്കി പ്ലേറ്റി ൽ വിജയാദിത്യന്റെ മരണം 1077ലാണെന്ന് പറയു ന്നു. അതായത് കുലോത്തുംഗൻ വെങ്കിയിൽ 1082 ലെങ്കിലും ഭരിക്കാനാരംഭിച്ചിരിക്കണം. എന്നാൽ, 1077ൽ കുലോത്തുംഗൻ ചോളരാജാവാണ്. അദ്ദേഹ മാണ് മകനെ വെങ്കിയിലേക്ക് വൈസ്രോയിയായി അയച്ചത്.

അനന്തവർമ്മൻ ചോഡഗംഗന്റെ വിശാഖപട്ടണം പ്ലേറ്റ് തന്റെ അഛൻ രാജരാജൻ തമിഴുയുദ്ധത്തിൽ വിജയലക്ഷ്മിയെ വരിച്ചശേഷം ചോളരാജപുത്രി രാജസുന്ദരിയേയും വരിച്ചു (രാജേന്ദ്രന്റെ പുത്രി,

രാജരാജന്റെ പട്ടമഹിഷി) എന്നാണ് പറഞ്ഞിരിക്കുന്നത്. വിജയാദിത്യൻ പ്രായമായപ്പോൾ ചോഡ സമുദ്രത്തിൽ താഴുന്ന സൂര്യനെപ്പോലെയായി. അപ്പോൾ കലിംഗനഗരത്തിലെ രാജരാജൻ പടിഞ്ഞാറൻവെങ്കിയിലെ സമൃദ്ധി അനുഭവിക്കാൻ അദ്ദേഹത്തെ അനുവദിച്ചു. ഇതിന് പടിഞ്ഞാറൻ ഗംഗരാജാവും സഹായിച്ചു. എഡി 1075ൽ ഗംഗാരാജാവിനുവേണ്ടി വനപതി ചോളരുമായി യുദ്ധം ചെയ്തിരുന്നു. കുലോത്തുംഗനും കിഴക്കൻ ഗംഗൻ രാജരാജനുമായുള്ള യുദ്ധത്തിലെ സന്ധി ഏഴാം വിജയാദിത്യനുമായി ഉറപ്പിച്ചത് രാജരാജനും അദ്ദേഹത്തിന്റെ (കുലോത്തുംഗ) വൈവാഹികബന്ധവുമാണ്.

ഗംഗൈകൊണ്ടചോളന്റെ രാജ്ഞി കുലോത്തുംഗന്റെ രാജലക്ഷണവും ഇവൻ സൂര്യവംശത്തെ പാലിക്കുമെന്ന പ്രവചനവും കാരണം അവനെ വളർത്തി. സൂര്യവംശിയായ രാജേന്ദ്ര ഗംഗൈകൊണ്ടചോളനും ചന്ദ്രവംശിയായ രാജരാജനരേന്ദ്രനും ഈ കുട്ടി ജനിച്ചപ്പോൾ തങ്ങളുടെ വംശങ്ങളെ സംരക്ഷിക്കുമെന്ന് സന്തോഷിച്ചതായി പറയുന്നു ദിഗ്വിജയത്തിന് വടക്കുകിഴക്കോട്ട് പോയ കാലത്ത് ചോളരാജാവ് മരിച്ചു. . അഭയവീരരാജേന്ദ്രൻ യുവരാജാവായി അവരോധിച്ചു. അരാജകത്വം ഉണ്ടായ ചോളരാജ്യത്തെ മടങ്ങിവന്ന് സമാധാനം പുനസ്ഥാപിച്ചു. അഭയവീരരാജേന്ദ്രനെ ചാലൂക്യരാജാവായല്ല, ചോളരാജാവായാണ് ജയങ്കൊണ്ടാൻ വിക്രമാദിത്യഉലായിൽ പറയുന്നത്. അധിരാജേന്ദ്രനാമവുമില്ല.

ബിൽഹണന്റെ വിക്രമാങ്കചരിതം കുലോത്തുംഗൻ കാഞ്ചിയിലെ ദുഷ്ടവർഗ്ഗത്തെ അടക്കി ചോളരാജാവിനെ സിംഹാസനത്തിലിരുത്തി തുംഗഭദ്രയിലേക്ക് മടങ്ങിവന്നതായി പറയുന്നു. രാജാവാക്കിയത് സഹോദരീഭർത്താവിനെയാണ്. ദിവസങ്ങൾക്കകം ആ രാജാവിനെ വെങ്കിയിലെ രാജാവ് വധിച്ച് ചോളരാജ്യം കീഴടക്കി. സോമേശ്വര 2 അവരുടെ കൂടെ ചേർന്നു. രജ്ജിപ്ലേറ്റിൽ സോമേശ്വരനെ തോൽപ്പിച്ച് വിക്രമാദിത്യൻ 6 ഡെക്കാനിന്റെ രാജാവായെന്നു പറയുന്നു. ചില ചോദ്യങ്ങൾഃ

വീരരാജോന്ദ്രന്റെ മരണശേഷം ആരാണ് അഥവാ എങ്ങനെയാണ് അരാജകത്വം ഉണ്ടാക്കിയത്.

സഹോദരീഭർത്താവിന് സ്ഥാനം ഉറപ്പിച്ചുകൊടുക്കാൻ കുലോത്തുംഗൻ അവിടെ വരേണ്ട സാഹചര്യം എന്തായിരുന്നു.

അധിരാജേന്ദ്രനെ സിംഹാസനത്തിലിരുത്താൻ അടക്കേണ്ടിവന്ന ദുഷ്ടവർഗ്ഗം ആര് ആരാണ് ഉടനെത്തന്നെ അധിരാജേന്ദ്രനെ വധിച്ചത്.

ഈ വിപ്ലവത്തിലും ഗൂഢനീക്കങ്ങളിലും കുലോത്തുംഗന് പങ്കുണ്ടായിരുന്നുവോ.

കുലോത്തുംഗൻ രാജാവായപ്പോൾ വിക്രമാദിത്യൻ 6 എന്തിനാണ് അദ്ദേഹത്തെ പുറത്താക്കാൻ യുദ്ധം നയിച്ചത്.

കലിംഗത്തുപരണി അധിരാജേന്ദ്രനെ കുറിച്ച് ഒന്നും പറയാത്തതെന്ത്. 1070ൽത്തന്നെ വെങ്കിഗവർണ്ണറായ രാജേന്ദ്രകുലോത്തുംഗൻ അഛൻ മരിച്ച് (1063) 7

വർഷക്കാലം എന്തു ചെയ്യുകയായിരുന്നു.വിജയാദിത്യൻ വെങ്കി പിടിക്കുമ്പോൾ പ്രായപൂർത്തിയായിട്ടില്ലാത്ത കുലോത്തുംഗൻ പിന്നീട് തന്റെ അവകാശം നിഷേധിച്ചവരോട് പകരം വീട്ടിയതാണോ. നാഗവംശിരാജാവ് ചക്രകൂടത്തിലെ ധാരാവർഷനെ പരാജയപ്പെടുത്തി കിഴക്കൻഭാഗത്ത് (പൂർവ്വദേശം) സാമ്രാജ്യം സ്ഥാപിച്ചത് ഇളങ്കോ പരുവകാലത്താണ്. അന്ന് ഇപ്പോഴത്തെ ബസ്തർ ജില്ലയിലാണ് അദ്ദേഹത്തിന്റെ ഭരണം. ചക്രകൂടം മുഴുവനായി കീഴടങ്ങിയിട്ടുമില്ല. വെങ്കിയും ചോളരും സുഹൃത്തുക്കളാണ്. അതിനാലാണ് വെങ്കിആക്രമണം. വീരരാജേന്ദ്രൻ അതിനെ ചെറുത്തു. ബസവാഡ യുദ്ധത്തിൽ വീരരാജേന്ദ്രൻ ചക്രകൂടത്തിലേക്ക് സൈനികനീക്കം നടത്തുന്നത് ഇതിനാലാണ്. അദ്ദേഹത്തിന്റെ മരണശേഷം വെങ്കിയിൽ അമ്മാമനായ വിജയാദിത്യനെ ഇരുത്തി വാഴിച്ചു. പിന്നെ ചോളരാജാവായി. ബിൽഹണവാക്യം ഇപ്രകാരമാണ്:- കുലോത്തുംഗചോളദേവന് ചോളകിരീടം ലഭിക്കാനിടയായത് ചോളരാജ്യത്തുണ്ടായ ആഭ്യന്തരകലാപത്തിൽ അവസാനത്തെ ചോളരാജാവ് മരിച്ചതാണ്. രാമാനുജാചാര്യനെ ഉപദ്രവിച്ച് ഈശ്വരശാപത്താൽ മരിച്ചുപോയ കൃമികാന്തചോളനെന്ന് വിളിക്കപ്പെടുന്ന ചോഴൻ ആരാണ്. വീരരാജേന്ദ്രനോ, അധിരാജേന്ദ്രനോ. (ചിദംബരത്തിലെ ഗോവിന്ദരാജവിഗ്രഹം കടലിലിട്ടചോളനാണ് കൃമികാന്തചോളൻ) അതോ കുലോത്തുംഗൻ ഒന്നാമനോ. ഇപ്രകാരം നിരവധി ചോദ്യങ്ങളുയർത്തുന്നു ചോളരുടെ അവസാനകാലം.

ചോളകാലത്തെ ലിഖിതങ്ങളിലെ കേരളബന്ധം

നിരവധി ലിഖിതങ്ങളിലായി ചോളർ തെക്കേ ഇന്ത്യയിലെ പലരാജവംശങ്ങളെക്കുറിച്ചും വിവരം തരുന്നുണ്ട്. പഴുവെട്ടരയരെന്ന ചേരരാജാക്കന്മാരെ ക്കുറിച്ചും ബാണരാജാക്കന്മാരെക്കുറിച്ചും എല്ലാം നമുക്ക് മനസ്സിലാവുന്നത് ചോളകാലലിഖിതങ്ങളി ലൂടെയാണ്. അവയിൽ ചിലത് പറയാം.

തിരുവനന്തപുരത്തെ കീഴ്പാഴൂരില് ക്ഷേത്രത്തിലേ ക്ക് പഴുവെട്ടരയന്റെ പുത്രിയും വിക്രമചോള ഇളങ്കോ വേളന്റെ പത്നിയുമായ രാജ്ഞി രണ്ട് വെള്ളിപ്പാത്രം ദാനം ചെയ്യുന്നു.
തിരുവെരുമ്പൂർ(തിരുവനന്തപുരം) എരുമിയൂരിലെ ജനം (എരുമയൂർ എരുമപ്പട്ടി മഹിഷമണ്ഡലം) ശ്രീകന്തചതുർവ്വേദിമണ്ഡലം സഭയും സെംബിയൻ വേദി വേലന് വിറ്റു.ഉടുക്കും താളവുമായി ക്ഷേ ത്രത്തിൽ തിരുപ്പതികം പാടാൻ ഭൂമി സെംബിയൻ വേലൻ കൊടുത്തു. സഭയും ഊരും കൂടി അതി ർത്തിവിവാദം ഉണ്ടായി.

തഞ്ചാവൂരിലെ തിരുമാലം മഹാകാലമഹാദേവന് രത്നം പതിച്ച കിരീടം കൊടുക്കുന്നത് കുന്റുക്കു റ്റത്തെ പഴുവൂരിലെ ചോളകരാജനായ കാരിപ്പുല യനാണ്. (കാരി കുതിരമലയിലെ തലപ്പള്ളിവംശം) മലനാട്ടിലെ വള്ളുവനാട്ടിലെ പുരുഷോത്തമമം ഗലത്തെ വ്യാപാരി 20 കഴഞ്ച് സ്വർണ്ണം തിരുവ ടന്തക്ഷേത്രത്തിലെ വരാഹദേവക്ഷേത്രത്തിന് നെയ്യെ ണ്ണക്ക് വേണ്ടി കൊടുത്തു. പടുവൂർ ഗ്രാമത്തിലെ ജനങ്ങൾക്ക് വേണ്ടിയാണ് ഈ സമർപ്പണം.
തിരുച്ചി തിരുവെരുമ്പൂരിൽ 15 കഴഞ്ച് സ്വർണ്ണം

നിത്യം വിളക്കിനും ഒരു കുടം വെള്ളത്തിനുമായി ശ്രീകന്തചതുർവേദിമംഗലത്ത് തെൻകൈലായമഹാദേവന് സമർപ്പിക്കുന്നത് തിരുവരങ്കതേവരടിയാൾ ചേന്ദൻ ചെയ്യുവായ്മണിയാണ്. വെൺപാക്കത്ത് തൂമ്പ്(ചെറിയ അണ സ്ലൂയിസ്) ഉണ്ടാക്കിക്കൊടുക്കുന്നത് കേരളൻ രാജാദിത്യനെന്ന നാണിവിച്ചാധരമാരായനാണ്. (നാരായണവിദ്യാധരമഹാരാജ) ഇദ്ദേഹം ജീവിക്കുന്നത് കുന്റനാട് കോട്ടത്തിലെ വേളിക്കോൻ മംഗലത്താണ്.

മലനാട്ടിലെ ചേനാപുരത്ത് വസിക്കുന്ന (മാലാട്ട് ചേനാപുരത്തേ ഇരുക്ക) മേലാപ്പഴുവൂരിലെ പഴവെട്ടരയൻ കന്തൻ മറവൻ നിർമ്മിച്ച തിരുത്തോട്ടം ഉടയാർ കോവിലിന് ദാനങ്ങൾ,

വെണ്ണാടിലെ(വേണാട്) തെന്നവൻ മാതേവിയിലുള്ള ചണ്ഡിരാച്ചനുവേണ്ടി തെക്കെ ആർക്കോട്ടിലെ യുവരാജാവും (ഇക്കുടിശിരിയമാരായനും) സഹോദരന്മാരും വിളക്ക് വെക്കുന്നു. ചണ്ഡിരാച്ചൻ കാളി എന്ന മീനവൻ മാരാജന്റെ പുത്രനാണ്.
പാണ്ഡിയരായപുത്രിയും വിക്രമചോളമാലാടുടയാരുടെ പത്നിയുമായ ദേവി കീഴൂരിലെ ക്ഷേത്രത്തിലെ നിത്യവിളക്കിനു വേണ്ടി ചെമ്മരിയാടുകളെ ദാനം ചെയ്യുന്നു. മഹിമാലയഇരുക്കുവെൽ അഥവാ പരാന്തകവീരചോളനെന്ന മുഖ്യൻ ചിരുപ്പഴുവൂർ പരമേശ്വരതേവരുടെ പൂജക്ക് ഒരു വേളി ഭൂമിക്കായി വിളത്തൂർ നാട് കൊടുക്കുന്നു.
തിരുമേത്തളിമഹാദേവന്റെ ഉച്ചപ്പൂജക്കും ഉദ്യാനത്തിനുമായി എയിർകോട്ടത്തെ പരമേശ്വരചതുർവേദിമംഗലം സഭ അഭ്യർത്ഥിക്കുന്ന രേഖ. (പുലല്ലൂർ) കീഴ്പ്പഴുവൂരിലെ അടികൾ പഴുവെട്ടരയൻ കന്തൻ

മാരന്റെ പത്നി നിത്യപൂജക്ക് ഭൂമി കൊടുക്കുന്ന രേഖ.

മേലേപ്പഴുവൂരിലെ അവനി കന്തർപ്പപുരത്തെ നഗരത്താർലിഖിതം. പണ്ടേ നിലവിലുള്ള നന്ദി പുരത്തെ നിയമങ്ങൾ ഈ ഗ്രാമത്തിലും ശക്തമാണ്. പഴുവെട്ടരയൻ മറവൻ കന്തനാരാണ് ഉത്തരവ് ഇറക്കുന്നത്. അടികൾ പഴുവെട്ടരയൻ മറവൻ കന്തൻ കീഴ്പ്പഴുവൂരിലെ ക്ഷേത്രത്തിന് വിളക്കു വെക്കാൻ 90 ചെമ്മരിയാട് കൊടുക്കുന്നു. കൊല്ലം മലനാട്ടിലെ വ്യാപാരി തഞ്ചാവൂരിലെ തലച്ചെങ്കാ ടിൽ വിളക്ക് വെക്കുന്നു. മേൽപ്പാഴുവൂരിലെ അടി കൾ പഴുവെട്ടരയൻ മറവൻ കന്തനാർ ഉത്തരവിട്ട പ്രകാരം ക്ഷേത്രനിലം മറ്റൊരാൾക്ക് ദാനം ചെയ്ത രേഖ. മേൽപ്പഴുവൂർ തത്തനൂർ മുഖ്യൻ വേളാൻ ചിന്താമണിക്ക് , നന്ദിപുരത്തെ പഴയ നികുതിനി രക്ക് പഴുവൂരിലും നടപ്പാക്കാനുള്ള തീട്ടൂരം. അടികൾ പഴുവെട്ടരയർ മറവൻ കന്തനാരോട് കരമ്പിയൻ പിരാന്തകൻ(കരുവിടൈ പേരഞ്ചോൽ).

തിരുവയ്യാറിൽ കച്ചിപ്പട്ടുകുതിരൈച്ചേരി അമ്മക്കര നാർ മകളാർ അഴിശിക്കാട്ടടികൾ ആയ ചോളപ്പെ രുമാനടികൾ തേവിയാർ വിളക്കിന് വേണ്ടി ഭൂമി ദാനം ചെയ്ത രേഖ. ഇതിൽ പഴുവെട്ടരയൻ നമ്പി മറവനാർ തിരുപ്പള്ളിത്താമത്തിന്റെ അതിർത്തിയും പറയുന്നുണ്ട്. അവനികന്തർപ്പേശ്വരക്ഷേത്രങ്ങളിലെ വിലക്ക് വെക്കാൻ മേലേപ്പഴുവൂരിൽ 8 മാനിലം വടുകൻ മാടവൻ പഴുവെട്ടരയൻ കുമരൻ മറവൻ നൽകുന്നുണ്ട്. കുടുമിമലയിലെ വിളക്കു വെക്കാൻ സ്വർണ്ണം പെരുമ്പിടകുമുത്തരയന്റെ ബന്ധുവായ സ്ത്രീ കൊടുക്കുന്നു.

തഞ്ചാവൂരിലെ തിരുപ്പളനത്തെ ലിഖിതം അപൂർണ്ണമെങ്കിലും പ്രധാനമാണ്. വയിരിഅക........അഥവാ ത്രിഭുവനകതേവിയാർ എന്ന ചോളപ്പെരുമാനടികളുടെ അമ്മ കാടുപറ്റികൾ തമർമേത്തിയാർ 20 കഴഞ്ച്.....പല ലിഖിതങ്ങളിലും കാടുപറ്റികൾ കാടുവെട്ടികൾ കാടുപന്റികള്(പന്നി) എന്നിങ്ങനെ മാറി വരുന്നത് കാണുന്നു. കാടുവെട്ടികൾ പല്ലവരാണ്. കാടുപന്റികളെന്നാൽ (കദംബചാലൂക്യ) വനവാസി ചാലൂക്യരാണ്.

നൃപതുംഗമംഗളപേരരയരുടെ മകൻ നമ്പിയമല്ലനാർ ഏരിപ്പട്ടിയിലെ മൂന്നുനിലം ശിങ്കപുരനാട്ടുക്കീവ്വാലി നേർക്കുന്നത്ത് കുളത്തിനുവേണ്ടി കൊടുക്കുന്നു. പല്ലവതിലകമായി നന്ദിപ്പേരരയരുടെ രാജ്ഞി അടികൾ കന്തൻ മാരവെംബ ഭഗവദ്പൂജക്കും ബ്രാഹ്മണഭോജനത്തിനും തളിപ്പണി ചെയ്യും മാണികൾക്കും 5 കഴഞ്ച് പൊന്ന് കൊടുക്കുന്നു. ഓരോ പൂവിനും (പൂവ് എന്നാൽ വയലിലെ വിളയാണ്) കഴഞ്ചിന് അരക്കാൽ കഴഞ്ച് പലിശവീതം ക്ഷേത്രപരോഹിതൻ തളിപ്പട്ടുടയാൻ ഈശ്വരകാരണി വാമദേവതിരുവെങ്കടൈയാനെയാണ് ചുമതലപ്പെടുത്തുന്നത്. (പല്ലവനന്ദിവർമ്മന്റെ പത്നിയാണ് ഇവർ)

11ആം നൂറ്റാണോടോടുകൂടി ഇന്ത്യയിലെ സപ്തമാതൃകാക്ഷേത്രങ്ങളുടെ പോപ്പുലാരിറ്റി നഷ്ടപ്പെട്ടു. എങ്കിലും, തിരുച്ചി ആലംപാക്കത്ത് സപ്തമാതൃകാക്ഷേത്രത്തിന് ദന്തിവർമ്മമംഗലം സഭ കൊടുക്കുന്ന ദാനത്തിന്റെ രേഖ കാണുന്നു. തിരുച്ചി തിരുവെള്ളറൈ ക്ഷേത്രത്തിന് സെംബിയൻ മലനാട്ട് വേളാൻ കോമാൻ മാരൻ വിളക്കിന് 30 പണം കൊടുക്കു

ന്നുണ്ട്. തിരുപ്പളനത്ത് പന്തലനാട്ട് മഹാതേവരുടെ മകൻ ഗംഗമാർത്താണ്ഡൻ സെംബിയൻ പൃഥ്വീ ഗംഗരയർ രുദ്രാക്ഷവും രത്നവും ഇടകലർത്തി ഉണ്ടാക്കിയ മാല നടക്ക് വെക്കുന്നു. അരുംകുന്റത്ത് മരിച്ച പൃഥ്വീഗംഗരായരുടെ മകള് കലനങ്ക എന്ന അഴിശിൽകല്ലരശിയാർ പന്തലനാട് പൽകുന്റക്കോ ട്ടത്താണ്. ഇത് വടക്കേ ആർക്കോട്ടാവാം , കേരള ത്തിലെ പന്തലക്കോട്ടുമാകാം. (പന്തലൂർ) തഞ്ചാവൂ രിലെ തിരു ച്ചതുറൈയിൽ ദാനം ചെയ്യുന്ന ത്രിഭു വനദേവിയാർ വയിരിഅക്കയാർ ചോളരാജപുത്രി യും കാടിപത്തികളുടെ (കാടുവെട്ടി)ഭാര്യാമാതാവു മാണ്. ഈശാന മഗലത്തെ പരുടൈ അവിടെ 20 കഴഞ്ച് സ്വർണ്ണം നന്ദാവിളക്കിന് ദാനം ചെയ്യുന്നു. വിദേൽവിദുഗു, നക്കൻ വിക്രമകേസരിയാർ, തെന്നവൻ ഇളങ്കോ വേൽ മറവൻഭൂതിയാരുടെ ദേവിയാർ ഇവരും അവിടെ ദാനം ചെയ്തിട്ടുണ്ട്. തിരുപ്പളനത്ത് 5 വാദ്യക്കാർക്ക് കരമൊഴിവായി അരയൻ ആദിത്യൻ ഭീമൻ നിലം ദാനം ചെയ്തി ട്ടുണ്ട്. ഇദ്ദേഹം ഭീമൻകുന്തവൈയുടെ അഛനാ വണം. പരാന്തക രണ്ടാമന്റെ അമ്മയാണ് ഭീമൻകുന്തവൈ. കുന്തവൈ ചാലൂക്യഭീമന്മാരോടു ബന്ധമുള്ളവളാണ്. അരയൻ ആദിത്തൻ ഭീമൻ അർദ്ധയാമപൂജകൾക്കും വിളക്കിനും ഭൂദാനം ചെ്തിട്ടുണ്ട്.

വീരനാരായണടതുർവ്വേദിമംഗലംത്തെ തിരുവനന്തേ ശ്വരആൾവാർക്ക് വിളക്കിന് 96 ചെമ്മരിയാട് പരാന്തകമാതേവടികളെന്ന ചെംബിയൻ മാതേ വിയാർ കൊടുക്കുന്നു. ഇവർ മലയരയപുത്രിയും ഗാന്ധാരാദിത്യന്റെ രാജ്ഞിയുമാണ്. തെക്കേ ആർക്കോട്ടിലെ ഉദയാർകുടിലിഖിതം അദ്ദേഹത്തെ

മേർക്ക് എഴുന്തരുളിന തേവരെന്ന് പറയുന്നു. ഉടൈയാർകുടിയിൽ തായതൊങ്കൾ തെരിഞ്ച കൈക്കോളരിലൊരാളായ ആര്യൻ ഗേയവിത്തങ്കൻ 10 കാശ് കോട്ടാറൻതുണിക്ക് കൊടുക്കുന്നു തിരുവനന്തേശ്വരത്തിന് തെക്കുള്ള ശിലാക്ഷേത്രത്തിനാണിത്. അവിടെ ഗണപതിക്കും പിച്ചറിനും ക്ഷേത്രവും പണിതു. (കോട്ടാറിൽ). ഉദയാർകുടിയിലെ പൂപാല(ഭൂപാല) ശേഖരിയാരുടെ മകൾ വാനവൻ മാതേവിയാർ എന്ന കോയിൽപെറ്റാൾ വേദജ്ഞ ബ്രാഹ്മണർക്ക് മൃഷ്ടാന്നഭോജനത്തിനും ഉച്ചപ്പൂജക്കും സ്വർണ്ണം നൽകുന്നു. അവിടെത്തന്നെ പഴുവെട്ടരയൻ കോദണ്ഡൻ തപ്പിള്ളിധർമ്മൻ ക്ഷേത്രഗർഭഗൃഹത്തിലെ വിളക്കിന് പന്ത്രണ്ടര കഴഞ്ച് സ്വർണ്ണം ദാനം. വീരചോളഇളങ്കോവേൾ എന്ന വിജയാലയചോളന്റെ പത്നി ഗംഗൈ മാതേവിയാർ സതി അനുഷ്ഠിക്കും മുമ്പ് അല്ലൂരിലെ ക്ഷേത്രത്തിന് വിളക്കു വെക്കാനുള്ള ഭൂമി കൊടുത്തു.

കേരളത്തിലെ കൊല്ലം ജില്ലയിലെ കുണ്ടറ പുനുക്കന്നൂർ ഉദയൻ കാവ് ആണ് ഉടയൻകാവ്. തെക്കേ ആർക്കോട്ടിലും ഇതേ പേരിൽ ഒരു ക്ഷേത്രമുണ്ട്. ഗാന്ധാരാദിത്യൻ കാലം മുതലേ ഈ ക്ഷേത്രമുണ്ട്. ഗാന്ധാരാദിത്യനെ മേർക്ക് (പടിഞ്ഞാട്ട്) എഴുന്നള്ളിയ തേവരെന്ന് പറയുന്നതിനാൽ അദ്ദേഹം കേരളത്തിലേക്ക് ഭരണകർത്താവായി വന്നിട്ടുണ്ട്. അതിനാൽ ഒരേ പേരിൽ രണ്ട് സ്ഥലത്തും ക്ഷേത്രം ഉണ്ടായാലും അത്ഭുതമില്ല. രാജ്ഞി കേരളത്തിലെ മലയരയന്റെ പുത്രിയാണ്. വേദജ്ഞർക്ക് ഭോജനത്തിന് ക്ഷേത്രത്തിൽ സ്വർണ്ണം കൊടുത്തത് ഭൂപാലശേഖരിയാരുടെ (കുലശേഖരരാജാവ്) പുത്രി വാനവൻ മാതേവിയാരെന്ന കോയിൽ പെറ്റാളാണ്.

അതും കേരളരാജപുത്രിയാണ്. ആര്യൻ കേയ വിത്തങ്കൻ കൈക്കോളരാണ്, നെയ്ത്തുകാരനായിരിക്കണം. കോട്ടാറൻ മുണ്ട് തിരുവനന്തപുരത്ത് വളരെ പ്രസിദ്ധമായിരുന്നു. തിരുവനന്തപുരത്തിന്ന് തെക്കുള്ള കല്ലമ്പലത്തിനാണ് ഈ കൈക്കോളൻ ക്ഷേത്രം പണിതത്. കോട്ടാറെന്ന ഭാഗം തിരുവനന്തപുരത്തിന് തെക്കാണ്. ഈ ഭാഗം പണ്ട് തെക്കൻ ആർക്കോട്ടിലെ ഭാഗമായിരുന്നു. മാഹിഷ്മതിപുര ഗാന്ധാരാദിത്യൻ സോമേശ്വരന്റെ സാമന്തനായിരുന്നു എന്നും മണിമംഗലം ശാസനത്തിലെയുദ്ധം രാജാധിരാജകാലത്തായിരുന്നു എന്നും നേരത്തേ പറഞ്ഞത് ഓർക്കുന്ന പക്ഷം , പത്താം നൂറ്റാണ്ടിലാണ് കൊല്ലം ജില്ലയിലെ (കേരളത്തിലെ) ഈ ക്ഷേത്രത്തിലെ വഴിപാടുകൾ നടക്കുന്നത്. അതായത് രവിവർമ്മ കുലശേഖരനു മുമ്പ്. രാജാദിത്യനു ശേഷമാണ് ഗാന്ധാരാദിത്യഭരണകാലം. പരാന്തകൻ 953 വരെയാണ് ജീവിച്ചത്. അദ്ദേഹത്തിന്റെ മക്കളിലൊരാളാണ് (മൂത്തമകൻ) രാജാദിത്യൻ അഥവാ രാജാദിത്യകോദണ്ഡൻ. അമ്മ കോ കിഴാർ. ഇവിടെ ലിഖിതത്തിൽ പറയുന്ന പഴുവെട്ടരയൻ കോദണ്ഡൻ തപ്പിളി ധർമ്മനെന്നത് രാജാദിത്യന്റെ നാമം തന്നെയാവാം. (കിരീടധാരണത്തിനു മുമ്പ്)

മലനാട്ടിലെ നെടുമ്പ്രയൂർ സ്വദേശി കുംഭകോണത്തെ ക്ഷേത്രത്തിൽ വിളക്കിന് 25 കഴഞ്ച് സ്വർണ്ണം കൊടുത്തു. വടക്കേ ആർക്കോട്ടിലെ ശീലമംഗലം ലിഖിതത്തിൽ ഇക്കാലത്ത് രണ്ട് ആർക്കോട്ടുകളിലും ഉൾപ്പെട്ട പൽക്കുന്റക്കോട്ടവും വെൺകുന്റക്കോട്ടവും ചിങ്കപുരനാടും ഭരിക്കുന്നത് ഗംഗാരാജാ ഗംഗചൂഡാമണി മുമ്മുടിച്ചോളചെംബിയൻ ശ്രീഗംഗരായർ ആണ്. മാരസിംഹ രണ്ടാമനും ഗംഗാചൂഡാമണി

നാമം ഉണ്ടെങ്കിലും അദ്ദേഹം ചോളസാമന്തനായി ചോളനാടിൽ ഭരിച്ചിട്ടില്ല. അതിനാൽ ഇത് ഗംഗവാടിയിലെ രാജാവാണ്.

തില്ലൈസ്ഥാനത്ത് രാജാവിന്റെ ഭാര്യാമാതാവ് മുള്ളൂർ നങ്കൈ സഭക്കും തിരുമൂലത്താർക്കും 30 കഴഞ്ച് സ്വർണ്ണം സമർപ്പിക്കുന്നു. മുള്ളൂർ സംഘകാലത്തെ മുള്ളൂർ മല. ഇപ്പോളത്തെ മുള്ളൂർക്കര. ഈ രാജമാതാവിനെ ചോളമാതേവിയാരെന്ന ചോളരാജ്ഞിയുടെ മാതാവായി പറയുന്നു. തിരുമലവാടിയിൽ മൂത്ത ഉടയാരുടെ മകൾ അരിഞ്ജികൈ കേനി വിളക്കിനു വേണ്ടി ഭൂമി കൊടുക്കുന്നു. അരിഞ്ജയ കേരളരാജപുത്രിയാണ്. പരാന്തകന്റെ ഭാര്യയുമാണ്. പരാന്തകനും അരിഞ്ജയയുമാണ് തിരുവല്ല ഹുസൂർ പ്ലേറ്റിലെ ദാനകർത്താക്കൾ. ഈ രാജ്ഞിയെ വിവാഹം കഴിച്ച ശേഷം നിരവധി മലയാളികൾ (രാജാദിത്യന്റെ സേനാപതി വെള്ളൻകുമരൻ ഉൾപ്പെടെ) ചോളനാട്ടിലേക്ക് വന്നു. നക്കൻ (നാഗ)അരിഞ്ജികൈ എന്നാണ് പരാന്തകപല്ലവചോളന്റെ രാജപത്നിയുടെ പേരെന്ന് ചില ലിഖിതങ്ങളിലുണ്ട്. തെക്കേ ആർക്കോട്ടിലെ തിരുവാമാറ്റൂർ ലിഖിതം ചെംബിയൻ കുടിമാനടികൾ തിരുച്ചുറ്റുമണ്ഡപം പണിത് 2 ദീപത്തിന് 20 കഴഞ്ച് സ്വർണ്ണം സഭയേയും ഊരിനേയും ഏൽപ്പിച്ചതായി പറയുന്നു. മുട്ടനാട്ടുകാർ പൂണ്ടിനാട്ടുടയ പരഭൂമികൻ മല്ലൻ ഗാന്ധാരാദിത്യപല്ലവരായൻ ഒരു വിളക്കിന് 10 പൊന്നുവീതം സഭയും ഊരും ദേവക്കർമ്മികളും രക്ഷിക്കണമെന്ന നിബന്ധനയോടെ നൽകി. (മുട്ടം കേരളത്തിലുണ്ട്. പൂണ്ടി പൂണിത്തുറയാണ്. പരഭൂമികനെന്നും മല്ലനെന്നുമുള്ള നാമം ചാലൂക്യആന്ധ്രപല്ലവനെന്ന്

കാണിക്കുന്നു. ഗാന്ധാരാദിത്യകാലം ഇവിടെയും സൂചിതമാണ്. വടക്കേ ആർക്കോട്ടിലെ തിരുവണ്ണാമലയിലും ചേരരാജ്ഞി കിളാനടികളാണ് വിളക്കിന് സ്വർണ്ണം കൊടുക്കുന്നത്. തെക്കേ ആർക്കോട്ടിലെ ഉദയാർകുടിലിലിഖിതത്തിൽ പഞ്ചവൻ മാതേവി , അരയൻ മഹിമാലയപരാന്തകമുത്തരയന്റെ ഭാര്യ, അനനതേശ്വരം ചന്ദ്രശേഖരപ്പെരുമാളിന് വിളക്കു വെക്കാൻ സ്വർണ്ണം കൊടുക്കുന്നു. പരാന്തകനും മുത്തരയവംശവും തമ്മിലുള്ള ബന്ധവും കേരള ബന്ധവും ഇവ ചൂണ്ടിക്കാണിക്കുന്നു.പഴുവെട്ടരയന്റെ ഭാര്യയും മറ്റൊരു പഴുവെട്ടരയന്റെ മകളുമായ ദേവിയാർ ക്ഷേത്രത്തിന് വിളക്കു വെപ്പിക്കുന്നുണ്ട്. പരകേസരി ഉത്തമചോളന്റെ 16ആം ഭരണവർഷത്തിലെ മേൽപ്പഴുവൂർ ലിഖിതത്തിലും പഴുവെട്ടരയന്റെ പേരുണ്ട്.

സാമൂതിരിയും കൊച്ചിരാജാവുമായിട്ടുള്ള യുദ്ധത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചത് പൊന്നാനിപ്പുഴയുടെ തീരത്തുള്ള തിരുമണഞ്ചേരിയുടെ സാമൂതിരിപക്ഷത്തേക്കുള്ള മാറ്റമാണ്. തിരുമണഞ്ചേരി തഞ്ചാവൂരിലുമുണ്ട്. അവിടത്തെ ലിഖിതങ്ങളിലൊന്നിൽ തഞ്ചാവൂരിലെ രാജകൊട്ടാരത്തിലെരു പെണ്ടാട്ടി വിളക്കിനും വിളക്കുകാലിനും വേണ്ടി 96 ചെമ്മരിയാടിനെ കൊടുക്കുന്നു. തിരുവാമാറ്റൂരിൽ വിളക്കിന് ദാനം ചെയ്യുന്നത് വാനഗപ്പാടിയിലെ കാന്താരാദിത്തൻ മഹാരാജാവാണ്. വാനക്കോ അരയർ പത്നി ഇളാടൈകൾ മകളാർ നങ്കൈകുലമാണിക്കത്താരാണ് കീളൂരിലെ ക്ഷേത്രത്തിന് 15 കഴഞ്ച് സ്വർണ്ണം കൊടുക്കുന്നത്. പലിശനിരക്കും പറയുന്നു. കഴഞ്ചിൻവായ് തിങ്കളുരിപ്പടി എന്നാണ് കണക്ക്. സേലത്ത് , രാജരാജാശ്ര

യം ചതുർവേദിമംഗലം സഭ 5 കഴഞ്ച് സ്വർണ്ണം വിളക്കിനു സ്വീകരിക്കുന്നത് തിരു വെളുത്തിട്ട് ചെല്ലാനിന്റയാണ്ട് ഐന്തിനാണ്. ശിയമംഗലം ഊരിൽനിന്ന് പാണ്ഡ്യനാട്ടുകാരൻ ഭൂമി വാങ്ങി , തെന്നാറ്റൂർ നാട്ടിലെ (തെക്കെ ആർക്കോട്ട്) ശിയ സംഗലം തിരുക്കറ്റളി മഹാദേവന് ഉള്ള വഴിപാട് ജയക്കൊണ്ടമണ്ഡലത്തിലെ പൽക്കുന്റക്കോട്ടത്തി ലാണ് സ്വീകരിക്കുന്നത്. മലനാട്ടിലുള്ള വ്യക്തിയാ ണ് പുതുക്കോട്ടയിലെ തിരുവെങ്ങവാസലിലെ ക്ഷേത്രത്തിലേക്ക് വിളക്ക് വെക്കുന്നത്.

തിരുവാലത്തുറൈ നല്ലൂരിൽ അർപ്പശി ഉത്സവ ത്തിന് അശ്വതിനാളിൽ ചാക്കൈക്കൂത്ത് മൂന്ന് രംഗം കളിക്കുന്നതിന് , അലൈയൂർ ചാക്കൈക്ക് കീഴ്പ്പഴുവൂരിൽ കൊടുക്കുന്നത് ഒന്നരകഴഞ്ച് സ്വർണ്ണവും 3 കലം നെല്ലുമാണ്. (തിരുവനന്തപുരം പത്മനാഭക്ഷേത്രത്തിലെ അർപ്പശി ഉത്സവത്തിന്റെ മുന്നോടിയാണിത്. ചാക്യാർകൂത്ത് കേരളീയമാണ്. ചിലപ്പതികാരകാലത്ത് ചേരൻ ചെങ്കുട്ടുവൻ ഇത് ആസ്വദിക്കുന്നുമുണ്ട്) പുതുക്കോട്ടയിലെ കുടുമിയാ മലയിൽ വിളക്കിന് വരഗുണനാട്ടിലെ മുത്തരയ രുടെ പുത്രിയും സെംബിയൻ ഇരുക്കു വേലരുടെ പത്നിയുമായ രാജ്ഞിയാണ് സ്വർണ്ണം കൊടുക്കു ന്നത്. പഴുവെട്ടരയർ വിക്രമാദിത്തരുടെ പത്നി കാമൻ ദേവിയാർ നിത്യം ഒരുപിടി നെല്ലിന്റെ നേദ്യത്തിന് 12 ചെമ്മരിയാടിനെ ക്ഷേത്രത്തിലേക്ക് കൊടുക്കുന്നു. ഉടൈയാർ ആനമേത്തുഞ്ചിയാരുടെ (രാജാദിത്യ) പത്നി ഇരായിരൻ തേവി അമ്മനാർ 20 കഴഞ്ച് സ്വർണ്ണം തിരുവെള്ളറൈ മഹാക്ഷേത്ര ത്തിലെ കൃഷ്ണനും രുഗ്മിണിക്കും സമർപ്പിക്കുന്നു. അടികൾ പഴുവെട്ടരയൻ മറവൻ കന്തനാരുടെ

മാമാദി (അമ്മാമൻ) മലവർ കൊങ്കണി ചെന്നി നമ്പിയാർ കീഴ്പ്പഴുവൂരിൽ മറവനീശ്വരഗൃഹത്തിൽ മഹാദേവിന് വിളക്കിന് ഭൂമി ദാനം ചെയ്യുന്നു. മറവൻ പഴുവെട്ടരചൻ കന്തനാരും അവിടെ ദീപത്തിനും ദീപം സംരക്ഷിക്കുന്നവരുടെ വേതനത്തിനുമായി ഭൂമി ദാനം ചെയ്യുന്നു. മലാട് മുഖ്യനായ സിദ്ധവാടഅടികളൂടെ രാജ്ഞി ചേദി മഹാദേവിയാള് തിരുച്ചതുറൈയില് വിളക്കിന് ചെമ്മരിയാട് ദാനം ചെയ്യുന്നു. കണ്ണരതേവകാലത്ത് നരസിംഹവർമ്മന് സിദ്ധവാടഅടികളെന്ന് നാമം ഉണ്ടായിരുന്നു. നക്കൻ പ്രഥമദേവിയായ മുമ്മുടിച്ചോളതലൈക്കോലി (ആരൂര് തേവനാരുടെ പുത്രി) ഉദൈയാർകുടിയിൽ വിളക്കിന് ചെമ്മരിയാട് കൊടുക്കുന്നു. അടികൾ പഴുവെട്ടരയൻ കന്തൻ സുന്ദരചോളനാർ വിളക്കിന് കീഴ്പഴൂരിൽ 180 ചെമ്മരിയാടാ്ണ് കൊടുക്കുന്നത്. ഉദയാർകുടിയിൽ കുന്തവൈയാർ സ്ഥാപിച്ച സൂര്യവിഗ്രഹത്തിന് 500 കഴഞ്ചും വിളക്കിന് 25 കഴഞ്ചും സ്വർണ്ണമാണ് ദാനം.

ഉത്തമചോളന്റെ അമ്മയും മലപ്പെരുമാനടികളുടെ മകളും രാന്ധാരാജിത്യപരാന്തകദേവ പെരിയചോളനാരുടെ രാജ്ഞിയുമായ ചെംബിയൻ മാതേവിയാർ വൃദ്ധാചലത്തെ ശ്രീകോവിലും ലോപാനമണ്ഡപവും ചുറ്റളയും ഉരദേവതാക്ഷേത്രങ്ങളും നിർമ്മിച്ചു. ഉടയപിരാട്ടിയാർ സ്വർണ്ണാഭരണങ്ങളും വെള്ളിപ്പാത്രങ്ങളും കൊടുത്തു. മറ്റ് നാലുപേർ തിരുമുതുക്കുന്റത്തെ സൂര്യദേവന് വിളക്കിന് 45 ആടിനെ സമർപ്പിച്ചു.

ചെംബിയൻ ഇരുക്കുവേളാരുടെ രാജ്ഞി തിങ്കൾനാമാതികൾ അണ്ഡനല്ലൂരിൽ വിളക്കിന് 30 പൊൻപ

ണം കൊടുത്തു. നാവലൂരുടൈയാൻ കന്തൻതേവടി യെന്ന ക്ഷേത്രഭരണാധികാരി, അടികൾ പഴുവെട്ട രയൻ കന്തൻ സുന്ദരചോളന്റെ അനുവാദത്തോടെ പീഠത്തോടുകൂടിയ ഗണപതിവിഗ്രഹവും സ്വർണ്ണ പുഷ്പവും മേലേപ്പഴുവൂരിലെ ക്ഷേത്രത്തിൽ സമ ർപ്പിച്ചു. ആറ്റൂർ കൂറ്റത്തിലെ 3 ക്ഷേത്രസേവകർ മലയമാനഗത്തിലെ തിരുമേത്തളിനക്കർക്ക് (ആറ്റൂ രിൽ) ബ്രഹ്മദേയമായി വയലും നെല്ലും കൊടുത്തു. കുടുമിമലയിൽ 15 ശൈവരെ 7 ദിവസം മാശി മാസത്തിലെ ഉത്സവകാലത്ത് തിരുമലക്കുന്റം തിരു മേത്തളിപ്പെരുമാളുടെ ഉത്സവത്തിന് ,കുന്ഥിയൂർ നാട്ടിലെ ദേവഗണം സ്വർണ്ണം സമർപ്പിച്ചു. പഴു വെട്ടരയൻ കന്തൻ അമുതൻ വിളക്കിന് തിരുവ യ്യാറിൽ 90 ആടിനെ സമർപ്പിച്ചു. കണ്ണരതേവന്റെ രാജ്ഞി ഭതി മാതേവടിയാൾ അണ്ഡനല്ലൂരിലെ വിളക്ക് വെക്കാൻ ഭൂമി കൊടുത്തു. (വിളക്കുവെ ക്കാനുള്ള നെയ്യിന് പാൽ കിട്ടാനായി ആടിനേയോ ചെമ്മരിയാടിനേയോ ഭൂമിയോ സ്വർണ്ണമോ നൽകി യിരുന്നതായി കാണുന്നു)

കീഴ്പ്പഴുവൂരിലെ വടമൂലേശ്വരം ക്ഷേത്രം പഴുവെട്ട രയൻ മറവൻകന്തനെന്ന കേരളരാജാവാണ് നിർമ്മി ച്ചത്. മല നാട്ടിലെ അരചനും മലനാട്ടിലെത്തന്നെ മറ്റൊരാളും കുടുമിമലയിലെ വിളക്കിന് സ്വർണ്ണം നൽകി. മേല്പ്പഴുവൂര് വെങ്കടവൻ അരങ്കനെന്ന സെംബിയൻവിരൈനാട്ടു പെരുമാൾക്ക് (കോനാ ർക്ക്) ജന്മഭൂമിയായി ഉറവൂർ കുന്റ്ക്കുറ്റം സഭ, പഴുവെട്ടരയൻ കന്തൻ മറവന്റെ ഉത്തരങ്കപാടി കൊടുത്തു. ഭൂമിക്ക് നിലൈയിറൈ (ഫിക്സ്ഡ്

നികുതി) 25 താലച്ചേംപൊൻ വർഷത്തിൽ കൊടു ക്കണം.

ഉത്തരമേരൂരിൽ തിരുവയോദ്ധ്യപ്പെരുമാൾക്ക് മഹാ സഭ ഭൂമി പൂർവ്വാചാരപ്പടി ഇറൈയിലിയായി കൊടുത്തു. ഇറൈനിലം എല്ലാം പൂങ്കോദൈ പൂണ്ടിയിലാണ്. (കുടികളെ വെട്ടിയും അമഞ്ചിയും ഇറൈയും ഏർപ്പെട്ടിട്ടും കൊള്ളപ്പെറ്റദോമാകവും) ലാൽഗുഡിയിൽ ചേരമാനാരുടെ പുത്രി കോക്കിഴാ നടികൾ വിളക്കിന് സ്വർണ്ണമാണ് കൊടുക്കുന്നത്.

പിരാന്തകൻ മാതേവടിയാൾ ചെംബിയൻ മാതേ വിയാർ എന്ന രാജ്ഞി(ഗന്ധൻ മധുരാന്തകഉത്തമ ചോളന്റെ അമ്മ) 100 കഴഞ്ച് സ്വർണ്ണം വലപ്പുറ (മലപ്പുറ)നാട്ടിലെ കൊല്ലിമലനാട്ടിലുള്ള ഗ്രാമത്തിലെ ഊരാർക്ക് ദാനം ചെയ്തു. നാട്ടുകാർ മാസംതോ റും ഇതിൽനിന്ന് ലഭിക്കുന്ന പലിശ സഭക്ക് കൊ ടുക്കണമെന്നാണ് വ്യവസ്ഥ. തെൻവാരനാട്ടിലെ കുറ്റാലത്ത് മണിഗ്രാമത്തിലെ ധർമ്മച്ചെട്ടി ചടയൻ ഗവയൻ കുറ്റാലം പെരുമാനടികൾക്ക് വിളക്കിന് 26 ചെമ്മരിയാടിനെ കൊടുത്തു. (ഗവയ എന്നാൽ ചെമ്മരിയാടാണ്). കന്തൻഇരവി സൂര്യഗ്രഹണദി വസം വിളക്കിന് ഭൂദാനം ചെയ്ത രേഖയിലും കുറ്റാലത്തെ തെൻവാരനാട് എന്ന് വിളിച്ചിരിക്കു ന്നു.

തഞ്ചാവൂരിലെ തിരുക്കളിത്തട്ടൈ ലിഖിതം വടഗ രൈയിലെ അമനി(അവനി)നാരായണചതുർവ്വേദി മംഗലത്തെ ആലുംഗനാട്ടാരിൽ ഒരാൾ പൂജകൾക്കാ യി ഭൂമി ദാനം ചെയ്യുന്നു. തിരുച്ചെന്തൂരൈയിൽ

വീരചോളങ്ങളംകോവേലർ ആദിത്യൻ തിരുവൊറ്റി യൂരടികൾ തന്റെ വിവാഹദക്ഷിണയായി ഭൂമി ദാനം ചെയ്ത രേഖയാണ്. കുറ്റാലത്തെ മറ്റൊരു ലിഖിതത്തിൽ താണു പല്ലവരായപത്നി അരിയം പൊതുവിയാർ വിളക്കിന് പശുക്കളെയാണ് ദാനം ചെയ്യുന്നത്. പുതുക്കുടിയിലെ മയിലൈ തിണ്ടൻ അവന്തിയകോപ(ഗോപ)പല്ലവരായർ കുടുമിയായ ന്മലയിലെ വിളക്കിന് സ്വർണ്ണം കൊടുക്കുന്നു. മേൽമലനാട്ടിലെ ചിറ്റൂരിലെ ഒരാൾ ചോമൂരിൽ വിളക്കിന് സ്വര്ണ്ണം കൊടുക്കുന്നു. മലനാട്ടിലെ വല്ലഭപുരത്തുകാരൻ കുറ്റാലത്ത് വിളക്കുവെക്കാൻ 6 എരുമകളെ കൊടുക്കുന്നു.

ഉത്തമചോളമാതാവും മലയരയൻ ഗാന്ധാരാദിത്യ പുത്രിയും പരാന്തകപത്നിയുമായ സെംബിയൻ മാതേവിയുടെ ജന്മനക്ഷത്രം ചിത്തിരമാസത്തിലെ കേട്ടയാണ്. അവർ തഞ്ചാവൂരിലെ ക്ഷേത്രത്തിൽ ആ ദിവസം ബ്രാഹ്മണഭോജനത്തിനായി 158 പൊ ൻകാശ് കൊടുക്കുന്നു. തില്ലൈസ്ഥാനത്ത് തൊണ്ടനാട് പരവിന ചോളൻ പൽയാനൈ കോ കന്തനാകിന രാജകേസരിവർമ്മൻ കാലത്ത്, സെംബിയൻ ചോഴ ൻ തമിഴവേലെന്ന പാരമ്പര്യബിരുദമുള്ള വിക്കിയ ണ്ണന്റെ പത്നി കദംബമാതേവി 100 ചെമ്മരിയാടി നെ ദാനം ചെയ്യുന്നു. ലിഖിതം രാജകേസരി ആദി ത്യന്റേതാണ്. അക്കാലത്ത് ഭരിക്കുന്ന ചേരമാൻ സ്ഥാണുരവിയാണ്. വടക്കേ ആർക്കോട്ടിലെ ഷോ ലിംഗൂരിൽ പരാന്തകൻ 1ന്റെ 9ആം വർഷത്തെ ലിഖിതം. നേരത്തേ ഉള്ള ഒരു വംശവരിയുടെ പുതുക്കലാണ്. ചോളവാരിധിച്ചിറക്ക് ഗംഗപൃ ഥ്വീപതി 2 ഹസ്തിരയ്യൻ ആണ് കൊടുക്കുന്നത്. രംഗവാരിജനിതൻ നൃപദേയം. ഇദ്ദേഹത്തിന്

വല്ലാളയുദ്ധത്തിലെ മികച്ച സേവനത്തിന് വേണ്ടി ബാണാധിരാജാ എന്ന ബിരുദം കൊടുത്തിട്ടുണ്ട്.

തെക്കേ ആർക്കോട്ടിലെ തിരുവാമ്മാത്തൂർ ലിഖിതം പത്താം ഭരണവർഷത്തിലാണ്. നേരത്തേ ശ്രീബലിക്കുള്ള ആനയെ പരിപാലിച്ചിരുന്ന വ്യക്തിക്ക് , ആ സേവനം നിർത്തലാക്കിയപ്പോൾ ചെണ്ട കൊട്ടുന്ന ജോലി കൊടുത്തു. മഹാമാത്രനുണ്ടായിരുന്ന നിലം ചെണ്ടക്കാരനായി കൊടുത്തു. മധുരൈക്കൊണ്ട പരകേസരി ശ്രീ പരാന്തകദേവനും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥനായ ചോളശിഖാമണി പല്ലവരായനുമാണ് ഇത് ചെയ്തിരിക്കുന്നത്.
കീഴ്പ്പഴുവൂരിലെ 12ആം വർഷത്തെ ലിഖിതം സേനാപതി പരുതൂരിലെ നക്കൻ സാത്തൻ തിരുവാലത്തുറൈ മഹാദേവന് വിളക്കിന് 10 ചെമ്മരിയാട് കൊടുക്കുന്നു. പഴുവെട്ടരയൻ കന്തൻ അമുതനാരുടെ വിജയത്തെ അനുസ്മരിക്കാനാണിത്. പാണ്ഡ്യ,സിംഹളസൈന്യം ചോളരെ ആക്രമിച്ചപ്പോൾ വെള്ളൂരിലെ യുദ്ധത്തിലാണ് ഇദ്ദേഹം മരിച്ചത്.
കുടുമിമലയിലെ രണ്ട് ക്ഷേത്രം തിരുമൂലത്താനത്ത് പെരുമാനടികളും തിരുമേത്തളി പെരുമാനടികളും നിർമ്മിച്ചവയാണ്. ഇവക്ക് രണ്ട് പേരാണ് ദാനം ചെയ്തിരിക്കുന്നത്. ഒരാൾ മാടപ്പള്ളി പിള്ളയാർ കോദണ്ഡർ (1 കഴഞ്ച് സ്വർണ്ണം ഒരു നന്ദാവിളക്കിന്.). മറ്റേ ആള് അതേ പെരുമാളിന് ചന്ദനം അരക്കുന്നവളാണ്. (3 കഴഞ്ച് സ്വർണ്ണം പകൽവിളക്കിന്). പരാന്തക 1ന്റെ 16ആം വർഷം കുടുമിമലയിൽ മലനാട്ടിലെ കൊടുങ്കോളൂരിലെ (കൊടുങ്ങല്ലൂർ) കൽവിളക്കിനു സ്വര്ണ്ണം ദാനം ചെയ്ത

ലിഖിതവുമുണ്ട്. തിരുച്ചേന്നംപൂണ്ടിയിൽ 16 കഴഞ്ച് സ്വർണ്ണം വിളക്കിനു കൊടുക്കുന്നത് പഴവെട്ടരയന്റെ പുത്രി തമ്പിരാട്ടിയാർ അരുമൊഴിനങ്കയുടെ കപരിവാരത്തിലെ സ്ത്രീയായ ഗുണവൻശൂരത്തൊങ്കിയാണ്. തിരുപ്പളനത്ത് കള്ളൻ ആച്ചിപ്പിടാരി (കൊടുമ്പാളൂരിലെ) സ്വർണ്ണം കൊടുക്കുന്നു. കീഴ്പ്പഴുവൂരിൽ അമ്പലപ്പാടിയിലെ ദണ്ഡി വിളക്കും, ശിരുപ്പറവൂർ സഭ അതിന് വേണ്ട 90 ആടും കൊടുക്കുന്നു. തില്ലൈസ്ഥാനത്തെ ഒരു ലിഖിതം കൊങ്ങുപ്പെരുവഴി എന്ന രാജപാതയെ പരാമർശിക്കുന്നു. പള്ളിക്കൊണ്ട നാഗനാഗേശ്വരക്ഷേത്രത്തിന്റെ (വടക്കേ ആർക്കോട്ട്)അർദ്ധമണ്ഡപം കരുവിലി മുത്തരയനാണ് നിർമ്മിച്ചത്.

തിരുവിടൈമരുതൂരിലെ ലിഖിതം തമ്പിരാട്ടിയാർ കോക്കിലാനടികളെ പരാമർശിക്കുന്നു. വടക്കേ ആർക്കോട്ടിലെ വേടലിലെ ലിഖിതപ്രകാരം വിണ്ണഗരിലെ വൈരമേഘനും കാളമുഖദാസപുരീയനും ഹാരീതഗോത്ര, ആപസ്തംഭസൂത്രക്കാരാണ്. കൊടുമ്പാളൂരിലെ വിക്രമകേസരികാലത്ത് മേൽപ്പാടിയില് ലകുലീശപാശുപതമഠം സജീവമായിരുന്നു. ഇവർ കാളമുഖരുടെ ഒരു ശാഖയാണ്. 11ആം നൂറ്റാണ്ടുവരെ ഇവർ ശക്തരാണ്.

തിരുവൊറ്റിയൂർ വളുതിവാള്മംഗലത്തെ കേരളകുറുംബൻ എന്ന പരകേസരി മൂവേന്തവേളാരുടെ ഭാര്യയെ പരാമർശിക്കുന്നു. ഗാന്ധാരാദിത്യന്റെ വേളത്തിന്റെ പെണ്ടാട്ടി നന്ദിക്കാടത്തി കീഴ്പ്പഴുവൂരിലെ വിളക്കിന് 90 ആടിനെ സമർപ്പിക്കുന്നു. ചോളമാതേവിയാരുടെ പുത്രിയും ഗാന്ധാരാദിത്യപത്നിയുമായ വീരനാരായണിയാർ തെക്കേ ആർക്കോട്ടിലെ വാളയൂരിൽ നഗരത്താരുടെ മണ്ഡപം

പണിയിച്ച് അതിന് ആവശ്യമായതെല്ലാം ദാനം ചെയ്തു. തഞ്ചാവൂരിലെ ജയഭീമത്തളിയിലെ നക്കൻ ചന്ദ്രാദേവി തിരുക്കാലവൂരിലെ വിളക്കിന് ഭൂമി കൊടുത്തു. ചോളനാട്ടിലെ കിളിനല്ലൂർ കിഴവൻ സെംബിയൻ കിളാർനട്ടുക്കോൻ വടക്കേ ആർക്കോട്ടിലെ ബ്രഹ്മദേശത്ത് സൂര്യഗ്രഹണനാളിൽ വിളക്കിന് 15 കഴഞ്ച് സ്വർണ്ണം ദാനം ചെയ്തു. വടിയൂർ സഭയും ഊരും എതിനുള്ള എണ്ണ കൊടുക്കണം. വല്ലഭരായരേയും ഈ ലിഖിതം പറയുന്നു.തിരുവാടുത്തുറ ലിഖിതം , ഗോമുക്തീശ്വ രക്ഷേത്രനിർമ്മാതാവായ തിരുക്കറ്റളിപിച്ചൻ ക്ഷേ ത്രത്തിലെ വാദകർക്കായി 11 മാ നിലം കൊടുത്ത ത് പറയുന്നു. പതിനാററ കഴഞ്ച് സ്വർണ്ണവും അദ്ദേഹം കൊടുത്തപ്പോൾ ചിറ്റമൈച്ചർസഭ നികുതി ഒഴിവാക്കി കൊടുത്തു. തെക്കേ ചുമരിൽ ശിവലിംഗത്തെ തൊഴുതുനിൽക്കുന്ന മനുഷ്യരൂപം തിരുക്കറ്റളിപിച്ചന്റേതാണ്. കീഴ്ക്കൂറ്റിലെ (കീളാർകൂറ്റ്) അൻപിൽ ഉള്ള തിരുവാദികുടിക്ഷേത്രത്തിന് വിളക്കിന് ഭൂമി കൊടുത്ത രേഖ.

തിരുനെയ്ത്താനത്തെ ആദിത്തപുരത്തിലെ മണിഗ്രാമത്തിലെ വ്യാപാരി , തില്ലൈസ്ഥാനത്തെ പരദായ നക്കൻ ശ്രീകന്തന് വിളക്കിന് സ്വർണ്ണം കൊടുത്തു. തിരുവിശലൂർലിഖിതം- അവനിനാരായണചതുർവ്വേദിമംഗലമെന്ന വേമ്പത്തൂർ ഗ്രാമത്തിലെ ദേവന് കുളിക്കാനുള്ള ജലം കാവേരിയിൽ നിന്നു കൊണ്ടുവരാനും വടക്കേ കരയിൽ ദേവദാനത്തിനും ബ്രഹ്മദേയത്തിനുമുള്ള രേഖ.

തേവ കേസരികുഞ്ജരമല്ലപല്ലവരായൻ തിരുവൊറ്റിയൂർ ക്ഷേത്രത്തിന് വിളക്കിന് 90 ആട്. തെക്കേ

ആർക്കോട്ടിലെ എ്രുമൂരിൽ കല്ലുകൊണ്ട് ശ്രീ വിമാനവും അഷ്ടപരിവാരത്തോടുകൂടിയ ഗോപുരവും ഇരുങ്കോളാൻ കുണവൻ അപരാജിതൻ നിർമ്മിച്ചു. മൂന്നരവേളിനിലം ചോളപ്പെരുമാൾ പരാന്തകദേവന്റെ അനുമതിയോടെ ഉരുമൂരിലെ ശിരുത്തിരുക്കോവിൽ ഭട്ടാരന് തിരുച്ചെന്നൽ അർച്ചനാഭോഗമായും ശ്രീബലിക്ക് ഉവച്ചരുടെ വേതനത്തിനായും നീക്കിവെച്ചു. കീഴൂരിലെ തിരുക്കോവലൂർ തിരുവിരട്ടാണത്തു പെരുമാൾക്ക് വിളക്കിന് 100 ആടിനെ രാജദേവിയാർ തേശദക്കിപ്പെരുമാനാർ പത്നി മിലാദുടൈയാർ കയിരൂർ പെരുമാനാർ മകൾ സമർപ്പിച്ചു. കോക്കിളാനടികളെന്ന രാജാദിത്യന്റെ അമ്മ നിർമ്മിച്ചതാണ് തിരുത്തൊണ്ടാശ്വരം (ഭക്തജനേശ്വര)ക്ഷേത്രം. ഇതാണ് തിരുമുനൈപ്പാടിയിലെ തിരുനാവലൂരെന്ന തിരുനാമനല്ലൂർ. (തെക്കേ ആർക്കോട്ട്) അവിടെ 90 ആടും ഈലവിളക്കും ചിത്രകേരളം പരിവാരത്താളെന്ന ദാസി സമർപ്പിച്ചു. തെക്കേ ആർക്കോട്ടിലെ ഗ്രാമത്തിൽ
പരാന്തകന്റെ 29ആം വർഷത്തിലെ ലിഖിതം.
മലനാടിലെ നന്ദിക്കരൈപുത്തൂരിലെ വെള്ളൻ കുമരനെന്ന സേനാധിപതി (രാജാദിത്യന്റെ) തിരുമുടിയൂരിലെ ശ്രീആറ്റുത്തളി ശ്രീമൂലസ്ഥാനത്ത് മഹാദേവനവിളക്കിന് ആടുകളെ സമർപ്പിച്ചു.
മലനാടിലെ കൊടുങ്കോളൂരിലെ ഒരാൾ തിരുച്ചോകനൂരിന് (ഈ പദം 2 പ്രാവശ്യം തിരുച്ചാണൂരിനു പകരം ഉപയോഗിക്കുന്നു) തിരുച്ചാണൂരിലേക്ക് കൊടുത്ത ദാനം പരാന്തകന്റെ 29ആം വർഷമാണ്. തിരുവൊറ്റിയൂരിൽ, കേരളത്തിലെ രാജാവ് വിജയരാഗദേവന്റെ മകള് ഇരവിനീലി 30 കഴഞ്ച് ഊക്കർച്ചെമ്മൈ പൊൻ വിളക്കിനു

കൊടുത്തു. അത് തിരുവൊറ്റിയൂരിലെ ഒരു വയ
ലിൽ നിന്ന് വാർഷികപലിശയായി നാലര കഴഞ്ചി
ന് മൂന്നുമഞ്ചാടി വീതം കൊടുത്തു. മുപ്പതാം
വർഷത്തിൽ തിരുപ്പളനം ലിഖിതം , കിളാർകുറ്റ
ത്തിലെ ആയിരത്തളിയിലെ കാരി അച്ചൻ ഗ്രാമ
ത്തിലെ വ്യാപാരികളോടുകൂടി വിളക്കെരിയിക്കാ
നുള്ള ആടുകളെ കൊടുത്തു. വടക്കേ ആർക്കോട്ടി
ലെ തക്കോലത്തെ 31ആം വർഷത്തെ ലിഖിതം.
ചോളരാജാ പരാന്തകദേവരുടെ മകളും ഗോവിന്ദവ
ല്ലഭരാജന്റെ പത്നിയുമായ ദേവി തിരുവൂരൽ
മഹാദേവന് വിളക്കിനു വേണ്ടി സ്വർണ്ണം. ഈ
വീരമാതേവിയുടെ സമ്മാനം ഊരാദകം വാസികൾ
സംരക്ഷിച്ചുകൊള്ളാമെന്ന് സമ്മതിച്ചു.
ഉമ്പളനാട്ടിലെ കാനത്തൂരിലെ അമുതൻപെറ്റാൾഎന്ന
ചോളരാജ്ഞി പല്ലവൻ മാതേവിയാർ വടക്കേ
ആർക്കോട്ടിലെ തിരുമാൽപുരത്ത് വിളക്ക് കൊടു
ത്തു. അതേക്ഷേത്രത്തിൽ പാണ്ടിനാട്ടിലെ അമ്മണി
മാതേവിയാരും വിളക്ക് കൊടുത്തിട്ടുണ്ട്. 31ആം
ഭരണവർഷ്ത്തിൽ തിരുവയ്യാറിൽ ശിവയോഗികളു
ടെ ഭക്ഷണത്തിന് 5 വേളിസ്സം നിയാമധനസ്വാമികൾ
ശിഷ്യപ്രശിഷ്യവർഗ്ഗത്താർക്ക് ഇരുമുടിച്ചോളപ്പല്ലവ
രായർ നയനഐെയ്യാരടികൾ. അതേക്ഷേത്രത്തിൽ
വെള്ളിവിളക്കും ഭൂമിയും ചോളരാജ്ഞി വല്ലഭൻ
മാതേവിയാർ എന്ന നിരണായിപ്പാടിയാരുടെ മക
ളും കൊടുത്തിട്ടുണ്ട്. വടക്കേ ആർക്കോട്ടിലെ കീഴ്
മുത്തുഗൂരിലെ നരഭോജിയായ കടുവയെ വടകര
മുക്കുത്തൂരിലെ കുമാരനന്ദി പുളലപ്പൻ വധിച്ചു.
ഇതും ലിഖിതപ്പെടുത്തിയിരിക്കുന്നു. വടക്കേ
ആർക്കോട്ടിലെ ബ്രഹ്മദേശത്ത് 33ആം വർഷം
ദീപത്തിന് 12 കഴഞ്ച് സ്വർണ്ണം കൊടുത്തിരി

ക്കുന്നത്, കൂടലൂർ കിഴാർ മണിശിഖഭട്ടസർവ്വക്ര തുക്കളെന്ന രാജമല്ലചതുർവേദിമംഗലത്തെ ആളു ങ്കാനത്തിലെ ഒരാളുടെ മകനായ അളകേശ ക്രമവി ത്തനാണ്. ഉദയാർകുടിയിൽ 25 ബ്രാഹ്മണർക്ക് ഭോജനത്തിന് 3 വേലിനിലം നന്ദിശിരുപ്പിനൻ അനന്തവിക്രമപ്പേരരയൻ എന്ന മഹാമാത്രനാണ് കൊടുത്തിരിക്കുന്നത്. രണ്ട് നിത്യ നന്ദാവിളക്ക് വെക്കാനുള്ള സ്വർണ്ണം തിരുവനന്തീശ്വരത്തും അദ്ദേഹം കൊടുത്തിരിക്കുന്നു. തഞ്ചാവൂരിലെ കോവിലടിയിൽ, 10 കഴഞ്ച് സ്വർണ്ണം തിരുച്ചുടൈ മുടി മഹാജേവന് വിളക്കിന് കൊടുത്തിരിക്കുന്നത് പാണ്ഡ്യനാട്ടിലെ സാളഗ്രാമം ഗ്രാമനിവാസിയും വിമലാങ്കുശൻ എടർനീക്കിയുടെ ഭാര്യയുമായ സ്ത്രീയാണ്. എയിർകോട്ടം പുൻവേലൂരിലെ തിരു വയോദ്ധ്യക്ഷേത്രത്തിലെ ശ്രീരാഘവനു വിളക്കിന് 10 കഴഞ്ച് സ്വർണ്ണം ശെയ്യഭുവനചിന്താമണിയാർ രാജ്ഞി കൊടുത്തു. സോമൂരിലെ ഒരു ലിഖിതം കേരളപ്പള്ളി മുകുടി കിരണികാമി ഇടുവിത്ത പടൈ എന്നാണ്. .മല്ലീശ്വരത്ത് നമ്പിരാട്ടിയർ തെന്ന വൻ മഹാദേവിയാർ നാരായണനങ്ങൂരിനങ്ങയാർ ചോളപ്പെരുമാനാട്ടികൾ മഹാദേവിയാർ വിളക്കിന് 90 ആട് തില്ലൈസ്ഥാനത്ത് ദാനം ചെയ്തു. രാജ്ഞി ചോളശിഖാമണി നധ്ധൂരിനങ്ങിയാരുടെ മകളാണ്. ഇവർ തിരുവയ്യാറിൽ വിളക്ക് വെപ്പിച്ചു.

തെക്കേ ആർക്കോട്ടിലെ ഗ്രാമത്തിൽ, മധുരാന്തക പുത്രൻ രാജാദിത്യന്റെ കേരളസേനാപതി വെള്ളൻ കുമരൻ ആറ്റുത്തളിമഹാദേവന് കല്ലുകൊണ്ട് ക്ഷേത്രം പെണ്ണെനദിക്കരയിൽ മൌലിഗ്രാമത്തിൽ മുടിയൂരിൽ ഉണ്ടാക്കി. 1477027 എന്ന കലിദിനം (ജനുവരി 14 ശനി) എഡി 945ലാണ് ഇത്. 37ആം

ഭരണവർഷം വടക്കേ ആർക്കോട്ടിലെ ബ്രഹ്മദേശത്ത് തിരുവെഗംബപുരത്തെ രാജമല്ലചതുർവേദിമംഗലത്തെ ആളുങ്കനാട്ടാരിൽ ഒരാൾ വിളക്കിന് പതിനാലര കഴഞ്ച് സ്വർണ്ണം കൊടുത്തു. കേശവഭട്ടന്റെ മകളും രവിദാസക്രമവിത്തന്റെ ഭാര്യയുമായ നീലി (വീരനാരായണമംഗലത്തെ ശ്രീകാമുകച്ചേരി പാപ്പനശ്ശേരിക്കാരനാണ് ഇരവിദാസക്രമവിത്തൻ) 10 കഴഞ്ച് വടക്കിൽശ്ശേരി ശങ്കരപ്പാടിക്ക് കൊടുത്തതായി ഉദയാർക്കുടിയിലെ ലിഖിതം. മലനാട്ടിലെ ഒരാളും അതേ സ്ഥലത്ത് വിളക്കുവെക്കാൻ സ്വർണ്ണം കൊടുത്തിട്ടുണ്ട്. ഉദയാർക്കുടിയിലെ 38ആം ഭരണവർഷത്തെ ലിഖിതം രാജാവ് 3 വേളിനിലം ബ്രാഹ്മണ ഭോജനത്തിന് കരമൊഴിവാക്കി കൊടുത്തതാണ്. തെന്നവൻ വിളുപ്പേരരയൻ (രാജാവ് നമ്മകനാർ എന്നാമ് ഇദ്ദേഹത്തെ വിളിക്കുന്നത്) അവിടെ സഭ ചേരാനുള്ള വലിയ ഹാൾ (സഭാമണ്ഡപം) നിർമ്മിച്ചു. 39ആം ഭരണവർഷത്തിലെ തിരുക്കാവലൂർ ലിഖിതം. വില്ലവൻ മാതേവിയാരുടെ പരിചാരിക തിരുക്കുടമുക്കിനടുത്ത കറുകടവൂരിലെ പരദൈ വടകര പാനൂർ നാട്ടിലെ ദേവദാനം രേഖപ്പെടുത്തുന്നു. പണം കൊടുത്ത് ഭൂമി കരമൊഴിവായി ചാർത്തി വാങ്ങിക്കയാണ് ചെയ്തിരിക്കുന്നത്. ചെന്നൈയിലെ കൂരത്തുനിന്നുള്ള ലിഖിതം മധുരൈ കൊണ്ട് ഈഘലം പുകുന്ത ചോളന്റെയാണ്. ജ്യോതിശ്ശാസ്ത്രപരമായ ചില കടമകളെ ഇതിൽ പറയുന്നു. 946 ജൂലൈ 25 ന് കൂറം സഭ രാത്രി സമ്മേളിച്ച് വ്യവസ്ഥകളുണ്ടാക്കി.

ആദിത്തൻ കറ്റളി പിരാട്ടി എന്ന രാജ്ഞി പഴുവൂരിലെ പരമേശ്വരന് വിളക്കിന് 30 കഴഞ്ച് സ്വർണ്ണം കൊടുത്തു. 40ആം വർഷത്തിലെ ശുചീന്ദ്രം രേഖ

തിരുച്ചീവേന്ദ്രം ക്ഷേത്രത്തിന് രണ്ട് വിളക്കിന് 100 ആടിനെ പരടൈച്ചഭൈയാരും കലക്കുടിനാടിലെ കര വന്ദപുരം വ്യാപാരിയും കൊടുത്തതാണ്. തിരുമാൽപുരത്തെ (മധുരയും ഈളവും കൊണ്ട) ലിഖിതം മലനാട്ടിലെ കൊടുങ്കോളൂരിലെ (കൊടുങ്ങല്ലൂർ) നെടിയതളിയിലെ പൂവൻ മാരൻ വിളക്കുവെക്കാൻ ആടുകളെ കൊടുത്തതാണ്.തിരുവേർക്കാടിലെ 45 ആം ഭരണവർഷത്തിലെ ലിഖിതം മലനാട്ടിലെ കൊടുങ്ങല്ലൂരിലെ മാരൻ, തിരുവൈക്കാട്ട് പെരുമാൾക്ക് ചെയ്ത ദാനമാണ്. അവിടത്തെ ഗോശാലയും പരാമർശിച്ചിരിക്കുന്നു.

കണ്ണാരതേവകാലത്തെ ചില ലിഖിതങ്ങൾഃ-

വടക്കേ ആർക്കോട്ടിലെ ഗോളപുരത്ത് എഡി 948 ലെ ലിഖിതം. ചക്രവർത്തി കണ്ണരതേവൻ രാജാദിത്യനെ തോൽപ്പിച്ച് തൊണ്ടൈമണ്ഡലത്തിൽ പ്രവേശിച്ചു. അത്തിമല്ലൻ കന്നരതേവപൃഥ്വീഗംഗരായരുടെ പുത്രി കള്ളിനങ്കയുടെ പേരിൽ (അറും കുന്റത്ത് മരിച്ച) കള്ളിനങ്കൈക്കുളം ഉണ്ടാക്കി. കച്ചിയും തഞ്ചയും കൊണ്ട കണ്ണരതേവൻ 18ആം വർഷത്തിൽ തിരുവൊറ്റിയൂർ മഠത്തിലെ ചതുരാനനപണ്ഡിതന് 30 കഴഞ്ച് ഊർക്കാർച്ചെം പൊന്ന് വിളക്കിന് കൊടുത്തു. വല്ലഭരായന്റെ കാടകത്തിൽ വെച്ച് ചേറ്റുപ്പട്ടിയിലെ താമസക്കാരെ , മാന്യഖേദത്തിലെ വ്യാപാരിയുടെ മകനാണ് ഇത് ഏൽപ്പിക്കുന്നത്. 20ആം വർഷത്തിലും നിരഞ്ജനഗുരുശിഷ്യൻ ചതുരാനന പണ്ഡിതന് 100 നിഷ്കം പൊന്ന് ക്ഷേത്രബലിക്കായി കൊടുക്കുന്നുണ്ട്. വല്ലഭരാജാവിന്റെ പ്രത്യേകപ്രീതിക്ക് പാത്രമാണ് പണ്ഡിതനെന്നും പറഞ്ഞിരിക്കുന്നു. 22ആം ഭരണവർഷത്തിലും ഇതേ ക്ഷേത്രത്തിന്,

വല്ലഭരാദാ കന്നരതേവന്റെ അമ്മ 30 കഴഞ്ച് ഊർക്കാർച്ചെംപൊന്ന് വിളക്കിന് കൊടുക്കുന്നു. അതിന് 15 ശതമാനം പലിശയും ഉണ്ട്. (കന്നരതേവനും വല്ലഭരാജനും ഒരാളാണെന്ന് ഈ ലിഖിതങ്ങൾ കാണിക്കുന്നു.)

മൈസൂരിലെ ദൊദ്ദശീവരലിഖിതം. ചോളരാജാക്കന്മാരെ വധിച്ചശേഷം മേൽപ്പാടിയിലാണ് രാജാവിന്റെ ശിബിരമെന്ന് പറയുന്നു. തെക്കേ ആർക്കോട്ടിലെ കീഴൂർലിഖിതപ്രകാരം വൈഡുംബമഹാരാജാ ശ്രീവിക്രമാദിത്യനാണ് മലാട്, വാനകോപ്പാടി, സിംഗപുരനാട് , വെൺകുന്റക്കോട്ടം ഇവ ഭരിക്കുന്നത്. 17ആം ഭരണവർഷത്തിലെ തിരുനാമനല്ലൂർ ലിഖിതം 10 കഴഞ്ച് സ്വർണ്ണം വിളക്കിനു കൊടുത്ത രേഖയാണ്. മലയകുലത്തിലെ നരസിംഹവർമ്മനാമ് ഇത് കൊടുക്കുന്നത്. വെണ്ണനല്ലൂരിലെ സേവലൈ സഭൈ ഊരോം 100 നാഴി നെയ്യ് കൊടുക്കണമെന്ന് നിബന്ധന ഉണ്ട്. 18ആം വർഷം തെക്കേ ആർക്കോട്ടിലെ സിദ്ധലിംഗമഠത്തിന് ചിറ്റിങ്ങൂരിലെ സഭ കോടിയൂരിലെ നിലം തിരുപ്പുലിപ്പഗവർ നൃത്തവിത്തംഗി എന്ന നൃത്തക്കാരിക്കും പിൻഗാമികൾക്കും ക്ഷേത്രത്തിലെ ദേവനു മുന്നിൽ നൃത്തം വെക്കുന്നതിനുള്ള ദാനമാണ്. 19ആം ഭരണവർഷം നിത്തവിനോദചതുർവ്വേദിമംഗലം സഭ പെണ്ണാനദിക്ക് വടക്ക് വാനകോപ്പാടിയിൽ ദാനം ചെയ്തിട്ടുണ്ട്. 21ആം ഭരണവർഷം തിരുക്കോവലൂർ സഭയിൽ നിന്ന് ഭൂമി വാങ്ങി തിരുവീരത്താനമുടൈയ പെരുമാനടികൾക്ക് വൈഡുംബമഹാരാജാ ശന്തയൻ തിരുവയ്യാൻ കൊടുത്തു. 24ആം ഭരണവർഷം കീഴൂരിലെ ലിഖിതം. 24 വിളക്ക് വെക്കാൻ 2304 ആടിനെ വൈഡുംബമഹാരാജാ തിരുവമനാർ തിരുവീരത്താ

നആൾവാർക്ക് കൊടുത്ത രേഖയാണ്. 25ആം ഭരണവർഷം തെക്കേ ആർക്കോട്ടിലെ ഗ്രാമത്തിൽ വൈഡുംബമഹാരാജാ തിരു അയ്യൻ ശ്രീകന്തന്റെ ദാനമാണ്. 26ആം വർഷം കീഴൂരിൽ വിളക്കിന് 100 ആട് വാനവൻ മൂവേന്തവേലന്റെ മകൾ കോമളം കൊടുക്കുന്നു. വടക്കേ ആർക്കോട്ടിലെ ചൂതാടുപ്പാറൈമലയിലെ പന്നപ്പയിലെ പന്നപ്പേശ്വരക്ഷേത്രം നോലുംബത്രിഭുവനധീരനാണ് പണിയിച്ചത്. കീഴൂരിൽ വൈഡുംബമഹാരാജാ തിരുവൈയ്യന്റെ മൂത്ത ദേവിയാര് വീരത്താനവീരനാരായണിയാർ 20 കഴഞ്ച് സ്വർണ്ണം ദേവന് സംക്രാന്തിക്ക് സ്ഥാപനം (ആറാട്ട്) നടത്താനായി സമർപ്പിച്ചു. നെന്മനിമിലാദാമാണിക്യം സഭ നെല്ല് തൂയമാക്കി(ശുദ്ധം) കൂലിപ്പറമ്പറ്റ് തിരുമുറ്റത്ത് കൊണ്ടുചെന്ന് അളന്നു കൊടുക്കാമെന്ന് സമ്മതിച്ചു.

രാജരാജ 1ന്റെ 29ആം ഭരണവർഷം മേൽപ്പാടി തിരുവാരിഞ്ചീശ്വരം ആറ്റൂർതുഞ്ചിയ തേവർക്ക് പള്ളിപ്പടൈയായി നിർമ്മിച്ചു. മദിരൈക്കൊണ്ട രാജകേസരിയുടെ 5ആം ഭരണവർഷം പിടാരിക്കോയിൽ നിർമ്മാണം. പുലിവളനാട് മരിയാദിയിലെ വീരവളഞ്ചിയന്റെ ഭാര്യയാണ് നിർമ്മിച്ചത്. സുന്ദരചോളന്റെ 12ആം വർഷം ഉടയാർകുടി ഉദയപിരാട്ടിയാർ ഭീമൻ കുന്തവൈയാർ (അരിഞ്ജിയപിരാന്ത തേവരുടെ രാജ്ഞിയുടെ അമ്മ) സംക്രാന്തിനാളിൽ ഓരോ മാസവും 1000 കുടം വെള്ളം കൊണ്ട് ദേവനെ കുളിപ്പിക്കാനായി ദാനം ചെയ്തു. അതേ സ്ഥാനത്ത് മറ്റൊരു ലിഖിതം ആറ്റൂരിൽ വെച്ച് മരിച്ച അരിഞ്ജികൈവർമ്മന്റെ രാജ്ഞി ആദിത്തൻകോതൈ പിരാട്ടിയാർ ചൈത്രമാസത്തിലെ വിഷുവിന് ദേവനെ 108 കുടം

വെള്ളം കൊണ്ട് കുളിപ്പിക്കാനും ദാനം ചെയ്തു. ഇതേ പോലെ 1000 കുടം ധാരക്ക് ഉടയപിരാട്ടിയാർ വീമൻ കുന്തവൈയാരും ദാനം ചെയ്തു. സുന്ദര ചോളന്റെ 14ആം വർഷം തഞ്ചാവൂരിലെ തിരുക്കളിത്തത്തെയിൽ 24 ഈഴക്കാശുവീതം 2 വിളക്കിന് രാജാദിച്ചിയും കുഞ്ജരമല്ലിയും (ശിരിയവേളാരുടെ ഭാര്യയും പുത്രിയും) ദാനം ചെയ്തു.

പരകേസരി ആദിത്യ രണ്ടാമന്റെ കാലത്തെ ലിഖിതങ്ങൾഃ-തഞ്ചാവൂരിലെ തിരുമാലത്ത് , രണ്ടാം ഭരണവർഷത്തിൽ , കാരി പുലയൻ ചോളമാരായൻ നിരഞ്ജനപണ്ഡിതൻ, എന്നീ അംബർശ്രീ മഹാകാളക്ഷേത്രത്തിലെ സേവകരുടെ ദാനമുണ്ട്. ഉച്ചെക്കൊന്താൻ തിരുമല വീരപാണ്ഡിയൻ തലൈ കൊണ്ട തിരുക്കർക്കുടി പരമേശ്വരന് വിളക്ക് വെക്കാൻ ഇരുങ്കോളക്കോൻ പുകൾവിപ്പരംകന്തൻ അവനിവല്ലാൻ 90 ആടിനെ കൊടിക്കുന്നു. കുംഭകോണത്ത് രണ്ട് മന്റാടികൾക്ക് വിളക്കിന് തഞ്ചാവൂരിലെ അവനിശിഖാമണി കിളൈ വേളത്തിന്റെ പെണ്ടാട്ടി ദേവയൻ പുലലക്കൻ 90 ആട്. ഇവർ ഉടൈയപിരാട്ടിയാർ എന്ന് വിളിക്കുന്ന, ആനൈമേത്തുഞ്ചിയ (രാജാജിത്യന്റെ)വന്റെ ആച്ചി(അമ്മ)യാണ്. വടക്കേ ആർക്കോട്ടിലെ ക്ഷേത്രവും ചുറ്റുമുള്ള വരാന്തയും വിരാടരാജാ അനമയൻ അഥവാ പരമണ്ഡലാദിത്യനാണ് പണിതത്. കോ പാർത്ഥിവേന്ദ്രന്റെ 10ആം ഭരണവർഷം തക്കോലം മണലിൽകോട്ടത്തു തിരുവൂറൽപുരത്ത് തൻകൂറ്റു രാജമാർത്താണ്ഡധം ചതുർവ്വേദിമംഗലത്ത് സഭ , തിരുവൂരൽദേവനാരുടെ മകൾ നന്ദിനങ്കയുടെ മകളായ കുമരടിനങ്ക 92 കഴഞ്ച് സ്വർണ്ണം , താൻ ഇരണചിങ്കവീരൻ പള്ളിക്കട്ടിൽമണ്ഡപം തിരുവൂറൽതേവർക്ക് പണിതയി

ടത്ത് കലിഗൈവിത്തംഗന് കൊടുത്തു. . വേലാച്ചേ
രിയിൽ 10ആം ഭരണവർഷം ചോളനാട്ടിന്റെ ഒരു
ഭാരമായ ചേനാട്ടിലെ ഒരാൾ സപ്തമാതൃകാക്ഷേ
ത്രത്തിന്റെ പൂജക്ക് നിലം കൊടുത്തു. 11ആം ഭരണ
വർഷം ഉത്തരമേരൂരിൽ പാർത്ഥിവേന്ദ്രാധിപതിവ
ർമ്മന്റെ രാജ്ഞി ഉടയാർദേവിയാർ വില്ലവൻ
മഹാദേവി താൻ പ്രതിഷ്ഠിച്ച വിഗ്രഹത്തിന് ശ്രീ
ബലിയ്ക്കും അർച്ചനാബിംബം പണിയുന്ന
തിനും 2920 കലം നിലം കൊടുത്തു. പൂർവ്വാചാര
പ്രകാരം സഭ അത് നടപ്പിലാക്കി. ശ്രദ്ധാമന്തന്മാർ
അത് സംരക്ഷിക്കണം. വീഴ്ച വന്നാൽ 25 കഴഞ്ച്
പിഴ അടക്കണം. 12ആം ഭരണവർഷം കാഞ്ചീപുരം
ത്ത് ധർമ്മപൊന്നാർ ത്രൈലോക്യമഹാദേവിയാർ
(പെരുമാനടികളുടെ ഭാര്യ)50 കഴഞ്ച് സ്വർണ്ണം
സമർപ്പിച്ചു. തിരുമാൽപുരത്ത് അനൈയമൻ പര
മണ്ഡലാദിത്തവിരാടരാജാ ക്ഷേത്രമണ്ഡപം പണിതു.
15 ബ്രാഹ്മണർക്ക് ഭോജനത്തിന് അദ്ദേഹത്തിന്റെ
മകൻ വിരാടരാജാ ഏർപ്പാടു ചെയ്തു. ഉത്തരമേ
രൂരിൽ കൊണ്ടരയൻ പണിയിച്ച ശ്രീവെളിവി
ഷ്ണുഗൃഹത്തിൽ ശ്രീബലിക്ക് കൊട്ടുന്ന വാദ്യക്കാ
ർക്ക് തമ്പിരാട്ടിയാർ ത്രിഭുവനമഹാദേവിയാർ
ഭൂമി നൽകി. തിരുമാൽപുരത്ത് 2 വിളക്കിന്
നന്ദിവർമ്മകാട്ടുപത്തികളുടെ മകളായ ബജ്ജവൈ
മഹാദേവിയാർ, 25 കഴഞ്ച് സ്വർണ്ണം പട്ടാളം
അഥവാ എഴുനൂറ്റുവർ സഭയെ ഏൽപ്പിച്ചു. അവി
ടെത്തന്നെ ശിരിയാറ്റൂർ മഠത്തിലെ ബ്രാഹ്മണഭോജ
നത്തിന് 2000 കൂലിനിലം പെരുമാൾ പിറകേറും
ആനയാൽ മന്നൻ കണ്ണൻ അഥവാ വാരണപ്പേര
രയൻ കൊടുത്തു.

ഉത്തമചോളകാലത്തെ ലിഖിതങ്ങൾ:- കുംഭകോണം ത്ത് 4ആം ഭരണവർഷം കാരി കോലംബനെന്ന കൈക്കോളാനുവേണ്ടി മൂലപ്പരുടൈ തിരുക്കുട മുക്കിൽ വിളക്ക് വെച്ചു. തഞ്ചാവൂർവിലനഗറിൽ തിരുനാളർക്കോവിൽ മഹാദേവന് നെറിയുടൈച്ചോ ളപ്പേരാറിൻ തെക്കേക്കരയിലെ ബ്രഹ്മദേയം 5ആം ഭരണവർഷത്തിലാണ്. അഗ്രമാതേവിയാർ രെത്ത ണൻ സൊരബ്ബൈയാരാണ് കൊടുക്കുന്നത്.ആറാം ഭരണവർഷത്തിൽ വടക്കേ ആർക്കോട്ടിലെ പഴ ങ്കോയിൽ തിരുപ്പഴംകോവിൽ മഹാദേവന് ഓടിയ മ്പലഗ്രാമം കരമൊഴിവാക്കി ദേവദാനം ചെയ്യപ്പെട്ടു. കമ്പണൻ ഇരാമൻ എന്ന ഉത്തമചോളപ്രതിഗംഗ രയൻ എന്ന പൽകുന്റക്കോട്ടത്തിന്റെ പങ്കലനാട് മുഖ്യനാണ് ദാനം കൊടുത്തത്. ഇതിന് കാഞ്ചീപു രത്ത് ഇരിക്കുന്ന കാലത്താണ് രാജാവ് അനുമതി കൊടുത്തത്. വാസൽകേൾവി മീനവനോം മൂവേന്ത വേളാനാണ് സാക്ഷി. 9ആം വർഷം കണ്ടിയൂരിൽ പുതുവൂരുടൈയാൻ മായൻ കാഞ്ചനൻ എന്ന വില്ലവൻ മൂവേന്തവേളാന്റെ ജന്മദിനം തോറും തിരുക്കണ്ടിയൂർ വീരട്ടാണത്ത് മഹാദേവന് വിള ക്കും വഴിപാടും കഴിപ്പിക്കാനുള്ള ലിഖിതം കാ ണുന്നു. ഗോവിന്ദപുത്തൂരിൽ അപരാജിതൻ സെയ്യ വായ് മണി (അമ്പലവാണൻ പഴുവൂർനാ ക്കൻ അഥവാ കുവലായത്ത് വിക്രമചോളമാരായൻ പത്നി) തന്റെ ഭർത്താവ് നിർമ്മിച്ച കല്ലമ്പലത്തിന് വിളക്കുവെക്കാൻ ആടിനെ ദാനം ചെയ്യുന്നു. അതേ സ്ഥലത്ത് വിക്രമചോളമാരായന്റെ ഭാര്യ കാഞ്ചിഅ ക്കനും വിളക്കിന് ആടിനെ ദാനം ചെയ്തിട്ടുണ്ട്. മേൽപ്പഴുവൂരിലെ അവനികന്തർപ്പേശ്വരഗൃഹത്തിൽ (കുന്റക്കുറ്റത്ത് മന്നുപെരുംപഴുവൂർ ദേവദാനമാണ്)

വടക്കേ മഹാദേവക്ഷേത്രത്തിലെ വിളക്കിന് 96 ആടിനെ സമർപ്പിക്കുന്ന രേഖ.

16ആം ഭരണവർഷത്തിലെ സെംബിയൻ മഹാദേവി ലിഖിതം. സെംബിയൻ മഹാദേവിയുടെ ജന്മദിന ത്തിന് ഉത്തമചോളന്റെ 5 രാജ്ഞിമാർ (മലയരയപു ത്രിയായ ഇവർ ചൈത്രത്തിലെ തൃക്കേട്ടക്കാണ് ജനിച്ചത്) പിത്തൻ ദാനതൊങ്കി, മലപാടിതെന്നവൻ മാതേവിയാർ, ഇരുങ്കോളരുടെ പുത്രി വാനവൻ മഹാദേവിയാർ, വിളുപ്പരയപുത്രി, പഴുവെട്ടരയ പുത്രി എന്നിവർ ചെയ്ത ദാനം. ഉടയാർകുടിയിൽ അടികൾ പഴുവെട്ടരയൻ കന്തൻ സുന്ദരചോളൻ സഹോദരനായ കന്തൻ ശത്രുഭയങ്കരനാരുടെ നാമ ത്തിൽ നിത്യം വിളക്കിനും 5 ബ്രാഹ്മണരെ ഊട്ടാ നും ഭൂമി ദാനം. അണ്ടാനല്ലൂരിലെ 14ആം ഭരണ വർഷലിഖിതം. സെംബിയൻ ഇരുക്കുവേൽ ഭൂതി പരാന്തകൻ അണ്ടുവനല്ലൂർ തിരുവാലത്തുറയിൽ വടതീർത്ഥനാഥന് കല്ലമ്പലം പണിതു. ഭൂമി ജല സംപ്രോക്ഷണം ചെയ്ത് ദേവദാനമായി കൊടുത്തു. ഗോവിന്ദപുത്തൂരിൽ ഉത്തമചോളന്റെ പെരുന്തര മായ അമ്പലവൻ പഴുവൂർ നക്കൻ വിക്രമചോ ളമാരായൻ വിജയമംഗലത്ത് മാതേവന് കല്ലുകൊ ണ്ട് ശ്രീവിമാനം പണിത് അതിന്നായി നെടുവായിൽ ഗ്രാമം ദാനം ചെയ്തു. ഗ്രാമത്തിലെ ക്ഷേത്രം പണി ത സെംബിയൻ മാതേവിയുടെ ജന്മനക്ഷത്രമായ മീനത്തിലെ തൃക്കേട്ടക്ക്   കണ്ണപ്പരശിയാർ സ്വർണ്ണ മാതേവിയാർ അഞ്ഞൂറ്റേഴര കഴഞ്ച് സ്വർണ്ണം ദാനം ചെയ്തു. ചതുർവ്വേദി ഭട്ടത്താനപ്പെരുമാളാണ് ഈ സ്വർണ്ണത്തിന് ഉത്തരവാദിയായി കാവൽ. മേലേപ്പഴുവൂരിൽ പഴുവെട്ടരയൻ കന്തൻ മറവനാർ വിളക്ക് വെക്കാനായി ദാനം ചെയ്തു.

സെംബിയൻ ദേവിക്ഷേത്രത്തിൽ ആരൂരാൻ അമ്പല ത്തടികൾ(ഉത്തമചോളപത്നി) 590 കഴഞ്ച്, ഉരട്ടയൻ സോരബ്ബൈ എന്ന ത്രിബുവനമഹാദേവിയാർ 145 കഴഞ്ച്, സെംബിയൻമാതേവിയാരുടെ ജന്മദിനാഘോ ഷത്തിന് കൊടുത്തു. ശാസനബദ്ധചതുർവേദിഭട്ട ത്താനപ്പെരുമാക്കളെയാണ് ഏൽപ്പിച്ചത്. ഈ സഭ യെ നിയമിച്ചതും ക്ഷേത്രം പണിതതും സെംബിയൻ മഹാദേവിയാണ്. തിരുവൊറ്റിയൂരിൽ 888 കഴഞ്ച് തുലൈനിറൈപ്പൊൻ ദേവനെ കുളിപ്പിക്കാനും ആഭ രണം ചാർത്താനും 40 കഴഞ്ച് വഴിപാടുക ൾക്കും ആയി നന്ദീശ്വരൻ എന്ന പരകേസരി വിഴുപ്പരയ നെന്ന എലിനൂർ കിഴവൻ കൊടുത്തു. ഇദ്ദേഹം ശ്രീകാര്യം നോക്കുന്നവനാണ്.

രാജകേസരി രാജരാജ 1 കാലത്തെ ലിഖിതങ്ങൾ:- വിക്രമചോളഇളങ്കോവേലരുടെ ഭാര്യയും പഴു വെട്ടരയന്റെ മകളുമായ ദേവിയാർ നമ്പിരാട്ടികൾ 2 വെള്ളിപ്പാത്രം കീഴ്പ്പഴുവൂരിൽ സമർപ്പിച്ചു. അടി കൾ പഴുവെട്ടരയൻ കന്തൻ മറവന്റെ ആജ്ഞാൽ കൌശികൻ നക്കൻ മാരൻ ശ്രീകാര്യം ആരായുന്ന കാലത്താണിത്. അതേ സ്ഥലത്ത് അടികൾ പഴുവെ ട്ടരയൻ കന്തൻ തേവനും 2 സ്വർണ്ണാഭരണം സമ ർപ്പിച്ചു. മീനത്തിലെ ചിത്രക്ക് സംബിയൻ മഹാദേ വിക്ഷേത്രത്തിൽ ഉത്തമചോളന്റെ അമ്മ സെംബിയ ൻ മഹാദേവി സ്വർണ്ണപ്പാത്രവും പട്ടും സ്വർണ്ണപു ഷ്പങ്ങളും ശ്രീകൈലാസമുടയാർക്ക് സമർപ്പിച്ചു. ഉദയപിരാട്ടിയാർ തമ്പിരാനടികൾ വാനവൻ മാതേ വിയാൾ ത്രിഭുവനദേവിയാർ(ശ്രീരാജേന്ദ്രചോളതേ വന്റെ ആച്ചിയും ശ്രീരാജരാജചോളതേവരുടെ രാജ്ഞിയുമായ) തിരുവേങ്കാട് വിളക്കിന് 96 ആടി നെ കൊടുത്തു. കീഴ്പ്പഴുവൂരിൽ ശിരുപ്പഴുവൂരിലെ

സഭ അടികൾ പഴുവെട്ടരയൻ മറവൻ കന്തന് ഭൂമി വിറ്റു.കോയമ്പത്തൂരിലെ തിരുച്ചെങ്കോടിൽ ,തുരിയൂരിലെ ദിവ്യമൂലത്താനത്ത് ഭൂമി കൊല്ലിമലവൻ ഒറ്റിയൂരാൻ പിരിതി(പൃഥ്വി)കന്തവർമ്മന് പരമേശരൻ വിറ്റു. തിരുവിശലൂരിൽ രാജരാജന്റെ രാജ്ഞി വട്ടൻ കാടൻ തൊങ്ങിയാർ 5 ബ്രാഹ്മണരുടെ ഭോജനത്തിന് സ്വർണ്ണം കൊടുത്തു. തിരുക്കോഷ്ഠിയൂരിലെ തിരുമയാനദേവന് (ശ്മശാനദേവൻ)2 വിളക്കിന് നാർപ്പത്തെണ്ണായിരവൻ പൊർക്കോയിൽ നമ്പി പാലാശിരിയർ ഭൂമി കൊടുത്തു. തിരുമണഞ്ചേരിയിൽ ഉത്തമചോളന്റെ അമ്മ ഉദയപിരാട്ടിയാരുടെ കൽപ്പനപ്രകാരം ആരൂരാൻ കമ്പനെന്ന തിരുക്കറ്റളി പിച്ചൻ 16 കഴഞ്ച് സ്വർണ്ണം കടലങ്കുടിക്കരികിലുള്ള തിരുമണഞ്ചേരിമഹാദേവന് ചന്ദനച്ചാർത്ത് മുതലായവക്കായി നൽകി.

മലവരായപുത്രിയും ഗാന്ധാരാദിത്യരാജ്ഞിയും ഉത്തമചോളമാതാവുമായ പരാന്തകൻ മാതേവിയാർ ചെംബിയൻ മാതേവിയാർ തിരുവേങ്കാടിൽ വിഗ്രഹങ്ങളുണ്ടാക്കിച്ച് ആഭരണങ്ങളും സ്വർണ്ണപ്പാത്രങ്ങളും സമർപ്പിച്ചു. ഉത്തമചോളന്റെ 4, 6 ഭരണവർഷങ്ങൾ, രാജകേസരിയുടെ നാലാം ഭരണവർഷം, പരകേസരിയുടെ 3, 10 ഭരണവർഷം, ഗാന്ധാരാദിത്യദേവ മുമ്മുടിച്ചോളന്റെ 2ആം ഭരണവര്ഷം - ഇവയിൽ ഇപ്രകാരം ചെയ്തിട്ടുണ്ട്. അളകാദ്രിപുത്തൂരിലെ ക്ഷേത്രത്തിന് സഭ പരദായക്കുടി ബ്രഹ്മദേയമായി കൊടുത്തു. ഇവിടത്തെ നടുവിലെ പ്രധാനക്ഷേത്രം കല്ലുകൊണ്ട് പണിയിച്ചത് പുല്ലീലി ശാത്തൻ കാരി വേളാർ കന്തൻ ആദിത്തൻ എന്ന മുമ്മുടിച്ചോളവരെയാരാണ്. ഗോവിന്ദപുത്തൂരിൽ കുരലാലത്തെ (കുറ്റാലം)

അമ്പലവൻ പഴുവൂർ നക്കൻ രാജാവിന്റെ പെരുന്തരമായി നിയമിക്കപ്പെട്ടു. ശെട്ടപ്പോഴൻ വെണ്ണയക്രമവിത്തൻ വിഷയമംഗലദേവന്റെ മാനേജരായും നിയമിതനായി. തിരുച്ചതുരൈയിൽ ശ്രീകാര്യം ചെയ്യുന്ന മീനവൻ വിളത്തൂർ നാട്ടുക്കോൻ ക്ഷേത്രകാര്യങ്ങൾക്കായി അദ്ദേഹത്തിന് രാജാജ്ഞപ്രകാരം ഭൂമി കൊടുത്തു.

ഏഴാം ഭരണവർഷം തിരുവല്ലം ക്ഷേത്രത്തിൽ ഒരു ബ്രാഹ്മണൻ ഉമാഭട്ടാരകിവിഗ്രഹവും വിളക്കും സമർപ്പിച്ചു. 1700 കൂലിനിലം കരമൊഴിവായി വിലൈദ്രവ്യവും ഇറൈദ്രവ്യവും ജയമേരുശ്രീമംഗലം സഭക്ക് കെട്ടിവെച്ചശേഷം ശിവബ്രാഹ്മണർക്ക് വിളക്ക് തെളിക്കുന്ന ചുമതല ഏറ്റു. ഗാന്ധാരാദിത്യൻ തീക്കാളിആൾവാർക്ഷേത്രം സന്ദർശിച്ച് 1000 കുടം ജലം അഭിഷേകം ചെയ്യിച്ചു. തിരുക്കാളിവല്ലം സഭയേയും ശിവബ്രാഹ്മണരേയും വരവുചെലവ് (തിരുവാനൈയും തിരുവോലയും) ഏൽപ്പിച്ചു. ചെലവ് 7 കഴഞ്ച് 4 മഞ്ചാടി 1. 74 കഴഞ്ച് പിഴ ശിവബ്രാഹ്മണരിൽനിന്ന് ക്ഷേത്രത്തിലെ പണം ദുർവ്വിനിടോഗം ചെയ്യുന്ന പക്ഷം ഈടാക്കണം. ചെലവ് പരിശോധിക്കാൻ 4 വാരിയന്മാരെ തിരുക്കാളിമുറ്റത്തും 2 വാരിയന്മാരെ മന്ദിരത്തിലും , 2 കങ്കാണികളേയും നിയമിച്ചു. നെല്ല് കഴഞ്ചിന് 40 കാടി. പലിശനിരക്ക് 12 ശതമാനം. വൃദ്ധാചലത്ത് വിളക്കിനും വിളക്കുകാലിനുമായി 90 ആടിനെ പൊറ്റാപ്പിച്ചോളർ സത്തിയരായരുടെ മകൾ മലൈയവ്വൈദേവിയാർ (ഇരുങ്കോളപൃഥ്വീപതി അമനിമല്ലരുടെ രാജ്ഞി) 2 മാനിലം ഉദ്യാനത്തിനു കൊടുത്തു. ആറാം ഭരണവർഷം തിരുവനന്തപുരത്തെ ദർശനക്കോപ്പിൽ (ദേവദാനതിരുവ

റൈക്കോപ്പിൽ)) കരണത്താരുടെ സഭ കൂടി. കാന്ത ളൂർ ശാല കലമറുത്ത ശേഷമുള്ള തളിക്കണക്കും സഭൈക്കണക്കും പരിശോധിച്ചു. കീഴ്പ്പഴുവൂരില് പടൈ ഇളയ ഇരണിയമുഖരാമൻ ഒരു ഉരുവിക്കട്ടി യുദ്ധത്തിൽ (ദ്വന്ദ്വയുദ്ധം) കൈക്കോളൻ ബലദേവ നെന്ന വൈരിയെ വധിച്ചു. അടികൾ പഴുവെട്ടര യർ കന്തൻ മറവനാർ വിളക്കുവെക്കാൻ 90 ആടി നെ ക്ഷേത്രത്തിനു കൊടുക്കാനാണ് പിഴ വിധിച്ചത്. വടക്കേ ആർക്കോട്ടിലെ മറുദാദുനാട്ടുകാർ പെരും തൃക്കോവിൽ ആൾവാർ കോവിലിൽ വിളക്കിന് ഭൂമി കൊടുത്തു. ഈ വിളക്ക് മറുദാദിന്റെ രക്ഷ ക്കുവേണ്ടി ജീവൻ ത്യജിച്ച കലിപ്പെരുമാൻ മാക നൂർ പൂത്തുറൈക്കു വേണ്ടിയാണ്.
പഞ്ചപാണ്ഡവമലയിൽ ഉടയാർ ഇലാതരാജഹാൻ പുകൾവിപ്പവർ കന്തൻ മകൻ ഉടയാർ വീര ചോളർ കർപ്പൂരമല, അനിയാലയൻവിരൈ കുര ങ്ങൻപാടിയിലെ ഇറൈയിലിച്ചന്തം ഭാര്യ ഇലാദ മാതേവിയാരുടെ അപേക്ഷപ്രകാരം എല്ലാ മുമ്പ ത്തെ കടങ്ങളും വിട്ടുകൊടുത്തു. 8ആം ഭരണവ ർഷം മുമ്മുടിവൈഡുംബമഹാരാജ വിഷ്ണുദേവൻ ദുരൈ അരശൻ റെഡ്ഡിപ്പലേം ക്ഷേത്രത്തിൽ വിളക്ക് വെച്ചു. തിരുവടന്തൈ ലിഖിതം മൈലാപ്പൂരിലെ വ്യാപാരി നിർമ്മിച്ച ശ്രീഭട്ടാരകിശ്രീവരാഹദേവിക്ക് വിളക്കിന് 15 കഴഞ്ച് സ്വർണ്ണം ദാനം ചെയ്തതാ ണ്. സഭ ഈ വിളക്ക് പരിപാലിക്കാമെന്ന് വാക്ക് കൊടുത്തു.

കീഴൂരിൽ, ലോകമഹാദേവിയാർ രാജ്ഞിയുടെ അമ്മ കുന്തനൻ അമുതവല്ലി വിളക്കിന് സ്വർണ്ണം തിരുവുണ്ണാലിഗസഭയെ ഏൽപ്പിച്ചു.കൂടാതെ 2 കാശിന് ഒരു ഈലവിളക്കും വെച്ചു. മേലേപ്പഴു

വൂരിൽ അടികൾ പഴുവെട്ടരയൻ കന്തൻ മറവന്റെ അവനികന്ദർപ്പേശ്വരത്തെ ജനങ്ങൾ ക്ഷേത്രപരിചാരകർക്ക് വിളക്കിനു പണം കൊടുത്തു. ചോളനാട്ടിലെ ബ്രാഹ്മണർ തിരുഗോകർണ്ണത്ത് കുളത്തിനുള്ള ഭൂമി കൊടുത്തു.തിരുനെടുങ്കുളത്ത് ശിവയോഗികളുടെ ഭോജനത്തിന് ഭൂമി കൊടുത്തു.

തിരുവാടുത്തുറൈയിൽ നൃത്യഭോഗമായി ക്ഷേത്രം വക ഭൂമി കൊടുത്തു. ഇതിന്ന് ചതുശ്ശാലയിൽ ചാത്തനൂർസഭ കൂടി ആ ഗ്രാമത്തിലെ ചാക്കൈക്കണിയായ കുമരൻ ശ്രീകന്തന് 7 അങ്കം ആരിയക്കൂത്ത് പുരട്ടാശി ഉത്സവകാലത്ത് തിരുവാവട്തുറൈ ആൾവാർ ക്ഷേത്രത്തിൽ നടത്തുന്നതിന്ന് കൊടുത്തു. അരിമാവ്, വെറ്റില,അടക്ക,നെല്ല്, മഞ്ഞൾ , അഞ്ജനം ഇവ കൊടുക്കാനും ഉത്തരവായി. കീഴ്പ്പഴുവൂരിൽ പഴുവെട്ടരയന് കന്തൻ മറവനാരുടെ പെരുന്തിരമായ അരയൻ സുന്ദരചോളൻ ഇരുനാഴിത്തുമ്പപ്പള്ളിത്താമത്തിന് (നിത്യവും 2 നാഴി തുമ്പപ്പൂ കൊണ്ട് മാല ചാർത്തുന്നതിന്ന്) ഭൂമി കൊടുത്തു. ശുചാന്ദ്രത്ത്, തിരുശ്ശിവീദിരത്ത് മഹാദേവന് വിളക്കിന് ഇളനാട്ട് മലയരയൻ ചെന്നി കന്തൻ 50 ആടിനെ മൂലപ്പരടൈസഭയെ ഏൽപ്പിച്ചു. തിണ്ടീശ്വരം ക്ഷേത്രം കിടങ്ങിൽപളവിടൈ പാടാനും വീണ മീട്ടാനും സംഗീതജ്ഞർക്ക് 2910 കൂലിനിലം കൊടുത്തു. തിരുച്ചെങ്ങോട് കോപ്പർ പ്ലേറ്റ് .തൂശിയാർ നഗരത്താരിൽനിന്ന് മുഴുമനൈക്കാലും അരമനൈക്കാലും അരക്കാലും ശേഖരിച്ച ഇരൈ നിന്റെ ഇരൈ എന്ന് മലവരായൻ സുന്ദരചോളന്റെ ഉത്തരവ് . ദണ്ഡംകുറ്റത്തിന്റെ ബാക്കി നന്ദിപുരത്തേ നിയമം അനുസരിക്കണം. കൊല്ലിമലൈവൻ പിരതികന്തൻ തന്റെ പിതാവിന്റെ സ്മരണക്ക് (എങ്കൾ ആച്ചർ ഈലത്തു

പ്പടൈ അവർ ശ്രീമദാ ഹത്തുക്കുച്ചിറുപാട്. പിതാവ് ലങ്കയിൽ വെച്ചാണ് മരിച്ചത്) നടപ്പാക്കിയത്. തിരുമാൽപുരത്ത് കുളക്കുടൈയൻ അരുനിലൈശ്രീകൃഷ്ണൻ എന്ന മൂവേരുപിടവൂർ വേളാർ , ഉത്സവകാലത്ത്, തന്റെ പിതാവ് രചിച്ച ഗോവിന്ദപ്പാടി ആൾവാർ തിരുപ്പതികം (കോലനാർക്കുഴൽ) പാടുന്നതിന് സ്വർണ്ണം ദാനം ചെയ്തു. ഉയ്യക്കൊണ്ടാൻ തിരുമലയിൽ കന്തൻ മധുരാന്തകദേവശ്രീ ഉത്തമചോളന്റെ അമ്മ സെംബിയൻ മഹാദേവിയാർ നന്ദിപന്മമംഗലത്ത് ശ്രീകർക്കുടിവിുമിയാർക്ക് രത്നകിരീടം കൊടുത്തു. 145 കഴഞ്ച് സ്വർണ്ണം 190 കഴഞ്ച് വെള്ളി, 700 മുത്ത്, 3 മാണിക്യം, 27 വൈരം ഉള്ളതാണ് ഈ കിരീടം. കോനേരിരാജപുരത്ത് തിരുപ്പതികം പാടാൻ ഉടൈയപിരാട്ടിയാർ സ്വർണ്ണം കൊടുത്തു.

തിരുക്കോഷ്ഠിയൂരിൽ വിളക്കിനും പ്രഭാകരമീമാംസ വ്യാഖ്യാനിക്കുന്ന ശാത്തമംഗലം തിരൈമൂർസ്വദേശി ബ്രാഹ്മണനുമായി ഭൂമി കൊടുത്തു.
കീഴ്പ്പഴുവൂരിൽ അടികൾ പഴുവെട്ടരയന്റെ കൈക്കോളനായ ഐയ്യാരൻ കണ്ണൻ ഒരാളെ വധിച്ചു. താൻ ചെയ്ത പടക്കുറ്റത്തിന് പ്രായശ്ചിത്തമായി വധിക്കപ്പെട്ട ആളുടെ പേരിൽ വിളക്ക് വെച്ചു. കോനേരിരാജപുരത്ത് നക്കൻ നല്ലാട്ടടികളെന്ന രാജരാജത്തെരിഞ്ച കൈക്കോളൻ വെള്ളിയും ചെമ്പും ചേർത്ത ചണ്ഡീശ്വരവിഗ്രഹം ഉണ്ടാക്കിക്കൊടുത്തു. രാജകേസരിയുടെ വേളത്തിലെ ഒരു പെണ്ടാട്ടിയായ അനക്കൻ മഹാമല്ലിയുടെ മകനാണ് ഇദ്ദേഹം. പുല്ലമങ്കൈയിൽ പുല്ലമംഗലം സഭ ഒരുവേലി വയലും 440 പാർത്തി തോട്ടവും സാമവേദ,ഋഗ്വേദപണ്ഡിതബ്രാഹ്മണർക്ക് കൊടുത്തു.

തിരുവടിയിൽ 18 ചേരുനിലം കരമൊഴിവായി അവയനൂർസഭ ജലശയനമഹാദേവക്ഷേത്രത്തിന് കൊടുത്തു. അവിടെത്തന്നെ അവയനൂർനാട്ടിലെ തിരുമുനൈപ്പാടിശാഖ രണധാരമംഗലം സഭ ജല ശയനദേവന് ദേവദാനമായി പതിനെട്ടേമുക്കാൽ ചേരുനിലവും (ജലസേചനത്തിനുള്ള കുളം ഉൾപ്പെടെ) കൊടുത്തു. പോണ്ടിച്ചേരി തിരുവണ്ടാർകോവിൽ ത്രിഭുവനമഹാദേവി ചതുർവേദിമംഗലം സഭ മുമ്മുടിച്ചോളഅമ്പലനാട്ടുവേളാൻ നിർമ്മിച്ച മണ്ഡപത്തിൽ കൂടി. മുമ്മുടിച്ചോള മൂവേന്തവേളാൻ നിർമ്മിച്ച ക്ഷേത്രത്തിന് മുണിയൻവെള്ളപ്പാക്കം നികുതി അടച്ച് സമർപ്പിച്ചു. ഇതിന്റെ പിഴകളെല്ലാം ക്ഷേത്രത്തിലേക്ക് ചേരണമെന്ന് തീരുമാനിച്ചു. തിരുവിരട്ടീശ്വരത്ത് 2 വിളക്കിന് പണം, നെന്മളിനാട്ടിലെ ഒരു ബ്രഹ്മദേയമായ മദനമഞ്ജരിചതുർവേദിമംഗലം സമർപ്പിച്ചു. 12ആം വർഷം 231ആം ദിനം , തേനേരിയിൽ വിക്കിയണ്ണനെന്ന വിക്രമചോളബ്രഹ്മാദരായനിൽനിന്ന് ദണ്ഡപ്പണം ഈടാക്കാൻ സഭ ഉത്തരവായി. 13ആം വർഷം കാമരവല്ലിയിൽ രണ്ഡരകഴഞ്ച് പലിശ വരുന്ന 15 കഴഞ്ച് സ്വർണ്ണം മാർഗഴിമാസത്തിലെ തിരുവാതിരക്ക് സാമവേദം വായിക്കുന്നവർക്ക് കൊടുത്തു. ഓരോ വായനക്കാരനും ഭക്ഷണവും ഒന്നേക്കാൽ കഴഞ്ച് സ്വർണ്ണവും കൊടുക്കണം. മൈസൂരിലെ കണ്ണാരചന്ദ്രലിഖിതം , നോലംബഅയ്യപ്പതേവമകൻ ഗനരശനാണ് ദലിഗവാഡിയുടെ ഒരുഭാഗം വാഴുന്നതെന്ന് പറയുന്നു.

തിരുവല്ലം തിരുത്തീക്കാളി ആൾവാർക്ഷേത്രം നോക്കിസംരക്ഷിക്കുന്ന മുമ്മുടിച്ചോളഭോഗൻ, ഗണത്താരിൽ ഒരാൾ (ഗ്രാമഭരണാധികാരികളിൽ) 25

പൊന്ന് ധർമ്മക്കട്ടളൈതുളൈനിറൈ (ശ്രികപ്പിരാട്ടി യാർ കൊടുത്ത വിളക്കിനുള്ളത്) വാങ്ങിയത് കണ്ടു. എന്നാൽ അയാളുടെ മകൻ അത് നോക്കിന ടത്തുന്നില്ല എന്നും മനസ്സിലാക്കി. അതിനാൽ അത് തുടരാനായി മുമ്മുടിചോളഭോഗൻ അയാൾക്ക് 600 കൂലിനിലം കൊടുത്തു. തിരുവല്ലം ക്ഷേത്രഭണ്ഡാര ുമ്മുടിചോളഭോഗൻത്തിൽനിന്ന് സ്വർണ്ണം(40 കഴഞ്ച് 7 മഞ്ചാടി)എടു ത്ത് ആഭരണമുണ്ടാക്കി സഭയെ ഏൽപ്പിച്ചു. മുമ്മു ടിചോളഭോഗരുടെ വക വിളക്കും രത്നാഭരണവും കോവിലിന് സമർപ്പി ച്ചു. 10 കഴഞ്ച് സ്വർണ്ണം തീക്കാളിആൾവാർസഭ ക്ക് അരൈശൂരിലെ ഇരായിരൻ പല്ലവചോളനെന്ന രാജാവ് കൊടുത്തു. ഇത് പവിത്രാരോഹണോത്സവ ത്തിനുള്ളതാണ്. പലിശനിരക്ക് പ്രതിവർഷം കഴ ഞ്ചിന് 3 മഞ്ചാടിവീതം. പതിനാലാം ഭരണവർഷം വെൺകുന്റക്കോട്ടത്തിലെ അരശാണിമംഗലത്ത് കാലുവെക്കാനുള്ള പലകയും ഇരിക്കാനുള്ള മെയ്ത്താങ്ങിയും വിളക്കിന് 90 ആടും പാത്രങ്ങ ളും തിരുവാവിഭട്ടാരകന് ഒരു സ്ത്രീ സമർപ്പിച്ചു. കലക്കത്തൂരിലെ ഊരണിആൾവാർ ക്ഷേത്രത്തിലേ ക്ക് മുമ്മുടിച്ചോളരാജരാജകേസരി കാടൻ മൈന്ദൻ 2 വിളക്ക് കൊടുത്തു. രാജാവ് ശാലാഭോഗവും ഒരു വിളക്കും സകല രാജാക്കന്മാരുടേയും ലോക ത്തിന്റെ മുഴുവനും ഐശ്വര്യം സങ്കൽപ്പിച്ചുകൊണ്ട് സമർപ്പിച്ചു.

മേൽപ്പാടിയിൽ തിരുവല്ലം സഭക്ക് സ്വർണ്ണവും (തുലൈനിറൈ 15 കഴഞ്ച്) 1000 കൂലിനിലവും ചിററമ്പലത്തുതോൽ സമർപ്പിച്ചു. രാജാശ്രയപുരത്ത് അരുമൊഴിദേവപ്പെരുംതേരിൽ ശങ്കരപ്പാടിയിൽ താമസിക്കുന്ന ഒരാളെയാണ് ഏൽപ്പിച്ചത്. അയാൾ

നിത്യം കാൽഅളവ് നെയ്യ് വിളക്കിന് കൊടുക്കേണ്ടതാണ്. രാജരാജന്റെ മകനും ഉദ്യോഗസ്ഥനുമാണ് ഈ ദാനം കൊടുത്തത്. (ചോണാറ്റുവിത്തന്കരൈ പാമ്പുനിക്കൂറ്റത്ത് അരൈസൂരുടൈയാൻ ഇരായിരവൻ പല്ലവരായൻ അഥവാ മുമ്മുടിച്ചോളപോസൻ)

ശുചീന്ദ്രം ലിഖിതം കാന്തലൂർശാലൈകലം അറുത്തു ഗംഗൈപാടിയും നുലുംബപാടിയും വെങ്കൈനാടും കൊണ്ട കോ മുൻകീഴ് കാരായ്മൈയുടയ കുടികൾക്ക് തെൻവലനല്ലൂരെന്ന വലനല്ലൂരിലെ നൃപശേഖരന്റെ - രാജരാജവളനാട്ട് നാഞ്ചിനാട്ട് ബ്രഹ്മദേയം ശുചീന്ദ്രത്ത് എ്പെരുമാന് ദേവദാനം. ഇതേ ലിഖിതം തിരുക്കടൈയൂരും കുടമലനാടും കൂടി കാണുന്നു.)

14ആം ഭരണവർഷം തിരുപ്പളനത്ത് ലിഖിതം. മലനാട്ടിൽനിന്ന് കൊള്ളയടിച്ച് കിട്ടിയ വസ്തുക്കളിൽനിന്ന് ഒരു മരതകലിംഗം കമ്പൻ മണിയനെന്ന വിക്രമചോളമൂവേന്തവേളാൻ തിരുപ്പളനം ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. 15ആം ഭരണവർഷം മണിമംഗലം ലിഖിതം. ശ്രീകൃഷ്ണപ്പെരുമാളിന് തിരുവായ്പ്പാടിയിൽ ഭൂമി. ലോകമഹാദേവി ചതുർവേദിമംഗലത്തെ (മണിമംഗലം)സഭ തണ്ണീർപ്പന്തലിലെ ധർമ്മി ചെയ്ത്(സഭകൂടി) നിശ്ചയിച്ചു.

മേലേപ്പഴുവൂരിൽ അടികൾ പഴുവെട്ടരയൻകന്തൻ മറവന്റെ അവനികന്തപ്പക്ഷേത്രത്തിൽ 2 ഈശ്വരന്മാർക്കും പ്രധാനദിനങ്ങളിലെ പൂജാനിവേദ്യത്തിന് ഒരുമാനിലം , ദേവർമകൾ നക്കൻപെരിയ അരശപ്പിരാൻ എന്ന നക്കൻ കുമരക്കൻ സമ്മാനിച്ചു. ശുചീന്ദ്രത്ത് കാലം നിർണ്ണയിച്ച്, കുറി ചാർത്തി

അയച്ച് മഹാസഭ അഗ്രശാലയിൽ കൂടി. മഹാസഭ യുടെ കീഴിലുള്ള മൂലപ്പരുടസഭ തങ്ങൾക്ക് ദേവദാ നത്തിന്മേൽ ഇറൈ ചെലുത്താനോ ഭരിക്കാനോ സാധിക്കുന്നില്ല എന്ന് പറഞ്ഞു. പരടൈക്കുടിയിലാ ര്(പ്രജ) അതിനോട് യോജിച്ചു. അത് മഹാസഭക്ക് കൊടുത്തു. ഇനി ആരെങ്കിലും അവകാശം പറഞ്ഞ് വന്നാൽ 15 കഴഞ്ച് സ്വർണ്ണം മഹാസഭ പിഴ വിധിച്ചു. പ്രജകൾക്ക് 50 കഴഞ്ച് ചെയ്താരപ്പൊന്ന് അവകാശം കൊടുത്തു. രണ്ട് വാരിയന്മാരെ സഹാസഭ നിശ്ചയിച്ചു. അവരും ഒരനാട്ടനും കൂടി ക്ഷേത്രഭരണം നടത്തണം. അവർക്കുള്ള വേതനം നിത്യം നെല്ലായിട്ട് കൊടുക്കണം.

തിരുവെങ്കാട്ട് രാജരാജൻ ചേരരാജാവിൽനിന്ന് എടു ത്തനിധികളുടെ കണക്ക് തരുന്നു. ഇത് രാജേന്ദ്രന്റെ ശുചീന്ദ്രം രേഖകളിലുമുണ്ട്. 15ആം ഭരണവർഷം വൃദ്ധാചലത്തെ രേഖ സെംബിയൻ മഹാദേവി കൊടുത്ത ശ്രീമുടിയുടെ കണക്കാണ് തരുന്നത്. 9 കഴഞ്ച്, 9 മഞ്ചാടി 7 മാ സ്വർണ്ണം, ഇരുനൂറ്റിആറര കഴഞ്ച് നാലു മഞ്ചാടി വെള്ളി അകത്തെ പൂശലി ന്ന്, 3 മാണിക്യം, 36 വൈരം, 1998 മുത്ത് . വടക്കേ ആർക്കോട്ടിലെ തിരുമലലിഖിതം വീരനര സിംഹരായന്റെ 40ആം വർഷത്തിൽ, ദേശാന്തരി തിരുപുല്ലാനിദേശം ഈ ക്ഷേത്രം പുനരുദ്ധരിച്ച രേഖയുടെ കോപ്പിയാണ്. ചേരമാനാരുടെ പുത്രി യും പൊൻമാളിகൈ തുഞ്ചിയ ദേവന്റെ പത്നി യുമായ പരാന്തകദേവി അമ്മനാർ 50 കഴഞ്ച് സ്വർണ്ണം, 6 മാണിക്യം, 4 വൈരം 28 മുത്ത് പതിച്ച പട്ടം സമ്മാനിച്ചിട്ടുണ്ട്. തിരുപ്പുകലൂരിൽ

നക്കൻതില്ലെ അഴകിയാർ പഞ്ചവൻ മാതേവിയാർ (രാജരാജ 1ന്റെ പത്നി) ഉത്സവപൂജകൾക്കും എല്ലാ മാസവും ചതയദിനപൂജകൾക്കുമായി കരമൊഴി വായി നിലം ദാനം ചെയ്തു. ചതയം തന്റെയും ഭർത്താവിന്റേയും ജന്മനക്ഷത്രമാണ്.
തിരുപ്പുരമ്പിയത്ത് അവിടത്തെ വളാഞ്ചിയർ ദേവി ക്ക് രണ്ട് നന്ദാവിളക്കിനും പള്ളിക്കട്ടിലിനും വേ ണ്ടി ഭൂമി ദാനം ചെയ്തു. തിരുവല്ലത്ത് വാനപുര ത്തെ (തിരുവല്ലത്തെ)നാട്ടാർ 700 കൂലിനിലം കര മൊഴിവായി തിരുവല്ലൻ ശങ്കരൻതേവയ്ക്ക് വിറ്റു. അദ്ദേഹം അത് തന്റെ അഛന്റെ പേരിലുള്ള തിരു വയ്യം ഈശ്വരന് സമർപ്പിച്ചു. തിരുവയ്യൻ പടി ഞ്ഞാറൻഗംഗരാജാക്കന്മാരിൽനിന്നാണ് പൈതൃകം. ഗോഗുണിധർമ്മൻ, പരമധർമ്മ, മഹാരാജാ നിഷ്ഠ നീലപുര, പരമേശ്വര, ശ്രീനാഥ, ശ്രീമത്ശിവമഹാ രാജ, തിരുവയ്യൻശങ്കരതേവ എന്നാണ് പിൻതുട ർച്ചാക്രമം. തിരുവിടൈമരുതൂരിൽ മഹേന്ദ്രമംഗലം സഭയുടെ ബ്രഹ്മദേയഭൂമി വിറ്റു. പടയിലാരുടെ ഉപദ്രവം രാജാവിനോടു പറഞ്ഞിട്ടും മാറിയില്ല. പൊന്മാളികൈ തുഞ്ചിയ തേവന്റെ തേവിയാർ ചേരമാനാർപരാന്തകൻദേവിയമ്മനാരെയും പരാ മർശിക്കുന്നു. 17ആം ഭരണവർഷം തഞ്ചാവൂരിലെ കറുത്താട്ടാംഗിക്കുടിലിഖിതം. രാജകേസരി ചതു ർവ്വേദിമംഗലം മഹാസഭ പരാന്തകപുത്രിയും രാജാവിന്റെ മൂത്ത സഹോദരിയുമായ കുന്തവൈ ക്ക് ഭൂമി വിറ്റു. അവർ അത് കരുത്തിട്ടഗുഡി മഹാദേവന് കൊടുത്തു. പാണിശെയ് മക്കളുടെ കാണിനിലം ഒഴികെ (പണിയെടുക്കുന്ന തൊഴിലാളി

കളുടെ കാണിനിലം ഒഴികെ) മറ്റെല്ലാം ബ്രാഹ്മണ ഗ്രാമങ്ങളിലെ നിലവും രാജാക്കന്മാർക്ക് വിൽക്കേണ്ടതാണ്. (ഭൂമി ബ്രഹ്മസ്വത്തിൽനിന്ന് രാജസ്വമായി മാറ്റുന്നു) ഈ രാജശാസനപ്രകാരം അധകാരികൾ വാനവൻ മൂവേന്തവേളന്റെ നിയന്ത്രണം (ഓർഡർ) പ്രകാരം പണത്തിന് ഭൂമി വിൽക്കണം. ഉടയാർപണിമകനായി (രാജാവിന്റെ ഉദ്യോഗസ്ഥരായി) ശാത്തനമ്പിമാരെ നിയമിക്കുന്നു. ഈ ചാത്തംബിയാർ തന്നത് മഹാസഭ വിറ്റ നിലവിലയാവണം. നാട്ടിലെ പലരും സാക്ഷിയായി ഒപ്പിട്ടതാണ്. കിളൈയൂരിലെ ലിഖിതം- തിരുവാലത്തൂരിലെ തിരുക്കടവൂരുടൈയ എമ്പിരുമാൻ ക്ഷേത്രചിത്രമണ്ഡപത്തിൽ നിൽക്കുന്ന കൃഷ്ണന് ചൈത്രമാസത്തിലെ വിളക്കിനും നെയ്യിനും രാജഭൃത്യൻ വഴിക്കേ തുണൈ ഗുണശീലനും ഭാര്യ ഐയ്യദിരുത്തകിയും 180 ആട് കൊടുത്തു. ഇത് 15ആം ഭരണവർഷത്തിലും കാണുന്നുണ്ട്. തെക്കേ ആർക്കോട്ട് മർക്കാനം ലികിതം- അരൈശൂരിലെ ആരൂരാർ ഉദയദിവാകരൻ അരുൾമൊഴി മൂവേന്തചോളൻ പട്ടണനാട്ടിലെ പട്ടണത്തിലിരിക്കുമ്പോൾ ഭൂമീശ്വരക്ഷേത്രത്തിലെ ചെലവു സംബന്ധമായ ചില പരാതികൾ അദ്ദേഹത്തിന്റെ അടുക്കലെത്തി. ഉടനെ രാജരാജന്റെ തിരുനാളായ ചതയത്തിൻ ഒരു വിൽപ്പന പെട്ടെന്നു തന്നെ നിശ്ചയിച്ചു.

സോമൂരിൽ ദേവനപ്പള്ളിയിലെ തിരുനോലംബൂർ പരമേശ്വരന് കിരീടം നിർമ്മിക്കുന്നതിന് ക്ഷേത്രഭരണം നിർവ്വഹിക്കുന്ന ഉലഗളവിത്ത തിരുവടികൾ ചാത്തൻ .ക്ഷേത്രച്ചെലവ് നിർവ്വഹിക്കുന്നതിൽ

പിഴവ് വരുത്തിയ ക്ഷേത്രഭൃത്യരിൽനിന്ന് ഈടാക്കിയ തുക ഉപയോഗിച്ചു. മധുര തെങ്കരയിലെ കോദണ്ഡചോളൻഭൂമി തേനൂർഗ്രാമത്തിലെ (ജനനാഥയമംഗലം) മധുഭിത്ത്(വിഷ്ണു)ക്ഷേത്രത്തിന് കൊടുത്തരേഖ.ഇത് ഗ്രന്ഥം ലിപിയിലാണ്. ഇതേ സ്ഥലത്ത്, ജനനാഥപല്ലവരായൻ എന്ന കോദണ്ഡൻചോലൈ (പെരുന്തേനൂരിലെ ഭൂമി) സ്വർണ്ണത്തിന് കൊടുത്തു. പാഗനൂർകൂറ്റത്തിലെ പെരുംതേനൂരിലെ (ജഗന്നാഥചതുർവേദിമെഗലം) നടുവിൽ ശ്രീകോവിലിലെ ശ്രീവീരകേരള വിണ്ണഗരതേവർ എന്നാണ് പറയുന്നത്.

തിരുവടതൈയിൽ പട്ടിണവൻകുടിയിലെ 12 കുടുംബങ്ങളെ രാജരാജർ തിരുനാളായ ആവണിയിലെ ചതയത്തിന് 7 ദിനം ഉത്സവം നടത്താൻ ഏൽപ്പിച്ചു. നെയ്ത്തും സമുദ്രസഞ്ചാരവും തൊഴിലാക്കിയ ഇവർ തങ്ങളുടെ വരുമാനത്തിൽനിന്ന് ഒരാൾക്ക് മുക്കാൽ കഴഞ്ച് വീതം സ്വർണ്ണം ക്ഷേത്രത്തിനു കൊടുക്കണം. ഈ ഉത്തരവിൽ ഒപ്പിട്ടിരിക്കുന്നത് 1. രാമൻകുമരൻ ചോളമൂവേന്ദമാരായനെന്ന നാടുകൺകാട്ചി. 2. കറ്റൻ ആദിത്യൻ എന്ന ദാന മൂവേന്തവേളൻമാരായൻ എന്ന നാടുവകൈ. ഉത്തരമേരൂരിലെ കൊങ്ങരയർ ശ്രീകേവിലില പരമസ്വാമിക്ക് വിളക്കിന് 96 ആട് അരശാനിമംഗലം സഭയാരെ ഏൽപ്പിച്ചു. കാടുംകുളവും വിലൈകൊണ്ട് തിരുത്തി ഇറൈയിലിയായി (കരമൊഴിവാക്കി) തിരുവീരവിണ്ണഗരആൾവാർക്ക് , നമ്പിയാർ നമ്പിരാട്ടിയാർ സെംബിയൻ മുക്കോക്കിളാർ അടികൾ എന്ന കണ്ണരനാച്ചി പിടാരനങ്കക്ക് ,

ചോളരാജ്യത്തെ പണിവകമംഗലം അരംഗൻ കോദ ണ്ഡരാമൻ കൊടുത്തു. കിളൈയൂരിൽ തിക്കുടവു ടൈയ എമ്പെരുമാൻ നേയമുടുസെയ്താന് പുനർപൂ സം(പുനർവസു) നക്ഷത്രത്തിൽ നെയ്യ് അഭിഷേക ത്തിന് വഴിക്കേ തുണൈ ഗുണശീലൻ തിരുവാലൂരി ലെ സഭക്ക് കൊടുത്തതിന്റെ പലിശ ഉപയോഗിക്ക ണമെന്ന് നിശ്ചയിച്ചു. അതേ ക്ഷേത്രത്തിൽ വഴുഗൂ രിലെ കുമരൻ പല്ലവരായൻ അരവിളക്കിന് 45 ആടിനെ കൊടുത്തു. . തിരുനന്ദിക്കര 18ആം ഭരണ വർഷലിഖിതം- തിരുനന്ദിക്കര മഹാദേവന് വള്ളു വനാട്ടിലെ മുട്ടം ദാനം ചെയ്തു. അതിന്റെ പേർ മുമ്മുടിച്ചോളനല്ലൂരെന്നാക്കി. ഈ ദാനം രാജരാജ ന്റെ ജന്മദിനമായ ചതയത്തിൽ ആറാട്ടിനും ഉത്സവ ത്തിനുമാണ്. തിരുവടന്തൈക്ഷേത്രത്തിലേക്ക് മലനാ ട്ടിലെ കന്തർപ്പർപള്ളിയിലെ വ്യാപാരി പതിനാറേ അരക്കാൽ കഴഞ്ച് സ്വർണ്ണം വരാഹദേവക്ഷേത്ര ത്തിൽ 12 ബ്രാഹ്മണർക്ക് കുംഭത്തിലെ 30 ദിവസ വും ഭക്ഷണം കൊടുക്കുന്നതിനായി വീടാക്കടനായി കൊടുത്തു. മൈസൂരിലെ ഉത്തനൂരിലെ ലിഖിതം കലിംഗവും കുടമലൈനാടും ആഴ്ക്കടൽ കടന്താ ൻഗാരു നീ......ഞ്ചിറമും കൊണ്ട തിന്തിരൽ വെന്റി തണ്ടാർകൊണ്ട തണ്ണെഴിൽ എന്ന് കുടനാട്ടിനേയും , പുടൽനാടിലെ അരുമൊഴിത്തേവചതുർവേദിമ ണ്ഡലത്തേയും പരാമർശിച്ചിട്ടുണ്ട്, ഭരണവർഷം 19ൽ കൂത്തൻ വീരനാരായണിയാർ ചോളമഹാദേ വിയാർ ഒരു മാണിക്യത്താൺ കൊടുത്തിരിക്കുന്നു. അതേ ഭരണവർഷം സോമൂരിൽ സൂര്യഗ്രഹണദി നത്തിൽ ദേവീവിഗ്രഹം പണിതീർത്തു തരാത്തതിന്

3 കഴഞ്ച് സ്വർണ്ണം പിഴയായി ദണ്ഡം ചുമത്തിയി ട്ടുണ്ട്. ഇതിൽ ദണ്ഡം ചുമത്തി വെച്ചിരിക്കുന്നത്. 1. രാജതേവർ കൈക്കോളപ്പട. 2. പരാന്തകത്തെരി ഞ്ച കൈക്കോള 3. സുന്ദരചോളത്തെരിഞ്ച കൈ ക്കോള 4. പാണ്ടികുലാശനിതെരിഞ്ച കൈക്കോള 5. ഈ നാടുവകൈ ചെയ്കിറ കുളത്തൂർ ഉടൈയാർ ഇവരാണ്.

20ആം വർഷം തിരുക്കോഷ്ഠിയൂർ രാജരാജവലനാ ട്ടിലെ കേരളസിംഹവലനാട്ടിലെ ഒരു ദാനമുണ്ട്. ....വത്താണ്ഡത്തെരിഞ്ച വലങ്കൈ വേലക്കാരനായ ഒരു സൈനികനാണ് വിളക്കിന് ആടിനെ കൊടുത്തി രിക്കുന്നത്. തിരുവല്ലം മഹാരാജപ്പാടിയിലെ ഇങ്ക ല്ലൂർനാട്ടിൽ ഭരിക്കുന്ന വൈഡുംബകുടുംബത്തിലെ തുക്കാരയുടെ പുത്രൻ നന്നമാരായൻ (നന്നാമൻ) വിളക്ക് വെച്ചു. വല്ലൂരയാണ് മഹാരാജപ്പാടിയുടെ തലസ്ഥാനമെന്ന് പറയുന്നു. 20ആം ഭരണവർഷം നമ്പിരാട്ടിയാർ തിത്തെപിരാൻ തേരുമാനാർ ചോള മഹാറാണിയാർ തിരുവെങ്ങാട്ട് ഒരു പൊന്നിൻക പാലം സമർപ്പിച്ചു. 21ആം ഭരണവർഷം തെക്കേ ആർക്കോട്ടിലെ അഗരത്ത് പരാന്തകചോളമൂവേന്ത ചോളന്റെ ശാസനം. നൃപതുംഗിശയൻതാംഗി ചതുർവേദിമംഗലത്തേക്ക് അയച്ചു. പിഴ ടുക്കാതെ നാടുവിട്ട് ഓടിപ്പോയവരുടെ സ്വത്ത് കിട്ടിയ വില യ്ക്ക് വിറ്റ് കച്ചിപ്പേട് താലത്തേക്ക് (ട്രഷറി)കൊടു ത്ത് രസീതി വാങ്ങണമെന്നാണ് ശാസനം. അത് തിരുനാരായണച്ചേരിക്ക് അറിയിച്ചു. അപ്രകാരം

അവനിഭട്ടന്റെ ഭട്ടസ്വംസ്ഥലം മഹാശാസ്താ കയിരൂർ അയ്യന് ആജ്ഞാക്രയത്തിൽ സഭ വിറ്റു.

തെക്കേ ആർക്കോട്ടിലെ ദാദാപുരത്ത് ലിഖിതം- സ്വര്ണ്ണാഭരണങ്ങളും വെള്ളിപ്പാത്രങ്ങളും മുത്തുകളും കുന്തവൈ വിണ്ണഗരം, ഇരവികുലമാണിക്യേശ്വരം, കുന്തവൈജിനാലയം എന്നിവക്ക് (ഇവ പൊന്1മാളിഗൈ തുഞ്ചിയ തേവരായ സുന്ദരചോളന്റെ മകള് പരാന്തകന് കുന്തവൈ പിരാട്ടിയാരാണ് നല്ലൂർനാട്ടിലെ രാജരാജപുരത്ത് പണിയിച്ചത്) ഉദ്യോഗസ്ഥനായ പണയൂരിലെ പരാക്രമചോളമൂവേന്തവേളാൻ എന്ന ആരൂരാൻ അറവൻ അയ്യൻ സമർപ്പിച്ചു.

21ആം ഭരണവർഷം വടക്കേ ആർക്കോട്ടിലെ പോലൂരിനടുത്ത തിരുമലയിലെ ലിഖിതം. കുളിർത്ത വൈഗൈമലയുടെ രാജാക്കന്മാരാൽ ബഹുമാനിതനായ ഗുണവീരമാമുനി ഒരു തോട് (കനാൽ) കെട്ടി. മലയുടെ ഇരുവശവും സമൃദ്ധമായി. വെങ്കിളാർ കണിച്ചേഖരമരു പൊർച്ചൂരിയന്റെ പേരിലാണ് നിർമ്മിതി. തഞ്ചാവൂരിലെ തിരുവാലഞ്ചുഴിലിഖിതം - തിരുവല്ലത്ത് താമസിക്കുമ്പോൾ രാജാവിന് ശിവപാദശേഖരനെന്ന നാമം ഉണ്ടായിരുന്നു. അദ്ദേഹം പരകേസരിയുടെ 12ആം വർഷത്തെ ദാനം പുതുക്കി, പുതിയതാക്കി അനുവദിച്ചു. 21ആം വർഷം തിരുവല്ലം തിക്കാലിമഹാദേവക്ഷേത്രം (രാജരാജേശ്വരത്തെ) ബ്രാഹ്മണഭോജനത്തിന് ഭൂമി വിറ്റു. ഉദ്യോഗസ്ഥൻ അരശുടൈയാൻ ഇരായിരവൻ പല്ലവനാണ്. 22ആം വർഷം തെക്കേ ആർക്കോട്ട് അഗരം ലിഖിതം- നൃപതുംഗചേന്ദാംഗി ചതുർവ്വേദിമംഗലം വലിയ സഭ അച്യുതപ്രിയതേ

വർമുറ്റത്ത് സമ്മേളിച്ചു. മഹാശാസ്താവിന്റെ ഭൂമിയിൽ ഒരുഭാഗം നിത്യനന്ദാവിളക്കിന് നീക്കി വെച്ചു. ധനുമാസത്തിലെ ഉത്സവത്തിന് ചുവന്ന താമര വളർത്തുവാനായി, തൃശ്ശിനാപ്പള്ളി കാമര സവല്ലിയിൽ കുളങ്ങളും തടാകങ്ങളും നിർമ്മിക്കാൻ അവിടത്തെ സഭ ഉത്തരവിട്ടു. മൈസൂരിലെ കോലാറിൽ കോലാരമ്മപിടാരിയാർക്ക് ദേവദാനം പട്ടൻ താനൈ ക്കയ്യിൽ അട്ടിക്കുടുത്തരുളിന ദേവ ദാനം. കുവലാത്തനാട് അറൈയുറൈ സർവ്വബാധാ പരിഹാരമാഗ കുടുത്തരുളിനാർ.

വഞ്ചയൻപെറ്റപ്പൈ(പെരുപ്പൈ) എന്ന വഞ്ചിരാജപുത്രിയും വീമയൻ വമ്പാലാവിയുമായ (ശാലൂക്യഭീമന്റെ രാജ്ഞി) ദേവി തിരുവയ്യാറിൽ വിളക്കിന് 96 ആടിനെ കൊടുത്തു. വടക്കേ ആർക്കോട്ടിലെ മന്ദാരം അഥവാ ജയമേരുശ്രീകരണമംഗലം , ദേവകർമ്മികൾക്ക് പഞ്ചാരനെല്ല് കൂട്ടിത്തരാൻ സമ്മതിച്ചു .ഇരായി രൻ പല്ലവൻ അഥവാ മുമ്മുടിച്ചോളനെന്ന അരശൂർപ്രഭു(രാജരാജന്റെ പെരുന്തരം) ഗ്രാമത്തി ൽനിന്നുള്ള ഈ ദാനം ചെയ്യിപ്പിച്ചതിനാലാണ്. തഞ്ചാവൂരിലെ തിരുവിളുമിമലൈയിൽ ലിഖിതം- വെൺനാടിലെ (വേണാട്) ദേവദാനഗ്രാമത്തിലെ നമ്മാൾവാർ കോവിൽ തിരുമുറ്റത്ത് മഹാസഭ കൂടി രണ്ട് നേരം തിരുപ്പതികം പാടാനുള്ള വക നീക്കിവെച്ചു. കവിനീയൻ ഏരൻ ചേന്ദൻ വിള ക്കിന് 26 കാശ് കൊടുത്തു.

ഉത്തരമേരൂരിലെ ലിഖിതം കേരളത്തിലെ വെള്ളാമശ്ശേരി കൂർമ്മക്ഷേത്രത്തിലേക്കാണ്. വാമനച്ചേരിയിലെ ഒരു സ്ത്രീ വെള്ളമൂർത്തി ആൾവാർക്ക് വിള

ക്കിന് 96 ആടിനെ കൊടുത്തു. പേരിലാമൈയാർ സഭയോട് ഈ വിവരം അറിയിച്ചുസംവത്സരവാരിയത്തിനും വൈഷ്ണവർക്കുമാണ് ഉത്തരവാദിത്തം. പിഴ വരുത്തിയാൽ ശിക്ഷിക്കാനുള്ള അധികാരം ചേന്ദനാണ്. ചേന്ദൻ തിരുവിശൈപ്പാവിലെ തിരുമാളികൈത്തേവനാണെന്ന് ഗോപിനാഥറാവു പറയുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് അറിയില്ല. എന്റെ അഭിപ്രായം ജയന്തമംഗലം (ചേന്ദ മംഗലം) ചേന്ദനാണെന്നാണ്. വെള്ളാമച്ചേരി ഗരുഡൻകോവിലിന്റെ സ്ഥാനം ഈ ചേന്ദന്റെ തട്ടകത്തിലാണ്. 23ആം ഭരണവർഷം ആറ്റൂരിലെ ലിഖിതം-കീരനൂർസഭ ഭൂമി ചില ദേവന്മാർക്ക് കരമൊഴിവായി കൊടുക്കുന്നു. രാജരാജവിന്നഗരപ്പള്ളി കൊണ്ടരുളിയ തേവൻ,ദുർഗ്ഗാദേവി, സപ്തമാതൃക,ക്ഷേത്രപാലൻ, ഗണപതി. ഒരു ക്ഷേത്രം ആറ്റൂർ ചേന്ദമംഗലത്ത് സോമനാഥതേവർക്ക് (തെൻതിരുപ്പുവനമുടൈയാർക്ക്) പണിതു.

23ആം വർഷം തെക്കേ ആർക്കോട്ടിലെ ദാദാപുരത്ത് ലിഖിതം- ഇരവികുലമാണിക്യേശ്വരം ,കുന്തവൈവിണ്ണഗരം എന്നീ ക്ഷേത്രങ്ങളിലെ നൃത്തക്കാരികൾ ദേവന്റെ നഗരപ്രദക്ഷിണത്തിന് അകമ്പടി സേവിക്കയും പള്ളിവേട്ടക്ക് നൃത്തവും ഗീതവും സമർപ്പിക്കയും ചെയ്യണം.തെക്കേ ആർക്കോട്ടിലെ എരുമൂരിൽ, ഉറുമൂരിലെ അരയൻ വിച്ചാദിരന്റെ ദേവദാനവും ബ്രഹ്മദേയവും 5 കഴഞ്ച് സ്വർണ്ണവും ദാനം. ഇതിന് പകരമായി സഭ ,ഉവച്ചരിൽനിന്ന് കിട്ടുന്ന വാർഷികനികുതി കൊണ്ട് ശ്രീബലി നടത്തികൊള്ളാമെന്ന് സമ്മതിച്ചു. രാജരാജവലനാട്ടിലെ മുല്ലിനാട്ടിൽ ചേരമാൻമഹാദേവി ചതുർവ്വേദിമംഗലത്തെ ചേർമാദേവിക്ഷേത്രത്തിലേക്ക് വിളക്കിന് 25

പശു. ഉത്തരമേരൂരിൽ വിളക്കിന് 96 ആട് മലനാട്ടിലെ തണ്ണീർമുട്ടത്തെ ഉടയൻ ആദിത്യൻ ക1ടുത്തു. ഇത് ശ്രീവേലി വിഷ്ണുഗൃഹത്തിലെ വെള്ളെമൂർത്തി ആൾവാർക്ക് ഉള്ളതാണ്. ഇവ്വൂ രിലെ പേരിൽ ആമയാർ ഇത് നടത്തണം. ശ്രദ്ധാമ ന്തർക്കും ബ്രാഹ്മണർക്കും പിഴവു വന്നാൽ ശിക്ഷാ ധികാരം ഉത്തരമേരൂരിനാണ്. തിരുവായ്ക്കുളം ഉടയാർക്ക് നടുവിലങ്ങാടിയിലെ ഒരു വ്യാപാരി (ഗോവിന്ദച്ചേരിയിലെ താമസക്കാരന്) 96 ആടും 15 കഴഞ്ച് സ്വർണ്ണവും കൊടുത്തു. വീരഗണത്താരാണ് ആടിനെ നോക്കിനടത്തുന്ന ട്രസ്റ്റി. സ്വർണ്ണം ക്ഷേത്ര ത്തിലെ വൈഖാനസരാമ് സംരക്ഷിക്കേണ്ടത്. തെക്കി ലങ്ങാടിക്കാരനായ വ്യാപാരി വെള്ളെമൂർത്തിആ ൾവാർക്ക് വിളക്കിന് 48 ആടിനെ കൊടുത്തു. കാളിഗണത്താരാണ് ഇതിന്റെ പുനൈ(സംരക്ഷക രായ ട്രസ്റ്റി). 23ആം ഭരണവർഷം തെക്കേ ആർക്കോട്ടിലെ തിരുവാമത്തൂരിലെ ലിഖിതം- ശിരുത്താമനല്ലൂരിലെ താമുലാൻ കൊറ്റിനങ്കി ക്ഷേത്രകാര്യങ്ങളെല്ലാം അന്വേഷിച്ച് 21 ക്ഷേത്രജീ വനക്കാർക്ക് ചില പ്രത്യേകവഴിപാടുകൾ ഏർപ്പാ ടാക്കി വിതരണം ചെയ്തു. 27ആം ഭരണവർഷം പുതുക്കുടിയിലെ വേളാൻ ആരൂരാൻ എന്ന പെരു ന്തരം ഇതിനെ ശാസ്ത്രവിരുദ്ധമെന്ന് വിലക്കി. 20ആം ഭരണവർഷം തെക്കേ ആർക്കോട്ടിലെ ചെമ്പൈലിഖിതം. നേർക്കുന്റം(വൈരമേഘചതുർവ്വേ ദിമംഗലം)സഭ കുളക്കരക്കായി എടുത്ത വയലിനു പകരം ഭൂമി കൊടുത്തു. കുളം നിർമ്മിച്ചത് ബാണ മറവൻ നരസിംഹവർമ്മനാണ്. തഞ്ചാവൂർ കരു ത്തത്തങ്കുടിലിഖിതം- രങ്കൻ കാരി എന്ന ചോള വിച്ചാദിത്തമുത്തരയൻ(രാജരാജന്റെ ശിരുതനം),ശിങ്ക

ളാന്തകത്തെരിഞ്ച കുതിരൈച്ചേവകർ എന്നിവർ യുദ്ധത്തിൽ കാരി കുളിർവകൈയെ (ഇളയപടൈ ഇരുമുടിച്ചോളവനാർ)വധിച്ചു. അവന്റെ തന്നെ ഉറവുമുറൈയായ കാടവനെ വധിച്ചതിൽ തിരുന്തി(മനസ്സ് മാറി) മഹാദേവന് നിത്യനന്ദാവിളക്ക് വെച്ചു.

മേൽപ്പാടിലിഖിതം-ചന്ദ്രമൌലീശ്വരക്ഷേത്രത്തിലെ പവിത്രാരോഹണോത്സവത്തിന് , പെരുമ്പനപ്പടിയിലെ തൂയനാട്ടിലെ രാജാശ്രയപുരം അഥവാ മേൽപ്പാടിജനം 30 കഴഞ്ച് സ്വർണ്ണത്തിന് ഭൂമി വിറ്റു. ചോളനാട്ടിലെ അരശുടൈയാർ ഇരായിരവൻ പല്ലവരായൻ അഥവാ മുമ്മുടിച്ചോളപോശനാണ് വിറ്റത്. (അവിടത്തെ മണികണ്ഠേശ്വരം ക്ഷേത്രം ഇപ്പോഴത്തെ നിർമ്മിതിക്ക് വളരെ മുമ്പുള്ളതാണ്.)ചേരമാതേവിചതുർവ്വേദിമംഗലത്തെ നിഗരിലിചോളവിന്നഗരആൾവാർക്ക് ദിവാകരൻ വാസുദേവൻ മൂന്നുവിളക്കിന് 75 പശുക്കളെ ദാനം ചെയ്തു. തിരുമെയ്ജ്ഞാനം (തഞ്ചാവൂരിലെ)ലിഖിതം വ്യാപാരിയുടെ ഭൂദാനമാണ്. ബ്രഹ്മദേയൻ നാലൂർനമ്പിമാരുള്ളിട്ട മഹാസഭൈപ്പെരുംകുറിപ്പെടുമക്കൾ , ശ്രീരാജരാജനാന പെരിയമ്പലത്ത് ശമപരേശ്വരമുറ്റത്ത് കൂടിയാണ് ഈ ദാനം.

തെക്കേ ആർക്കോട്ട് വൃദ്ധാചലം ലിഖിതം- മണലൂർ നിവാസികൾ അമുത് പടൈപ്പോർക്ക് (നിവേദ്യം ഉണ്ടാക്കുന്നവർക്ക്) വായ് കട്ടുർക്ക് നാലു പുടവൈ വർഷം തോറും കൊടുക്കണം. അവരിൽനിന്നു ലഭിക്കുന്ന പലിശ ക്ഷേത്രത്തിനുള്ളതാണ്. 24ആം ഭരണവർഷം പരന്തൂർലിഖിതം. തഞ്ചാവൂരിലെ രാജകൊട്ടാരത്തെ ചിത്രകൂടം എന്ന് പറഞ്ഞി

രിക്കുന്നു. വടക്കേ ആർക്കോട്ടിലെ ഉക്കലിലും ഇത് കാണുന്നു. തഞ്ചാവൂരിലെ പെരിയ ചേന്ദുവായിൽ (ചിത്രകൂടത്തിനു തെക്കുള്ള കല്ലൂരിയിൽ) ഇരിക്കു മ്പോളാണ് രാജാവ് ഈ ഉത്തരവ് കൊടുക്കുന്ന തെന്നും പറയുന്നുണ്ട്. വന്ദേരിയിലെന്ന പോലെ തഞ്ചാവൂരും രാജകൊട്ടാരം ചിത്രകൂടമാണെന്നത് ശ്രദ്ധിക്കുക. ചേരചോളബന്ധം ഇതിൽനിന്ന് വ്യക്ത മാണ്. ചേന്ദന്റെ തുറമുഖം ചേന്ദുവായ്. ഇതും കേരളത്തിലെ ചേറ്റുവായും ഉച്ചാരണസാമ്യമുണ്ട്. കേരളത്തിലും ചിത്രകൂടത്തിനു തെക്കാണ് കൊടും കല്ലൂരി എന്ന വിദ്യാപീഠം. തഞ്ചാവൂരിലെ പട്ടു ക്കനാംപട്ടിലിഖിതം-നെൽവായ് മഹാദേവക്ഷേത്രത്തി ന് ഭൂമിദാനമാണ്. പഞ്ചവൻ ബ്രഹ്മാദിരായർ തക ടൂർ (സേലം)ഭരിക്കുന്ന കാലത്ത് രാജാവ് അദ്ദേഹ ത്തിനു ദാനം ചെയ്ത ഭൂമി, ദാനം ചെയ്തു. ഇദ്ദേ ഹം രാജാവിന്റെ പെരുംതരമാണ്. അദ്ദേഹത്തിന്റെ പിതാവ് അരിയൂർനാട്ടിലെ എരുമൈയനാർ ഗാമു ണ്ടനാണ്. തഞ്ചാവൂരിലെ തിരുവാലഞ്ചുളി ക്ഷേത്ര പാലനും ഗണപതിക്കും ക്ഷേത്രമുണ്ടാക്കാനുള്ള നിലം തമ്പിരാട്ടിയാർ ഉലോകമഹാദേവിയാർ ദാനം ചെയ്തു. ക്ഷേത്രപാലനുള്ള ആഭരണങ്ങൾ രാജരാ ജന്റെ പത്നി ദന്തിശക്തിവിടങ്കി ലോകമഹാദേവി യും , മകൾ വിമലാദിത്യപത്നി കുന്തവൈയും , മദ്ധ്യമപുത്രി മാതേവടികളും കൊടുത്തു. 25ആം ഭരണവർഷം തഞ്ചാവൂരിലെ ഉമാമഹേശ്വരന് രാജരാജദേവന്റെ ജ്യേഷ്ഠത്തിയും വല്ലഭരായർ വന്ദ്യദേവന്റെ മഹാദേവിയുമായ കുന്തവൈ രാജ്ഞി കൊടുത്തു. (വല്ലഭരായവന്ദിയത്തേവൻ വന്ദേരിപെരുമ്പടപ്പിലെ രാജാവാണ്. വിമലാദിത്യൻ ചാലൂക്യരാജാവുമാണ്)26ആം ഭരണവർഷം തിരു

നെൽവേലി ഗംഗൈകൊണ്ടാൻ ലിഖിതം. - താമ്രപർണ്ണിയുടെ തെക്കേക്കരയിൽ ശ്രീവല്ലഭമംഗലം ബ്രഹ്മദേയത്തിൽ ശ്രീകൈലായത്ത് മഹാദേവന് സഭയിൽനിന്ന് നിലം വാങ്ങി ബ്രഹ്മദേയം കൊടുത്തു. തെക്കേ ആർക്കോട്ടിലെ ചെംബയിൽ മറവൻ നരസിംഹവർമ്മനെന്ന രാജരാജവാനകോൻ അരയർ വൃഷഭലാഞ്ഛന കൊടുത്തു. ഇതിനെ ലിഖിതം ഇങ്ങനെ പറയുന്നു.
സകലസുരാസുരസമാധിഗത വിജയശ്രീമനോഹാരി വല്ലഭമഹാരാജമഹാബലികുലതിലകായമാന പണ്ണെശരിരുടൈയ നന്ദനനന്ദഗിരിനാഥപരവൈപുര പരമേശ്വരി വെട്ടിചിഹ്നാലംകൃത വൃഷഭലാഞ്ഛന. വല്ലഭവംശം മഹാബലിവംശമാണ്. ശെവിലിപ്പേരി (ശ്രീവല്ലഭച്ചേരി) ശ്രീവല്ലഭമംഗലത്ത് മഹാസഭ രാജരാജമണ്ഡലത്തിലെ കീഴ്ക്കലർകുറ്റത്ത് കൂടി ബ്രഹ്മദേയമായി നിലം നൽകി. ഉത്തരമേരൂരിൽ പന്മച്ചേരിയിലെ വെള്ളൈമൂർത്തി ആഴ്വാർക്ക് 96 ആട് , ഇവ്വൂർ വാഴും ഗണത്താർ ശ്രീഗോവിന്ദച്ചേ രി കൊട്ടിച്ചന്തകുമാരക്രമവിത്തന്റെ ബ്രാഹ്മണി നങ്കൈ മാടിച്ചാനി ദാനം ചെയ്തു.തഞ്ചാവൂരിലെ 26ആം വർഷലിഖിതം സംസ്കൃതത്തിലാണ് ആരംഭിക്കുന്നത്. ഏതത് വിശ്വനൃപശ്രേണിമൌലിമാലോപലാളിതം ശാസനം രാജരാജസ്യ രാജകേസരിവ ർമ്മനഃ തഞ്ചാവൂർകോവിലിലെ ഇരുമടിശോലയിൽ കിളൈത്തിരുമഞ്ചനശാലയിൽ ്നാനത്തിനായി ഇരുന്ന രാജാവ് താനും മൂത്ത സഹോദരിയും രാജ്ഞിമാരും ശ്രീരാജരാജേശ്വരതേവർക്ക് ചെയ്യുന്ന ദാനങ്ങൾ കല്ലിൽ കൊത്തിവെക്കണമെന്ന് ഉത്തരവിട്ടു. (നാം എടുപ്പിച്ച കറ്റളിയിലേക്ക്) പാണ്ഡ്യവലനാട്ടിലെ

തഞ്ചാവൂർകൂറ്റത്തിൽ 105 വരെ നമ്പറിട്ട ഖണ്ഡി കകളുണ്ട്.

27ആം ഭരണവർഷത്തിലെ മൈസൂരിലെ ഒരു സാധാരണ കല്ലഹല്ലിയിൽ - നന്നയ്യഭൂനിൽനിന്ന് കൊളത്തൂർ കൽനാട് കിട്ടിയ ബലചോരനോലംബസെട്ടിയുടെ മകൻ ജെബ്ബെയ്യൻ യുദ്ധത്തിൽ മരിച്ചു. സമാധിഗതപഞ്ചമഹാശബ്ദ പല്ലവാന്വയശ്രീ പൃഥ്വീവല്ലഭപല്ലവകുലതിലകൈ കവാക്യം കാഞ്ചീപുരേശ്വരവരശ്രീമാൻ നോലംബാ ധിരാജാ ചോരയ്യനെന്ന രാജാവിനാണ് കല്ല് കൊ ത്തിക്കുന്നത്. തെക്കേ ആർക്കോട്ടിലെ കീഴൂർലിഖിത ത്തിൽ മലനാട്ടിലേക്കുള്ള യുദ്ധയാത്രയിലാണ് ഉദ കൈ പിടിച്ചതെന്ന് പറയുന്നുണ്ട്.മേലേപ്പഴുവൂരിലെ അവനികന്തർപ്പപുരത്ത് തേവനാർ മകൾ നക്കൻ പഞ്ചവൻ മാതേവി എന്ന തന്റെ രാജ്ഞി അഭ്യ ർത്ഥിക്കയാൽ ഉരങ്ങുടിദേവന് 900 കലം നെല്ലുകൂ ടി രാജാവ് ദാനം ചെയ്തു.

ചേരമാതേവിയിൽ, ചോളേന്ദ്രസിംഹേശ്വരർക്ക് നിത്യവിളക്കിന് 20 പഴംകാശ് അകനാളികൈ ശിവവൈഷ്ണവസഭ സ്വീകരിച്ചു. തിരുമലൈവാ ടിയിൽ ഇളംകോൽ പിച്ചി, ചോളപ്പെരുമാന്റെ മൂത്ത ദേവി, വല്ലഭരായരുടെ പുത്രി വിളക്കിന് കാശു കൊടുത്തു. തിരുവെങ്കാടിൽ ഐപ്പിശിയിലെ ചതയത്തിരുനാൾ മുതൽ 7 ദിവസം ഉത്സവത്തിന് അനുമതി കിട്ടി. (രാജരാജന്റെ ജന്മദിനം) കൊടുമ്പാളൂർ വേളാൻ ചിറിയ വേളാന്റെ മകൻ വേളാൻ സുന്ദരചോളൻ ഈഴത്ത് വെച്ച് ഉടൈയാർ പൊൻമാളികൈ തുഞ്ചിയ ദേവന്റെ 3ആം ഭരണവ ർഷം സുഖക്കേടുവന്നു. നാങ്കൂരിലെ തിരുവെങ്കട

തേവർക്ക് 22 പൊന്ന് സമർപ്പിച്ചു.
തിരുവെങ്കടത്തെ ഋഷഭവാഹനദേവന്ന് ദേവിയുടെ ചെമ്പുപ്രതിമ രാജരാജജനനാഥൻ തെരിഞ്ച പരിവാരം സമർപ്പിച്ചു. ഉടയാർകുടി വീരനാരായണചതുർവ്വേദിമംഗലം സഭ രാജരാജമണ്ഡപത്തിൽ കൂടി. അവിടത്തെ നിലം, കുളം ഇവയുടെ കാൽഭാഗം ഓഹരി തിരുവനന്തീശ്വരക്ഷേത്രത്തേക്ക് ചേരണമെന്ന് നിശ്ചയിച്ചു. 28ആം ഭരണവർഷം മൈസൂരുവിലെ മേൽമുറിലിഖിതം രാജാവിനെ കലിരാജരാജനെന്ന് വിളിക്കുന്നു. കീഴടക്കിയ സ്ഥലങ്ങൾ ഗംഗാവാടി, മലനാട്, നോലംബവാടി,ആന്ധ്ര,കൊങ്ങ്, കലിംഗം, പാണ്ഡ്യനാട് ഇവയാണ്. ഇവയെല്ലാം ചോളനാട് ആയി. ചേര,തെലുഗു,രത്തിഗരെ ഓടിച്ച് തുളുവം, കൊങ്കണം , മാലേയം കയ്യടക്കിയ നായകൻ പഞ്ചവൻ മാരായനെന്ന മുമ്മുടിച്ചോളനഗന്ധവാരണം വെങ്കിഗംഗാമണ്ഡലങ്ങളുടെ ഭരണാധിപനായി. അദ്ദേഹം ഒരു വിളക്ക് വെച്ചു. 28ആം ഭരണവർഷം ജംബലിഖിതം-
ജംബയിലെവ്യാപാരിയുടെ ഭാര്യയെ നാവലൂരിലെ ഒരാൾ എടുക്കാൻ ശ്രമിച്ചു. വ്യാപാരി അയാളെ കുത്തി. വ്യാപാരിയും മരിച്ചയാലുടെ ബന്ധുവും തഞ്ചോരി ആൾവാർക്ഷേത്രത്തിൽ വഴിപാടായി സ്വർണ്ണം ദാനം ചെയ്തു. ചേർമാതേവിയിലെ നിഗരിലിചോളവിണ്ണഗരആൾവാർ ക്ഷേത്രത്തിൽ 2 വിളക്കിനുള്ള ഭൂമി , വെള്ളെ വടുകപ്പുളിസിദ്ധർ ദാനം ചെയ്തു. തിരുമലവാടി ക്ഷേത്രം പുനർനിർമ്മിക്കുമ്പോൾ അവിടത്തെ ലിഖിതങ്ങൾ നശിപ്പി

ക്കാതെ സംരക്ഷിക്കാനും പകർത്തി എഴുതാനും ഉത്തരവുണ്ടായി.

28ആം ഭരണവർഷം തിരുവെങ്കാടിൽ, വില്ലവൻ മഹാദേവിയുടെ അമ്മയായ നക്കൻ ഉലകചിന്താ മണിയാരെന്ന അമ്മറാണി വിളക്ക് വെച്ചു.തിരുവെങ്കാട്ട് ഉടൈയാർ ആടവല്ലാർക്ക് കൂത്തൻ വീരാണിയാരെന്ന രാജപത്നി സ്വർണ്ണം സമർപ്പിച്ചു.
29ആം ഭരണവർഷം മൈസൂരിലെ മല്ലൂർപട്ടണം ജയംകൊണ്ട് ചോളവിണ്ണാർ ആൾവാരുടെ ഓർമ്മക്ക് ദേവദാനം. അവിടെത്തന്നെ വ്യാപാരിസംഘത്തിന്റെ സംഭാവനകളുമുണ്ട്. തഞ്ചാവൂരിൽ രാജാവിന്റെ നിധിയിലെ വെള്ളിപ്പാത്രങ്ങളും ചേരപാണ്ഡ്യരോട് യുദ്ധത്തിൽ കൊള്ളയടിച്ച നിരവധി ധനവും ഭൂമിയും, ലങ്കയിൽനിന്ന് കൈക്കലാക്കിയ 5 ഗ്രാമവും ചേരപാണ്ഡ്യരാജ്യത്തെ വിലപിടിച്ച ആഭരണങ്ങളും ദാനം ചെയ്തു.
തിരുവദന്തുരൈയിൽ മലനാട്ടിലെ കൊടുങ്ങല്ലൂരിലെ വ്യാപാരി 15 കഴഞ്ച് സ്വർണ്ണം 30 ബ്രാഹ്മണരുടെ ഭോജനത്തിന് കൊടുത്തു. തിരുവടന്തൈ ആൾവാർക്ഷേത്രത്തിൽ പലിശക്ക് നെല്ല്, ആമൂർകോട്ടത്തിലെ കുമിളിനാട്ടിൽ തൈയൂർ നിവാസികൾ കൊടുക്കണം. തിരുവടന്തൈസഭ ഇത് വീടാത്ത കടമായി പിരിച്ചെടുക്കണം. 29ആം ഭരണവർഷം ലോകമഹാദേവീശ്വരം ഉടയ മഹാദേവന് വിഷ്ണുവർദ്ധന മഹാരാജാവും വിമലാദിത്യനെന്ന പുത്രീഭർത്താവും വെള്ളിപ്പാത്രം കൊടുത്തു.
തിരുവിശലൂർലിഖിതം മന്നിനാട്ടിലെ വെമ്പാറ്റൂർ അഥവാ ചോളമാർത്താണ്ഡചതുർവേദിമംഗലം

രാജേന്ദ്രസിംഹവലനാട്. രാജാവ് തുലാഭാരവും രാജപത്നി ദന്തിശക്തി വിത്തങ്കിയാർ അഥവാ ലോകമഹാദേവിയാർ ഹിരണ്യഗർഭവും തിരുവിശലൂർ ക്ഷേത്രത്തിൽ നടത്തി. രാജദമ്പതിമാരുടെ പ്രതിമ കൊത്തിവെച്ചു. കാഞ്ചീപുരത്ത് കിഴക്കൻ ചാലൂക്യവംശവൃക്ഷം ദാനാർണ്ണവൻ വരെ കൊത്തിവെച്ചിരിക്കുന്നു, രാജരാജൻ തോൽപ്പിച്ച ചോളഭീമന്റെ നിരവധി ബിരുദങ്ങളും കൊത്തിവെച്ചിരിക്കുന്നു.മൈസൂരിലെ കലയൂരിലെ ലിഖിതം- തേയകുലതിലക മലേപകുലകാല കൊത്തമണ്ഡലതിമ്മ അപ്രമേയ കലയൂർ യുദ്ധത്തിൽ ഹോയ്സല മന്ത്രി നാഗണ്ണനെ തോൽപ്പിക്കയും ഹോയ്സലമുഖ്യന്മാരായ മഞ്ചഗൻ,കാലിഗൻ(കാലിഗംഗൻ)നാഗവർമ്മനെന്നിവരെ വധിക്കയും ചെയ്തു. കലവൂരിൽ അദ്ദേഹം ഒരു ജയസ്തംഭം നാട്ടി. മൈസൂരിലെ ബണ്ണൂരിൽ മുട്ടട്ടിക്ഷേത്രഗ്രാന്റ്. കൊടമല(കുടമല)നാടിന് കൊടഗമലൈനാട് (കുടക്)ദാനം ചെയ്തു. തഞ്ചാവൂരിലെ കുരൂരിലെ മുഖ്യൻ വയിരിക്കുട്ടേരൻ ചോളവിച്ചാദിത്തപല്ലവരായൻ താൻ നിർമ്മിച്ച ക്ഷേത്രത്തിന് ഭൂമിയും വഴിപാടും കൊടുത്തു. നാരായണപുരം ലിഖിതം- ചാലൂക്യകുലത്തിലെ രാജരാജകേസരിവർമ്മൻ വിക്കിയണ്ണൻ പുഗൾവിപ്പവർ കന്തനും വട്ടിയനാടിലെ രണ്ട് മുഖ്യരും, ആ ജില്ലയിലെ വള്ളാളർക്ക് കുന്റവട്ടനക്കോട്ടത്തെ പ്രിവിലേജുകൾ അനുവദിച്ചു. തിരുച്ചതുറൈ പ്രശസ്തി-പുനനാട്,മലനാട്,ഇവ കീഴടക്കലും വഴുതിയെ തോൽപ്പിക്കലും വിഴിഞ്ഞം നശിപ്പിക്കലും കർക്കടൈമാനഗരം നശിപ്പിക്കലും ,തെലു

ഗുഭീമനെ തോൽപ്പിക്കലുംകഴിഞ്ഞെത്തിയ ചോളസാ മന്തന്റെ പ്രശസ്തി. തിരുക്കളിത്തത്തൈ ലിഖിതം- വേമ്പാറ്റൂരിലെ ശ്രീകുടിത്തിട്ട മഹാദേവന് സെംബി യൻ മാതേവി പിരാട്ടിയാർ വെള്ളിപ്പാത്രം ദാനം ചെയ്തത് ഉത്തമചോളദേവനെ പ്രസവിച്ചപ്പോളാ ണ്. പുതുക്കോട്ട തിരുമൈയം ലിഖിതം- വിടേൽവി ഡുഗു വിഴുപ്പോടി അരശൻ അഥവാ ചാത്തൻ മാരന്റെ അമ്മ പെരുംപിടകുപെരുംദേവി ചോളമാ തേവിയാർ (തിട്ടൈപിരാൻ മകള്,രാജരാജദേവന്റെ രാജ്ഞി)തിരുവല്ലത്ത് 96 ആട് വിളക്കിനും, തിരു ത്തീക്കാളിആൾവാരുടെ ക്ഷേത്രത്തിലെ ബ്രഹ്മീശ്വര ക്ഷേത്രത്തിൽ വിളക്കിനും ചാമരത്തിനും വഴിപാടു കൾക്കുമായി സ്വർണ്ണം ദാനം. തെക്കേ ആർക്കോട്ടി ലെ തിരുവാമാറ്റൂരിൽ വേശാലിപ്പടിയിലെ ഗുണ ശേഖരൻ ദേവന്റെ നീരാട്ടിന് രത്നം പതിച്ച സ്വർണ്ണപ്പാത്രവും രു ജോടി രത്നവളയും കൊടു ത്തു.

പരകേസരി രാജേന്ദ്ര 1 ന്റെ കാലം

മൈസൂരിലെ കുറുമ്പഹല്ലിലിഖിതം- ബണിഗി ബുംഗാര ഗവുഡന്റെ മകൻ ഗംഗാൾവ ബീഞ്ചവു നീരദേവൻ, ഗംഗാൾവനായകനുമായുള്ള യുദ്ധത്തി ൽ മരിച്ചു. അവന്റെ ഭാര്യ കൌഡികകുലത്തിലെ പാടികബ്ബെ. തെക്കേ ആർക്കോട്ടിലെ കീളൂരില് ലിഖിതം- മുനൈമുടിയരയന്റെ മകളും പട്ടാളകൻ രാമനെന്ന അരുമൊഴിദേവമിലാടുടൈയാന്റെ പത്നി യും തന്റെ അമ്മയുമായ രാജശേഖരൻ ഉമൈനങ്ക യാരുടെ നന്മക്ക് മാടൻ മുമ്മുടിച്ചോളൻ 100 ആടി നെ ക്ഷേത്രവിളക്കിന് കൊടുത്തു. തഞ്ചാവൂരിലെ

പണ്ടാരവാടൈ തഞ്ചാവൂരിൽ 9 മാ നിലം കരമൊ ഴിവായി ലഭിച്ചത് രാജശേഖരമംഗലം ചതുർവേദി സഭ 70 കാശിന് വിറ്റു. സവർണ്ണൻ അരൈയർ മധുരാന്തകനെന്ന വൈദ്യനുവേണ്ട് താൻ നിർമ്മിച്ച ആശുപത്രിക്ക് വേണ്ടി ആൾവാർ ശ്രീപിരാന്തകൻ ശ്രീകുന്തവൈ പിരാട്ടിയാർ അത് വാങ്ങി.

ചേർനാതേവി തിരുനെൽവേലിയിൽ, നിഗരിലിചോ ളചതുർവേദിമംഗലത്തെ നിഗരിലിചോളവിന്നഗരം അരവിളക്ക് തെളിയിക്കാൻ കാശുകൊടുത്തു. അവി ടെ തന്നെ നിഗരിലിചോളചതുർവ്വേദിമംഗലം മഹാ സഭ തിഗൈയായിരത്തഞ്ഞൂറ്റുവർക്ക് വീടുകളോടു കൂടിയ തെരുവ് താമസിക്കാനായി കൊടുത്തു തിരുവൈയ്യാറിൽ ഉത്തരകൈലാസക്ഷേത്രത്തിന് 164 സ്വർണ്ണപുഷ്പം രാജരാജപത്നി ദന്തിശക്തിമ ഹാദേവി കൊടുത്തു. അവർ വിളക്കുകാലോടു കൂടിയ 7 ഓട്ടുവിളക്ക് ലോകമഹാദേവി ഈശ്വര മുടൈയ മഹാദേവന് സമർപ്പിച്ചു.
തിരുവാലഞ്ചുഴിയിൽ ദന്തിശക്തിലോകമഹാദേവി നിർമ്മിച്ച കല്ലമ്പലത്തിലെ ക്ഷേത്രപാലന് 2 സ്വർണ്ണ പുഷ്പവും, രാജരാജന്റെ 29ആം ഭരണവർഷം രാജ്ഞിയുടെ ഹിരണ്യഗർഭത്തിന് ഉപയോഗിച്ച സ്വർണ്ണവും സമർപ്പിച്ചു. തിരുവല്ലം വാനപുരത്ത് 1000 കൂലിനിലം വൈഡുംബൻ ശങ്കരതേവ സോമ നാഥന് സമർപ്പിച്ചു. (രാജരാജന്റെ കാലത്ത് കൊടു ത്ത തിരുവയ്യൻ ശങ്കരതേവ ബിരുദവും ഈ ലിഖി തത്തിലുണ്ട്) തന്റെ വംശം തിരുവയ്യം ഉടൈയാരു ടെ തെക്കുവശത്ത് നിർമ്മിച്ച തിരുവയ്യേശ്വരദേവന് സോമനാഥൻ ആ ഭൂമി വിളക്കിനുള്ള 96 ആടുക ളോടെ സമർപ്പീചു. പാണ്ഡ്യശ്രീവള്ളുവരുടെ രാജ്ഞി തിരുവിശലൂരിൽ സ്വർണ്ണാഭരണങ്ങൾ സമ

ർപ്പിച്ചു. വെള്ളിക്കലശവും സമർപ്പിച്ചു. രാജേന്ദ്ര ന്റെ രാജ്ഞി നക്കൻ ചെംബിയൻ മാതേവിയാർ വിളക്കിന് ഭൂമി കൊടുത്തു. മൂന്നാം ഭരണവർഷം ഉറ്റാട്ടൂരിൽ ശ്രുതിമൻ നക്കൻ ചന്ദ്രനെന്ന രാജമല്ല മുത്തരയൻ(ആനപ്പടത്തലവൻ) സത്യാശ്രയനുമായു ള്ള യുദ്ധത്തിൽ മരിച്ചു. രാജകൽപ്പനപ്രകാരം ശത്രുവിന്റെ ആനയെ തുരത്താൻ ശ്രമിച്ചപ്പോൾ ഈ ആപത്ത് സംഭവിച്ചു. അദ്ദേഹത്തിന്റെ പേരിൽ മഹാദേവന് വഴിപാടുകൾ ചെയ്തു. വടക്കേ ആർക്കോട്ടിൽ ബ്രഹ്മഭോഗമായി വല്ലവരശർ വന്ദ്യതേവന്റെ രാജ്ഞി ഇന്ദലാദേവി 5 കഴഞ്ച് സ്വർണ്ണം കൊടുത്തത് പരാക്രമചോളചതുർവേദി മംഗലത്ത് സഭ സ്വീകരിച്ചു.

നാലാം ഭരണവർഷം തഞ്ചാവൂരിലെ അളകാദ്രിപു ത്തൂരിലെ ലിഖിതം- രാജരാജമണ്ഡലം (പാണ്ടിനാട്) മേൽവെമ്പനാട്ടിലെ കല്ലൂരിലെ ഒരാൾ നിർമ്മിച്ച സൂര്യക്ഷേത്രത്തിന് നിലം ദാനം ചെയ്തു. അളകാ ദ്രിപുത്തൂരിലെ പരടായക്കുടി കുറുഗൂർമഠത്തിൽ സമ്മേളിച്ച് ഈ സമ്മാനം നൽകി.ഗ്രാമക്കുളത്തിനു വടക്കാണ് മഠം. കീളൂരിലെ (തെക്കേ ആർക്കോട്ട്)ലി ഖിതം- അരയൻ മലയരയആദിത്തൻ എന്ന ആവി യൂരിലെ ചേദിനാട്ട് വേളാൻ അഭ്യർത്ഥിച്ചതു പ്രകാ രം പരാന്തകൻ യാദവഭീമനെന്ന ഉത്തമചോളമിലാ ടുടൈയാരുടെ ദാനം. ഭൂമി തിരുക്കോവലൂർ സഭ യിൽനിന്ന് വാങ്ങിയാണ് ദാനം. കുറ്റാലത്ത് 8മാനി ലം കരമൊഴിവായി ക്ഷേത്രത്തിനു വിറ്റത് (43 കാ ശിന്) വില്ലവൻമാതേവി ചതുർവ്വേദിമംഗലം .

തിരുവല്ലം അരശുടൈയാർ ഇരായിരവൻ പല്ലവ രായൻ എന്ന ഉത്തമചോളപല്ലവരായൻ പെരുന്തരം രാജരാജേശ്വരക്ഷേത്രം പണിതു. 2000 കൂലിനിലം കരമൊഴിവാക്കി 50 അന്റാടു നൽക്കാശിന് തിരു വല്ലക്കാരിൽനിന്ന് വാങ്ങി ക്ഷേത്രത്തിന് 2 വിള ക്കും വെച്ചു. നാലാം ഭരണവർഷം ഉത്തരമേരൂരി ലെ ലിഖിതം- കരമഒഴിവാ.ി 720 കൂലിനിലം ഭവിഷ്യക്കിടപ്പുറം ഭൂമി നിരന്തരമായി ഗ്രാമത്തിൽ ഭവിഷ്യം പഠിപ്പിക്കുന്നവർക്ക് (ഓതുവിപ്പാരാക) താമസിക്കാനും 480 കൂലിനിലം തൈത്തിരീയം പഠിപ്പിക്കുന്നവർക്കും (തൈത്തിരീയക്കിടൈപ്പുറം) വൃദ്ധാചലത്ത് നേര്ക്കുപ്പവാസികള് തിരുപ്പതികം പാടുന്നവര്ക്ക് ഭൂമി കൊടുത്തു. ഉത്തരമേരൂരിലെ സുബ്രഹ്മണ്യക്ഷേത്രത്തിലെ അർച്ചകന് പകരം പാര മ്പര്യശിവബ്രാഹ്മണനെ നിയമിച്ചു.നിലം കൊടുത്തു. മുമ്പുചെയ്തിരുന്ന കടമ എല്ലാം നിബന്ധനകൾ പാലിച്ചുകൊണ്ട് ക്ഷേത്രനിലത്തെ പാലിക്കണം. കീഴ്പഴുവൂരിലെ അരിഞ്ജിമാതേവടികൾ പെണ്ടാ ട്ടി നമ്പിരാട്ടിയാർ പാണ്ടിമാതേവിയാർ തന്റെ പുത്രി അരുമൊഴിത്തേവൻ തേവർ ഭോഗിഭട്ടൻ ഗാന്ധാരാദിത്തർക്കുവേണ്ടി വിളക്ക് വെച്ചു. പോണ്ടിച്ചേരി ത്രിഭവനിലിഖിതം- ത്രിഭുവനമാതേ വിചതുർവേദിമംഗലം നടുവിൽ വീരനാരായണ വിന്നഗരം ജയംകൊണ്ട ചോളമണ്ഡലം ബ്രഹ്മദേയ മാണ്. ശ്രീവാടനൂർ തില്ലൈയാളിപ്പെരുംപടൈയും രാജരാജതേവന്റെ പല്ലവരായനുമാണ് ഇത് പരിപാ ലിക്കുന്നത്.

വൃദ്ധാചലത്ത് , നേർക്കുപ്പൈ തിരുമുതുക്കുന്റെ ഉടൈയാർക്ക് പഴുവെട്ടരചന്റെ മകൾ, മുന്നൈ വല്ലഭരായന്റെ രാജ്ഞി, സെംബിയൻ ദേവടികളാർ

10 കഴഞ്ച് സ്വർണ്ണം സമർപ്പിച്ചു. വടക്കേ ആർക്കോട്ടിലെ ബ്രഹ്മദേശത്ത് 5ആം വർഷത്തെ ലിഖിതം. തിരുവേഗംബപുരത്ത്, കരിക്കോട്ട് ബ്രഹ്മദേയത്തിലെ പൊന്നെമഹാദേവന് വിളക്കിന് 90 ആട്. മന്ദാരഗൌരവനാർ കുന്താദേവിയാർ എന്ന വള്ളവരായൻ വന്ദ്യതേവരെന്ന സാമന്തമുഖ്യന്റെ ഭാര്യ സമർപ്പിച്ചു. (മറ്റ് ഇടങ്ങളിൽ ഗംഗൻ ഇന്ദ ളാദേവി എന്നും കാണുന്നു) ഈ മുഖ്യൻ ഗംഗാ)കൊങ്ങുഃദേശത്തെ ചേരനാണെന്ന് അതിനാലാണ് ചരിത്രകാരന്മാർ അനുമാനിക്കുന്നത്. വള്ളുവരായ നെന്നും വന്ദ്യ(വന്ദേരി)തേവനെന്നും കാണുന്നതിനാ ൽ ഈ കൊങ്ങുചേരൻ വന്ദേരികൂടി ഭരിക്കുന്ന വള്ളുവക്കോനാണ്. മേൽപ്പാടിലിഖിതം- അരശൂ രിലെ ഇരായി രവൻപല്ലവൻ ഉത്തമചോളപല്ലവ രായൻ 72 കഴഞ്ച് സ്വർണ്ണവും 720 ആടും നൽകി. രക്ഷാധികാരി ഉദയമാർത്താണ്ഡമൂവേന്തവേളാനാണ് കൽപ്പന നടപ്പാക്കിയത്. ചേർമാദേവിയിലെ ദേവ ദാനത്തിന്റെ പാരമ്പര്യമാരാണ്ട മണ്ണേർക്കാടനെന്ന തിരുനീലകണ്ഠച്ചെട്ടിക്ക് കൊടുത്തു. തഞ്ചാവൂർ രാമനാഥർകോവിൽ ലിഖിതം- മുടികൊണ്ടചോളപുരം പഴൈയാറ് പള്ളിപ്പടയായി പഞ്ചവൻമഹാദേവീശ്വരം ഭൂമിയാണ്. രാജേന്ദ്രന്റെ നാൾ തിരുവാതിരയും പത്നിയുടേത് ചോതിയുമാണ്. ക്ഷേത്രകാര്യങ്ങൾ നടത്തുന്നത് ഒരു ലകുലീശപണ്ഡിതനാണ് അതിമാർഗ്ഗം 8ആം നൂറ്റാണ്ടിലേ പ്രബലമാണ്). ഉയ്യക്കൊണ്ടാൻ തിരുമലൈയിൽ വിളക്കിന് 90 ആട്, ചോളൈ ഇരാജസിംഹം , തന്റെ അമ്മ ദേവൻപെറ്റനൈ എന്ന കൊടുമ്പാളൂരിലെ രാജേന്ദ്ര ചോളഇരുക്കുവേലിന്റെ പത്നിയുടെ നന്മക്കായി

സമർപ്പിച്ചു. 8ആം വർഷത്തെ അഗരം ലിഖിതം-വാനമങ്കൈഗ്രാമം ഉണ്ടാക്കി 4000 ബ്രാഹ്മണരെ പാർപ്പിച്ചു. അംബാസമുദ്രം ലിഖിതം-രാജരാജ ചതുർവേദിമംഗലത്തെ ഇളങ്കോക്കുടിയിലെ തിരുചാലൈത്തുറൈ ആൾവാർക്ക് ചോളരാജ്യത്തെ ഒരാൾ വിളക്ക് വെച്ചു. കീഴ്പ്പഴുവൂരിലെ ലിഖിതം- ശിരുപഴുവൂർ സഭ 50 കാശ് ഇന്നാട്ടുമന്ന പെരുംപഴുവൂർ അടികൾ പഴുവെട്ടരയൻ പെണ്ടാട്ടി വീരനന്നൊറ്റിയൂരിൽനിന്ന് സ്വീകരിച്ചു.

തഞ്ചാവൂരിലെ പുഞ്ചലിഖിതം- തലച്ചെങ്ങാട് മൂലപ്പരവൈസഭ മുമ്മുടിച്ചോളമണ്ഡപത്തിൽ നികുതി അടക്കാനായി കൂടി. പൂതനൂരിൽ 2 വേളിനിലത്തിന് 50 കാശുവെച്ച്, പെരിയതളിമഹാദേവക്ഷേത്രം വൈകാശിഉത്സവത്തിനും ബ്രാഹ്മണഭോജനത്തിനുമായി വാങ്ങി. കീഴ്പുലത്ത് 2 വേലിനിലം 100 കാശ് പലിശക്ക് കൊടുക്കാൻ നിശ്ചയിച്ചു (ഈ നിലം കിട്ടിയത് ക്ഷേത്രത്തിലെ കയ്യെഴുത്തോലപ്രകാരമാണ്)ഉത്തരവ് തിരുനന്ദിപ്പള്ളി ഉടൈയാർ കോവിൽ ചുമരിൽ എഴുതിവെപ്പിച്ചു. തഞ്ചാവൂരിലെ തിരുനാഗീശ്വരം ലിഖിതം- ഉടൈയാർ ആനൈമേൽതുഞ്ചിനാർ വേളം എന്ന അഭിമാനഭൂഷണത്തെരിന്ത തിരുവന്ദിക്കാപ്പുവേളത്തിന്റെ പെണ്ടാട്ടി തന്റെ മകളുടെ പേരിലുള്ള അരവിളക്കിന് 48 ആട് കൊടുത്തു. (രാജാദിത്യന് പരിചയമുള്ള വന്ദിക്കാപ്പുമുഖ്യനെന്നത് ശ്രദ്ധേയം) തെക്കേ ആർക്കോട്ടിലെ ഉടൈയാർഗുഡിലിഖിതം- സഭ 50 കാശിന് ത്രിഭുവനമഹാദേവിയാർ വാനവൻ മഹാദേവിയാർ എന്ന രാജേന്ദ്രചോളപത്നിയിൽനിന്ന് ഭൂമി വാങ്ങി. അവ

ർതന്നെ പ്രതിഷ്ഠിപ്പിച്ച ചന്ദ്രശേഖരപ്പെരുമാൾ, പാർവ്വതീവിഗ്രഹങ്ങൾക്ക് വഴിപാടുകൾക്ക് നീക്കി വെച്ചു. ഈ ക്ഷേത്രത്തിലെ തിരുഅനന്തേശ്വരനെയാണ് സഭ നമ്മൂലദൈവം എന്ന് പറയുന്നത്.

9ആം വർഷത്തെ അഗരം ലിഖിതം- നൃപതുംഗചെന്താങ്കിചതുർവേദിമംഗലം അഥവാ ജഗന്നാഥമംഗലം ചതുർവേദിമംഗലം സഭ മഹാശാസ്ത്രാക്ഷേത്രത്തിലെ ഭൂമിയിൽ ശിൽപ്പികളെ താമസിപ്പിച്ചു. എണ്ണ കൊടുക്കലും പൂജയും ക്ഷേത്രപരിപാലനവും ഏൽപ്പിച്ചു. ഇവരെ ശാത്തഗനാടാടാരെന്ന് പറയുന്നു. മേൽപ്പാടിലിഖിതം- മാടമുടൈയ ഇലകുലീശ്വര പണ്ഡിതർ കർമ്മികളുടെ മുമ്പിൽ ഏറൻ ശാത്തനു വിളക്കിനുള്ള നെയ്യ് എന്നും തരാമെന്ന് ഇടയന്മാർ പ്രതിജ്ഞ എടുത്തു. തഞ്ചാവൂരിലെ തിരുക്കളിത്തത്തലിഖിതം- വെമ്പാവൂരും തിരുവിശലൂരും ഉൾപ്പെട്ട തിരുക്കളിത്തത്ത എന്ന ഊരിലെ വെംപാവൂരിൽ ഒരു ഘടികയും(വിദ്യാഭ്യാസസ്ഥാപനം) നിരവധി ചേരികളും ഉണ്ടായിരുന്നു. തെക്കേ ആർക്കോട്ടിലെ തിരുവടിലിഖിതം- പെരിയവേളം രാജേന്ദ്രചോളന്റെ പെണ്ടാട്ടി നഗരത്താർ അതിയരൈയമംഗലത്തിന് കൊടുത്തു. അവർ 50 കലം നെല്ല് പലിശയായി ക്ഷേത്രത്തിന് കൊടുക്കണം. തഞ്ചാവൂരിലെ തിരുവിടൈവായിൽലിഖിതം- വർഷം തോറും ചിത്തിരൈ ഉത്സവത്തിന് 3 കുറുണി നെല്ല് പലിശയായി തന്നോളാമെന്ന കരാറിൽ ശിവബ്രാഹ്മണൻ കൊറ്റിയമ്മയിൽനിന്ന് 12 കലം നെല്ല് വാങ്ങി. വാർഷികവരുമാനം കലത്തിന് 7 കലം 3 കുറുണി ഉള്ള 28 കലം

നിലം ദേവദാസികളുടെ ഭക്ഷണത്തിനും ദാനമായി നൽകി. വടക്കേ ആർക്കോട്ടിലെ തിരുമുക്കൂടല്1 ലിഖിതം - കളനി, കൂടല്ലൂർ എന്നിവിടങ്ങളിലെ അധികാരം വഹിക്കുന്ന പെരുന്തരം രാജരാജനെന്ന വാനവൻ ബ്രഹ്മാദിരായന്റെ മൂത്ത പത്നി മന്റൈ നങ്കൈ വിലക്കിന് 90 ആട് കൊടുത്തു. പത്താം ഭരണവർഷം കൊട്ടശീവരം ലിഖിതം- മണ്ഡപം നിർമ്മിച്ച അരേയരു രാജരാജൻ വിക്രമചോളചോ ലീയവരൈയൻ തിരൈമൂർനാട്ടിലെ ചാത്തമംഗലം മുഖ്യനും സേനാപതിയുമാണ്. അദ്ദേഹത്തിന്റെ മറ്റു ബിരുദങ്ങൾ- നാലമടിഭീമൻ, ചോളനചന്ദ്ര, സീമനാഭ രണൻ, എതിർത്തവർകാലൻ, അഹിതരോത്തലി വൻ, വൈരിനാരായണൻ, വീരഭീമൻ. ഒരു തമിഴ് പദ്യശകലത്തിൽ നാനമടിവീമനും തെലുങ്കരും എ ന്നും കാണുന്നു.അതേ തൂണിൽ പഴയ കന്നടത്തിൽ ജയസിങ്കകുലകാല, സാമന്തലപ്രഹരി, കലിംഗം, ഒഡ്ഡ, തെലുഗുയുദ്ധപരാമർശവും കാണുന്നു. നാഗരി ,തമിഴ്,കന്നഡ,തെലുഗുഭാഷകളിലെല്ലാം ബിരുദം കാണുന്നു. -

മൈസൂരിലെ തടിമലിംഗി ലിഖിതം- മുഷംഗിയെ മയലെന്നും ഗംഗവാടിയെ മുടികൊണ്ടചോളമണ്ഡല മെന്നും ഈ ലിഖിതം വിളിക്കുന്നു. മലിംഗി(മായി ലങ്കൈ)ക്ക് അഭിമുഖമായി, തലക്കാട് നദിക്കക്കരെ ജനന്നാഥപുരമെന്ന് വിളിക്കപ്പെട്ടിരുന്നു. ഗംഗപാടി യാനമുടിക്കൊണ്ട ചോളപുരത്ത് തെൻകരൈനാട്ട് മായിലങ്കൈയാന ജനനാഥപുരത്ത്. പോണ്ടിച്ചേരി തിരുവാണ്ടാർകോയിൽ ലിഖിതം- പാരതുനികഴ പാണ്ഡിമണ്ഡലത്ത് മധുരയിൽ മാളികൈ എടുപ്പി

ത്ത് തൻമകൻ ചോളപാമ്ഡിയൻ എന്റഭിഷേകം ചെയത് തന്താർച്ചാലൈക്കളമറുത്ത കോപ്പരകേസരി.

തഞ്ചാവൂർ തിരുവിളിമിളലൈ ലിഖിതം- രാജേന്ദ്ര ചോള അണുക്കപ്പെല്ലവരായരുടെ അമ്മ അഴകിയ മണവാളരുടെ വിഗ്രഹം തീർപ്പിച്ച് കൊടുത്തു. ആർക്കാട്ട് കിളാർ തെക്കേ ആർക്കാട്ട് ഉടയാർകുടി യിൽ നിത്യം 1000 താമരപ്പൂ തൊടുക്കാനായി 60 കാശു കൊടുത്തു. രാജാവ് നമ്മകനാരെന്ന് വിളിച്ച തെന്നവൻ വിളുവ്വരയൻ ഉണ്ടാക്കിയ മണ്ഡപം ഹാളിൽ സഭ കൂടി. നമ്മൂലനാഥനെന്ന് അനന്തീശ്വ രനെ സഭ വിളിക്കുന്നു. പത്താം ഭരണവർഷം ഉദയക്കൊണ്ടാൻ തിരുമല ലിഖിതം- രാജാവിന്റെ ജന്മനാളായ ആർദ്രക്ക് തിരുക്കർക്കുടി വിളുമിയ ദേവന് അഭിഷേകത്തിനുള്ള നെയ്യ് സമർപ്പിച്ചു

അഗരം ലിഖിതം. നൃപതുംഗചെന്താംഘിചതുർവേദി മംഗലം(ജനനാഥ)സഭ 11ആം ഭരണവർഷം മഹാ ശാസ്താ കയിനൂർ അയ്യനാർക്ക് വിളക്കിനുള്ള നിലം ബ്രഹ്മദേയമായി കൊടുത്തു. അയ്യനാർ ക്ഷേത്രത്തിലാണ് മഹാസഭ കൂടിയത്. വടക്കേ ആർക്കോട്ട് പോലൂർ തിരുമലലിഖിതം- പള്ളിച്ചന്തം വൈഗാലൂർ തിരുമലദേവന് വിളക്ക് പല്ലവരശർ ദേവിയാർ സിന്നവൈയാർ ഇളയ മണിനങ്കൈ 60 കാശിന് നിലം. അവിടെത്തന്നെ മറ്റൊരു ലിഖിതം 13ആം ഭരണവർഷത്തിൽ, 20 കാശ് വിളക്കിനും 10 കാശ് തിരുവാതിരക്കും ശ്രീ കുന്തവൈജിനാലയദേവന് പെരുമ്പനപ്പടിക്കരൈ വലി മള്ളിയൂരവ്യാപാരിയുടെ മണവാട്ടി ചാമുണ്ഡി പ്പൈ

മേൽപ്പഴുവൂരിലെ 15ആം വർഷലിഖിതം- പഴുവൂർ ക്ഷേത്രകാര്യക്കാർ നിലവിളക്ക് പകൈവിടൈ ഈശ്വരമഹാദേവനും അവനികന്തർപ്പേശ്വരത്ത് മഹാദേവനും വെക്കാമെന്ന് സമ്മതിച്ചു. അതിനുള്ള നിലവും പണവും തങ്ങൾചെയ്ത നരഹത്യക്ക് പരിഹാരമായി രണ്ട് പേർ കൊടുത്തു. 16ആം വർഷം കാഞ്ചീപുരം ലിഖിതം- രാജ്ഞി മുക്കോക്കിലാർ അടികളുടെ സേവിക നിഗരിലി ലോകമഹാദേവിയും ക്ഷേത്രത്തിലെ നൃത്തക്കാരി പെറ്റിപൊന്നമ്പലവും 2 വിളക്കിന് ആഞ്ചഞ്ചാണ്ടി ദുർഗ്ഗയാർക്ക് സ്വർണ്ണം ദാനം. തിരുക്കളുക്കുന്റം ലിഖിതം- തൻകൂറ്റുത്തിരുക്കളുക്കുന്റം എന്ന ഉലകളന്തചോളപുരത്തിലെ മാമല്ലപുരമെന്ന അമൂർകോട്ടത്ത് ജനനാഥപുരത്ത് 2 വിളക്കിന് ആടിനെ സമർപ്പിച്ച രേഖ

തിരുമലൈവാടിയിൽ പിള്ളൈയാർ അരുമൊഴിമകൈയാന പിരാൻ 8 ഇടയർക്ക് 180 ആട് 2 വിളക്കിന് കൽപ്പിച്ചു. രണ്ടുപേർ 45 വീതവും ബാക്കി ഇരുപത്തിരണ്ടര(ഇത് ആടിന്റെ സംഖ്യയല്ല. രണ്ർര ചേവിദു നെയ്യ് തരാനാവശ്യമായ ആട് എന്നാണ്). മറ്റുള്ളവരും കൊടുക്കണം. നിത്യം പാലിൽനിന്ന് ആഴക്ക് നെയ്യിന് 45 ആട് വേണം. അതേ സ്ഥലത്ത് നരാക്കന്ശ്രീകൃഷ്ണൻ രാമൻ എന്ന രാജേന്ദ്രചോളർ ബ്രഹ്മമാരായന്റെ പത്നി ശ്രീകൃഷ്ണൻ കൌസലൈയാർ വിളക്ക് വെച്ചിട്ടുണ്ട്.
തഞ്ചാവൂർക്ഷേത്രത്തിന്റെ പുറംചുറ്റ് നിർമ്മിച്ച അവർ, 90 ആടിന് 100 കാശും കൊടുത്തു. നാലുപേർക്ക് 25 കാശുവീതം ഇരുപത്തിരണ്ടര ആടിന് എന്ന് കണക്ക്. ഇവർ 4 പേരും ഓരോ വർഷവും ഇരുപത്തിരണ്ടര നാഴി നെയ്യ് കൊടുക്കണം. 16ആം

വർഷം തഞ്ചാവൂരിലെ തിരുപ്പുറമ്പിയംലിഖിതം-ആരിണീശ്വരക്ഷേത്രത്തിലേക്ക് 50 കാശ് വിളക്കിന്. വിരൈയാക്കലിപ്പെരുത്തെരുവീരചങ്കരപ്പടിയോഗം നൽകി. 17ആം വർഷം കോനേരിരാജപുരം ലിഖിതം-16ആം വർഷം ക്ഷേത്രത്തിനുള്ള നിലം വാങ്ങിയ അരിന്ദമൻ മഹാദേവി രാജ്ഞി വിഗ്രഹം (ക്ഷേത്രപാലവിഗ്രഹം)17ആം വർഷം പ്രതിഷ്ഠിപ്പിച്ചു.

അരുമൊഴി അഥവാ ഉത്തമചോളബ്രഹ്മരായപത്നി മാരാശിയാർ എന്ന തെച്ചപ്പൻ സെംബിയൻ മാതേവി തിരുമലൈവാടിമഹാദേവന് വിളക്കിന് 100 കാശ് കൊടുത്തു. പണം ആട്ടിടയന്മാർക്ക് വിതരണം ചെയ്തു. ഈശ്വരന് ആനയുടെ ദന്തക്കാൽപള്ളിക്കട്ടിലും ദാനം ചെയ്തു.

ഉടൈയാർകുടിയിൽ പെരുങ്കുടിസഭ നിലം രാജ്ഞിക്ക് 160 കാശിന് വിറ്റു. കരമൊഴിവായി ഈ നിലം ഉച്ചപ്പൂജക്ക് 10 ഭക്തർക്കും വാനവൻ മാതേവിയുടെ പേരിലുള്ള മണ്ഡപത്തിൽ 25 ബ്രാഹ്മണർക്ക് ഭോജനത്തിനുമായി ദാനം ചെയ്തു. 15ആം ഭരണവർഷം മൈസൂരിൽ ദണ്ഡനായകൻ ശ്രീയുദ്ധമല്ലദേവന്റെ സിദ്ധി (മരണം)സംഭവിച്ചു. അവിടെ സിദ്ധേശ്വരക്ഷേത്രം നിർമ്മിച്ചു. ലിഖിതം എഴുതിച്ചത് മഹാമാത്ര അജവർമ്മന്റെ മകൻ. 18 ആം ഭരണവർഷം തെക്കേ ആർക്കോട്ടിലെ തിരുവാമാത്തൂരിൽ ചെമ്പകപ്പൂവനത്തിന് ഭൂമിയും ഗ്രാമവൈദ്യന് നിലവും അനുവദിച്ചുകൊടുത്തു. 19ആം ഭരണവർഷം തിരുവമ്പാടിയിൽ 198 കഴഞ്ചുള്ള 2 സ്വർണ്ണപ്പാത്രം , ഇരുനൂറ്റിത്തൊണ്ണൂറ്റിനാലേക്കാൽ കഴഞ്ചുള്ള വെള്ളിപ്പാത്രം ഇവ വാനവൻ മാതേവി സമർപ്പിച്ചു. തിരുമലവാടിയിൽ തിരുമാൽ

അരംഗൻ തിരുത്താമപ്പള്ളിപിച്ചനും ഭാര്യയും പ്രതിഷ്ഠിച്ച പിള്ളൈയാർ തിരുഞാനസംബന്ധർ, തിരുനാവുക്കരശതേവ,നമ്പി ആരൂരനാർ പ്രതിമകൾക്ക് പൂജക്ക് നെല്ല്. തിരുവാരൂരിൽ രാജേന്ദ്ര ചോളദേവന്റെ അനുച്ചിയാർ പരവൈനങ്കയാർ ക്ഷേത്രത്തിന്റെ ചില ഭാഗങ്ങൾ നന്നാക്കിയവർക്ക് കൊടുത്ത സമ്മാനങ്ങളുടെ പട്ടിക ഉണ്ട്. അരുമൊഴികൂത്തനെന്ന ലോകമാരായൻ മുത്തും പവിഴവും കോർത്ത മാലകളും കൊടുത്തിരിക്കുന്നു.
വൃദ്ധാചലത്ത് എല്ലാ മാസവും തിരുവാതിരക്ക് രാജാവിന്റെ ഐശ്വര്യത്തിനായി പഞ്ചഗവ്യം ,ഹോമം ഇവ കഴിപ്പിക്കുന്നതിന്ന് ഭൂമി കൊടുത്തു. 21 ആം ഭരണവർഷം തിരുവൈയാറിൽ ഉലോകമഹാദേവീശ്വരം ഉടൈയാർക്ക് രത്നം പതിച്ച സ്വർണ്ണാഭരണങ്ങൾ ദന്തിശക്തി കൊടുത്തു. 22ആം ഭരണവർഷം മൈസൂരിലെ കോലാറിൽ പിടാരി കോലാരമ്മക്ക് വിളക്കിന് എരുമകളെ കൊടുത്തു. വെണ്ണാട്ട് അമ്മൻകുടി കേരളാന്തകചതുർവ്വേദിമംഗലം നരാക്കൻ ശ്രീകൃഷ്ണൻ രാമനെന്ന രാജേന്ദ്രചോളബ്രഹ്മമാരായന്റെ മകൻ മാരായൻ അരുമൊഴി അഥവാ സേനാപതി ഉത്തമചോളബ്രഹ്മരായനാണ് രാജകൽപ്പനപ്രകാരം ക്ഷേത്രം നിർമ്മിച്ചത്. വടക്കേ ആർക്കോട്ടിലെ കുളംപന്തൽ ലിഖിതം- ഈശാനശിവപണ്ഡിതൻ നിർമ്മിച്ച ഗംഗൈകൊണ്ടചോളപുരേശ്വരമുടൈയാർ ക്ഷേത്രത്തിലെ 24 നർത്തകിമാർക്ക് ഭൂമിയും സ്വർണ്ണവും കൊടുത്തു. തിരുപ്പുരമ്പിയത്ത് ദേവൻ പുരമ്പിയാൾ ആടൽവിത്തംഗമാണിക്യം എന്ന ദാസി ഇലങ്കേശ്വരർകുലകാലത്തെരിന്ത തിരുമഞ്ചനാട്ടാർ വേളം(ആറാട്ടിനുള്ള സംവിധാനം) പൂജ, നിവേദ്യം ഇവക്ക് ഭൂമി ദാനം ചെയ്തു. ഇവയെ

ല്ലാം താൻ തന്നെ സമർപ്പിച്ച പള്ളിക്കട്ടിൽ ഉമാമ ഹേശ്വരിയാരുടെ വിഗ്രഹത്തിനാണ്. 24ആം ഭരണവർഷം ചിദംബരത്ത് 4500 കലം വാരം കിട്ടുന്ന ഭൂമി ദാനം. ഇതിൽ മേൽവാരം 2256 കലം , ക കലം 1 ഉരുണി കാശിന് 1 പടക്ക് ഇരുനൂറ്റിഅറുപത്തിനാലേമുക്കാൽ കാശ് ലാഭം കിട്ടി. ഇതിനോട് 40 കാശുകൂടി ചേർത്ത് ക്ഷേത്രഭ രണത്തിനായി നിശ്ചയിച്ചു. ഇത് നിശ്ചയിച്ചവർ:- കുണമേനക്കൈപ്പുറത്ത് ഏറിന വ്യാപാരികൾ, വെള്ളാളർ, ശങ്കരപ്പാടിയാർ, ചാലിയർ, പട്ടിണവർ, കുടികൾ കീൾകലനൈകൾ(തച്ചരും കൊല്ലരും തട്ടാരും കോലിയരും). കൂടാതെ രാജാവിന്റെ അണുക്കിനക്കൻ പറവൈ ബ്രാഹ്മണഭോജനത്തിനും അത് തുടരാനുമായി മേൽവാരം 1225 തരുന്ന ഭൂമിയും കൊടുത്തു.

രാജാവിന്റെ ഭക്ഷണം പാകം ചെയ്യുന്ന ചോളകുല വല്ലി വിളക്കിന് 50 ആട് കൊടുത്തു. (ഉടൈയാർ ശ്രീ രാജോന്ദ്രതോവർക്ക് തിരുവമുത് ആടും പെ ണ്ടാട്ടി). മുമ്പ് രാജേന്ദ്രചോളവിന്നഗരമെന്ന് വിളിച്ചി രുന്ന മാന്നാർകോവിലിലെ ഗോപാലസ്വാമിക്ഷേത്രം നിർമ്മിച്ചത് ചേരരാജാവായ രാജസിംഹനാണ്. കാഞ്ചീപുരം കൊട്ടാരത്തിലിരിക്കുമ്പോളാണ് അദ്ദേ ഹം ക്ഷേത്രത്തിന് ഭൂമി കൊടുത്തത്. ജടാവർമ്മസു ന്ദരപാണ്ഡ്യന് 15 വയസ്സാവുമ്പോൾ മുതൽ ക്ഷേത്രം ഉണ്ട്. മറ്റു രണ്ട് ലിഖിതങ്ങളിലും രാജരാജതേവ നെന്ന ചേരരാജാവിനെ പരാമർശിക്കുന്നുണ്ട്. 24 ആം ഭരണവർഷം തെക്കേ ആർക്കോട്ടിലെ ഒലഗ പുരംലിഖിതത്തില് രാജേന്ദ്രചോളതേവർ മുമ്മുടി ച്ചോളൻ തെരിഞ്ച തിരുമഞ്ചനത്താർ വേളം എന്ന സ്ത്രീയെ പരാമർശിക്കുന്നുണ്ട്. വടക്കേ ആർക്കോ

ട്ടിലെ തക്കോലം ലിഖിതം- വിളക്കിന് 12 കഴഞ്ച് സ്വർണ്ണം തൊണ്ടമാൻ പേരാറ്റൂരിലെ ശരഭൻ തൊണ്ടവൈ എന്ന രാജേന്ദ്രചോളതേവ ബ്രഹ്മാദിരായന്റെ പെണ്ടാട്ടി കൊടുത്തു. ഉരിതയൂർ രാജമാർത്താണ്ഡചതുർവേദിമംഗലം സഭ തിരുവൂരൽ മഹാദേവനുള്ള ദേവദാനം .24ആം വർഷം തെക്കേ ആർക്കോട്ടിലെ ബ്രഹമദേശം ലിഖിതം- പരാന്തകൻ ശുത്തമലിയാർ എന്ന മുക്കോകിലാൻ അടികൾ രാജാവിന്റെ ഭുജബലം വർദ്ധിക്കാനായി പാതാളീശ്വരം ഉടൈയാർക്ക് നിലം ദാനം ചെയ്തു. ആ സമയത്ത് രാജാവ് രാജരാജേശ്വരം ഉടൈയാർ ക്ഷേത്രത്തിലാണ്. 25ആം ഭരണവർഷം തെക്കേ ആർക്കോട്ടിലെ ജംബലിഖിതം- പെണ്ണാറിന്റെ വടക്കേ കരയിലെ നിത്തവിനോദപുരം എന്ന വാളയൂരിൽ നാട്ടുകാരുടെ സമ്മതപത്രം. പഴയ ദാനങ്ങളെല്ലാം ക്രോഡീകരിച്ച് പുതുക്കിക്കൊടുത്ത രേഖ. നാലകണ്ഠശാസ്ത്രി ഇതിനെ വളരെ രസകരമായ രേഖയെന്ന് വിളിക്കുന്നു.

തിരുമലവാടിലിഖിതം- ദേവന് 3 നേരത്തെ ആറാട്ടിന് ഉപയോഗിക്കാനുള്ള വെള്ളിക്കവചവും ഒരു വിളക്കിന് 30 കാശും ഉടൈയാർശ്രീ രാജേന്ദ്രചോളദേവൻ അണുക്കി ചുറ്റിയ പഞ്ചവൻ മാതേവി കൊടുത്തു. 25ആംഭരണവർഷം തെക്കേ ആർക്കോട്ട് എണ്ണായിരം ലിഖിതം-ബ്രഹ്മദേയം തനിയൂർ രാജരാജചതുർവ്വേദിമംഗലം സഭ മുമ്മുടിചോളനും നമ്പി ഉടുത്തൂർ ഉടൈയാനും രാജകൽപ്പനപ്രകാരം സമ്മേളിച്ച് ചില ക്ഷേത്രങ്ങളിലെ വരവ് ഉപയോഗിക്കാനുള്ള വ്വസ്ഥ ചെയ്തു. രാജരാജവിണ്ണഗരആൽവാർ, കുന്തവൈ ആൾവാർ,സുന്ദരചോളആൾവാർ, ദേവേന്ദ്ര, സരസ്വതി, ശ്രീഭട്ടാരകിയാർ, മഹാമോദിയാർ,

സൂര്യദേവ, സപ്തമാതൃക,മഹാശാസ്താ, ദുർഗ്ഗയാർ സുബ്രഹ്മണ്യ, ജ്യേഷ്ഠൈയാർ, ഗ്രാമദേവതകൾ എന്നീ ക്ഷേത്രവരവാണ് വ്യവസ്ഥപ്പെടുത്തിയത്. 26ആം ഭരണവർഷം മൈസൂരിലെ അങ്കനാഥപുരം ലിഖിതം. നോലൈനാട്ടിലെ കൂടല്ലൂരിലെ ഗംഗാൾവൻ ഒരു യാത്രക്ക് വന്നു. നാഗവംഗളം എന്ന കൽനാട് കരം ഒഴിവായി തന്ന് ഗവുണ്ടന്മാരെ ചിലസ്ഥലങ്ങളിൽ നിയമിച്ചു. തിരുവൊറ്റിയീർ ലിഖിതം തുഗനൈയൂർ (ദേവദാനം)ജനം രാജാവിന്റെ അണുക്കിയാർ ശാത്തൻദേവിയാർക്ക് ഗൌരിദേവിയാർക്ക് 12 തേവരടിയാളെ വെക്കാൻ നിലം വിറ്റു. 28ആം ഭരണവർഷം തഞ്ചാവൂർ തിരുവാവട്തുറൈ ലിഖിതം. കരമൊഴിവായി അരവേലി നിലം 200 കാശിന് മേർക്കിലിമംഗലം സഭ രാജഗുരുനാമത്തിലുള്ള സർവ്വദേവൻ തിരുമഠത്തിലെ മഹേശ്വരന്മാർക്ക് നിത്യഭക്ഷണത്തിന് കൊടുത്തു. തൊട്ട അതിർത്തിനിലം പെരിയവേളത്തിന്റെ തൂതുവൻ അരുമൊഴി എന്ന സ്ത്രീയുടേതാണ്. 29ആം ഭരണവർഷം കാമരസവല്ലിസഭ ചാക്കൈ മാരായൻ വിക്രമചോളന് മാർകഴിയിലും വൈകാശി തിരുവാതിരക്കും രണ്ട് പ്രാവശ്യം ചാക്കൈക്കൂത്തു നടത്താനായി ദാനം ചെയ്ത രേഖ. സേലം തീർത്ഥമലയിൽ ഉത്തമചോളപുറമലൈനാടാൾവാൻ, രാജേന്ദ്രചോളവിരിയൂർ നാടിന്റെ മുഖ്യൻ 3 ഗ്രാമം ദാനം ചെയ്തു. ക്ഷേത്രപുനരുദ്ധാരണവും മുഖമണ്ഡപനിർമ്മാണവും ചെയ്തു. നിഗിരിലിചോളമണ്ഡലത്തിൽ പെട്ടതാണ് തകടൂർ(സേലം)നാട്. 30ആം ഭരണവർഷം തഞ്ചാവൂരിലെ കണിയൂർലിഖിതം- മരിച്ചുപോയ നൃത്താദ്ധ്യാപകന്റെ സ്ഥാനത്ത് അദ്ദേഹത്തിന്റെ മൈത്തുനരെ നിയമിച്ചു. തൻ

ഗന്ധർവ്വൻ അരൈയൻ രാജരാജൻ അഥവാ മുടിക്കൊണ്ട ചോളവാചീയമാരായൻ എന്ന ഈ പദവി പരമ്പരയായി വർഗ്ഗത്താർ ഉദ്യോഗമാണ്. തിരുവൊറ്റിയൂരിൽ മാരായൻ ഗംഗൈകൊണ്ടചോള നെന്ന ഉത്തമചോളമാരായൻ(തിരുവാരൂർ മുഖ്യൻ) ചെയ്ത ദാനം. ദുഃഖനിവാരണത്തിന് സ്വയം കുത്തി മരിച്ച ഗണപതി ഹിഡുംബൻ എന്ന തന്നൈ മുനി വാർ പെണ്ടിർഗടൈ വിശൈയരയനുള്ള നന്മക്കാണ് 90 ആട് ദാനം. വിരാടദേശത്തെ തലൈഗ്രാമത്തി ലെ ഇരുളദേവന്റെ ഭാര്യ നിംബലാദേവിയും 90 ആട് കൊടുത്തു. (ചില ലിഖിതങ്ങളിൽ കൂത്തൻ ഗണപതി എന്ന് കാണുന്നു)

പ്രഭാകരഭട്ടന്റെ പത്നി നാഗലാഭായി സാനി എന്ന ആരിയവമ്മൈ തിരുവൊറ്റിയൂരിൽ നിത്യം 4 പൂമാല കൊടുക്കാനായി, പൂന്തോട്ടത്തിന് നിലം വിറ്റു, പൂക്കൃഷി ചെയ്യുന്നവർക്ക് വീടിനും സ്ഥലം കൊടുത്തു. ഇതിന് ഇറൈ(കുടിമൈ), വെറ്റി, അമ ഞ്ചി, കൂറ്റുനെൽ ഇവ കൊടുക്കേണ്ടതില്ല. ചുറ്റൂരി ലെ ക്ഷേത്രത്തിൽ പഞ്ചമഹാശബ്ദം ത്രികാലത്തലും കേൾപ്പിക്കുന്നവർക്ക് നിലം ദാനം ചെയ്ത രേഖ കാണുന്നുണ്ട്. 31ആം വർഷം തിരുവല്ലത്ത് നിത്ത വിനോദത്തെരിഞ്ച വലംകൈവേളൈ , തിരുവു ന്നാളികൈ ഉടയാർക്കും ദേവക്കമ്മികൾക്കും വിള ക്ക് തെളിയിക്കുന്നതിന് 10 ആടിനെ കൊടുത്തു. രാജാവിന്റെ ജന്മനക്ഷത്രമായ മാർകഴിമാസത്തിലെ തിരുവാതിരക്ക് മഹാദേവന് നെയ്യഭിഷേകം ചെയ്യാൻ 150 കാശ് തിരുവൊറ്റിയൂരിലേയും തിരുമയാനത്തിലേയും ചതുരാനനപണ്ഡിതൻ കൊടുത്തു.

പരകേസരി രാജേന്ദ്രന്റെ കാലത്തെ വർഷമോ തിയ്യതിയോ ഇല്ലാത്ത ലിഖിതങ്ങൾഃ- മഹേന്ദ്രഗിരി സംസ്കൃതലിഖിതം. ലിഖിതത്തിനു താഴെ ചോളചിഹ്നമായ പുലിയും പാണ്ഡ്യചിഹ്നമായ രണ്ട് മീനുമുണ്ട്. വിമലാദിത്യനെ തോൽപ്പിച്ച്.മഹേന്ദ്രഗിരിയിൽ വിജയസ്തംഭം നാട്ടി.

മംഗലം ഗ്രാമം ദേവദാനം . മുതലി നായപ്പള്ളി കൊങ്ങിലാണ്ടാർ അഥവാ വള്ളുവനാട്ടിലെ ജയം കൊണ്ടചോളപുരം രാജശേഖരേശ്വരക്ഷേത്രമുടയ മഹാദേവന് മംഗലം ഗ്രാമം ദാനം. ഇതിൽ മുന്നൂറ്റുവരെ പരാമർശമുണ്ട്. മൈസൂരിലെ നമ്പിലി ഹല്ലി ലിഖിതം. അരഞ്ചിഗയഗവുണ്ടയുടെ പുത്രൻ എ്വരേയഗവുണ്ട ചോരയദേവന്റെ യുദ്ധത്തിൽ ബെലഗത്തൂർ പിടിച്ചു. പശുക്കളെ മോഷ്ടിക്കയും സ്ത്രീകളുടെ വസ്ത്രം അഴിപ്പിക്കുകയും ചെയ്തവരോട് പൊരുതി സ്വർഗ്ഗം പൂകി. (തോരഗൊലാലു പെണ്ടിരൻ ഉടൈ ഉച്ചാലു)

തിരുവൊറ്റിയൂരിൽ ചതുരാനനപണ്ഡിതന്റെ ഉപദേശപ്രകാരം ,രാജരാജപുത്രൻ രാജേന്ദ്രന്റെ കൽപ്പനപ്രകാരം വരവീരചോളതക്ഷനായ രവി ആദിപുരിദേവന് നല്ല കൃഷ്ണവർണ്ണമായ ശില കൊണ്ട് ത്രിതലവിമാനം പണിതു

രാജകേസരി രാജാധിരാജ 1

26ആം ഭരണവർഷം വടക്കേ ആർക്കോട്ടിലെ ബ്രഹ്മദേശത്ത് പുളിമരച്ചോ്ടിൽ സഭ കൂടി. ബ്രഹ്മപാദം ചേർന്ന ശ്രീ ഉടയാർ രാജേന്ദ്രചോളദേവനും രാജ്ഞി വീരമഹാദേവിയാർക്കും ഒരേ സ്ഥാനത്ത് ശരീരം ദഹിപ്പിച്ചു. അവർക്ക് വേണ്ടി സ്മാരകമായി തണ്ണീർപ്പന്തലിന് സ്ഥലം ദാനം

ചെയ്തു. രാജ്ഞിയുടെ സഹോദരനായ സേനാപതി മധുരാന്തകൻ പരകേസരി വേളാരാണ് ദാനം ചെയ്തത്.

30ആം ഭരണവർഷം രാജരാജപാണ്ടിനാട്ടിലെ കന്യാകുമാരിയിൽ ഉപ്പളങ്ങൾക്കുള്ള ഉത്തരവ്. ബാക്കി വെച്ച നികുതികളെല്ലാം ശ്രീവല്ലഭപ്പെരുംശാല എന്ന കൽക്കുടിയിലെ രാജരാജപ്പെരുംശാലയിലെത്തിക്കണം. ഒരു കലം ഉപ്പ് എടുത്താൽ ഒരു നാഴി ഉപ്പ് എത്തിക്കണം. നാഞ്ചിനാട്ടിലെ മണർക്കുടി എന്ന മഹീപാലകുലകാലപ്പേരളം കൈയുറൈ ഉപ്പ് ഏറെക്കാലമായി കൊടുത്തിട്ടില്ലെന്നും ചൂണ്ടിക്കാട്ടുന്നു. 30ആം ഭരണവർഷം പോണ്ടിച്ചേരി ത്രിഭുവനലിഖിതം- രാജേന്ദ്രചോളനാമത്തിൽ, സേനാപതി മാവേലി ബാണരായരാണ് നിലം ദാനം ചെയ്തത്. 12000 കലം നെല്ല് വാർഷികവരുമാനം തരുന്ന 70 വേലി നിലം ദാനം ചെയ്തു. ഇതിലെ 2475 കലം വൈഷ്ണവഭോജനം, തിരുവായ് മൊഴി, പ്രത്യേക ഉത്സവങ്ങൾ ഇവക്കുള്ളതാണ്. ബാക്കി ഉപരിപഠനത്തിനുള്ള ചിട്ടയായ പാഠശാലകളുടെ നടത്തിപ്പിനും , ഗുരുക്കന്മാർക്കും കുട്ടികൾക്കും സൌജന്യ ഭക്ഷണത്തിനും ചെലവിനുമാണ്.

31ആം ഭരണവർഷം തിരുവൊറ്റിയൂർ ലിഖിതം. സുന്ദരചോളചതുർവേദിമംഗലം ,വാനവൻദേവി ചതുർവേദിമണ്ഡലം മഹാസഭ കൂടി. ആര്യദേശത്തെ മേഘലാപുരത്തെ പ്രഭാകരഭട്ടന്റെ ഭാര്യ ആരിയവമ്മൈ നാഗലവൈച്ചനിക്ക് മടപ്പുറമായി ഭൂമി വിറ്റു. രാജേന്ദ്രചോളമഠം നിർമ്മിച്ച ക്ഷേത്രത്തിലെ ദേവന് തിരുപ്പണി ചെയ്യുന്നതിനാണ് ഇത്. അതേ സ്ഥലത്ത് ചതുരാൾ ചതുരി നാഗൻ പെരും

കാടന്റെ അകമുടൈയാളായ തേവരടികൾ വിളക്കി ന് 95 ആടിനെ ദാനം ചെയ്തു.

32ആം ഭരണവർഷം കർണ്ണാടകം ബസിനിക്കൊണ്ട ലിഖിതം.നാലുദിശയിലേയും എല്ലാ സമയത്തിലേ യും നാടുനഗരനാനാജദേശികളായ 1000 വ്യാപാ രികൾ ജയംകൊണ്ടചോളമണ്ഡലം ഗ്രാമത്തിലെ പൂരണിമാരായപ്പാടിയിലെ ശീരാവള്ളിയിലെ മും ഗൈനാട്ടിൽ സമ്മേളിച്ചു. ഗ്രാമത്തെ നാനാദേശിക ഏറിവീരപട്ടണമാക്കി. ഗ്രാമക്കാർക്ക് അതിനുപ കരം ചില അവകാശങ്ങൾ കൊടുത്തു. മൈസൂരി ലെ നന്ദിലിഖിതം- അധികാരികൾ മാട്ടുരുടൈയാൾ വീരവിച്ചാതിരമൂവേന്തവേളർ നന്ദിമഠത്തിലെ നന്ദീ ശ്വരർക്ക് ആഭരണങ്ങൾ കൊടുത്തു.

33ആം ഭരണവർഷം മൈസൂരിലെ ഗംഗാവാരലിഖി തം. രാജാധിരാജനും പല്ലവനുമായി യുദ്ധം ഉണ്ടാ യപ്പോൾ തുംഗഭദ്രാതീരത്ത് ബെല്ലാരിജില്ലയിൽ കാം പില്ലിനഗരത്തിലെ ചാലൂക്യരാജധാനി കത്തിച്ചതി ന്, സേനാപതി രാജേന്ദ്രചോളബ്രഹ്മരായന് ചെന്നൈ നാട് രാജാവ് ജീവിതമായി ചാർത്തിക്കൊടുത്ത രേഖ.

33ആം ഭരണവർഷം വടക്കേ ആർക്കോട്ടിലെ കൂലം ബന്തൽ ലിഖിതം- ഉടൈയാർ രാജാധിരാജൻ ഗുരു ദേവർ അധികാരികൾ പാരാശര്യൻ വാസുദേവനാ രായണൻ ഉലകളന്ത ചോളബ്രഹ്മരായൻ വിളക്കി നും അന്തിക്കാപ്പിനും കൊടുത്തത്. മൈസൂരിലെ മന്ദിക്കേരേ ലിഖിതം- സേനാപതി ജയംകൊണ്ട് ചോളവാനകോ അരയൻ മന്നൈ നാട്ടിൽ മേൽമേൽ വാരമായി എടുക്കാൻ സമ്മതിച്ചു. നീരാരംഭം ഐഞ്ചിൽ ഇരണ്ടും കാട്ടാരംഭം നാളിൽ ഒന്റുമൈ

(നീരുള്ള വെറ്റ് ക്രോപ്പിന് അഞ്ചിൽ രണ്ടും , നീരി ല്ലാത്ത ഡ്രൈ ക്രോപ്പിന് കാലും) തഞ്ചാവൂരിലെ തിരുക്കോലംബിയൂർ ലിഖിതം- അഭയാശ്രയചതു ർവേദിമംഗലം മഹാസഭയുടെ തീരുമാനം. ക്ഷേത്രത്തിലെ പ്രത്യേകനിലങ്ങള് ക്ഷേത്രത്തിൽനിന്ന് കിട്ടിയവർ, 250 കാശുവെച്ച് പലിശ ക്ഷേത്രത്തിന് കൊടുക്കേണ്ടതാണ്. നെയ്യളവ് ആയിരവൻ മരക്കാ ലെന്നും കുഞ്ജരമല്ലൻ വായ്ക്കാലെന്നും ഇതിൽ പരാമർശമുണ്ട്.

34ആം ഭരണവർഷം ബ്രഹ്മദേശം ലിഖിതം. ജയം കൊണ്ടചോളമണ്ഡലത്തിലെ പുലർകോട്ടത്ത് നിയ മത്തിലെ ഒരു സ്ത്രീ ശ്രീബലിക്കായി പാശുപത മൂർത്തിയെ പുറത്തെഴുന്നള്ളിക്കുന്ന സമയത്തെ വഴിപാടുകൾക്കായി 12 കഴഞ്ച് സ്വർണ്ണം കൊടു ത്തു. തിരുവെങ്കാട് ലിഖിതം- തിരുവങ്കാട് ലിഖിതം- രാജ്ഞി ത്രൈലോക്യം ഉടയാരുടെ അമ്മ അരൻ നമ്പനങ്കൈ 2 വിളക്കിന് ആടുകളെ കൊടുത്തു. 35ആം ഭരണവർഷം മൈസൂരിലെ കോലാഗലലിഖി തം- ഗംഗേശ്വരപ്രതിഷ്ഠയും അതിനള്ള ഭൂമിദാന വും രേഖപ്പെടുത്തുന്നു. തഞ്ചാവൂരിലെ കോനേരി രാജപുരം ലിഖിതം വിഷ്ണുക്ഷേത്രത്തിനുള്ള വിള ക്ക് വെക്കുന്നതാണ്. തെക്കേ ആർക്കോട്ടിലെ മർക്കാനം ലിഖിതം . പട്ടിണനാട്ടിലെ ബ്രഹ്മദേയ മായ തമ്പിത്തുണൈചോളവലനാട്ടിലെ എയിർപട്ടി ണം സഭ , പൂമാല, വിളക്ക്, വഴിപാട് ഇവക്കായ് ഭൂമി വിറ്റു. ഗ്രാമത്തിലെ കരൈഗളുക്ക് കങ്കാണി ക്കണക്ക് എന്ന ഉദ്യോഗസ്ഥനെ ഈ ലിഖിതം പരാ മർശിക്കുന്നു. 35ആം ഭരണവർഷം തിരുവടന്തൈ ഗ്രാമം വിഷ്ണുവിന് സമ്മാനമായി കൊടുത്തു. ഗ്രാമം ജയംകൊണ്ടചോളമണ്ഡലത്തിലെ പഴയ

ആമൂർകോട്ടം എന്ന കല്യാണപുരം കൊണ്ട ചോള ക്കോട്ടത്തിലാണ്. രാജാവിന്റെ നക്ഷത്രമായ പൂർവ്വ ഫാൽഗുനിക്ക് നടക്കുന്ന മാസോത്സവങ്ങളിൽ ശേ ക്കിരൈ മുതലായ വരവുകൾ ക്ഷേത്രത്തിൽ ഉപ യോഗിക്കേണ്ടതാണ്. 70 പേരാണ് ഈ രേഖയിൽ ഒപ്പ് വെച്ചിരിക്കുന്നത്.

35ആം ഭരണവർഷം തഞ്ചാവൂരിലെ തിരുക്കോലം ബിയൂർ ലിഖിതം. രണ്ട് തോട്ടക്കാരന്മാർക്ക് രാജാ വിന്റെ നാമത്തിലുള്ള തോട്ടത്തിൽ പണിയെടുക്കുന്ന തിന്ന് വർഷം 17 കലം വെച്ച് ശമ്പളം കിട്ടുന്ന ഭൂമി ദാനം ചെയ്തു. അതേ വർഷം കാഞ്ചീപുര ത്ത് ,രാജാവ് പല്ലവരായസിംഹാസനത്തിൽ,സ്വന്തം കൊട്ടാരത്തിൽ വെളിവേളൈമണ്ഡപത്തിലിരിക്കു മ്പോൾ ,ഗംഗൈകൊണ്ടചോളപുരം രാജകീയഉദ്യോ ഗസ്ഥരുടെ അഭ്യർത്ഥനപ്രകാരം , സർവ്വതീര്ത്ഥനല്ലൂ ർഗ്രാമം സർവ്വതീർത്ഥമുടൈയാൻ മഹാദേവന് കരം ഒഴിവായി കൊടുത്തു.

36ആം ഭരണവർഷം കർഗനപ്പള്ളിലിഖിതം- ഒരു എരിവീരപട്ടണമായ അങ്കക്കാരേശ്വരം ഉടയാർക്ക് , ചോളകുലകരണമൂവേന്തവേളാൻ (ചക്രവർത്തി യുടെ ജില്ലാറെവന്യൂ ഓഫീസർ) ദീപത്തിനുള്ള എണ്ണമില്ലിന്റെ നികുതി സമ്മാനമായി വിട്ടുകൊടു ത്തു. 38ആം ഭരണവർഷം തിരുവൊറ്റിയൂർ ലിഖി തം- തിരുവൊറ്റിയൂർ ഉടയാർ കാരണൈവിത്തങ്ക ത്തേവരുടെ നിത്യനിദാനസേവക്ക് കുറട്ടൂർ സഭ ഭൂമി വിറ്റു.

ഭരണവർഷമില്ലാത്ത ലിഖിതങ്ങൾ:-
കല്യാണപുരത്തെ വിജയശേഷം അവിടെനിന്ന് കൊണ്ടുവന്ന ഒരു ദ്വാരപാലകവിഗ്രഹത്തിനു

താഴെ ലിഖിതമുണ്ട്.വിഗ്രഹം തഞ്ചാവൂരിലെ ദാരാസുരത്താണ്. തഞ്ചാവൂരിലെ പുഞ്ചയിൽ തലച്ചെങ്കോട് സഭ ക്ഷേത്രനിലം എടുക്കുന്നു. പുഞ്ചമ്പലം പെരിയ വേളം സോമർ ചോളകുലസുന്ദരി ക്ഷേത്രത്തിനുവേണ്ടി ഇത് പുനരുദ്ധരിച്ചു. പോണ്ടിച്ചേരി ത്രിഭുവനി ലിഖിതം. ഗ്രാമത്തിലെ അരങ്കൻ കൊമരൻ രജാധിരാജപെരുന്തട്ടാന് കാണിയായി 2 വേളിനിലം സഭ രാജശാസനമനുസരിച്ച് കൊടുത്തു.

പരകേസരിരാജേന്ദ്ര 2ന്റെ കാലത്തെ ലിഖിതങ്ങൾ:- രണ്ടാം ഭരണവർഷം തിരുക്കുടമുക്കിൽ മൂലപ്പരുടൈയാര് , വെള്ളപ്പൊക്കതിതൽ തകർന്ന ജലസേചനത്തോടിന്റെ അറ്റകുറ്റപ്പണിക്ക് 100 കാശ് ഒരാളിൽനിന്ന് സ്വീകരിച്ചു. തോടും ചുറ്റുമുള്ള ഭൂമിയും പഴയപോലെ ആക്കുന്നതിന്ന് ആവശ്യമായ തുക, മുഖ്യൻ വിക്കിരമസിംഹപല്ലവരായൻ ക്ഷേത്രത്തിലെ ട്രസ്റ്റിമാർക്ക് തുക കടമായി കൊടുത്തു.
മൂന്നാം ഭരണവർഷം തെക്കേ ആർക്കോട്ടിലെ ചെമ്പൈ ലിഖിതം. ഒരു ഗ്രാമത്തലവൻ ഒരു സ്ത്രീയിൽനിന്ന് നികുതി കൂടുതൽ ആവശ്യപ്പെട്ടു. അവർ വിഷം കഴിച്ച് മരിച്ചു. നാലുദിശകളിലെ ജനവും 18 ജില്ലകളും എല്ലാ ദേശക്കാരും ഭ കൂടി, 32 കാശ് പിഴയായി വിധിച്ചു. അതുകൊണ്ട് തിരുത്താന്തോന്നിദേവന് വിളക്ക് വെപ്പിച്ചു. വണിക്ക് ഗ്രാമക്കാരും ശങ്കരപ്പാടിയാരും മൂന്നിൽ രണ്ടും മൂന്നിലൊന്നും ഭാഗം എണ്ണ കൊടുക്കാമെന്നും നിശ്ചയിച്ചു.

മൂന്നാം വർഷം മൈസൂരിലെ കോലാറിൽ ലിഖിതം. രണ്ട് വിളക്കിന് പശു ദാനം. വേട്ടൻ പഞ്ചനേദി വാനൻ എന്ന മധുരാന്തകതമിഴപ്പേര

രചൻ ദണ്ഡനായകം കങ്കാണിയെ പരാമർശിക്കുന്നു. തിരുവയ്യാർ ലിഖിതം- തമ്പിരാട്ടിയാർ ത്രൈലോക്യം ഉടയാർ അടിഗാരിച്ചി തെൻകൈലാസക്ഷേത്രത്തിന് സ്വർണ്ണാഭരണം കൊടുത്തു. നാലാം വർഷം മണിമംഗലം ലിഖിതം- സേനാപതി ജയംകൊണ്ട് ചോളബ്രഹ്മാദിരാജന്റെ അമ്മ കാമക്കവ്വയാൾക്ക് അമൻപാക്കത്ത് ഭൂമി കരമൊഴിവായി വിറ്റു. അവർ അത് , ബ്രഹ്മസ്ഥാനത്ത് മണ്ഡപത്തിൽ കൂടിയ രാജചൂഡാമണിച്ചെരുപ്പേതിമംഗലം സഭ മുമ്പാകെ ക്ഷേത്രത്തിന് ദാനം ചെയ്തു.

തിരുവാവട്തുറലിഖിതം- ഇളങ്കാരിക്കുടി പരശുരാമൻ ശങ്കരന്ന് അദ്ദേഹത്തിന്റെ ഭക്തികാരണം, മഹേശ്വരന്മാർ ക്ഷേത്രത്തിലെ ചില പ്രത്യേകആനുകൂല്യങ്ങൾ അനുവദിച്ചുകൊടുത്തു. കോനേരിന്മക്കൊണ്ടൻ രാജകീയഅനുമതി നൽകിതിരുവാവട് തുറയിലെ പുരട്ടാശിഉത്സവത്തിനുള്ള ചെലവ് അദ്ദേഹമാണ് വഹിച്ചിരുന്നത്. തന്റെ ഗ്രാമത്തിൽ അദ്ദേഹം മധുരാന്തകേശ്വരക്ഷേത്രം പണിതിരുന്നു. അതിന് വിളക്കും പൂജയും ഏർപ്പെടുത്തി. അദ്ദേഹത്തിന്റെ അഛനും തിരുവാവട്തുറയിൽ നിത്യനന്ദാവിളക്ക് വെച്ചിരുന്നു.

നാലാം വർഷം കന്യാകുമാരിലിഖിതം. രാജാവ് ഗംഗൈകൊണ്ടചോളപുരത്തെ കേരളൻമാളികയിൽ കാടുവെട്ടിമേൽ ഇരിക്കുമ്പോൾ ചില കൽപ്പനകൾ കൊടുത്തു. നംപെണ്ടുകളിൽ കിളാൻ അടികളുടെ പിറന്നാൾ ഉത്സവത്തിന് ദേവദാനമായി ചില ഗ്രാമങ്ങളിലെ നികുതി വിട്ടുകൊടുത്തു. (കന്യാകുമാരി ഗംഗൈകൊണ്ട ചോളപുരമാണ്).. 5ആം ഭരണ വർഷം വടക്കേ ആർക്കോട്ടിലെ ബ്രഹ്മദേശം ലിഖി

തം- വേഗാവതിനദിയുടെ വടക്കേ കരയിലെ ഭവ രുദ്രസോമേശ്വരദേവക്ഷേത്രത്തിന് , പരാക്രമി ചോളചതുർവ്വേദിമംഗലം സഭ ജയംകൊണ്ടചോളമ ണ്ഡലത്തിലെ ദാമരനാട്ടിലെ ഭൂമി വിറ്റു. ജലസേച നത്തിനുള്ള അവകാശവും തൊഴിലാളികളുടെ താമ സത്തിനുള്ള ഭൂമിയും സുരക്ഷിതമാക്കിക്കൊടുത്തു. വെങ്കളത്തൂർ മഹാസഭ എന്ന് വിളിക്കുന്ന പരമേ ശ്വരചതുർവേദിമംഗലം സഭയും ഈ ക്ഷേത്രത്തെ സഹായിക്കുന്നതാണ്. കീഴൂരിലെ തിരുക്കോവലൂർ ക്ഷേത്രത്തിന് പുതുപ്പേരൂർ ഊർ കരമൊഴിവായി ഭൂമി വിറ്റു. മാർകഴിമാസത്തിലെ തിരുവാതിരക്ക് തിരുവെമ്പാവൈ പാടാനും ചില പ്രത്യേകപൂജക ൾക്ക് വഴിപാടിപ്രസാദം കൊടുക്കാനും ഇത് ഉപ യോഗിക്കണം. കുറ്റാലത്ത് വീങ്കുനീർത്തുരുത്തി യിലുള്ള സൊന്നെവാരറിവാർക്ഷേത്രത്തിന് ജയം കൊണ്ടചോളപുരത്തെ ഒരാൾ പണം കൊടുത്തു. ശൈവഭക്തരുടെ ഭക്ഷണത്തിനും രാജാവിന്റെ സേനക്ക് വിജയത്തിനുമാണ് ഈ ദാനം.

കൂവം ലിഖിതം. ചോളവിദ്യാധര ചതുർവേദിമം ഗലം കോട്ടൂർ സഭ , ജയംകൊണ്ടചോളമണ്ഡലത്തെ മാണുയിർക്കോട്ടത്തെ കുന്റൂർ നാട്ടിലെ ഭൂമി 160 കാശിന് വിറ്റു. മധുരാന്തകനല്ലൂരെന്ന കൂവത്തിലെ ത്രിഭുവനമാതേവി പേരേരിയെ തോടുവഴി ബന്ധി പ്പിക്കാനാണ് ഇത്.

തിരുപ്പുകളൂർ ലിഖിതം പാർക്കരൻ(ഭാസ്കരൻ) അരുൾമൊഴി എന്ന വേലൂരിലെ അകാരണദാനി പല്ലവരായൻ ക്ഷേത്രത്തിലെ നൂലേറ്റം ചടങ്ങിന് കൊടുത്ത പണത്തിൽനിന്ന് 40 കാശ് കടമെടുത്ത് അതിന്റെ പലിശ 10 കാശ് ക്ഷേത്രത്തിനു തരാമെന്ന്

പുകളൂർസഭ സമ്മതിച്ചു. മേലാപ്പഴുവൂരിലെ ഭൂമി നാട്ടുവക്കാണിയായി കൊടുത്തു.

6ആം ഭരണവർഷം മൈസൂരിലെ ബെലത്തൂരുലിഖിതം. സതി ദെക്കബ്ബേയുടെ പ്രശസ്തിയായ നീണ്ട കവിതയാണ്. നുഗനാട് മുഖ്യന്റെ മകളായിരുന്നു ഇവർ. മല്ലയുദ്ധമത്സരത്തിൽ ഭർത്താവ് രാജകുടുംബത്തിലെ ഒരാളെ വധിച്ചതിന് വധശിക്ഷ വിധിക്കപ്പെട്ടു. തലക്കാട്ട് വെച്ച് അദ്ദേഹത്തെ വധിച്ചു. ദെക്കബ്ബേ സതി അനുഷ്ഠിച്ചു.

ആറാം വർഷം തഞ്ചാവൂർലിഖിതം. രാജരാജേശ്വരം ക്ഷേത്രത്തിൽ നിത്യം രാജരാജേശ്വരം നാടകം കളിക്കുന്നതിന്ന്, ശാന്തിക്കൂത്തൻ തിരുവാലൻ തിരുമുതുക്കുന്റൻ എന്ന വിജയരാജേന്ദ്രആചാര്യനും അദ്ദേഹത്തിന്റെ വർഗ്ഗത്താർക്കും നിത്യം ഒരു തൂണി നെല്ല്. വാർഷികശമ്പളമായി 120 കലം ക്ഷേത്രഭണ്ഡാരത്തിൽനിന്ന് കൊടുക്കണം. തെക്കേ ആർക്കോട്ടിലെ തിരുക്കോയിലൂർ ലിഖിതം- തിരുവിടൈക്കേളി ആൾവാരുടെ ജീർണ്ണിച്ച ഇഷ്ടികക്കെട്ടിടമായ ശ്രീവിമാനം നല്ല കറുത്ത കല്ലുകൊണ്ട് പുനർനിർമ്മിക്കാനും അതിലെ പഴയ ലിഖിതങ്ങൾ സംരക്ഷിക്കാനും മിലാദുടൈയാർ നരസിംഹവർമ്മന്റെ ദാനം. നരസിംഹവർമ്മരെന്റു അഭിഷേകം പണ്ണി മുടി കവിത്തു മിലാടു 2000 ഭൂമിയും ആണ്ട മിലാടുടൈയാർ നരസിംഹപന്മാർ. തഞ്ചാവൂരിലെ തിരുപ്പുഗളൂരിൽ, ശിവപാദശേഖരത്തെരിഞ്ച തിരുമഞ്ജനത്താർ വേളൻ ദേവൻ പഴകൾ പണ്ടാരവും മകളും അവർ പ്രതിഷ്ഠിച്ച ഉലഗുയ്യക്കൊണ്ട ചോളസൂര്യദേവന് വഴിപാടുകൾക്കായി പണം ദാനം ചെയ്തു. വടക്കേ ആർക്കോ

ട്ടിലെ തിരുവല്ലത്ത് 1500 കൂലി കാട് നികത്തി കൃഷിയോഗ്യമാക്കി, അർച്ചനാഭോഗമാക്കി, വടക്കുകിഴക്കേ മൂലയിൽ പ്രതിഷ്ഠിച്ച ദുർഗ്ഗാപൂജക്കായി ശിവബ്രാഹ്മണനും ദേവകർമ്മികൾക്കും ഊർവാസികൾക്കും സമർപ്പിച്ചു.

പോണ്ടിച്ചേരി ത്രിഭുവനലിഖിതം- സേനാപതി വനാധിരാജരുടെ അപേക്ഷപ്രകാരം പല്ലവൻ പല്ലവരായർ കൊടുത്ത തിരുമന്തിരഓല (ഉത്തരവ്). ഈ ഗ്രാമത്തിൽ വാക്കൂരിലെ വെള്ളാളരല്ലാതെ ആരും തന്നെ ഒരു വിധത്തിലുമുള്ള നികുതി ശേഖരിക്കാനോ കൊടുക്കാനോ പാടില്ല. ഇത് പെരുംപുലിയൂർ നമ്പി ക്ഷേത്രകാര്യം പരിശോധിക്കുമ്പോൾ സമ്മതിച്ചതാണ്. രാത്രിയാണ് ഈ സമ്മതവും വ്യവഹാരവും നടന്നതെന്ന് എടുത്തുപറയുന്നു. ആറാം വർഷത്തെ ത്രിഭുവനിലിഖിതം- ഉദയപിരാട്ടിയാർ പിരാന്തകൻ ഉലോകമഹാദേവിയാർനമ്മക്ക് കൊടുത്ത പുത്തൂരിലെ ഭൂമിയെ സഭ വേറെ രീതിയിൽ ക്ലാസിഫൈ ചെയ്തു. അമ്മോൻ എന്നും സേനാപതി രാജേന്ദ്രവയിനഗരച്ചോളനെന്നും പേരുള്ള അധികാരി വില്ലവരായൻ മൂവേന്തവേളരുടെ കടൈയീട് എന്ന് പറഞ്ഞിരിക്കുന്നു.

ഏഴാം ഭരണവർഷം തെക്കേ ആർക്കോട്ട് സിംഗാവരം ലിഖിതം-സൈന്യാധിപനെ കൊന്ന പാപത്തിന് ഒരു മുഖ്യൻ വിളക്ക് വെച്ചു. 8ആം ഭരണവർഷം രാജേന്ദ്ര ഒന്നാമന്റെ ഒരു അണുക്കിയുടെ മകൻ ശിരുതരപ്പെരുംതരം സേനാപതി അരയർ കാടക്കം കൊണ്ട ചോളൻ രാജരാജഅണിമുറി കാടാൾവാൻ ഒരു വിഗ്രഹം പ്രതിഷ്ഠിച്ച് അതിന് ഭൂമിയും സംരക്ഷിക്കാൻ ദേവകർമ്മികളേയും ഏൽപ്പിച്ചു. 9ആം

ഭരണവർഷം വടക്കേ ആർക്കോട്ടിലെ ബ്രഹ്മദേശം ലിഖിതം- പരാക്രമചോളചതുർവേദിമംഗലമെന്ന കരൈക്കോട്ട് ബ്രഹ്മദേശം സഭ പോണ്ടൈയുടയാർ ക്ഷേത്രത്തിൽ സമ്മേളിച്ചു. വൈകയുടെ തെക്കേ കരയിലെ രുദ്രചോല മഹാദേവക്ഷേത്രത്തിന് ഭൂമി പൊതുവിൽപ്പനക്ക് വെക്കാൻ കൽപ്പിച്ചു.

കരുവൂർലിഖിതം- തിരുവാനിലൈക്ഷേത്രത്തിന് ഭൂമിദാനം. വീരരാജേന്ദ്രലിഖിതത്തിലും കാണുന്ന 5 ഉദ്യോഗസ്ഥർ ഒപ്പ് വെച്ചിട്ടുണ്ട്. അതിലൊരാൾ അരയൻ രാജരാജനെന്ന വീരരാജേന്ദ്രജയമുറി നാടാൾവാനാണ്. ഇദ്ദേഹം തന്നെയാണ് സേനാപതി ജയമുറി നാടാൾവാർ എന്ന് രാജേന്ദ്രന്റെ സിംഗിലി കന്ധർവ്വശ്രീലങ്കലിഖിതത്തിൽ കാണുന്ന വ്യക്തി. 9ആം വർഷത്തിലെ കരുവൂർലിഖിതത്തിൽ തിരുവാനിലൈ ക്ഷേത്രത്തിന് നെൽവായ്പ്പള്ളി കൊടുക്കുന്നതും ഈ വ്യക്തിതന്നെ.

മഹാബലിപുരം ലിഖിതം-നഗരമാമല്ലപുരമെന്ന ജനനാഥപുരം കരമൊഴിവായ ഭൂമിയുടെ അതിർത്തി നഗരത്താർ നിശ്ചയിച്ചു. ശ്രീപരമേശ്വര മഹാവരാഹവിഷ്ണുഗൃഹത്ത് ആൾവാരുടെ ഭൂമിയാണ്. അതിനോട് വേറെ ചില ഭൂമികളും കൂടി കൂട്ടിച്ചേർത്തുകൊടുത്തു.

പുലല്ലൂരിലെ കരമൊഴിവായ ഭൂമി ഭാരതീവൃത്തി- ഭാരതം രാമായണം പുരാണങ്ങൾ പാരായണം- ചെയ്യുന്നതിന്ന് തിരുവയോദ്ധീശ്വരം ക്ഷേത്രം ഗ്രാമ സഭ കൊടുത്തു. തിരുമലവാടിലിഖിതം ഇന്ദ്രനീലം പതിച്ച മന്ത്രപുഷ്പം ഉൾപ്പെടെ ആഭരണങ്ങൾ ദാനം ചെയ്തു. രാജാധിരാജൻ രാജാവിന്റെ മൂത്ത സഹോദരനായിരുന്നു എന്നും, രാജാവിന്റെ

പിൻഗാമി വീരരാജേന്ദ്രദേവന്റെ 9ആം വർഷത്തി ലും ക്ഷേത്രത്തിന് സമ്മാനങ്ങൾ കൊടുത്തിട്ടുണ്ടെ ന്നും കാണുന്നു. 10ആം വർഷം മൈസൂർ തെരെയൂ ർ ലിഖിതം- ശത്രുഭയങ്കരനും കരഭദ്രനും ഉൾപ്പെടെ , ഭദ്രം ഇനത്തിലുള്ള 75 ആന, ഒട്ടകം , ആഹവ മല്ലന്റെ രാജ്ഞിമാർ എന്നിവരെ പിടിച്ചടക്കി. തിരു വല്ലം ലിഖിതം- ത്രിഭുവനസുന്ദരചോളകേരള വിത്ത ങ്കരേയും ഭാര്യയേയും പിള്ളയാരേയും സഭയും സൈന്യവിഭാഗവും പ്രതിഷ്ഠിച്ചു. ശിവബ്രാഹ്മണ ർക്ക് പൂജക്ക് ഭൂമി കൊടുത്തു. 850 കൂലിനിലം ചോളകേരളവിത്തങ്കന് അർച്ചനാഭോഗമായി കൊടു ത്തു. 12ആം ഭരണവർഷം വരെ ലിഖിതങ്ങളുണ്ട്, കുറെ എണ്ണം വർഷം പറയാത്തവയും ഉണ്ട്.

രാജകേസരി രാജമഹേന്ദ്രദേവന്റെ ലിഖിതങ്ങൾഃ-

രണ്ടാം വര്ഷം മൈസൂർ ഹോസഹള്ളിലിഖിതം- തിരുവൂർമഠത്തിലെ അഘോരശിവനെന്ന തിരുവിയ ലൂർ പരംജ്യോതി പെരുമ്പനപ്പാടിയിലെ ജയംകൊ ണ്ട ചോളപുരത്തെ അവിക്കൂർസ്വദേശിയാണ്. അദ്ദേഹത്തിന് ഭൂമി ദാനം. തെക്കേ ആർക്കോട്ട് ഒലകപുരത്തെ ലിഖിതം- ലോകമാതേവീപുരം നഗരത്താർ , ഇവ്വൂരിലെ തിരുമേൽക്കോവിലി ലേക്ക് അരിഞ്ജികൈ വിണ്ണാൾ വീറ്റിരുന്താളെ തന്ന സാത്തന് ഭൂമി വിറ്റു. സുന്ദരചോളപ്പെരും പള്ളിയിലെ ഭക്തനായ സമന്തബാഹുആചാര്യനാണ് ഈ വില്പ്പനപത്രത്തിനുള്ള ചെലവ് വഹിച്ചത്. മൂന്നാം ഭരണവർഷം തെക്കേ ആർക്കോട്ടിലെ തിരുപ്പാപ്പുലിയൂർ ലിഖിതം ആഹവമല്ലനുമായി നടന്ന യുദ്ധം പരാമർശിക്കുന്നു.

രാജകേസരി വീരരാജേന്ദ്രകാലത്തെ ലിഖിതങ്ങൾഃ-
രണ്ടാംവർഷം ആലമ്പാക്കം ലിഖിതം- തിരുവാലീശ്വരമുടയ മഹാദേവന് മധുരാന്തകചതുർവ്വേദിമംഗലം സഭ , തിരുവിശലൂർ പള്ളികൊണ്ടാൾവാർ ക്ഷേത്രത്തിൽ സമ്മേളിച്ച് ഭൂമി സമ്മാനിച്ചത്.
തിരുവെങ്കാട് ലിഖിതം - രാജാധിരാജവലനാട്ടിലെ മൂന്നു നാട്ടിലെ അനേകം ഗ്രാമങ്ങളിലെ നികുതി രാജാവിന്റെ തിരുനാളായ ആയില്യത്തിന് ഉത്സവത്തിനും വഴിപാടുകൾക്കും തിരുവെങ്കാട്ട് ഉടൈയാർക്ക് കൊടുത്തു.

തിരുവൊറ്റിയൂർ ലിഖിതം- രാജാവിന്റെ നാളായ ആയില്യത്തിന് പ്രത്യേകപൂജകൾക്ക് ജയസിംഹകുലകാലപ്പെരുംതെരുവിലെ ശാലീയക്കച്ചവടക്കാർ 120 കാശ് വാടകയായി കൊടുത്തു. പടിഞ്ഞാറൻ ചാലൂക്യജയസിംഹ മൂന്നാമൻ എന്ന ജയസിംഹകുലകാലവിളുപ്പരയനാണ് ഇത് നിശ്ചയിച്ചത്.
ഇവിടത്തെ മറ്റു വാടകക്കാർ ത്രിഭുവനസുന്ദരപ്പെരുന്തെരു മന്റാടികൾ,നാർപ്പത്തെണ്ണായിരപ്പെരുന്തെരു ശിൽപ്പികളും കലാകാരന്മാരും.

നാലാംഭരണവർഷം തെക്കേ ആർക്കോട്ടിലെ തിരുനാമനല്ലൂർ ലിഖിതം. സ്വസ്തിശ്രീ സകലഭുവനാശ്രയ ശ്രീമേദിനീവല്ലഭ മഹാരാജാധിരാജ ചോളകുലസുന്ദരപാണ്ഡ്യകുലാന്തക ആവഹമല്ലകുലകാല ആഹവമല്ലനൈ മുമ്മുടിവെങ്കടരാജശേഖര, രാജാശ്രയരാജരാജേന്ദ്ര ശ്രീവീരചോള കരികാലചോള ശ്രീവീരരാജേന്ദ്രദേവ രാജകേസരിവർമ്മ പെരുമാനടികൾ കോനേരിൽ മൈക്കൊണ്ടാൻ.

5ആം ഭരണവർഷം മൈസൂർ ബ്യാദരപ്പള്ളിലിഖിതം ഭർത്താവ് മരിച്ച് സതി അനുഷ്ഠിച്ച ഒരു

സ്ത്രീയുടേതാണ്. 6ആം വർഷം തെക്കേ ആർക്കോട്ടിലെ ചെമ്പലിഖിതം-നഗരക്കണക്കൻ ക്ഷേത്രാധികാരികൾക്കുള്ള ഭൂദാനം. അവരിൽ ഒരാൾ മഹാവ്രതിയായ ലകുലീശ്വരപണ്ഡിതനാണ്.

മൈസൂർ പോട്ടപ്പള്ളിലിഖിതം-മുമ്മടിക്ക് പകരം ഐമ്മടിവെങ്കടമെന്ന് കാണുന്നു. നീർനിലം 50 കുളി കാട്ടാരാമം 1000 കുളി അനാഥനെന്ന ആൾ തന്റെ മാതാപിതാക്കളുടെ പുണ്യത്തിനായി (അമ്മ സതി അനുഷ്ഠിച്ച ശേഷം) ദാനം ചെയ്തു. 7ആം ഭരണവർഷം വെള്ളാനൂരിലെ ലിഖിതം. അഗസ്തീശ്വരക്ഷേത്രത്തിലെ അർദ്ധമണ്ഡപം , ശിരുവായിൽനാട്ടിലെ മുടിക്കൊണ്ടനാടാൾവാൻ (ചോളസാമന്തൻ) നിർമ്മിച്ചു.

ഭരണവർഷം പറയാത്ത ലിഖിതങ്ങൾ:-തെക്കേ ആർക്കോട്ടിലെ ഒരു സതിയുടെ തീരുമാനം . ഭർത്താവിനു ശേഷം ജീവിച്ചാൽ സപത്നിമാരുടെ അടിമയാകും. അവൾ മരിക്കരുതായിരുന്നു എന്ന് പറയുന്നവർക്ക് സ്വന്തം ഭാര്യയെ വ്യഭിചരിച്ച പാപം കിട്ടും. അവളെ കെട്ടിവരിഞ്ഞ് ചിതയിലിടാത്തവന് സ്വന്തം ഭാര്യമാരെ വ്യഭിചരിച്ച പാപം കിട്ടും ഇത് വല്ലാത്ത ആശ്ചര്യകരമായ ഒന്നാണ്. ആ സ്ത്രീയാണോ , അവരെ സതിയാക്കിയ പുരുഷസമൂഹമാണോ ഈ തീരുമാനം കൊത്തിവെച്ചത് എന്നത് ആലോചനീയമാണ്.

തിരുപ്പത്തൂർ ലിഖിതം- സംസ്കൃതത്തിലാണ്. കൊല്ലാപുരത്തെ പരാമർശിക്കുന്നുണ്ട്. തിരുവൊറ്റിയൂർ ലിഖിതം- സിംഹവിഷ്മുചതുർവേദിമംഗലത്ത് രാജാജ്ഞയാൽ 60 വേളി തരിശുനിലം കൃഷിയോഗ്യമാക്കി. വീരരാജേന്ദ്രവിലാകമെന്ന് പേരിട്ടു.

ഇതിൽനിന്നു കിട്ടുന്ന വിളവ് ചക്രവർത്തി വീരരാജേന്ദ്രദേവന്റെ ആരോഗ്യം, വംശവൃദ്ധി, രാജ്ഞിയുടെ തിരുമാംഗല്യരക്ഷ, കുട്ടികൾക്ക് ആയുസ്സും ആരോഗ്യവും ഇവക്കായി ക്ഷേത്രത്തിന് നീക്കിവെച്ചു. നെല്ലും കാശും പണവും , 4 വക ഉദ്യോഗസ്ഥരുടെ ശമ്പളത്തിന് നീക്കിവെച്ചു. 1.രണ്ടു പൂജാരിക്കും, പൂജക്കും പള്ളിയുണർത്തലിനും പാട്ടുപാടുന്നവനും , 2. തിരുവാതിരതിരുനാളിൽ തിരുവെമ്പാവൈ പാടുന്നവർക്ക്. 3. നൃത്തം വെക്കുകയും പാടുകയും ചെയ്യുന്ന 22 തളിയിലാർക്കും ഒരു നൃത്താദ്ധ്യാപകനും അകമാർഗ്ഗത്തില് തിരുപ്പതികം പാടുന്ന 16 തേവരടിമാർക്കും. 4. നാലു പാചകക്കാർക്ക്. യോഗിമല്ലാവരം ലിഖിതം മുന്നൈപ്പൂണ്ടിദേവദാനം . തിരുച്ചുകനൂരിലെ തിരുപ്പലാദീശ്വരക്ഷേത്രത്തിന് നികുതികളെല്ലാം കൊടുത്തു. ചാലൂക്യബിരുദങ്ങളുള്ള പ്രാദേശികമുഖ്യനായ നാരണദേവനാണ് ഇത് ചെയ്തിരിക്കുന്നത്.

പരകേസരി അധിരാജേന്ദ്രദേവന്റെ ലിഖിതങ്ങൾഃ- രണ്ടാം ഭരണവർഷം തെക്കേ ആർക്കോട്ട് കിടങ്കിൽ ലിഖിതം- നേരത്തേ ഉള്ളത് വീണ്ടും കൊടുത്തതിന്റെ പകർപ്പ്. ശാത്തനാലായിരവൻ എന്ന കരികാലചോളശെങ്കേനിനാടാൾവാൻ ഊരിൽനിന്ന് വാങ്ങി ദാനം ചെയ്ത ഭൂമിയുടെ രേഖ. തെക്കേ ആർക്കോട്ട് തിരുവക്കരൈ ചന്ദ്രമൌലീശ്വരക്ഷേത്രത്തിലെ പരമരാജപ്പെരുമാൾവിമാനം മുമ്പ് കോ ചോളൻ ഇഷ്ടിക കൊണ്ടാണ് നിർമ്മിച്ചിരുന്നത്. അതിനെ കല്ലിൽ പുനർനിർമ്മിച്ചു. മൂന്നാം വർഷം വടക്കേ ആർക്കോട്ട് കലവൈലിഖിതം- മഹാസഭ ഭൂമി ഉലകളന്തചോളചതുർവേദിമംഗലത്തെ തൃക്കാരീശ്വര ക്ഷേത്രത്തിനു വിറ്റു. ലങ്കയിലെ പോളോനുരുവ

ലിഖിതം-പോലോനുരുവയുടെ പഴയ പേരായ ജന നാഥമംഗലത്ത് വാനവൻ മാതേവീശ്വരന് വിളക്കിന് 5 കാശ് ജോലിക്കാരും നർത്തകികളും നാട്ടവരും, പുരോഹിതനേയും അദ്ദേഹത്തിന്റെ പിൻഗാമിക ളേയും ഏല്പിച്ചു.

ചോളപാണ്ഡ്യജടാവർമ്മസുന്ദരകാലത്തെ ലിഖിതങ്ങ ൾ-നാലാം വര്ഷം മാന്നാർകോവിലിൽ . രാജേന്ദ്ര ചോളവിന്നഗരത്തിന്, രാജരാജചതുർവേദിമംഗലം സഭ ക്ഷേത്രജീവനക്കാര്ക്കുവേണ്ടി ഭൂമി കൊടുത്തു. ചേരമംഗലത്ത് 6ആം വർഷലിഖിതം-മന്റാടി ഇരൈ യാൻ അച്ഛൻ,ചേരമംഗലം സഭക്ക് പുനൈപടുവേൻ എന്ന പ്രതിജ്ഞയോടെ (ജാമ്യം) , തെൻ തിരുവരങ്ക മുടയാർ കോയിൽ മുതുക്കുടി ചെന്തിൽ ആയിരത്ത വൻതേവനിൽനിന്ന്, അവൻ മറ്റെങ്ങോട്ടെങ്കിലും പോയാൽ താൻ കൊടുക്കാമെന്ന ഉറപ്പോടെ കൊടുപ്പിച്ചു. പാർത്ഥിവകുലശേഖരപുരം ലിഖിതം- നിത്യനന്ദാ വിളക്കിനും ബ്രാഹ്മണർക്ക് മൃഷ്ടാന്ന ഭോജനത്തിനും ഉള്ള ദാനം. ശുചീന്ദ്രത്ത് 9ആം വർഷലിഖിതം. ശങ്കരപാടിയാൻ കളനിവെണ്ണി എന്ന മധുരാന്തകപ്പേരരയൻ (കോട്ടാറിലെ -മുമ്മുടി ച്ചോളനല്ലൂരിലെ) സുന്ദരചോളചതുർവേദിമംഗല മെന്ന ശുചീന്ദ്രത്തെ തിരുവെങ്കടത്താഴ്വാർ ക്ഷേത്ര ത്തിന് നാഞ്ചിനാട്ടിലെ ബ്രഹ്മദേയം. ഇതിലെ ഒന്നര നിത്യവിളക്കിനും എട്ടിൽ 3 അളവ് നെയ്യ് നിത്യം 38 പശുക്കളിൽനിന്നും ഇവ്വൂർപടൈത്തലവൻ കൊടുക്കണം. 10ആം വർഷം ചേരമാതേവിക്ഷേത്രം അപൂർണ്ണലിഖിതം- ഉത്തമചോളവലനാട്ടിലെ ജയം കൊണ്ടചോളചതുർവേദിമംഗലം വിജയനാരായണ എന്ന് കാണാം. 11ആം വർഷം കോലാപുരം നാഗർകോവിൽ ലിഖിതം.

സർവ്വലോകാശ്രയശ്രീവിഷ്ണുവർദ്ധനമഹാരാജാ എന്ന ചാലൂക്യവിജയാദിത്യവിക്കിയണ്ണൻ, തിരുക്കോട്ടാറെന്ന മുമ്മുടിച്ചേള്ളമണ്ഡലത്തിലെ രാജേന്ദ്ര ചോളേശ്വരത്ത് വിളക്കിന് 25 പശുക്കളെ ദാനം ചെയ്തു. അവിടെത്തന്നെ ഉടൈയാർ പെരുന്തനത്ത് തേവർ വിച്ചാതിരൻ ചോളമാരായൻ വിളക്കിന് 80 ആടിനെ കൊടുത്ത രേഖയുമുണ്ട്. നാഗർകോവിലിലെ കോലാപുരം ലിഖിതം. കേരളകുലാസനിചതുർവേദിമംഗലം എന്ന ശീവല്ലുവമംഗലം(ശ്രീവല്ലഭ) സഭ ഉത്തമചോളവലനാടിലെ നാട്ടാറ്റുപ്പോക്കിലെ ബ്രഹ്മദേയം ഭൂമി കോട്ടാറിലെ ദേവകർമ്മിമകൾക്ക് വിറ്റു. (പൊതുനിലമാക്കി വിറ്റു. എങ്കളൂർ വിറ്റുക്കുടുത്ത പൊതുനിലമാവിത്)

12ആം വർഷം ചേരമാതേവി ലിഖിതം . കൈലാസമുടയാർക്ക് വിളക്ക് വെക്കാൻ അഗനാളികൈ ശിവബ്രാഹ്മണര്ക്ക്, ശ്രീകന്തദാമോദരഭട്ടൻ 36 കാശ് ഏൽപ്പിച്ചു. 13ആം ഭരണവർഷം അംബാസമുദ്രലിഖിതം- രാജേന്ദ്രചോളമണ്ഡലത്തിലെ നാനാദേശത്തിശൈ ആയിരത്തഞ്ഞൂറ്റുവർക്ക് നന്മക്കായി സമ്മാനം. ക്ഷേത്രത്തെ തിരുച്ചാലത്തുറൈ ആൾവാർക്ഷേത്രമെന്ന് പറയുന്നു. 13ആം ഭരണവർഷം മന്നാർകോവിൽ ലിഖിതം. മഹാസഭ പതിനാലേമുക്കാൽ വേലിനിലവും 2 മാ തണ്ണീർത്തടവും തോട്ടവും രാജരാജചതുർവ്വേദിമംഗലത്തെ രാജേന്ദ്രചോളവിന്നഗരത്തിന് വിറ്റു 12 ചേരികൾ ഈ ഗ്രാമത്തിലുണ്ട്. 1.രാജരാജ. 2 അരുമൊഴിതേവ 3. നിത്തവിനോദ 4. ചോളേന്ദ്രസിംഹ 5. സുന്ദര ചോള 6. വാനവൻ മാതേവി 7. ഉത്തമചോള 8. സെംബിയൻ മാതേവി 9 മുമ്മുടിച്ചോളച്ചേരി 10 കുന്തവൈ 11. പഞ്ചവൻ മാതേവി 12. ലോകമാതേവി.

13ആം ഭരണവർഷം തിരുവാലീശ്വരം ലിഖിതം മുല്ലിനാട്ടിലെ ബ്രഹ്മദേയവും വിളക്കും , 14ആം വർഷം അംബാസമുദ്രം ലിഖിതം അപൂർണ്ണമായ രേഖയുമാണ്. മണ്ണാർകോവിലിലെ ലിഖിതം, ചേര രാജാവ് രാസിംഗദേവരുടെ രാജ്ഞി ചേരളൻ മാ തേവിയാർ ആദിച്ചി, നാഞ്ചിനാട്ടിലെ രാജേന്ദ്രചോള വിന്നഗരആൾവാർക്ക് അരവിളക്കിന് 16 പശുക്ക ളെ കൊടുത്തതാണ്. ഈക്ഷേത്രം നിർമ്മിച്ചത് ചേരരാജാവ് രാജസിംഹനാണെന്ന് പറയുന്നുണ്ട്. മണ്ണാർകോവിലിലെ മറ്റൊരു ലിഖിതം, ഗ്രാമം മുഴുവനും സഹോദരന്മാരായ രണ്ട് ഭട്ടന്മാർ ക്ഷേ ത്രത്തിനു വിറ്റു എന്നും പ്രസ്താവിക്കുന്നു. . 15 ആം വർഷം ചേരമാതേവിലിഖിതം ആൾവാർക്ക് തിരുമെയ്കോപ്പിനുള്ളനിലം ,16ആം വർഷം അംബാസമുദ്രലിഖിതം തിരുച്ചാലത്തുറൈയുടയ മഹാദേവന് വിളക്ക്, ഇവയാണ്. മണ്ണാർകോവിലി ലെ മറ്റൊരു ലിഖിതം ചേരരാജാവ് രാജസിംഹ ൻതേവ എന്നും കുടിനീങ്ങാക്കാരാണ്മൈ എന്നും പറയുന്നുണ്ട്. തിരുവാലീശ്വരം ലിഖിതം-ഉടയാർ ശ്രീസുന്ദരചോളപാണ്ഡ്യതേവൻ തന്റെ കൊട്ടാരമായ രാജേന്ദ്രചോളപുരത്തിനു പുറത്തെ മണ്ഡപത്തിലി രുന്ന് അമ്മാമന്റെ (അമ്മാൻ ചോളചക്രവർത്തി) കൽപ്പനപ്രകാരം 5 വേളിനിലം വാങ്ങി മുല്ലൈനാ ട്ടിലെ രാജരാജചതുർവേദിമംഗലം ക്ഷേത്രത്തിനു കൊടുത്തു. ഉത്സവം, ബ്രാഹ്മണഭോജനം, ശിവധർമ്മ പാരായണം ഇവക്കാണ് ദാനം. ഈ ദാനത്തിൽ വെള്ളാൻ ജന്മിയുടെ ഓഹരിയായി കൊടുക്കുന്ന നെല്ലും, ഉറുവുകോൽക്കാശും, കാള,എരുതുകാശും ഉൾപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്.

17ആം വർഷം ചേർമാദേവിലിഖിതം-ഇതേ രാജ കുമാരൻ രാജധാനിയുടെ പടിഞ്ഞാറേ മാളികയിലി രുന്ന്, അമ്മാമന്റെ കൽപ്പനപ്രകാരം കല്ലൂരിലെ ഭൂമിമേൽ കൊടുത്ത നികുതികൾ, അഴകെരുതുകാ ട്ചിക്കാശ്, കാട്ചിഎരുതുകാശ്, ഊർക്കളഞ്ച് ഉൾപ്പെടെ പറയുന്നു. ശിവപാദശേഖരനല്ലൂരിലും ഇത് കാണുന്നു. 17ആം വർഷം തിരുവാലീശ്വരം ലിഖിതം- ഇതേ രാജകുമാരൻ, മാടക്കുളക്കീഴ് മധുരയുടെ വടക്ക് പുത്തനെന്ന തന്റെ പൂന്തോ ട്ടത്തിൽ സിദ്ധർകൂടത്തിൽ അത്താഴം കഴിക്കുമ്പോൾ രാജേന്ദ്രചോളഅതിമൂർക്കച്ചെങ്കിറൈയിലിരിക്കുന്ന അമ്മാമന്റെ കൽപ്പന കിട്ടി. അതനുസരിച്ച് വരിയി ടീലിന് സമ്മതം കൊടുത്തു.

18ആം വർഷം അംബാസമുദ്രം ലിഖിതം വിളക്കിന് 60 ആടിനെ കൊടുക്കുന്നതാണ്. രാജരാജചതുർവേ ദിമംഗലത്തിന്റെ തെക്കുള്ള തിരുപ്പോട്ടുവായിൽ, തിരുച്ചാലൈത്തുറൈ ശ്രീമൂലസ്ഥാനക്ഷേത്രങ്ങൾക്ക് ആണ് ഇത്. 19ആം ഭരണവർഷം ചേരമംഗലം ലിഖിതം- തെൻതിരുഅരംഗമുടൈയാർക്ക് ലോഹം കൊണ്ട് (തരാ-സിങ്ക്) വിളക്കുകാൽ തിരുവൊറ്റി ച്ചേവകൻ മായിലത്തിയാണ് സമർപ്പിക്കുന്നത്. പു റങ്കരവൈ നാട്ടിലെ മുക്കരൈ എന്ന മുമ്മുടിച്ചോള പുരത്ത് ശങ്കരപ്പാടിയൻ കളക്കിവെന്നിയുടെ ഇളയ സഹോദരനാണ് ഇദ്ദേഹം. (ചോളമണ്ഡലത്തിലെ ഒരു ഭാഗമായ അരുമൊഴിത്തേവവലനാട്ടിലാണ് മുക്കരൈ)

നാഗർകോവിൽകോലാപുരം ലിഖിതം- തിരുക്കോട്ടാർ അഥവാ മുമ്മുടിച്ചോളനല്ലൂരിൽ, രാജേന്ദ്രചോളേശ്വരമുടയാരുടെ ഉള്ളാലയിൽ അര

വിളക്ക് വെക്കാൻ , തപസ്വിനി(തവസി)യായ നാർപ്പത്തെണ്ണായിരം മരളിതേവി പശുദ്ദാനം ചെയ്തു. 18ആം വര്ഷം ചേര്മാതേവിലിഖിതം- ശിവപാദശേഖരനല്ലൂരെന്ന കല്ലൂരിലെ 2 വേളി കാണിനിലം കൊടുത്ത 10 പേര് അത് ക്ഷേത്ര ജോലിക്കാർക്ക് കൊടുത്തു. ഇനിമുതൽ അവർ അത് കൃഷി ചെയ്യണമെന്ന ഉത്തരവ് പുറവുവരി തിനൈക്കളത്താരും വരിപ്പുത്തകം ഉടൈയാരും പുറപ്പെടുവിച്ചു. രാജാവിന്റെ പേരിനോട് മാന വീരപക്ഷേത്രത്തിലെ തരാന്തകനെന്ന് ചേർത്തിട്ടുണ്ട്. 21ആം ഭരണവർഷം മധുര ആനമലലിഖിതം- വെറ്റിക്കുടിയിലെ ശ്രീനരസിംഹദേവന്റെ വിളക്ക് വെക്കാനായി നക്കൻ ചെമ്പകത്തിന് 25 ആടിനെ കൊടുത്തു. കീഴ് ഇരണിയമുത്തം , തിരുവാനൈമ ലൈ (ആനമല) മുതലായ പേരുകളുണ്ട്. (ഇരണി യൽ അഥവാ ഹിരണ്യനാമമുള്ള നരസിംഹം) ആനൈമലൈ രാജരാജപാണ്ടിനാട്ടിലെ രാജേന്ദ്രചോള വലനാട്ടിലെ കീഴ് ഇരണിയമുത്തത്തിൽ തിരുവാന മലൈ നരസിംഹആൾവാർക്ക് വിളക്ക്)

30ആം ഭരണവർഷം ആറ്റൂരിൽ സുന്ദരചോളപാ ണ്ഡ്യത്തെരിന്തവാലർ വിളക്ക് വെച്ചു.

ജടാവർമ്മൻ ഉടൈയാർ ശ്രീചോളപാണ്ഡ്യദേവ ലിഖിതങ്ങൾഃ- 3ആം വർഷം ശുചീന്ദ്രലിഖിതം- ദണ്ഡനായകം ചോളമണ്ഡലത്ത് വടകരൈ രാജേന്ദ്ര സിംഗവളനാട്ട് തിരുവാലിനാട്ട് മരുതത്തൂരുടൈയാൻ വേളൻ ചോളകേരളൻ എന്ന കരികാലചോളവൈ ഡുംബരായൻ, ശുചീന്ദ്രമുടൈയ പരമസ്വാമികൾക്ക് വിളക്കിന് 50 ആട് കൊടുത്തു. 3ആം വർഷം ചേരമാതേവിലിഖിതം- രാജേന്ദ്രചോളപുരം തിരു

മഞ്ചനശാലയിലെ സിംഹാസനത്തിലിരുന്ന് കല്ലൂരിലെ നിലം ദേവദാനമായി കരമൊഴിവാക്കി കൊടുത്തു. ശിവപാദശേഖരനല്ലൂരെന്ന 2 വേളി നിലം അടക്കം 4 വേളിനിലം നമ്മെയ്യർ (നമ്മുടെ അച്ഛൻ) ചോളവീരരാജേന്ദ്രൻ പറഞ്ഞ പ്രകാരം റെജിസ്റ്ററില് എഴുതിച്ചു. മുടികൊണ്ടചോളപ്പേരാറെന്ന താമ്രപർണ്ണീതീരത്താണ് കൈലാസമുടൈയാർ ക്ഷേത്രം. 24ആം ഭരണവർഷം ശുചീന്ദ്രം ലിഖിതം- ക്ഷേത്രത്തിന് വിളക്കുവെക്കാൻ സഭ ഭൂമി വിറ്റ രേഖ. 25ആം ഭരണവർഷം ശുചീന്ദ്രം ലിഖിതം- സുന്ദരചോളചതുർവേദിമംഗലം സഭ ഭൂമി 60 കാശിന് ക്ഷേത്രത്തിന് വിറ്റു. 2 വിളക്ക് വെച്ചു. വെങ്കാടൻ ശങ്കരനാന സേനാപതി മലൈയപ്പീച്ചോളൻ വൈത്ത അഭയാകരൻ തിരുവമുത്.

ചോളപാണ്ഡ്യമാരവർമ്മൻ ഉടൈയാർ ശ്രീവിക്രമലിഖിതം 29ആം വർഷം വരെ ഉണ്ട്. 20ആം വർഷം ആതനൂരിലെ ലിഖിതം ജടാവർമ്മസുന്ദരചോളപാണ്ഡ്യദേവന്റെ 3ആം വർഷമാണ്. 21ആം വർഷത്തെ ചേർമാതേവിലിഖിതം കൈലായമുടൈയ മഹാദേവ (നിഗിരിലിചോളചതുർവേദിമംഗലം)ന് വിളക്ക് കുണ്ഡിനഗോത്രക്കാരിയായ ബ്രാഹ്മണസ്ത്രീ വെച്ചതാണ്. 22ആം വർഷം ചേരമാതേവിയിൽ, 25 ആടിനെ കൈലായമുടയാർക്ക് അരവിളക്കിന് ചേരമാനാർ വേളം കുടിത്താങ്കി ചെങ്കോടി ദാനം ചെയ്തു. 25ആം ഭരണവർഷം ചോളേന്ദ്രനരസിംഹേശ്വരത്തിനും കൈലാസക്ഷേത്രത്തിനും (നിഗരിലിചോള) വേണ്ടി അകനാളികശിവബ്രാഹ്മണർ, ബ്രാഹ്മണസ്ത്രീയിൽനിന്ന് 12 കാശ് സ്വീകരിച്ചതും. ഇത് ക്ഷേത്രത്തിലെ രാജാധിരാജചുറ്റാലയിലും ദക്ഷിണാമൂർത്തിക്കും വിളക്ക് കത്തിക്കാനായി

രാജാവ് രാജേന്ദ്ര രണ്ടാമന്റെ ഇളയ അനുജനായ മുമ്മുടിച്ചോളകാലത്താണ്

ചോളപാണ്ഡ്യമാരവർമ്മ ഉടൈയാർ ശ്രീപരാക്രമകാലത്തെ ലിഖിതം- നാലാം വർഷം ചേർമാദേവിലിഖിതം- യോഗദേവനും പത്നി സോമദേവിയും (കാശ്മീരദേശത്തെ) കൈലാസമുടയോർക്ക് ഒരു വിളക്കിന് 12 കാശ് അകനാഴികയർക്ക് സമർപ്പിച്ചു.

ചോളപാണ്ഡ്യജടാവർമ്മൻ ഉടൈയാർ വീരകാലത്തെ ലിഖിതം- 21ആം ഭരണവർഷം പെരിച്ചിക്കോവിലിൽ മേൽമരുതൂരിലെ മുത്തീശ്വരമുടൈയാർ ക്ഷേത്രത്തിലെ ക്ഷേത്രപാലന് നിത്യം വിളക്കിന് ഭൂമി ദാനം. രാജാധിരാജപൂങ്കുന്റും നാടാൾവാൻ കുലാശനി അമ്പലത്താടിയും സഹോദരൻ കുലാശനി മാലുവമാണിക്കം അധിരാജാധിരാജ പൂങ്കുന്റനാടാൾവാനും പരാമർശിക്കപ്പെട്ടിരിക്കുന്നു.

കുലോത്തുംഗൻ ഒന്നാമന്റെ കാലത്തെ കുറിച്ച്:-

1070 മുതല് 1120 വരെ 50 വർഷമാണ് ഇദ്ദേഹത്തിന്റെ ഭരണകാലം ഇക്കാലത്ത് വെങ്കി എന്നെന്നേക്കുമായി ചാലൂക്യർക്ക് നഷ്ടമായി.. കുലോത്തുംഗൻ മക്കളെ ചാലൂക്യചോളവൈസ്രോയിമാരായി നിയമിച്ചിരുന്നു. കുലോത്തുംഗ മൂന്നാമന്റെ കാലം വരെ യുദ്ധങ്ങൾ തുടർന്നുവന്നു. ജന്മനക്ഷത്രം പുഷ്യമാണ്. അവസാനലിഖിതം 52ആം വർഷത്തെ പുതുക്കോട്ട ലിഖിതമാണ്. 1063-70 വരെയുള്ള അദ്ദേഹത്തിന്റെ യുദ്ധങ്ങൾ ഇളങ്കോ പരുവത്തിലുള്ളവയാണ്. ധാരാവർഷത്തിലെ നാഗവംശി രാജാ

വിൽനിന്ന് കപ്പം മേടിച്ചതും കുന്തളസൈന്യത്തെ ഓടിച്ച് വിജയമാല ചൂടിയതും (പടിഞ്ഞാറൻ ചാലൂക്യ) വെങ്കി, ചക്രകൂടം ദിഗ്വിജയവും അടക്കം

വിക്രമാദിത്യ ആറാമന്റെ ബന്ധുക്കളും സുഹൃത്തുക്കളും- ദേവഗിരിയിലെ യാദവർ,ഹോയ്സല എരേയംഗ, ത്രിഭുവനമല്ല പാണ്ഡ്യ, കദംബജയകേശി. സഹോദരനായ ജയസിംഹൻ 3 വനവാസിയിലെ വൈസ്രോയിയായിരുന്നു. (വിക്രമാദിത്യനോയും ജയസിംഹനേയും തമിഴ്രേഖകളിൽ വിക്കളനും സിംഹളനും എന്ന് പറയുന്നു) ചിദംബരത്തെ വർഷം രേഖപ്പെടുത്താത്ത ഒരു സംസ്കൃതലിഖിതം ഇപ്രകാരം പറയുന്നു:-കുലോത്തുംഗൻ 5 പാണ്ഡ്യരാജാക്കന്മാരെ ജയിച്ചു, കോട്ടാറിലെ കോട്ട അർജ്ജുനൻ ഖാണ്ഡവവനമെന്നപോലെ ദഹിപ്പിച്ചു. കേരളത്തിലെ നിരവധി ശക്തികളെ കീഴടക്കി. കടൽത്തീരത്ത് വിജയസ്ംഭം നാട്ടി. എല്ലാ സാമന്തരേയും അനുസരണമുള്ളവരായി അടക്കിനിർത്തി(സവിധികം അകരോത്) മുത്തുവിളയുന്ന (വിളയിക്കുന്ന) കേന്ദ്രങ്ങളും, മൂന്നുവിധതമിഴരും ജീവിക്കുന്ന പൊതികമലയും , മദയാനകൾ വിഹരിക്കുന്ന സയ്യ(സഹ്യ) പർവ്വതവും പാണ്ഡ്യന്റെ തെക്കേ അതിരായ കന്നിയും (കന്യാകുമാരി) ഇവ പിടിച്ചു. പടിഞ്ഞാറൻ മലവാരത്തിലെ ചാവേറുകളെല്ലാം സ്വർഗ്ഗസ്ഥരായപ്പോൾ തന്റെ അശ്വപ്പടയാളികൾക്ക് കോട്ടാറിൽ അടക്കം എല്ലാ ഗതാഗതമാർഗ്ഗങ്ങളിലും താവളങ്ങൾ അനുവദിച്ച് ശത്രുക്കളിൽ ഭയം ജനിപ്പിച്ചു. മത്സ്യത്തേയും വില്ലിനേയും രണ്ടു പ്രാവശ്യം ചാലയേയും നശിപ്പിച്ചു എന്ന് വിക്രമചോളൻ ഉലായിലുണ്ട്. കലിംഗത്തുപരണിയും ഇത്

പറയുന്നു. കടലോരത്തെ രാജേന്ദ്രചോളപട്ടിണം എന്ന വിഴിഞ്ഞം നശിപ്പിച്ച് ശാല പിടിച്ചതടക്കം ഇദ്ദേഹമാണ് ചെയ്തത്.

ഇതിലെ 5 പാണ്ഡ്യന്മാർ ആരെല്ലാം. ജടാവർമ്മശ്രീ വല്ലഭന്റെ ഭരണം കുലോത്തുംഗന്റെ വിജയശേഷം ആരംഭിച്ചതാകയാൽ അദ്ദേഹമാകാനിടയില്ല. രാജരാജൻ ചെയ്തപോലെ ചോളഭരണം പാണ്ഡ്യരാജ്യത്തേക്ക് വ്യാപിപ്പിക്കയല്ല കുലോത്തംഗൻ ചെയ്തത്. അദ്ദേഹം പാണ്ഡ്യകേരളരാജ്യങ്ങളിലെ ഗതാഗത മാർഗ്ഗങ്ങളിലെല്ലാം നിലൈപ്പടൈ (മിലിട്ടറി കോളനി) സ്ഥാപിക്കയാണ് ചെയ്തത്. അദ്ദേഹം അവരിൽനിന്ന് വാർഷികകപ്പം ഈടാക്കുകയും, ഗതാഗത മാർഗ്ഗത്തിൽ കച്ചവടക്കാരുടെ നികുതി പിരിക്കുകയും ചെയ്തു, അവരുടെ ഇക്കോണമിയും വ്യാപാരവും സൈനികനീക്കവും തടസ്സപ്പെടുത്തി. ഈ ലിഖിതത്തിൽ പടിഞ്ഞാറൻ നാട്ടിലെ ചാവേറുകളെ പരാമർശിക്കുന്നത് ശ്രദ്ധേയമാണ്. പിൽക്കാലത്ത് സാമൂതിരി വള്ളുവക്കോനാതിരിയേയും തെക്കും വടക്കും ഏലടത്തുനാടിനേയും ഇപ്രകാരമാണ് ഉപരോധിച്ച് അശക്തരാക്കിയത് എന്ന് കാണണം. ഇതിന് കുലോത്തുംഗനാണ് മാതൃക കാണിച്ചുകൊടുത്തത്. കോട്ടാറിലെ നിലപ്പട 39ആം ഭരണവർഷത്തിലാണ് . സ്ഥലങ്ങളുടെ നാമം ചോളബിരുദങ്ങളോടു ചേർത്ത് അദ്ദേഹം മാറ്റി.എന്നാൽ ആഭ്യന്തര ഭരണത്തിൽ ഇട പെട്ടില്ല. ജടവർമ്മശ്രീവല്ലഭന്റെ 10ആം ഭരണവർഷം കുലോത്തുംഗന്റെ 31ആം ഭരണവർഷമാണ്. 11ആം വർഷം (എഡി 1081) കുലോത്തുംഗന്റെ തെക്കൻവിജയം നടന്നുകഴിഞ്ഞിരിക്കുന്നു. 1091നു മുമ്പ് ശ്രീവല്ലഭന്റെ ഭരണം തുടങ്ങിയിട്ടുമില്ല. ചോളരാജകുമാരന്മാരെ ചോ

ഉപാണ്ഡ്യവൈസ്രോയിമാരാക്കി നിയമിക്കുന്ന രീതി കുലോത്തുംഗൻ പുനരാരംഭിച്ചിട്ടില്ല. 1000-1070നു മുമ്പ് വെങ്കിയും ചോളരും തമ്മിലുണ്ടായിരുന്ന ബന്ധമാണ് ഇക്കാലത്ത് ചോളരും പാണ്ഡ്യരും തമ്മിലുള്ളത്. ആർഡി ബാനർജിയുടെ ഹൈഹയാസ് ഓഫ് ത്രിപുരിയിൽ 1072-3ൽ ത്രിപുരിയിലെ യശകർണ്ണദേവഹൈഹയനാണ് വെങ്കി ആക്രമിക്കുന്നത്.

വേണാടിന്റെ നേതൃത്വത്തിലുള്ള വിപ്ലവം 15 വർഷത്തിനു ശേഷമാണുണ്ടായത്. 28ആം വർഷത്തെ ലിഖിതം മുതൽ കലിംഗരായനായ നരലോകവീരന്റെ സേവനം പരാമർശിക്കുന്ന ലിഖിതങ്ങളുണ്ട്. ജടാവർമ്മശ്രീവല്ലഭന്റെ ലിഖിതങ്ങളിൽ ഇദ്ദേഹത്തിന്റെ പേരുണ്ട്. കുലോത്തുംഗനുശേഷവും ജീവിച്ച നരലോകവീരൻ, 6-7 വർഷം വിക്രമചോളനേയും സേവിക്കയുണ്ടായി. മഹാവംശം 1088ലെ ഒരു കാര്യം പറയുന്നുണ്ട്. കർണ്ണാടക,ചോളദൂതന്മാർ വിജയബാഹുവിനെ സമ്മാനങ്ങളുമായി സന്ദർശിച്ചു. രാജാവ് അവരെ സ്വീകരിക്കയും തന്റെ ദൌത്യസംഘത്തെ അവരോടൊപ്പം അയക്കുകയും ചെയ്തു. കർണ്ണാടകം അവരോട് മാന്യമായി പെരുമാറി. പക്ഷേ ചോളർ ആ ദൂതന്മാരുടെ മൂക്കും ചെവിയും മുറിച്ച് വിജയബാഹുവിനെ യുദ്ധത്തിന് വെല്ലുവിളിക്കയാണ് ചെയ്തത്. 1114ലെ സിലോൺലിഖിതം ഇത് പറയുന്നുണ്ട്. സേതരായൻ (ശ്വേതരാജാവ് -വെള്ള) എന്ന മലൈമണ്ഡലനായകനാണ് ഈ ദൌത്യത്തിൽ പങ്ക് വഹിച്ചതെന്നും അദ്ദേഹം ജയബാഹുത്തേവരുടെ ഉദ്യോഗസ്ഥനായിരുന്നു എന്നും പറയുന്നു.

1077ൽ ചൂലിയൻ(ചോള)എംബസി ചൈനയിലേക്ക് പോയി. അന്നത്തെ ചോളരാജാവ് ചൈനീസ് രേഖ. കളിൽ തിഹ്വാക്യാലോ (ദേവകുലോത്തുംഗ)ൻ വ്യാപാരത്തിന് 72 പേരെ അയച്ചു. 1063-70 വരെ കുലോത്തുംഗൻ ശ്രീവിജയത്തിലെ കിടാരത്തിലാണ് അവിടെ സമാധാനം സ്ഥാപിച്ചു. ശ്രീവിജയത്തി ല്നിന്ന് 1067ലും 10 വർഷം കഴിഞ്ഞും അയച്ച എംബസികളിൽ തിഹ്വാക്യാലോയുടെ നാമം കാണാം. കാംബോജരാജാവ് (ഖമർ) മനോഹരമായ ശില കാഴ്ചയായി കൊടുത്തു എന്നും പറയുന്നു. ചൈനീസ് ആന്നലുകളിൽ 1068-77ൽ ചോളന്മാർ ശ്രീവിജയസാമ്രാജ്യത്തിന്റെ പ്രജകളാണ്. 1106ലെ പാഗനിലെ മാത്വാൻലിൻ എംബസി പറയുന്നത്:- തൈഹൌലിൻ നെ ചോളഎംബസിയെ സ്വീകരി ക്കുന്നപോലെ സ്വീകരിക്കാൻ രാജാവ് കൽപ്പന കൊടുത്തു. എന്നാൽ സഭാനേതാവ് ചൂണ്ടിക്കാട്ടി- ചോളർ സൻ ഹോ ത്സിയുടെ പ്രജകളാണ്. ഹൈ നിങ്ങ്(1068-77)വർഷത്തിൽ നാം അവരെ അങ്ങനെ യാണ് സ്വീകരിച്ചത്. ഫൌക്കാൻ(പാഗൻ) ഫൺ...സാ മ്രാജ്യത്തിന്റെ ചക്രവർത്തിയാണ്. സൺഫോത്സി (ശ്രീവിജയ) സാമ്രാജ്യമാണ്.

1068ൽ വീരരാജേന്ദ്രൻ കടാരത്തിലേക്ക് സൈനികനീ ക്കം നടത്തിയിട്ടുണ്ട്. 1090ൽ കുലോത്തുംഗ ഒന്നാ മന് സന്ദേശവുമായി ശ്രീവിജയം രണ്ട് ദൂതന്മാരട ങ്ങിയ ദൌത്യസംഘത്തെ അയച്ചു. കടാരത്തിലെ രാജാവ് സോളകുലവള്ളിപട്ടണം (നെഗപട്ടണം) എന്ന സ്ഥലത്ത് നിർമ്മിച്ച രണ്ട് വിഹാരങ്ങൾക്ക് ചോളരാജാവ് പള്ളിച്ചന്തമായി കൊടുത്ത ഗ്രാമങ്ങ ളുടെ പേരുകൾ താമ്രപത്രത്തിലെഴുതി ഒപ്പിട്ടുകൊ ടുക്കണമെന്നാണ് നിവേദനം. രണ്ട് വിഹാരങ്ങളുടെ

പേര്, 1.രാജേന്ദ്രചോളപ്പെരുംപള്ളി. 2. രാജരാജ പ്പെരുംപള്ളി ശ്രീശൈലേന്ദ്രചൂഡാമണിവർമ്മവിഹാരം. ടാരത്തിൽനിന്നു വന്ന ദൂതന്മാരുടെ പേരുകൾ, ശ്രീസാമന്തനും അഭിമാനോത്തുംഗസാമന്തനും. ആയിരത്തളികൊട്ടാരമെന്ന ആഹവമല്ലകാലപുരത്തെ തിരുമഞ്ചനശാലയിലെ കലിംഗരായസിംഹാസനത്തിലിരിക്കുന്ന കുലോത്തുംഗനാണ് വിണ്ണപ്പം സമർപ്പിക്കുന്നത്. ദൂതന്മാരിൽ നിന്ന് അഭിഷേകമണ്ഡപത്തിലിരുന്നു കുളിക്കുമ്പോളാണ് ാജാവ് നിവേദനം സ്വീകരിക്കുന്നത്. കുളിക്കുമ്പോളും കൂടി രാജാവ് കർത്തവ്യനിരതനാണെന്ന് കാണിക്കുന്നു.

1088ലെ സുമാത്രയിലെ ലെ ബോ തോവയുടെ ലിഖിതം തിരൈയായിരത്ത് അഞ്ഞൂറ്റുവർ (നാലു ദിശകളിലുമുള്ള 1000 ജില്ലകളിലെ 500 പേരടങ്ങിയ വണികസംഘം) പരാമർശിക്കുന്നു.

വിജയാദിത്യ ഏഴാമന്റെ മരണകാലത്ത് വെങ്കിയിലെ വൈസ്രോയി ആയിരുന്ന ഗംഗാരാജാവ് രാജരാജൻ കുലോത്തുംഗന്റെ മകൾ രാജസുന്ദരിയെ വിവാഹം കഴിച്ചു. വെങ്കിയിൽ വിജയാദിത്യൻ 15 കൊല്ലം ഭരിച്ചു. കുലോത്തുംഗന്റെ മകൻ രാജരാജമുമ്മുടിച്ചോളൻ വെങ്കിയിലെ വൈസ്രോയിയായിരുന്നിട്ടുണ്ട്. 1076ൽ രാജാവായി. ഒരു വർഷം ഭരിച്ചശേഷം അദ്ദേഹം ആ പദം ത്യജിച്ചു. 1078-9 വരെ അനുജനായ വീരചോളൻ രാജാവായി. 1084-89 വരെ മറ്റൊരു മകനായ (കുലോത്തുംഗന്റെ) രാജരാജചോഡഗംഗൻ ഭരിച്ചു. വീരചോഡന്റെ പിത്താപുരം പ്ലേറ്റിൽ പിതാവ് തന്നെ തിരിച്ചു വിളിച്ച് 5 വർഷത്തിനുശേഷം വടക്കോട്ട് അയച്ചതായി പറയുന്നു. ചോഡഗംഗനാണ് മൂത്ത

മകനെങ്കിലും അദ്ദേഹത്തെ അവസാനമാണ് വൈ സ്രോയി ആയി നിയനിക്കുന്നത്.

വീരചോഡന്റെ വൈസ്രോയിപദത്തിന്റെ രണ്ടാം ഘട്ടം 1088-89 മുതൽ 1092-93 വരെയാണ്. ഒരു പാണ്ഡ്യരാജാവുമായുള്ള യുദ്ധത്തിൽ തന്നെ സഹാ യിച്ച വേളനന്ദി രാജകുമാരൻ വൈഡൂര രണ്ടാമന്, (ഗംഗ ഒന്നാമന്റെ മരുമകൻ)വീരചോഡൻ കൃഷ്ണ ഗോദാവരികൾക്കിടയിലെ സിന്ധുയുഗ്മാന്തരദേശം കൊടുത്തു. വീരചോഡനു ശേഷം വിക്രമചോളൻ രാജാവായി. എഡി 1118ൽ ചോളസിംഹാസനം ലഭിക്കും വരെ വെങ്കിയിലെ വൈസ്രോയ് ആയി രുന്നു. ഐമ്പടക്കാലത്തുതന്നെ വെങ്കിയിലിരുന്ന് വടക്കൻപ്രവിശ്യകളെ അടക്കി. 5 വിഷ്ണുചിഹ്നങ്ങ ളോടുകൂടിയ ആഭരണം ആണ് ഐമ്പടത്താലി. ഈ ആഭരണം കുട്ടിക്കാലത്താണ് ധരിപ്പിക്കുക. (ഐമ്പ ടൈപ്പരുവം) കുലോത്തുംഗന്റെ 26ആം വർഷത്തെ 1ആം കലിംഗയുദ്ധത്തിൽ പങ്കെടുത്തു. രണ്ടാം കലിംഗയുദ്ധം 42ആം വർഷത്തിലാണ്. ഇതിൽ വിക്രമചോളന്ന് പങ്കില്ല.

ഒന്നാം കലിംഗയുദ്ധം

വെങ്കിയോടുള്ള കലിംഗാക്രമണത്തിൽ പാണ്ഡ്യപരാ ന്തകൻ വിക്രമചോളനെ സഹായിച്ചു. ഇവരുടെ ലിഖിതങ്ങളിൽ തെലഗുഭീമൻ കുലം പിടിച്ച് കലിംഗം കീഴടക്കിയത് പറയുന്നുണ്ട്. കൊലന, സരോനാഥരാജാന്മാർക്ക് പൊതുനാമമാണ് ഭീമൻ.. ഗോദാവരിക്കും മഹേന്ദ്രപർവ്വതത്തിനുമ ഇടക്കാണ് ദക്ഷിണകലിംഗം. വിക്രമചോളന്റെ കാലത്തിനു മുമ്പുതന്നെ ഇത് വെങ്കിയിടെ ഭാഗമായിരുന്നു. കുലോത്തുംഗന്റെ 1098-9 സിംഹാചലലിഖിതം

(ദ്രാക്ഷാരാമത്തിലെ) അക്കാലത്ത് ഈ ഭാഗം ഭരിച്ചിരുന്നതായി കാണിക്കുന്നു.

രണ്ടാം കലിംഗയുദ്ധം

കലിംഗത്തുഭരണിയും കുലോത്തുംഗലിഖിതങ്ങളും 1110ൽ നടന്ന രണ്ടാം കലിംഗയുദ്ധത്തെക്കുറിച്ച് വിവരങ്ങൾ തരുന്നു. സപ്തകലിംഗങ്ങളെ ചോള സൈന്യം പിടിച്ചു. രാജകൽപ്പനപ്രകാരം വണ്ടെ രാജാവ് കരുണാകരൻ തൊണ്ടൈമാൻ രണ്ടുപ്രാവ ശ്യം കപ്പം മുടക്കിയ ഉത്തരകലിംഗരാജാവിനെ ആക്രമിച്ചു.പാലാറും പൊന്മുഖാരിനദിയും കടന്ന് പെണ്ണാറിലെത്തി. മണ്ണാറ്,കൃഷ്ണ,ഗോദാവരി, പമ്പ, ഗൌതമി കടന്ന് കലിംഗത്തിലെത്തി. മുമ്പ് പരാജ യമെന്തെന്ന് അറിയാത്ത അനന്തവർമ്മൻ അത്ര കാര്യമാക്കിയില്ല. മന്ത്രി രാജാവിനെ ഉപദേശി ച്ചുനോക്കി. ഫലമുണ്ടായില്ല. യുദ്ധത്തിൽ തോറ്റ അനന്തവർമ്മന് ഓടിപ്പോകേണ്ടിവന്നു. കുലോ ത്തുംഗന്റെ മകൾ രാജസുന്ദരിയുടെ പുത്രനാണ് (കുലോത്തുംഗന്റെ പേരക്കുട്ടി) അനന്തവർമ്മൻ, അതിനാൽ വടക്കൻ കലിംഗവും (സപ്തകലിംഗം) കരുണാകരൻ കീഴടക്കിയ ഭാഗവും അനന്തവർമ്മൻ ചോഡഗംഗനുതന്നെ തിരിച്ചുകിട്ടി. ശകം 1003ലെ ദ്രാക്ഷാരാമലിഖിതം വിഷ്ണുവർദ്ധനകുലോത്തുംഗ ത്രികലിംഗാധിപതി രാജരാജദേവന്റെ മുഖ്യന്റെ ഭാര്യയുടെ ദാനരേഖയാണ്. ഇത് അനന്തവർമ്മന്റെ അഛന്റേതാണെങ്കിൽ കലിംഗം അക്കാലത്തുതന്നെ ചോളന്റെ സാമന്തരാജ്യമാണ്. 1106 എഡി ലിഖി തത്തിൽ കോടമുഖ്യൻ ഭീമൻ കലിംഗം കീഴടക്കാൻ ചോളനെ സഹായിച്ചു എന്ന് പറയുന്നു. എഡി 1129ലെ ഗോവിന്ദചന്ദ്രന്റെ താമ്രപത്രത്തിൽ

ചോളരാജ്യത്തെ വാഗീശ്വരരക്ഷിതൻ ഒറീസ്സയിലെ ശാക്യരക്ഷിതന്റെ ശിഷ്യനാണ്. 1114ലെ ചിദംബരം ലിഖിതം കാംബോജരാജാവ് കൊടുത്ത ശില രാജേന്ദ്രൻ ചിദംബരത്ത് മുന്നിലെ ഹാളിൽ പ്രതിഷ്ഠിച്ചു എന്ന് പറയുന്നു. പാഗനിലെ ക്യാനസിത്ത(1080-1112) ബർമ്മലിഖിതം ചോളരാജാവിനെ ബുദ്ധമതക്കാരനാക്കിയശേഷം അദ്ദേഹത്തിന്റെ മകളെ വിവാഹം കഴിച്ചു എന്ന് പറയുന്നത് തെളിയിക്കപ്പെട്ടിട്ടില്ല.

ഹോയ്സലരാണ് ഗംഗാവാടി രാഷ്ട്രമായി മാറാനുള്ള കാരണം. 1006 എഡിയിൽ ഹോയ്സാലർ പ്രബലരാണ്. 1022-1040ൽ വിനയാദിത്യന്റെ പിതാവ് നൃപകാമൻ ഗംഗാരാജാവിന്റെ പിതാവ് എച്ചിഗ(എച്ചിമ)ന്റെ സുഹൃത്തും രക്ഷിതാവുമാണ്. 1116ൽ തലക്കാട് ചോളരിൽനിന്ന് പിടിച്ച സേനാപതി പ്രബലനായി. ഇവർ ചോളശത്രുക്കളായ പടിഞ്ഞാറൻ ചാലൂക്യരെ അംഗീകരിപ്പിക്കുന്നു. വിനയാദിത്യപുത്രൻ എരെയംഗൻ വിക്രമാദിത്യ ഏഴാമനെ കുലോത്തുംഗനെതിരെ യുദ്ധത്തിൽ സഹായിച്ചിരുന്നു.

ബിട്ടിഗ വിഷ്ണുവർദ്ധനന്റെ (1100-1152) 1116ലെ ലിഖിതം തലക്കാടും കോലാറും ഗംഗാവാടിയും അദ്ദേഹം ഭരിക്കുന്നതായി കാണിക്കുന്നു. ബേലൂർ താമ്രപത്രലിഖിതം (1117) ആദ്.ം ഹോയ്സല, പിന്നെ തലക്കാട് പിടിച്ചത് യദുവംശത്തിന്റെ സമാധാനപരമായ ജീവിതത്തിനുവേണ്ടിയാണെന്ന് പറയുന്നു. ബേലൂരിനു ചുറ്റുമുള്ള പ്രദേശം പരമ്പരാഗതമായി കിട്ടിയതാണ്. 5-6 വർഷത്തിനകം ഗംഗാവാടി മുഴുവനും അദ്ദേഹം കയ്യടക്കി.

ദണ്ഡനായകനായ ഗംഗാരാജാവാണ് ചോളരിൽനിന്ന് ഹോയ്സാലർക്ക് ഗംഗാവാടി പിടിച്ചുകൊടുത്തത്. ഇവിടെ ധികാരികളായി ചോളർക്ക് വേണ്ടി ഭരിച്ചിരുന്നത് പഴയ കൊങ്ങുചേരന്മാരായ ധർമ്മപുരി തകടൂരിലെ അതികമാൻവംശജരായിരുന്നു. ഹോയ്സാലലിഖിതം പറയുന്നത് ചോളസാമന്ത അതിയമാൻ ഘാട്ടിനുമുകളിൽ വാതിൽപൂട്ടുപോലെ ഗംഗാവാടി അതിർത്തിയിലെ തലക്കാട്ടുക്യാമപിൽ നിന്നു, ഗംഗാരാജൻ കീഴടങ്ങാൽ വിസമ്മതിച്ചു, അതിയമാനും ദാമോദരനും നരസിംഹവർമ്മനും ചോളന്റെ ഭാഗത്ത്നിന്ന് യുദ്ധം ചെയ്തു. തിഗലന്മാരോടുള്ള ഗംഗാരാജന്റെ വിജയം ഗംഗാവാടിയിൽനിന്ന് തമിഴരെ ഓടിച്ചു. (ഇവിടെ തിഗലരെന്ന് തമിഴരെന്നതിനു പകരം ഉപയോഗിച്ചുകാണുന്നു. വടക്കൻകേരളത്തിലും തെക്കൻ കർണ്ണാടകത്തിലും മുമ്പ് ഉപയോഗിച്ചിരുന്ന ലിപിക്ക് തിഗ്ഗലേരിലിപി എന്നാമ് പറഞ്ഞിരുന്നത്. കൂടുതലും മലയാളത്തോട് സാദൃശ്യമുള്ളതാണ് ഈ ലിപി. ഇതിനെ തിഗഗലേരിലിപി അഥവാ തമിഴ് ലിപി എന്ന് പറയുന്നു. ഇത് ഭാഷാപണ്ഡിതന്മാർ ശ്രദ്ധിക്കേണ്ടതാണ്)ഗംഗാവാടി വീരഗംഗവിഷ്ണുവർദ്ധനന് ഏൽപ്പിച്ചുകൊടുത്തു. തലക്കാട്ടും നീലഗിരിയും നങ്കിലിയും കോലാലയും (കോലാര്) ചിറ്റൂർജില്ലയിലെ കോയാത്തൂരും അദ്ദേഹത്തിന്ന് അധീനമായി. രാമേശ്വരം വരെ വിഷ്ണുവർദ്ധനൻ സൈനികനീക്കം നടത്തി.

പരാക്രമപാണ്ഡ്യന്റെ ലിഖിതം- ആടുതുറൈയിലെ ചില പള്ളികളിൽനിന്ന് വളരെ വർഷങ്ങൾക്ക് മുമ്പ് കൊണ്ടുപോയ വിഗ്രഹങ്ങൾ,ഹാലെബീഡുവിൽനിന്ന് വീണ്ടെടുത്ത് കൊണ്ടുവന്നു. അതിനായി

ചില ആനുകൂല്യങ്ങൾ അനുവദിച്ചു. കുലോത്തും ഗന്റെ 45ആം ഭരണവർഷം(1115) മുതൽ മൈസൂ രിൽ ചോളലിഖിതം കാണാത്തത് അന്ന് ഗംഗാവാടി ഹോയ്സാലരുടെ കീഴിലായതുകൊണ്ടാണ്. കോലാ റിൽ വളരെ അപൂർവ്വമായി മാത്രം അക്കാലത്ത് വിക്രമചോളലിഖിതം കാണുന്നത് വളരെ ചെറിയ ഒരു ഭാഗം മാത്രം ചോളർ അപ്പോഴും വാണിരു ന്നതിന് തെളിവാണ്.

കുലോത്തുംഗന്റെ ഭരണത്തിന്റെ അവസാനകാലത്താ ണ് വെങ്കി പടിഞ്ഞാറൻ ചാലൂക്യ വിക്രമാദിത്യ ഏഴാമന് കിട്ടുന്നത്. കലിംഗയുദ്ധങ്ങൾ കാരണം അപ്പോഴേക്കും വൃദ്ധനായ കുലോത്തുംഗൻ ക്ഷീണി തനായി, വിക്രമചോളനോട് അവർക്കെതിരെ തന്നെ സഹായിക്കാനാവശ്യപ്പെട്ടു . മല്ലാപദേവന്റെ പി ത്താപുരം ലിഖിതം (1202) പറയുന്നത് അപൂർവ്വ പുരുഷകുലോത്തുംഗന്റെ 50ആം ഭരണവർഷത്തിൽ പഞ്ചദ്രാവിഡരും ആന്ദ്രന്മാരും ഒന്നിച്ചുനിന്നു, വിക്രമചോളൻ ചോളരാജ്യം ഭരിക്കാനാരംഭി ച്ചതോടെ വെങ്കഭൂമി നായകരഹിതജാതമായി എന്നാണ്. (അനാർക്കി).

1117ൽ അനുമക്കൊണ്ടയിലെ കാകതീയപ്രോല പടിഞ്ഞാറൻ ചാലൂക്യാധിപത്യം അംഗീകരിച്ചു. അനുമക്കൊണ്ട അദ്ദേഹത്തിന്റെ അഛനായ ബെട്ട രാജാവിന് ചാലൂക്യരാജാവ് കൊടുത്തതാണ്. 1118ൽ വിക്രമാദിത്യന്റെ ദണ്ഡനായകൻ അനന്ത പാലയ്യ വെങ്കി 14000 ഭരിക്കുന്നുണ്ട്.(ഗുണ്ടൂരിലെ കൊമ്മൂരുലിഖിതം) 1120ൽ അനന്തപാലന്റെ ഭാര്യ ദ്രാക്ഷാരാമം ഭീമേശ്വരക്ഷേത്രത്തിന് സമ്മാനം കൊടുക്കുന്നു. അതേ വർഷം അതേ ക്ഷേത്രത്തിന്

വേലനന്ദി രാജേന്ദ്രനും ചെലുഗുചോളന്റെ ഭാര്യ മയിലമ്മയും ദാനം ചെയ്തിട്ടുണ്ട്. കൃഷ്ണജില്ല യിലെ കൊണ്ടപ്പള്ളിയിൽ പടിഞ്ഞാറൻചാലൂക്യ സേനാപതികൂടിയായ അനന്തപാലന്റെ മരുമകനാണ് ഭരിക്കുന്നത്. (1127). 1132 വരെ ദ്രാക്ഷാരാമലിഖി തങ്ങളുണ്ട്. 1131ൽ മല്ലന്റെ മകൻ നമ്പിരാജൻ കൃഷ്ണക്ക് തെക്കുള്ള ശതസഹസ്രം രാജ്യം കൊല്ലി പ്പാക്കപ്രഭു എന്ന നാമത്തിൽ സ്വതന്ത്രമായി ഭരി ക്കുന്നു. 1118ഓടുകൂടി വെങ്കിയിലെ ചാലൂക്യചോള ശക്തി ക്ഷയിച്ചു. പടിഞ്ഞാറൻ ചാലൂക്യശക്തി വർദ്ധിച്ചു. എഡി 1122ൽ വിക്രമാദിത്യന്റെ അവ സാനലിഖിതം. 1126ൽ അദ്ദേഹത്തിന്റെ മരണം. അതോടെ തമിഴ് ശക്തി മാത്രമായി ചോളശക്തി ചുരുങ്ങി.

മധുരാന്തകി

സൂര്യകുലത്തിലെ രാജേന്ദ്രദേവ രണ്ടാമന്റെ മക ളാണ് മധുരാന്തകി. അവരാണ് കുലോത്തുംഗ പത്നി. ഇവർക്ക് 7 മക്കളുണ്ടായിരുന്നു. നാലാ മത്തെ മകനായ വിക്രമചോളനാണ് പിന്നെ രാജാ വായത്. മധുരാന്തകിയെ ഭുവനമുഴുതുമുടൈയാൾ, അവനിമുഴുതുടൈയാൾ എന്ന് വിളിക്കുന്നു.അവ രുടെ യഥാർത്ഥനാമം ദീനചിന്താമണി. 30ആം ഭരണവർഷത്തിൽ അവരുടെ മരണം സംഭവിച്ചു. പിന്നീട് പട്ടമഹിഷിസ്ഥാനവും ഭുവനമുടയാൾ സ്ഥാനവും ത്യാഗവല്ലി എന്ന രാജ്ഞിക്കായി. കലിംഗത്തുഭരണി ഈ രാജ്ഞിയേയും ഏഴിശൈവ ല്ലഭി എന്ന ഏഴുലകുടൈയാളേയും മാത്രമേ പരാ മർശിക്കുന്നുള്ളു. 26ആം വർഷത്തെ ലിഖിതത്തിൽ നമ്പിരാട്ടിയാർ ശീരാമൻ അരുമൊഴിനങ്കക്കും

ഏഴുലകുടൈയാൾ നാമം ഉണ്ട്. ഇവർ ഒരുപക്ഷേ ഏഴിശൈവല്ലഭി തന്നെയായിരിക്കാം. ലിഖിതങ്ങളിൽ കാണുന്ന മറ്റ് രാജ്ഞിമാർ ത്രൈലോക്യമഹാദേവി(അർപ്പാക്കം ക്ഷേത്രം 1072) ചോളൻ ചോറുടൈയാൾ കാടവൻ മഹാദേവി (പല്ലവകുലം) ആദിത്തൻ ആന്തക്കുട്ടിയാർ (ചോളകുലവല്ലിയാർ എന്ന വിഷ്ണുഭക്ത 1111 കാഞ്ചീപുര ലിഖിതം) ഇവരാണ്. 1113, 1116 ചിദംബരലിഖിതങ്ങളിൽ രണ്ട് സഹോദരിമാരായ കുന്തവൈ മധുരാന്തകി എന്നിവരിൽ മധുരാന്തകിയിലാണ് 7 മക്കളുണ്ടായതെന്ന് പറയുന്നു. ഇവരിൽ രണ്ട് പെൺമക്കളിൽ മൂത്തവളായ രാജസുന്ദരി കലിംഗരാജപത്നിയായി. രണ്ടാമത്തേവളായ സൂര്യവല്ലി സിംഹളരാജപത്നിയായി. 1075 മൈസൂർലിഖിത പ്രകാരം പിള്ളയാർ അമ്മങ്കൈ ആഴ്വാർ മറ്റൊരു പുത്രിയാണ്. എഡി 1082ൽ ഗാമഗ്രാമത്തിലെ ശിവന് സ്വർണ്ണക്കിരീടം സമർപ്പിച്ച രാജസൂനു മാധവനും ഇദ്ദേഹത്തിന്റെ പുത്രനാവണം.

സാമന്തന്മാർഃ-തെക്കേ ആർക്കോട്ടിലേയും വടക്കേ ആർക്കോട്ടിലേയും മലയമാന്മാർ സാമന്തരായിരുന്നു. കിളിലൂരിലായിരുന്നു അവരുടെ ശക്തികേന്ദ്രം. ഇവരെ മലയരയന്മാരെന്നും ചേദിയരയന്മാരെന്നും പറയുന്നു. തിരുമുനൈപ്പാടിയിലെ പ്രധാനികൾ പെരിയ ഉടൈയാൻ രാജരാജൻ, ചന്തിരൻ മലയൻ, (രാജേന്ദ്രചോള) അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാവനസായകനെന്ന മലയകുലരാജൻ ഇവരാണ്. കൂടാതെ സൂരിയൻ മറവൻ, സൂരിയൻ ബ്രഹ്മായൻ സഹായൻ, രാജേന്ദ്രചോളചേതിരായൻ എന്ന നാനൂറ്റുവൻ അത്തിമല്ലൻ ,തിരുക്കോവിലൂർ വിഷ്ണു, ബാണവംശക്കാരനായ

വാനക്കോവരയൻ, ഇവരും ഉണ്ട്. ഇവരിൽ പല രും സിദ്ധലിംഗമഠം ശിവന് ഭൂമി ദാനം ചെയ്തിട്ടു ണ്ട്.പഴുവൂരിലും തൃശ്ശിനാപ്പള്ളി മലയോരങ്ങളിലും (മലയമാന്റെ ഭൂമിയുടെ തെക്കുള്ള ഭാഗത്ത്) ശുത്ത മല്ലൻ ഉത്തമശോളൻ ഇലങ്കേശ്വരൻ, ശുത്തമല്ലൻ ശോളകുലസുന്ദരൻ ഗംഗൈകൊണ്ടചോളവാന കോ വരയൻ , അദ്ദേഹത്തിന്റെ പുത്രിയും വിരുദരാജഭ യങ്കരവാനവക്കോ അരയന്റെ അമ്മയുമായ വിച്ചാ ധരി ആൾവാർ(വിദ്യാധരി) ഇവരുടെ ക്ഷേത്രദാന ങ്ങളുണ്ട്. 13ആം വർഷം തൊണ്ടൈനാട്ടിൽ വലിയ പദവി വഹിച്ചിരുന്ന സോളകുലസുന്ദരൻ കല്യാണ പുരം കൊണ്ടാർ ഇദ്ദേഹമാവാമെന്നും വിക്രമാദി ത്യ ഏഴുമായുള്ള യുദ്ധത്തിൽ പങ്കു കൊണ്ടിരിക്കാ മെന്നും കരുതുന്നു. 1095ലെ ദ്രാക്ഷാരാമലിഖിതത്തി ലെ തഞ്ചൈയിലെ പഞ്ചനദിബാണനും മകൻ മുടി ക്കൊണ്ടാനും കലിംഗത്തുപരണിയിൽ പറയുന്ന കരുണാകരതൊണ്ടമാനെ സഹായിച്ച വാനകോ അരയനാവാമെന്നും സംശയിക്കുന്നു. 1108ൽ ഒരു ബാണരാജാവാണ് തിരുമാലിരുംചോലൈ എന്ന ശൂദ്രവൈഷ്ണവമന്ത്രിയോട് തെക്കേ ആർക്കോട്ടിലെ പെണ്ണാടം ജില്ലയിലെ വിഷ്ണുക്ഷേത്രത്തിനു മുന്നില് മണ്ഡപം കെട്ടാൻ കൽപ്പിച്ചത്. മൈസൂരും കൂടി ഉൾപ്പെട്ട കൊങ്ങുരാജ്യത്ത് വളരെ പുരാതനമായ വംശമാണ് അടിഗർ എന്നും അതികൈമാനെന്നും പേരുള്ള വംശം ഇവരുടെ തലസ്ഥാനം സേലം എന്ന തകടൂരാണ്. ഇവരിലൊരാള് 1080ൽ ധർമ്മ പുരിയിലെ 2 ജീർണ്ണിച്ച ക്ഷേത്രങ്ങളിൽ പുനരുദ്ധാ രണം ചെയ്യിച്ച് പൂജാരിയെ നിയമിച്ചു. 36 മുതൽ 40 വർഷങ്ങളിൽ തെക്ക് ഭരിക്കുന്നത് പാണ്ഡ്യശ്രീ വല്ലഭനും ഒരു അതലയൂർ നാടാൾവാനുമാണ്. 1093

ൽ തിരുവേന്തിപുരം (ഇത് തിരുവനന്തപുരമാണോ) വിഷ്ണുക്ഷേത്രത്തിന് ഭൂമി ദാനം ചെയ്യുന്നത് പിള്ളയാർ വിഷ്ണുവർദ്ധനൻ (പിള്ളയാർ വീര ചോളദേവൻ എന്ന കുലോത്തുംഗപുത്രനാണ്). ഇദ്ദേഹത്തിന്1റേയും പത്നിയുടോയും പേരിൽ വടക്കേ ആർക്കോട്ടിൽ ഒരു ലിഖിതമുണ്ട്. ഈ ദേവി അരശാർ തലൈവൻ നീലഗംഗൻ അചലവീരന്റെ മകളായ വില്ലവൻ മഹാദേവിയാണ്. (വില്ലവനെന്നത് രാജകുമാരി കേരളത്തിലെ വംശമാണെന്നതിന് സൂചനയാണ്).തിരുവൊറ്റിയൂർ 1100 നാനാമൂർത്തിപണ്ഡിതമധുരാന്തകബ്രഹ്മാദിരാജാ (വത്സഗോത്രം) നാലൂർ സ്വദേശി സേനാപതിചക്രവർത്തിയാണ്. 1101ൽ ശീയഗംഗൻ ചിറ്റൂർജില്ലയിലെ വാലൈക്കാട് ശിവക്ഷേത്രത്തിന് ഭൂമി കൊടുത്തിട്ടുണ്ട്. തഞ്ചാവൂർ തിരുക്കണ്ണപുരം വിഷ്ണുക്ഷേത്രത്തിന് 1106ൽ കേരളകേസരി അധിരാജാധിരാജദേവനാണ് ദാനം ചെയ്തിരിക്കുന്നത്.ഈ ചേരരാജകുമാരന്റെ മന്ത്രിയായ തിരുപ്പത്തൂരിലെ ഭരദ്വാജൻ മാരനാരായണൻ എന്ന ഈ രാജകുമാരനെപ്പോലെയാണ്. മൈസൂരും വടക്കേ ആർക്കോട്ടും ഉൾപ്പെട്ട മൂലആയ് രാജ്യത്തിന്റെ(യാദവ) മാവേലികൻ 1109ൽ ഒരു ഗംഗനോലംബമുഖ്യനാണ്. കിഴക്കൻ ചാലൂക്യ രാജരാജ ഒന്നാമന്റെ സൈന്യാധിപനായ നന്നയുടേയും ഗുണ്ടാംബികയുടേയും മകനായ ഗോങ്ക 1 എന്ന വേലനന്ദിമുഖ്യനാണ് തെലുഗുരാജ്യം ഭരിച്ചിരുന്നത്. പിന്നീടുവന്ന വേലനന്ദി വംശം തങ്ങളുടെ ദാനരേഖകളിൽ ഗോങ്കയെ വംശങ്കരനെന്ന് വിളിക്കുന്നു.രാജാവ് ഇദ്ദേഹത്തിന്റെ മകനെ സ്വന്തം മകനെപ്പോലെ കരുതി തന്റെ മക്കൾക്കുള്ള ചിഹ്നങ്ങൾ അനുവദിച്ചുകൊടുത്തു.

(സ്വതന്ത്രജനചിഹ്ന). കുലോത്തുംഗന്റെ അവസാന കാലത്ത് , വിക്രമചോളന്റെ ആദ്യഭരണവർഷങ്ങളിൽ വെങ്കിമ്ഢലം 16000 ചാലൂക്യവിക്രമാദിത്യന്റെ ചക്രവർത്തിപദത്തെ അംഗീകരിച്ച് പിന്തുണച്ചിരുന്നു. ഇത് തെലുഗുചോഡ മുഖ്യൻ പൊട്ടാപ്പി കാമചോഡമഹാരാജുവിന്റെ 2 ലിഖിതത്തിൽ (1112-13 ത്രിപുരാന്തകം . അദ്ദേഹത്തിന്റെ ദണ്ഡനായകൻ രാമണ്ണയും പെഗ്ഗഡ ഭീമല്ലയും) വ്യക്തമാണ്. മഹാമണ്ഡലേശ്വര ശൂരപരാജ്ജു (ബീരഗോത്ത)യും ദേവി സെങ്കമയും ഇതിൽ പരാമർശിക്കപ്പെടുന്നു. ഇദ്ദേഹം കാഞ്ചീപുരേശ്വരനും പല്ലവകുലാഭരണവുമാണ്. ബീരഗോത്രരും ചാലൂക്യരെ അംഗീകരിച്ചിട്ടുണ്ട്. (ബയ്യരാജു 1132 ചാലൂക്യവിക്രമവര്ഷം 57)

തമിഴ് സേനാധിപന്മാർ:- നരലോകവീരനും പല്ലവൻ കരുണാകരൻ തൊണ്ടമാനും. ബ്രഹ്മവംശമെന്ന് ജയംകൊണ്ടാൻകവി) ഇദ്ദേഹം വകെന്ദനഗരം ഭരിച്ചിരുന്ന രാജാവാണ്. വന്ദാലഞ്ചേരി (വന്നിലശ്ശേരി) തിരുനാരൈയൂർ നാട് അഥവാ കുലോത്തുംഗചോളവലനാട് എന്ന് പറയുന്നു. ഇത് വണ്ടുവാൻചേരി (കുംഭകോണം താലൂക്ക്) വന്ദേരി (തിരുനാവായൂർ) ഇതിലേതാണ് ഈ സ്ഥലം എന്ന് നിശ്ചയമില്ല. വാകയൂരെന്ന് തിരുനാവാക്ക് പേരുള്ളതുകൊണ്ടും വണ്ടൂരെന്ന് ഒരു സ്ഥലം മലപ്പുറം ജില്ലയിലുള്ളതുകൊണ്ടും കുംഭകോണമല്ല, കേരളമാണ് ചേരുക. കരുണാകരനെന്ന നാമവും കേരളത്തിലുള്ള നാമമാണ്. കരുണാകരന്റെ ഭാര്യ അഴകിയ മണാളനി മദൈയാൾവാരാണ്. (മദൈ മന്ദലാംകുന്ന്) കരുണാകരന്റെ ജ്യേഷ്ഠന്റെ കൊടിയിൽ പല്ലവരുടേയും ശരഭപുരിക്കാരുടേയും ചിഹ്നമായ വെള്ളക്കാളയുടെ ചിത്രമാണ്. (വടക്കുന്നാഥനിലു

ളളപോലെ) കലിംഗയുദ്ധത്തിൽ സേനാപതി പല്ലവ രശരും കരുണാകരനെ സഹായിച്ചു. (തിരുപ്പനന്താൾ 1099 ലിഖിതം)

വിക്രമചോളൻ ആനിമാസത്തിലെ ഉത്രാടം നാളാണ് ജനിച്ചത്. ആദ്യകാലത്ത് അദ്ദേഹം നടത്തിയ കലിംഗയുദ്ധത്തെ ഒറ്റക്കൂത്തന്റെ കലിംഗത്തുഭരണി പറയുന്നു. 1118ൽ വിക്രമചോളനെ വെങ്കിനിന്ന് കുലോത്തുംഗൻ തിരിച്ചുവിളിച്ചപ്പോളാണ്, ഗോങ്കഒന്റെ മകൻ വേളാനന്ദി രാജകുമാരൻ ചോഡൻ അവിടെ ഭരിക്കാനാരംഭിച്ചത്. വിക്രമാദിത്യൻ 7ആമൻ ഉടനെ അയാളെ കീഴടക്കി വെങ്കി പിടിക്കുകയും ചെയ്തു. 1126ൽ വിക്രമാദിത്യന്റെ മരണത്തെ തുടർന്ന് വെങ്കിയുടെ തെക്കുഭാഗം വിക്രമചോളൻ തിരിച്ചുപിടിച്ചു. ഗുണ്ടൂർജില്ലയിലെ ചെമ്പ്രോവുവിൽ മുമ്പ് വാണിരുന്നത് ദണ്ഡനായക അനന്തപാലനാണ്. അവരുടെ മഹാമണ്ഡലേശ്വര നമ്പയ്യ (കൊല്ലിപ്പാക്കം പ്രഭു) എന്ന ശതസഹസ്രനാട് രാജാവ് 1127ൽ വിക്രമചോളന്റെ സാമന്തപദവി അംഗീകരിച്ചു. നിടുബ്രോലുലിഖിതം(ശകം 1054) വിക്രമചോളന്റെ 17ആം വർഷം വേളനാട് മുഖ്യൻ ചോളന്റെ ചക്രവർത്തിസ്താനം അംഗീകരിച്ചത് പറയുന്നു. വിക്രമാദിത്യനുശേഷം വേലനാടികൾക്ക് ചാലൂക്യരേക്കാൾ പ്രിയം ചോളരോടായി. ഗംഗാവാടി തിരിച്ചുപിടിച്ചില്ല. മൈസൂരിനു കിഴക്ക് 2 ലിഖിതം കാണുന്നു. സുഗത്തൂരിൽ വിക്രമചോളന്റെ 2ആം ഭരണവർഷം അദ്ദേഹത്തിന്റെ ഭടൻ ക്ഷേത്രം നിർമ്മിച്ചു. 10ആം വർഷം കോലാർജില്ലയിലെ മട്ടിവാല ബേചിറാക്കിൽ വിമാനം നിർമ്മിച്ചു. 5ആം വർഷം വെള്ളപ്പൊക്കത്തിൽ വടക്കും തെക്കും ആർക്കോട്ടിലെ കൃഷിവിളവെല്ലാം നശിച്ചു.

1125ലെ തിരുവൊറ്റിയൂർലിഖിതപ്രകാരം വടക്കേ ആർക്കോട്ടിലെ കുറേ ഭൂമി വിൽക്കേണ്ടിവന്നു. തെക്കേ ആർക്കോട്ടിലെ തിരുവടി മഹാസഭയും ഭൂമി വിറ്റു. തഞ്ചാവൂരിലെ കോവിലടിയിൽ തിരുപ്പേർ വെള്ളപ്പൊക്കക്കാലത്ത് 11ആം വർഷത്തിൽ ആൾത്താമസം ഇല്ലാതായി. 1128ലെ ചിദംബരം ലിഖിതം 11ആം വർഷം മുതൽ കുലദേവത നടരാജന് നികുതി മുഴുവനും നഷ്ടപ്പെട്ടതായി പറയുന്നു.

ബിരുദങ്ങൾഃ- ത്യാഗസമുദ്ര, ത്യാഗവാരാകര, അകളങ്ക, ഇവ കുലോത്തുംഗ ന്റെ ബിരുദങ്ങളായി കാണുന്നു. മുക്കോക്കിഴാറും ത്യാഗപതാകയും രാജ്ഞിമാരുടെ നാമങ്ങളുടെ കൂടെ ചേർത്തിരിക്കുന്നു..മുക്കോക്കിഴാർക്ക് ശേഷമാണ് ത്യാഗപതാക പട്ടമഹിഷിയായത്. 6ആം വർഷത്തെ തിരുവിടൈമരുതൂർ രേഖപ്രകാരം തമ്പിരാട്ടിയാർ നേരിയൽ മാതേവിയരാണ് മൂന്നാമത്തെ രാജ്ഞി. സെഞ്ചി എന്ന നാമം ആദ്യം കാണുന്നത് തിരുവേക്കമ്പം ഉടൈയാർ ദേവദാനലിഖിതത്തിലാണ്. അവിടത്തെ കാടവൻ രാജാവ് വിക്രമചോളന്റെ സാമന്തൻ, കലിയെ പുറത്താക്കിയ വേണാട്ട് രാജാവാണ്. കുമരിമുതല് ഗംഗ വരെ ആരുടെ ദാനശീലത്തെ പുകഴ്ത്തുന്നുവോ ആ അനന്തപാലന്, സേനാപതി ശങ്കരൻ അമ്പലം കോയിൽ കൊണ്ടാന് അനന്തപാലർ, വടക്കൻ മന്നയിലെ 3 കോട്ട തകർത്ത വട്ടവൻ, കർണ്ണാടകന്റെ അതിർത്തി തകർത്ത പുണ്യവാനായ ചേദിരാജാ, സദാ വിജയികളായ കാരണൈ, വടക്കൻ കലിംഗരെ ഓടിച്ച അഡിഗർ, പാമ്ഡ്യന്റെ കോട്ടയും കൊല്ലവും കീഴടക്കിയ യുദ്ധത്തിൽ പങ്കുവഹിച്ച നോലംബപല്ലവന്, കൊങ്ങും കൂർഗും കീഴടക്കിയ

ത്രിഗർത്തൻ, പാമ്ഡ്യ.കേരള,മഗധ,മാളവസാമന്ത രെന്നിവരെ പരാമർശിക്കുന്നു.

ചില നാമങ്ങൾ:- 1. അരുമ്പാക്കിഴാർ പൊന്നമ്പല ക്കൂത്തനെന്ന നരലോകവീരപുത്രൻ ശൂരനായകൻ മാധവരായൻ. 2. ശെങ്കേനിശാഖയിലെ സാംബുവരാ യൻ(വടക്കേ ആർക്കോട്ട്) നാലായിരവൻ അമ്മൈ യപ്പനും അദ്ദേഹത്തിന്റെ മകനും കണ്ണടൈപ്പെരുമാ ളുമായ രാജനാരായണനും 3. ശുണ്ഡിൽ ഗംഗൈ കൊണ്ടാൻ എന്ന തുവരാപതി വേളാനും അദ്ദേഹ ത്തിന്റെ വാളിലാർപ്പടയും രാമനാട് ജില്ലയിലെ ശിവപുരിയിൽ. 4. പാണ്ടിനാടുകൊണ്ടാൻ (തിരു വെള്ളാറൈ സമ്മാനങ്ങൾ 1133) 5. ആനൈവാരിയി ലെ തൊണ്ടിമണ്ഡലം ചാലൂക്കിയന്മാർ

തെലുഗുസാമന്തർ: 1 മഹാമണ്ഡലബെട്ടരശർ (പൊട്ടാപ്പിനാട് 1121) അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ സിദ്ധരശൻ. 2. മഹാമണ്ഡലേശ്വരവിമലാദിത്യദേവ. സോമേശ്വരപുത്രനായ ഇദ്ദേഹം നന്ദലൂരിലെ ഗോപുരം പണിതു. 3.മധുരാന്തകപൊട്ടാപ്പിച്ചോള . കരികാലവംശജൻ സിദ്ധരശപുത്രനാണ് 4. കണ്ണര ദേവ രാജേന്ദ്രചോളപൊട്ടാപ്പിച്ചോള 1130ലെ കാള ഹസ്തിലിഖിതത്തിലെ കാമരശന്റെ പുത്രനാണ്. 5. കൊങ്കയൻ(വേലനാടി ഗോങ്ക 6) വെളിനാട് അഥ വാ വേളനാടിയിലെ രാജേന്ദ്രചോളഗാംഗേയരാജന്റെ പുത്രനാണ്. (കാളഹസ്തിലിഖിതം) മന്ത്രി വാസനൻ ദണ്ഡാധിപനും മാതുലനുമാണ് മാരായാ പാണ്ഡ്യൻ. ഇക്ഷുപ്പള്ളിയിലെ ശിവക്ഷേത്രം പണിതു. 6 കൊല്ലി പ്പാക്കം രാജാവ് നമ്പയ്യൻ 7. മഹാമണ്ഡലേശ്വര ഘട്ടിദേവ മഹാരാജാ എന്ന വിക്രമചോള കണുപ്പ രുടൈയാർ പുതോളിയരായർ (കാളഹസ്തിലി

ഖിതം) നാരണദേവന്റെ വംശം. 8. ശശികുല ചാലൂക്കിയർ യാദവരായർ.

കുലോത്തുംഗനുശേഷം വിക്രമചോളൻ അദ്ദേഹത്തിന്റെ പിൻഗാമികളുടെ (1133 മുതൽ) ലിഖിതങ്ങൾ:- ചിദംബരം പുനരുദ്ധാരണം നടത്തി , തില്ലൈസഭയുടെ മുറ്റത്ത് ഗോവിന്ദരാജന്റെ വിഷ്ണുവിഗ്രഹം മാറ്റി, ശങ്കരനാരായണവിഗ്രഹമാക്കി. ഒറ്റക്കൂത്തനും ചെക്കിലാരും കമ്പൻ മുതലായ കവികളും ഇത് പാടിയിട്ടുണ്ട്. മുക്കോക്കിളാരെന്ന പത്നി മലയമാന്റെ മലാദവംശത്തിലെ രാജകുമാരിയാണ്. രണ്ടാമത്തെ രാജ്ഞി ത്യാഗവല്ലി ഭുവനമുഴുതുടൈയാൾ. ബിരുദങ്ങൾ:-അനപായൻ, പേരമ്പലം സ്വർണ്ണം പൊതിഞ്ഞ പെരുമാൾ, തിരുനീറ്റുച്ചോളൻ, എതിരിലിച്ചോളൻ, കലികടിന്തചോളൻ. 1136ൽ, തെക്കേ ആർക്കോട്ടിലെ തിരുമാനിക്കുളിയിൽ, മോഹനആൾക്കൊല്ലി കുലോത്തുംഗചോളകാടവരായനെന്ന പല്ലവനാണ് കാവൽ. പിന്നീട് ഇദ്ദേഹം തിരുനാമനല്ലൂരും തിരുവടിയും വൃദ്ധാചലവും കാവലായി. നിരവധി സമ്മാനങ്ങളും ദാനങ്ങളും ഇദ്ദേഹം നൽകിയതായി ലിഖിതങ്ങളുണ്ട്. 1140ൽ തിരുനാമനല്ലൂരെന്ന തിരുത്തൊണ്ടീശ്വരന് സ്വർണ്ണാഭരണങ്ങളും വെള്ളിപ്പാത്രങ്ങളും കൊടുത്തു. കൂടലൂർപള്ളി ആളപ്പിറന്താൻ മോഹനകുലോത്തുംഗചോളക്കച്ചിയരായനെന്നാണ് ഇതിലെ ബിരുദം. 5 വർഷത്തിനുശേഷം തിരുവടിക്ക് രത്നാഭരണം കൊടുത്തു. അപ്പോൾ തിരുമുനൈപ്പാടിയിലെ പെരുഗലൂർനാട്ടിൽ കൂടലൂരിലെ പന്നാഗമുത്തരയൻ ആളപ്പിറന്താൻ അരശനാരായണനെന്ന് ബിരുദം ഉണ്ട്. 1146ൽ മൂന്ന് ദേവദാനഗ്രാമത്തിലെ നികുതി തിരുവടിക്ഷേത്രത്തിനു കൊടുത്ത രേഖയിൽ

കൂടലൂർ പന്നാദമുത്തരയൻ ഏഴിശൈമോഹനാന കുലോത്തുംഗചോളകാടവരായനെന്നാണ് ബിരുദം. 1148 ൽ വൃദ്ധാചലത്ത് മഹാസ്നാപനത്തിന് ഏഴി ശൈമോഹനമണ്ഡപം കെട്ടിയപ്പോൾ കാടവൻ ആദി ത്തൻ എന്ന പേരും കൂട്ടിച്ചേർത്തിരിക്കുന്നു. ഇദ്ദേ ഹത്തിന്റെ വംശത്തിലാണ് ചോളരാജ്യം നശിപ്പിച്ച കോപ്പെരുംചിങ്കനെന്ന പല്ലവന്റെ ജനനം. ഇതേ ജില്ല യിലെ മറ്റൊരുഭാഗത്ത് കാവൽ നിന്നിരുന്നത് നടു നാടായ മഗധയിലെ ബാണമുഖ്യനാണ്. മലയമാൻ ചേദിരാജന്റെ മകൻ കോവലരാജനാണ് ഇദ്ദേഹം. നോലംബനും അതിയമാനും ചോളസാമന്തരായിരു ന്നു. ശീയഗംഗൻ(ഗംഗൻ)1147ൽ കാളഹസ്തി സമ്മാ നങ്ങൾ നൽകുന്നു. 1139ൽ ഈ രാജാവിനെ ഇതേ ക്ഷേത്രത്തിനുള്ള ഗ്രാമദാനത്തിൽ ഘട്ടിദേവയാദവ രായനെന്ന് വിളിക്കുന്നു. ഇദ്ദേഹത്തിന്റെ പൂർവ്വീക രിൽ ഏറ്റവും പഴയത് നാരണദേവനെന്നും പറയു ന്നു. (യോഗിമല്ലവാരലിഖിതം).

വെങ്ങിദേശലിഖിതങ്ങൾഃ- 1135ൽ മഹാമണ്ഡലേശ്വര ബല്ലയചോഡന്റെ രാജ്ഞി ചോമരമാടകൾ, ബാപ ത്തല ക്ഷേത്രത്തിനു കൊടുത്തത്. 1136ൽ ഈ ക്ഷേ ത്രത്തിന് വേലനാന്ദി ചോഡന്റെ രാജ്ഞി ഗുണ്ടാം ബിക വിളക്ക് കൊടുത്തു. വേലനാന്ദി ഗോങ്ക(ഗംഗ) രണ്ടാമന്റെ ഭാര്യ സോമന്തിയമ്മ പെരുമ്പള്ളി ഭാവ നായന്നക്ഷേത്രത്തിന് ദാനം. ഗോങ്ക 1 ദ്രാക്ഷാരാമ ത്തിൽ 1139ലും 1146ലും വിളക്ക്. 1146ൽ കാളഹ സ്തിയിൽ ഗോങ്ക 2 വിളക്ക്. അദ്ദേഹവും ത്രിഭുവ നമല്ലചോഡമഹാരാജാവും 1148ൽ കോണികേനയി ല് ദാനം ചെയ്തിട്ടുണ്ട്. ബാപത്തിലേ്ഷേത്രതേതിൽ, ഗോങ്ക രണ്ടാമന്റെ സഹോദരഭാര്യ (പന്തരാജന്റെ) നാഗാംബിക 12 ബിരുദമാട്ടം വിളക്കിന് കൊടുത്തു.

1137ൽ കന്ദ്രവാടി ഭീമരാജാ നാടക്കി ശക്തീശ്വരക്ഷേ ത്രത്തിലെ നർത്തകിമാരുടെ ഉപജീവനത്തിന് ഭൂമി കൊടുത്തു. ത്രിഭുവനമല്ലചോളരാജാവിന്റെ കോനി ദേനം. കോലനയിലെ കാടമനായകൻ 1143 ഗ്രാമം മുഴുവനും ബ്രഹ്മദേയമായി കൊടുത്തു. ഇദ്ദേഹം തന്നെയാണ് കൊല്ലൂരിലെ ഭീമരാജാ. ഇദ്ദേഹത്തിന്റെ ഭാര്യ മേദമ്മ 1145ൽ പ്രേമപ്പള്ളി എന്ന പെരുംപ ള്ളിയിൽ വിളക്ക് വെച്ചു. 1147ൽ ബാപത്തലേയിൽ നിരവധി ക്ഷേത്രങ്ങൾക്ക് വെങ്കിദേശചാലൂക്യഅംഗാ രകന്റെ സന്ധിവിഗ്രഹി സോമയ്യപെഗ്ഗഡേ സമ്മാന ങ്ങൾ കൊടുത്തിട്ടുണ്ട്.

മധുരാന്തകപൊട്ടാപ്പിച്ചോളസിദ്ധരശന്റെ ഒരു ലിഖി തം നരുലൂരിലുണ്ട്. തിരുഗോകർണ്ണം (പുതുക്കോട്ട) ലിഖിതം രാജാവിനെ കിരീടം ധരിപ്പിക്കാനുള്ള പ്ര ത്യേകഅവകാശമുള്ള ഒരു ബ്രാഹ്മണസംഘം ഉള്ള തായി പറയുന്നു. അവരുടെ ദ്വാരകാബന്ധത്തിൽ കിള്ളിക്ക് ഉള്ള ബഹുമാനം കൊണ്ട് അവരെ ക്ഷണിച്ച് തെൻകവിരനാട്ടിലേക്ക് കൊണ്ടുവന്നതാ ണ്. മഹാവംശത്തിൽ ഈ പ്രത്യേകാവകാശമുള്ളവ രെ ലംബകർണ്ണരുടെ പാണ്ടിനാട്ടിൽ വസിക്കുന്ന തായി പരാമർശമുണ്ട്. അവസാനത്തെ ലിഖിതം 16-17 ഭരണവർഷത്തിലാണ്. 1150ൽ കുലോത്തുംഗഭ രണം തീർന്നു. 4 വർഷം മുമ്പുതന്നെ മകൻ രാജ രാജ 2ആമന്റെ ലിഖിതങ്ങൾ തുടങ്ങിയിട്ടുണ്ട്1146 മുതൽ രാജരാജരണ്ടാമന്റെ ഭരണവർഷം ആരംഭി ച്ചിട്ടുണ്ട്. രാജ്ഞി അവനിമുഴുതുടൈയാൾ രാജാവി നോടൊപ്പം സിംഹാസനം പങ്കിട്ടിരുന്നു. രാജാവിന് സാഹിത്യനൈപുണ്യം കാരണം മുത്തമിൾക്കുത്ത ലൈവനെന്ന ബിരുദം ഉണ്ടായിരുന്നു.

രാജ്ഞിമാരുടെ നാമങ്ങൾ ഭുവനമുഴുതുടൈയാൾ,

ധരണി മുഴുതുടൈയാൾ,മുക്കോക്കിളാർ .13ആം ഭരണവർഷം രാജാവ് ആയിരത്തളിയിലാണ്. കന്തനെന്ന നാമം അദ്ദേഹത്തിന് സാഹിത്യത്തിലുണ്ട്, എപ്പിഗ്രാഫിയിലില്ല.

സാമന്തന്മാർഃ-

1.നരസിംഹവർമ്മന്റെ പേരക്കുട്ടി .എഡി 1058ൽ മലാട് 2000ത്തിന്റെ ഭരണാധികാരിയായി കിരീടം അണിഞ്ഞു. തിരുക്കോവലൂർ വിഷ്ണുക്ഷേത്രം നിർമ്മിച്ചു.

2.രണ്ട് മലയമുഖ്യന്മാർ. മലയമാൻ പെരിയ ഉടൈയാൻ നീരേറ്റനെന്ന രാജരാജമലയാലരാജൻ, കിളിയൂരിലെ മലയമൻ അത്തിമല്ലൻ ചൊക്കപ്പെരുമാളെന്ന രാജഗംഭീരചേദീയരായൻ

3.കാടവർ കൂടലൂർ ആളപ്പിറന്താർമോഹനെന്ന രാജരാജക്കാടവരായർ (ഏഴ്വാനശൂരക്ഷേത്രം സമ്മാനങ്ങൾ). കാഞ്ചീപുരത്തെ പല്ലവർ ആദിത്തർ. (പല്ലവന്രായർപേട്ടയിലെ കൽക്ഷേത്രം രാജരാജേശ്വരമുടൈയാർ ക്ഷേത്രനിർമ്മിതി) കോലാർമലയിലെ ശിലാക്ഷേത്രവും നിർമ്മിച്ചിട്ടുണ്ട്.

4.രണ്ട് സെങ്കേനിമുഖ്യന്മാർ. നിത്തവിനോദസാംബവരായർ(ഭാര്യ ശീരുടൈയാർ തെക്കെ ആർക്കോട്ടിലെ ബ്രഹ്മദേശത്ത് വിളക്ക് വെച്ചു). രാജനാരായണസാംബവരായരെന്ന അമ്മയപ്പൻ ശീയാൻ പല്ലവാണ്ടാൻ മുന്നൂരിലും അച്ചരപ്പാക്കത്തും സമ്മാനങ്ങൾ. സെങ്കേനി,കാടവൻ ഈ നാമങ്ങൾ പല്ലവരാജവംശത്തിന്റേതാണ്.

5.കുലോത്തുംഗചോളകദംബരായർ. പുതുക്കോട്ട കുടുമിമല.ദാനം

0തെക്കേ ആർക്കോട്ടിലെ തിത്തക്കുടിയിൽ(സിദ്ധ) പാടി കാവലും പെണ്ണാഘടം താന്നിയൂരിലെ പള്ളിക്കാണിയുമാണ്.

7. തെലുഗുത്രിഭുവനമല്ലചോഡമഹാരാജു , ജിക്കിദേവചോഡമഹാരാജാ എന്നീ കരികാലവംശജർ.

8.വേലനന്ദിവംശത്തിലെ കുലോത്തുംഗരാജേന്ദ്ര ചോഡയ്യ, കൊണ്ടപദുമതി ബുദ്ധരാജാ, കോനരാജേന്ദ്രലോകരാജാ. ഇവരുടെ ഉദ്യോഗസ്ഥരായ ഭണ്ഡാരി മുപ്പനായക(ഗുഡ്ഡവാടി), മുതലി ഭീമനായക(ദ്രാക്ഷാരാമലിഖിതം) കോത്താരി ഏറ്റമനായക(നെല്ലൂർജില്ല) സൂരൻ(കോത്തിദേന) കന്ത അഥവാ കന്തേനപുത്രനായ രാമൻ എന്ന കൊന്ദൂരുവിലെ മുഖ്യൻ. . (കൊന്ദേരു രാജരാജേശ്വരക്ഷേത്രത്തിന് ദാനം).

9.മഹാസാമന്ത ജീയാരുഗാരു (നെല്ലൂരിലെ ജനകവാരം ലിഖിതം 10ആം ഭരണവർഷം) 26ആം വർഷത്തിലേതാണ് അവസാനമായി കാണുന്ന ലിഖിതം. 1173ൽ രാജരാജരണ്ടാമന്റെ ഭരണം അവസാനിച്ചു. 1163 മുതൽ പിൻഗാമി രാജാധിരാജ രണ്ടാമന്റെ ലിഖിതങ്ങളുണ്ട്.ഇദ്ദേഹം രാജരാജ രണ്ടാമന്റെ മകനല്ല. വിക്രമചോളന്റെ പേരക്കുട്ടിയാണ്. രാജരാജൻ ഇദ്ദേഹത്തെയാണ് അടുത്ത അവകാശിയായി തെരഞ്ഞെടുത്തത്.

പല്ലവരായൻപേട്ടലിഖിതം

രാജാധിരാജ രണ്ടാമന്റെ 8ആം ഭരണവർഷം. സോമസുന്ദരഅധികരും എപ്പിഗ്രാഫിസ്റ്റ് വെങ്കോബറാവുവും ഇതിലെ പല കാര്യങ്ങളിലും ഭിന്നാഭിപ്രായക്കാരാണ്. നീലകണ്ഠശാസ്ത്രി രണ്ടാളേയും നിരസിക്കുന്നു. 1-4 വരെ രാജാധിരാജപ്രശസ്തിയും

ഭരണവർഷവും പറയുന്നു. 5-14 വരെ പല്ലവരായന്റെ ഔദ്യോഗികപദവി, രാജാധിരാജനെ തെരഞ്ഞെടുത്തതിലും അഭിഷേകം ചെയ്യിച്ചതിലും അദ്ദേഹം വഹിച്ച സ്തുത്യർഹമായ പങ്ക്. രാജരാജൻ ആദ്യം യുവരാജാവായും ഉത്തരാധികാരിയായും പിന്നെ രാജാവിന്റെ മരണശേഷം പട്ടാഭിഷിക്തനായും തീർന്നതിലേക്ക് നയിച്ച സംഭവവികാസങ്ങൾ. 14-21 പാണ്ഡ്യയുദ്ധത്തിലും സിംഹളയുദ്ധത്തിലും പല്ലവരായന്റെ പങ്കും സിലോൺസൈന്യത്തെ പാണ്ഡ്യനാട്ടിൽനിന്ന് ഓടിച്ചതും .രോഗം മൂലം മരണം. 40 വേളി ഇറയിലിനിലം അദ്ദേഹത്തിന്റെ പിൻഗാമികൾക്കും ബന്ധുജനങ്ങൾക്കും രാജാധിരാജൻ തന്റെ 8ആം ഭരണവർഷത്തിൽ കൊടുക്കുന്നത്. അതിൽ നിരവധി ഉദ്യോഗസ്ഥർ ഒപ്പുവെച്ചത്. പല്ലവരായർ പെറ്റുനിന്റ് പരികരിത്ത് തിരുവപിഷേകം പണ്ണുവിത്ത് ഒരു പടിയും പണ്ണി ചെയ്യുംടി പണ്ണി വിത്തരുളിനാർ എന്നത് പല്ലവരായന്റെ പദവിയും അദ്ദേഹം രാജാവിനെ സഹായിച്ചതും വ്യക്തമാണ്. പെരിയതേവർ രാജരാജതേവരുടെ 10 കോയിൽക്കോട്ടുകളുടേയും ആന,കാലാൾ, അകമ്പടി ന്യായത്തിന്റേയും മുതലികളായ ശേഷം,മുതലികൾക്ക് മുന്ഏവൽ (മുമ്പേതന്നെ)ഉള്ള എല്ലാ ആദരവും ഉത്തരവാദിത്തവും ഏറ്റശേഷമാണ് പദവികളെന്നും പറയുന്നു. രാമാനുജൻ ശ്രീരംഗത്ത് 10 കോട്ടുകളാക്കി പരിജനങ്ങളെ വിഭജിച്ചശേഷം കോയിൽ ഒലുഗു (ക്ഷേത്രഭരണം) ശക്തമായി ക്രമീരിച്ചതുപോയെയാണ് ഇവിടെയും ക്ഷേത്രഭരണനിയന്ത്രണവും സംവിധാനവും. അതിന്നുമുമ്പ് 5 കോട്ടുകളേ ഉണ്ടായിരുന്നുള്ളു. പല്ലവരായനാണ് എല്ലാ കോവിലുകളുടെ ഭരണവും നടത്തുന്നത്.

പരിഹരിത്ത്:-രാജരാജന്റെ മരണം കൊണ്ടുണ്ടായ പ്രശ്നങ്ങളെ പരിഹരിച്ചു. ഒന്നും രണ്ടും വയസ്സുള്ള കുട്ടികളുടേയും പത്നിമാരുടേയും സ്വത്തുക്കളുടേയും സുരക്ഷ, കുട്ടികളെ ആയിരത്തളിപട വീട്ടിൽനിന്ന് മറ്റൊരിടത്തേക്ക് സുരക്ഷിതമായി മാറ്റൽ (എല്ലാ അടൈവുകേടുകളും വരാത ഇടത്ത്).
പ്രശ്നം പെരിയ തേവർ എഴുന്തരുളിന നാളിലേ ഉള്ളതാണ് എന്ന് പറയുന്നു. കുട്ടികൾ നന്നേ ചെറുതാകയാൽ തിരുഅഭിഷേകത്തുക്കുരിയ പിള്ളൈകൾ ഇന്റിയെ ഇരുക്കിറ പടിയൈ പാർത്തു, അവകാശികളാവാൻ .യോഗ്യത ഉള്ളവർ ആരുണ്ട് എന്ന് വിചാരം ചെയ്ത് (അന്നാളിലേ കാരിയം ഇരുന്ത പടി വിചാരം ചെയ്തു) വിണ്ണപ്പം ചെയ്ത് (പരസ്യം ചെയ്ത് അപേക്ഷിച്ചവരെ നന്നായി വിചിന്തനം ചെയ്ത് തെരഞ്ഞെടുത്ത്) ആണ് വിക്രമചോള എതിരിപ്പെരുമാൾ മകൻ, ഗംഗൈകൊണ്ട പുരത്തെ നെറിയുടൈയ പെരുമാൾമകനെ തെരഞ്ഞെടുത്തത്. അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവന്ന് രാജരാജന്റെ മുമ്പാകെ പുതിയ പദവി കൊടുത്തു. നാലു വർഷം കഴിഞ്ഞ് രാജാധിരാജതേവ എന്ന പേരിൽ ഉദൻകൂട്ടസഭക്കും നാടിനും മുമ്പാകെ അഭിഷേകം ചെയ്തു. (മണ്ടൈ കവിപ്പിത്തു തിരുഅഭിഷേകം പണ്ണിവിത്തു) രണ്ട് ചടങ്ങിനും പല്ലവരായരാണ് മുൻനിന്നത്. എതിരിപ്പെരുമാളെന്നതുകൊണ്ട് വിക്രമചോളന്റെ മകളുടെ മകനാകാം എന്ന് നീലകണ്ഠ ശാസ്ത്രി. നാലുവർഷം പ്രൊബേഷനുശേഷമാണ് പാണ്ഡ്യൻ ആഭ്യന്തരയുദ്ധം നടക്കുന്നത്. 8ആം വർഷത്തിലെ രാജാധിരാജന്റെ 40 വേളിനിലം ഗ്രാന്റിൽ രാജരാജതേവനും ബന്ധുക്കൾക്കും കുട്ടികൾക്കും ഭൂമി നീക്കിവെച്ചിരിക്കുന്നു. ഇതിലെ

ഏറ്റവും വലിയ ഭാഗമായ 8 വേളി അദ്ദേഹത്തി ന്റെ ഭാര്യക്കും കുട്ടികൾക്കും ആണ്. രാജരാജന്റെ കുട്ടികളുടെ അമ്മ പല്ലവരായന്റെ മകളാണ്. രാജരാജന്റെ ഭരണാരംഭം എഡി 1146 മുതലാണ്. 28ആം വർഷം വരെ ലിഖിതങ്ങൾ കാണുന്നുണ്ട്. രാജാധിരാജന്റെ 8ആം ഭരണവർഷമാണ് പല്ലവരാ യരുടെ മരണം. അതിന്നും മുമ്പ് രാജരാജൻ മരിച്ചി ട്ടുണ്ട്. മകളേയും കുട്ടികളേയും സുരക്ഷിതസ്ഥാ നത്ത് എത്തിച്ച ശേഷമാണ് പല്ലവരായൻ യോഗ്യത മാത്രം നോക്കി പുതിയ രാജാവിനെ ശത്രുവിന്റെ മകനായാലും തെരഞ്ഞെടുത്തത്. അന്ന് ചെറിയ കുട്ടിയായിരുന്ന രാജരാജന്റെ മക്കളിലൊരാളാവാം 1178ൽ സിംഹാസനസ്ഥനായ കുലോത്തുംഗ 3.

രാജാധിരാജ രണ്ടാമനും കുലോത്തുംഗ മൂന്നാമനും (1163-1216) വരെഃ- വിക്രമചോളന്റെ മകളുടെ മക നായ രാജാധിരാജാ 2 രാജരാജന്റെ കൂടെ രാജാവാ യി (റീജന്റ്) 8 വർഷം ഭരിച്ചശേഷമാണ് ഒറ്റക്ക് ഭരിക്കാനാരംഭിച്ചത്. കുലോത്തുംഗൻ 1 പാണ്ഡ്യരാ ജ്യം തിരിച്ചുപിടിച്ചശേഷം പഴയ പാണ്ഡ്യവംശ ത്തെക്കുറിച്ച് രാജാധിരാജ 2ന്റെ കാലം വരെ ഒന്നും അറിവില്ല. എന്നാൽ അക്കാലത്തും അവരു ടെ ലിഖിതങ്ങൾ കാണുന്നത് അവർക്ക് അന്നും സ്വതന്ത്രഭരണം ഉണ്ടെന്ന് കാണിക്കുന്നു. ചോളപാ ണ്ഡ്യവൈസ്രോയിമാരുടെ കാലത്തും അവരുണ്ട്. വിക്രമചോളന്റെ ആദ്യകലിംഗയുദ്ധത്തിൽ പരാക്രമി പാണ്ഡ്യൻ കോലന തെലിംഗഭീമനെ ആക്രമിച്ചു. ചോളർക്ക് മൈസൂരും വെങ്കിയും നഷ്ടമായശേഷം പാണ്ഡ്യരാജ്യത്ത് ഒറ്റ ചോളലിഖിതം ഇല്ല. (കുലോത്തുംഗനുശേഷം)വിക്രമചോളന്റെ 2 ലിഖിതം ശിവപുരിയിൽ കിട്ടിയിട്ടുണ്ട്. കുലോത്തുംഗ 2,

രാജരാജ 2 ഇവരുടെ ലിഖിതം ഇല്ല. രാജാധിരാജ ന്റെ ഒന്ന് തിരുക്കാലക്കുടിയിൽ കിട്ടി.

പാണ്ഡ്യന്മാരുടെ അവകാശയുദ്ധങ്ങൾ:- 1169ൽ പരാക്രമപാണ്ഡ്യന് മധുരയെ അടക്കിവെച്ച കുലശേഖരനെതിരെ സിംഹളത്തിലെ പരാക്രമബാഹുവിനോട് (1153-86) സഹായം ചോദിച്ചു. സിംഹളസൈന്യം വരുന്നതിന്നുമുമ്പേ കുലശേഖരൻ മധുര കീഴടക്കി. പരാക്രമനേയും ഭാര്യയേയും മക്കളേയും തിരിമലക്കേ എന്ന സ്ഥലത്ത് വെച്ച് വധിച്ചു. പരാക്രമബാഹു തന്റെ സേനാധിപനോട് (ലങ്കാപുരൻ) മധുര കുലശേഖരനിൽനിന്ന് തിരിച്ചുപിട്ക്കാനാവശ്യപ്പെട്ടു. അദ്ദേഹം രാമേശ്വരം വഴി വന്ന് കുണ്ടുക്കലയിൽ താവളം അടിച്ചു. (രാമേശ്വരത്ത് കടലിലേക്ക് മുനമ്പുപോലെ ഉന്തിനിൽക്കുന്ന ചെറിയ ഭൂഭാഗമാണ് ഇത്) യുദ്ധത്തടവുകാരെ സിലോണിലെ ബുദ്ധമതം വിഹാരങ്ങളി ൽ പീഡിപ്പിച്ചു.കുലശേഖരനെ തോൽപ്പിക്കുക എളുപ്പമായിരുന്നില്ല. പരാക്രമപാണ്ഡ്യന്റെ ഒരു മകൻ രക്ഷപ്പെട്ട് മലയാംനാട്ടിലുണ്ടെന്ന് അറിഞ്ഞ ലങ്കാപുരൻ മധുരക്കടുത്ത് തന്നെ വന്നുകാണാൻ നിർദ്ദേശിച്ചു. രാണാട്, മധുര, പുതുക്കോട്ട തിരുനെൽവേലി യുദ്ധങ്ങൾ ഉണ്ടായി. കുലശേഖരന് ജനപിന്തുണ ഉണ്ടായിരുന്നു. അത് വർദ്ധിച്ചുവന്നു. കൊങ്ങുനാട്ടിലെ തന്റെ അമ്മാമനും ചോളന്മാരും കുലശേഖരനെ സഹായിച്ചു. കുലശേഖരൻ ചോളനാട്ടിൽനിന്ന് പല്ലവരായൻ നയിക്കുന്ന ചോളസൈന്യവുമായി തൊണ്ടി,പാശിയിലേക്ക് മടങ്ങി. കീഴേനിലയത്തിലെ യുദ്ധത്തിൽ (മഹാവംശം കീഴേനിലയമെന്നു പറയുന്നത് രാമനാടിലെ തിരുപ്പത്തൂരാണെന്നും കീഴ്നിലൈ അഥവാ കീഴ്പാഴൂരാണെന്നും അഭിപ്രായം ഉണ്ട്) ലങ്കാ

പുരൻ ജയിച്ചു. പൊന്നമരാവതിയുദ്ധത്തിലും കുല ശേഖരന് പരാജയം സംഭവിച്ചു. ലങ്കാപുരൻ താൻ പിടിച്ച രാജ്യം വീരപാണ്ഡ്യന് കൊടുത്തു. പരാക്ര മബാഹുവിന്റെ കഹാപന എന്ന ഈഴക്കാശ് എല്ലാ യിടത്തും വിതരണം ചെയ്തു. പാണ്ഡ്യചോളയുദ്ധ ങ്ങളിൽ കൊള്ളയടിച്ചതെല്ലാം സിംഹളത്തിലേക്ക് കൊണ്ടുപോയി.

ചിങ്കൽപേട്ട് അർപ്പാക്കം ലിഖിതം- രാജാധിരാജന്റെ 5ആം വർഷം. ലങ്ക പാണ്ഡിമണ്ഡലം പിടിച്ച് കുല ശേഖരനെ മധുരയിൽനിന്ന് ഓടിച്ച്, രാജാധിരാജന്റെ സാമന്തർക്ക് നേരെ(തൊണ്ടി,പാശി)തിരിഞ്ഞു, ചോള മണ്ഡലത്തിൽ ഭീതി പരന്നു. അവർ എതിരിചോള സാംബുവരായസ്വാമിദൈവമെന്ന പുണ്യവാനെ സമീപിച്ച് ദുഷ്ടരായ സിംഹളസൈന്യത്തിൽനിന്ന് ചോളസൈന്യത്തെ രക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചു. അദ്ദേഹം 28 ദിവസം ശിവദ്രോഹികൾക്കെതിരെ പൂജ ചെയ്തു. രാമേശ്വരം ക്ഷേത്രത്തിലെ പൂജ സിംഹളർ നിർത്തിച്ചു. അവിടത്തെ ഭണ്ഡാരം കൊള്ളയടിച്ചു. 28 ദിനം പൂജ ചെയ്യവേ, പിള്ളൈ പല്ലവരായനിൽനിന്ന് ദണ്ഡനായകന്മാരായ ജയദ്ര ഥനും ലങ്കാപുരിയും സൈന്യവും തോറ്റോടിയ വർത്തമാനം കിട്ടി. സാംബുവരായൻ നന്ദിപൂർവ്വം അർപ്പാക്കം ഗ്രാമം സ്വാമിദേവർക്ക് അർപ്പിച്ചു. പല്ലവരായൻപേട്ടലിഖിതം കുലശേഖരനെ സിംഹളർ മധുരയിൽനിന്ന് പുറത്താക്കിയപ്പോൾ അദ്ദേഹം ചോളനോട് സഹായം ചോദിച്ചതായും ചോളൻ പല്ലവരായനെ ഏൽപ്പിച്ചതായും പറ യുന്നു. കുലശേഖരനും ചോളസൈന്യവും ഒന്നിച്ച് നടത്തിയ യുദ്ധത്തിൽ പല്ലവരായൻ രാജകൽപ്പ നപ്രകാരം ദണ്ഡനായകനായ ലങ്കാപുരിയെ വധിച്ച്

തല മധുരയുടെ ഗോപുരത്തിൽ ആണിയടിച്ചു. കുലശേഖരൻ വീണ്ടും മധുരയിൽ പ്രവേശിച്ചു. പാണ്ടിനാട് ഈളനാടാകാത പടി പരിഹരിത്തു.

വടക്കേ ആർക്കോട്ടിലെ 12ആം വർഷലിഖിതം- പഴയന്നൂർ ഉടൈയാൻ വേദവനം(വേദക്കാട്) ഉടൈയാൻ അമ്മയപ്പനെന്ന അണ്ണൻ പല്ലവരായന്, പാണ്ഡ്യസിംഹളയുദ്ധത്തിലും കുലശേഖരനെ മധുരയിൽ വീണ്ടും രാജാവാക്കിയതിനും കൊടുത്ത ഭൂമിദാനമാണ്. അണ്ണൻ പല്ലവരായന്റെ സിലോൺ സൈനികനീക്കവും പറയുന്നുണ്ട്. പരാക്രമബാഹു ചോളനേയും കുലശേഖരനേയും വീണ്ടും ആക്രമിക്കുവാൻ ഒരുങ്ങുന്നു എന്നറിഞ്ഞ പല്ലവരായൻ സൈന്യം ശേഖരിച്ചു. ജാഫ്നക്ക് പടിഞ്ഞാറുള്ള ഊറത്തറൈ ദ്വീപ്, പുലൈച്ചേരി, മാത്തോട്ടം (മഹാതീർത്ഥം) മാന്നാറിന് 6 കിമീ തെക്കുകിഴക്കുള്ള വള്ളിക്കഗാമാ, ജാഫ്നക്ക് 10 മൈൽ കിഴക്കുള്ള മത്തിവാൾ(മട്ടുവില്) മുതലായ ദിക്കുകളില് പടക്കപ്പലുകള് നിർമ്മിച്ചുകൊണ്ടിരുന്നു പരാക്രമബാഹു. പരാക്രമബാഹുവിന്റെ മരുമകൻ ശ്രീവല്ലഭനെ നേരത്തേ നാടുകടത്തിയിരുന്നു, (അദ്ദേഹം ശരിയായസിംഹാസനാവകാശിയായതുകൊണ്ട്)പല്ലവരായന്റെ കപ്പൽപ്പട ശ്രീവല്ലഭന്റെ നേതൃത്വത്തിൽ സിലോണിലെത്തി. പുലൈച്ചേരിയും മഹാതീർത്ഥവും ഉള്പ്പെടെ നിരവധി സ്ഥലം നശിപ്പിച്ചു. ആനകളെ പിടിച്ചെടുത്തു. കിഴക്കുനിന്ന് പടിഞ്ഞാട്ട് 20 കാതവും വടക്കുനിന്ന് തെക്കോട്ട് 70 കാതവും തീ വെച്ചു.സിംഹളമുഖ്യരെ വധിച്ചു.അണ്ണൻ പല്ലവരായൻ സിലോണിലെ കൊള്ളമുതലെല്ലാം ചോളരാജാവിന് കൊടുത്തു.ശ്രീവല്ലഭന്റെ അഛനായ മാനാഭരണനും പരാക്രമബാഹുവും തമ്മിൽ ദീർഘകാലം യുദ്ധമു

ണ്ടായിരുന്നു. അത് തുടരാൻ പരാക്രമബാഹു ആഗ്രഹിച്ചില്ല. ശ്രീവല്ലഭൻ ആക്രമിച്ചപ്പോൾ പരാക്രമബാഹു കടലോരത്തുനിന്ന് പിന്മാറി, മദ്ധ്യദേശത്ത് ശക്തി കൂട്ടി. അദ്ദേഹം കുലശേഖരന് ധാരാളം സമ്മാനം കൊടുത്ത് മധുരസിംഹാസനത്തിലിരുത്തി. കുലശേഖരൻ അതുവരെ ചോളർ ചെയ്ത സഹായം മറന്ന് സിലോണുമായി സന്ധിചെയ്തു. ഇതനുസരിച്ച് വെള്ളാറിന് വടക്കോട്ട് എഴകത്താർ, മറവസാമന്തർ(ചോളന്റെ വിശ്വസ്തർ)ആയ രാജരാജകർക്കുടി, മാരായ രാജഗംഭീരഅഞ്ചുകൊണ്ട നാടാൾവാൻ ഇവരെ ഓടിച്ചു. പല്ലവരായൻ ആണിയടിച്ചുവെച്ച തലകളെ നീക്കിച്ചു.ചോളൻ പല്ലവരായനോട് പരാക്രമപാണ്ഡ്യപുത്രനായ വീരപാണ്ഡ്യനെ സിംഹാസനത്തിലിരുത്തി കുലശേഖരനെ ഓടിക്കാൻ കൽപ്പിച്ചു. ഇത് ചെയ്തതിന് പഴയന്നൂരിൽ 10 വേളിനിലം പല്ലവരായനു കൊടുത്തു. കുലോത്തുംഗ മൂന്നാമന്റെ 10ആം വർഷത്തിലെ സാംബനാർകോവിൽലിഖിതം രാജാധിരാജന്റെ രണ്ടാംവർഷത്തിൽ, കുലശേഖരനും പരാക്രമബാഹുവും കൂടി ചോളരാ്യം ആക്രമിച്ചപ്പോൾ ഒരു ക്ഷേത്രത്തിലെ വിഗ്രഹം മറ്റൊന്നിലേക്ക് സുരക്ഷക്കായി നീക്കിയതും കുലശേഖരൻ ചോളരോടു കാണിച്ച വിശ്വാസവഞ്ചനയും പറയുന്നു. പല്ലവരായൻ വീരപാണ്ഡ്യനെ മധുരസിംഹാസനത്തിലിരുത്തി. കുലോത്തുംഗ മൂന്നാമന്റെ സ്ഥാനാരോഹണശേഷം കുലശേഖരശാഖ വീണ്ടും പാണ്ഡ്യസിംഹാസനത്തിൽ ചോളന്റെ സഹായത്തോടെ ഇരുന്നു (1169-77ന് ഇടക്കാണ് ഈ യുദ്ധങ്ങളുണ്ടായത്).

രണ്ട് പല്ലവരായന്മാരാണ് ചോളസേനാപതികളായി കാണുന്നത്. മൂത്ത ആൾ രാജരാജ രണ്ടാമന്റെ

സേനാപതി കാരികൈ കുളത്തൂർ തിരുച്ചിറ്റമ്പലമുടൈയാനാണ്. ഇളയ ആളാണ് പഴയന്നൂരുടൈയാൻ വേദവനമുടൈയാൻ അമ്മയപ്പൻ അണ്ണൻ പല്ലവരായൻ. (രാജാധിരാജന്റെ സിംഹാസനാരോഹണത്തിനുശേഷം) പെരുമാനമ്പി നരിച്ചപ്പോൾ അണ്ണൻ പല്ലവരായനാണ് അദ്ദേഹത്തിന്റെ ബന്ധുക്കൾക്കുള്ള ഭൂമി വിതരണം കൃത്യമായി ചെയ്തത്. അണ്ണൻ പല്ലവരായന്റെ ബന്ധുവാണ് വേദവനം ഉടൈയാൻ കരുണാകരത്തേവൻ. ഇദ്ദേഹത്തെ അമരക്കോൻ പഴയന്നൂർ എന്നും പറയുന്നു. പഴയന്നൂരും വേദക്കാടും ഈ പല്ലവരാണ് ഭരിച്ചിരുന്നത്. കരുണാകരദേവൻ പട്ടീശ്വരത്തും തിരുവാലഞ്ചുഴിയിലും വിളക്ക് വെച്ചു.

ആർക്കോട്ടിലെ സെങ്കേണിയും കാടവരായരും

സെങ്കേണി അമ്മയപ്പൻ സാംബുവരായൻ (തിരുപ്പുലിവനം ക്ഷേത്രം) തന്നെയാണ് എതിരിലിച്ചോള ചെങ്കേണി അമ്മയപ്പൻ ജീയാൻ (കാഞ്ചീപുരം) ഇദ്ദേഹം സിലോൺ സൈന്യത്തെ തടഞ്ഞുനിർത്താൻ സഹായിച്ചതിന് ഉമാപതി ജ്ഞാനശിവന് ഏകഭോഗഇരയിലിയായി അർപ്പാക്കം ദാനം ചെയ്തത് നാം നേരത്തേ പറഞ്ഞു. പാണ്ഡ്യനാടു കൊണ്ടാൻ കണ്ടർ സൂരിയർ തിരുവക്കരഗോപുരവും ശിറ്റാറ്റൂരിന് പള്ളിച്ചന്തമായി ഭൂമിയും കൊടുത്തു. ശെങ്കേണി അമ്മയപ്പൻ ജീയാർ പല്ലവാണ്ടാൻ രാജനാരായണസാംബുവരായൻ മുന്നൂർക്ഷേത്രത്തിന് ദാനം ചെയ്തു. ശെങ്കേണി അമ്മയപ്പൻ പാണ്ഡിരാജരാജസാംബുവരായൻ, അമ്മയപ്പൻ കുലമാണിക്കം പാണ്ഡിനാടുകൊണ്ടാന്റെ പേരക്കുട്ടിയാണ്.

അദ്ദേഹം 13ആം ഭരണവർഷം മേൽക്കോവൂരിൽ ഭൂമിയും വീടുകളും ദാനം ചെയ്തിട്ടുണ്ട്.

മലയമാന്മാർ:- തിരുച്ചൂരക്കണ്ണപ്പൻ മലയമാൻ മകൻ രാജരാജമലയമാൻ ത്രിസൂലത്ത് നാലാം വർഷം വിളക്ക് വെച്ചു.
രാജരാജചേദിയരയൻ ,രാജരാജകോവളരായൻ(5 ആം വർഷം കീഴൂരിലെ സമ്മാനം) കിളിയൂരിലെ രാജഗംഭീരചേദിയരയൻ, പനങ്കുടിയിലെ നീറങ്ങിന്ദാൻ ചേദിരാജൻ(അത്തി കേരളാന്തകനല്ലൂരിലെ വിളക്ക്) തിരുവരങ്കമുടയാൻ രാജാധിരാജമലയരയൻ (10ആം വർഷം തിരുപ്പാച്ച ർ സമ്മാരം) കണ്ണൻ ശൂരൻ ആകാരാസുരമലയമാ ൻ(സിദ്ധലിംഗമാടം ലിഖിതം) ഇവരെല്ലാം മലയമാ ന്മാരാണ്.

മറ്റുള്ളവർ:-കടന്തൈ ചേന്ദൻ ആദിത്യൻ എന്ന വംഗാരമുത്തിയൻ 5 വേളിനിലം തീർത്ഥക്കുടിക്ക് 5ആം വർഷം ദാനം ചെയ്തു. പൊൻഅമരാവതി യിലെ നിഷാദരാജനായ കോലൻ തിരുക്കൊടും കുന്റം ഉടൈയാൻ , കാടവരാജശാഖയിലെ (തിരുവ ടിലിഖിതം)അരശനാരായണൻ ഏഴിശൈമോഹന ജനനാഥക്കാച്ചിയരാജൻ ,ഗുണമലൈപ്പാടി ഉടയാ ർആട്കൊണ്ടാൻ ഗംഗൈകൊണ്ടാൻ (വെണ്ണിക്കൂറ്റ ത്തിലെ പൊട്ടാപ്പിച്ചോളൻ) എന്ന തെലുഗുമുഖ്യൻ, നെല്ലൂർ സിദ്ധരശൻ (12ആം വർഷം കാളഹസ്തി വിളക്ക്) ഇവരും സാമന്തരാണ്. കുലോത്തുംഗ 1ന്റെ 42ആം വർഷത്തെ രാമനാട്ടിലെ ശിവപുരിലി ഖിതം കന്തൻ മംഗളത്തേവനെന്ന ദ്വാരാപുരി വേള ൻ സുന്ദരത്തോലൻ കന്തനെന്ന രാജേന്ദ്രചോളദ്വാരാ പതി വേളാനോട് ചെയ്ത പ്രതിജ്ഞയെ പരാമർശി

ക്കുന്നു. സ്വന്തം ആസ്തിയും ജീവനും മാനവും സത്യമാക്കി, അതിൽനിന്ന് തെറ്റിയാൽ സ്വന്തം അമ്മയെ പരിഗ്രഹിച്ച പാപവും സുരകുടിച്ചതും ഗോമാംസം ഭക്ഷിച്ചതുമായ പാപവും ഉണ്ടാവുമെന്ന് സത്യം ചെയ്തു. 10 വർഷം കഴിഞ്ഞ് ഇതേ പ്രതിജ്ഞ രാജേന്ദ്രചോളനിഷാദരാജനും കന്തൻ സുന്ദരത്തോലൻ ദ്വാരാപതിവേളാനും എടുക്കുന്നുണ്ട്. വടക്കേ ആർക്കോട്ടിൽ രാജാധിരാജ 2ന്റെ 11ആം വർഷത്തെ മാടം ലിഖിതം ചെങ്കേണി കുടുംബത്തിലെ മൂന്നു മുഖ്യന്മാർ തമ്മിലാണ്. രാജാധിരാജ രണ്ടാമന്റെ അവസാനലിഖിതം 11ആം വർഷമാണ്. (1163-66 മുതൽ 1179-82 വരെ കാലം) കുലോത്തുംഗ 2ന്റെ ലിഖിതം 1178 മുതലുണ്ട്. കുമാരകുലോത്തുംഗനെ രാജാധിരാജ രണ്ടാമന്റെ ലിഖിതങ്ങളിൽ കാണാം. ഇവർ ചോളരുടെ പ്രധാനശാഖയിലുള്ളവരാണോ. ഇവരുടെ ബന്ധം എന്താണ്. സംഗമരാജന്റെ മക്കളാണ് നല്ലമനും കുമാരകുലോത്തുംഗനും ശങ്കരചോളനും (ശങ്കരചോളഉലാ ജ്യേഷ്ഠന്റെ നാമം കുമാരമഹീധരനെന്ന്പറയുന്നു) ചോളരുടെ പ്രധാനശാഖയിലുള്ളവരല്ല സംഗമവംശമായ കുമാരകുലോത്തുംഗനും കുലോത്തുംഗ രണ്ടാമനും. കുലോത്തുംഗ മൂന്നാമനെ പറ്റി (കോവയിലെ വീരൻ) പറയുന്ന വിശേഷണങ്ങളിൽ ഒന്ന് തങ്കം കാരണം പിരിടോന്റിലാടണ്ഡച്ചാവഗമും കൊങ്ങും ഇറൈനവും കുമാരകുലോത്തുംഗനെന്നാണ്. കൊങ്ങ് കോയമ്പത്തൂരും സേലവും കരൂരും ഉൾപ്പെട്ട കൊങ്ങുചേരദേശം. അണ്ഡച്ചാവകം ഏതാണ്. (zabag). അണ്ഡത്തോടും ചാവക്കാടും ആണോ . കേരളത്തിലെ ഈ ഭാഗവും കൊങ്ങുചേരവും ഭരിക്കുന്ന കൊങ്ങോട്ടും വെങ്കൈ

കൊടിയോൻ ,കൊങ്ങോടക്കുട്ടും കളിറ്റാൻ, അടിനീർമിന്നുമുൺജപമും കൊളിയടരി പുഗക്കൊടിനീന്റ വേങ്കൈയുയർത്തോൻ മീർ ചേരരൈ വെൻകണ്ട വീരം വിളുക്കവി നാരാനവർ പാടും കുലോത്തുംഗൻ പ്രശസ്തികളിൽ 4ആം വർഷം ഈലവും 16ആം വർഷം കരുവൂരും 24ആം വർഷം കാഞ്ചീപുരത്തും ഉണ്ട്. വീരാഭിഷേകവും വിജയാഭിഷേകവും ചെയ്തിട്ടുണ്ട്. നെല്ലൂരിലെ സിദ്ധരശർ പാണ്ഡ്യദേശത്തും സേലത്തും കുലോത്തുംഗനേയും കുലശേഖരനേയും ബുദ്ധിമുട്ടിച്ചിട്ടുണ്ട്. ചോളരാജാക്കന്മാരിൽ അവസാനത്തെ ആളായി അദ്ദേഹത്തെ ഗണിക്കുന്നു.

ശുചീന്ദ്രത്തുനിന്ന് വീരപാണ്ഡ്യന്റെ ഒരേ ഒരു ലിഖിതം കിട്ടിയിട്ടുണ്ട്. അമ്മാമൻ പല്ലവരായൻ ചോള

രാജാവിനോടുകൂടി തന്നെ പാണ്ഡ്യസിംഹാസനത്തിലിരുത്തിയപ്പോൾ, കിരീടധാരണസമയത്ത് 7 വേളി നിലം പ്രാദേശികജനങ്ങള്ക്ക് സമ്മാനിച്ചു എന്ന് ലിഖിതം പറയുന്നു. കുലശേഖരനെപ്പോലെ വീരപാണ്ഡ്യനും കൂറുമാറി സിംഹളപക്ഷം ചേര്ന്നു. സാമ്പ്രദായികമായി, വേണാടും പാണ്ഡ്യദേശവും സിലോണും ചോളനെതിരെ ഒരു കെട്ടായാണ് നിലകൊള്ളാറുള്ളത്. (സംഗകാലത്തുതന്നെ ചേരൻ ചെങ്കുട്ടുവനെന്ന ചോളരാജപുത്രിയുടെ മകനെ രാജാവായി അംഗീകരിക്കാനുള്ള കേരളസഭയുടെ വിമുഖത കാണുന്നുണ്ട്). വീരപാണ്ഡ്യനെ പിന്നീട് മധുരയിൽനിന്ന് ഓടിച്ചപ്പോൾ അദ്ദേഹം കേരളത്തിലെ കൊല്ലത്താണ് അഭയം തേടിയത്. പരാന്തക ഒന്നാമൻ രാജസിംഹപാണ്ഡ്യനെ തോൽപ്പിച്ചപ്പോൾ അദ്ദേഹത്തെയും കേരളവും ലങ്കയും സഹായിച്ചു.

കുലോത്തുംഗലഖിതങ്ങൾ: 9ആം വർഷം 88ആം ദിവസം ചിദംബരം ലിഖിതം. വിക്രമപാണ്ഡ്യൻ സഹായം ചോദിച്ചപ്പോൾ സൈന്യം അയച്ചതും വീരപാണ്ഡ്യന്റെ മകൻ യുദ്ധത്തിൽ മരിച്ചതും ഏലകം കീഴടങ്ങിയതും മറവപ്പടയെ ഓടിച്ചതും സിംഹളരുടെ മൂക്ക് അരിഞ്ഞതും വീരപാണ്ഡ്യൻ പിന്തിരിഞ്ഞതും വിക്രമപാണ്ഡ്യന് മധുരസിംഹാസനം കൊടുത്തതും വിജയസ്തംഭം നാട്ടിയതും പറയുന്നു. 11ആം വർഷം 118ആം ദിവസം ചിദംബരം ലിഖിതം വീരപാണ്ഡ്യന്റെ മകന്റെ മൂക്ക് അരിഞ്ഞതും വിക്രമപാണ്ഡ്യന് കൂടൽ നഗരം കൊടുത്തതും , പിന്നീട് കിരീടമണിഞ്ഞ വീരപാണ്ഡ്യന്റെ ശിരസ്സ് ഛേദിച്ച് വിജയസ്തംഭം നാട്ടിയതും.

15, 16 വർഷങ്ങളിലെ തിരുക്കടൈയൂർലിഖിതം. വീരപാണ്ഡ്യന്റെ സ്ത്രീകളെ തന്റെ വേളത്തിൽ എടുത്തു. കൊല്ലത്ത് ഒളിച്ച തെന്നവന്റെ ശിരസ്സിൽ കാൽവെച്ചു. ശക്തനായ ചേരൻ അവസാനം ഗതിയില്ലാതെ അഭയം പ്രാപിച്ചു. ചെന്തമിഴ് മധുരയുടെ കിരീടം തെന്നവന് കൊടുത്തു. വീരക്കഴലണിഞ്ഞ് വീരവിജയപതാക നാട്ടി. കൈകയൻ കുലോത്തുംഗനെന്ന് മകനു പേരിട്ടതിൽ സന്തോഷിച്ച് നിരവധി അംഗവസ്ത്രം സമ്മാനം കൊടുത്തു. മീനവ (പാണ്ഡ്യ)വീരകേരളൻ പിന്തിരിഞ്ഞ് ഓടിയപ്പോൾ അവന്റെ വിരൽ മുറിച്ച് അടിമയാക്കി ഉപജീവനത്തിനുള്ള മാർഗ്ഗം കൊടുത്തു. തന്റെ അടുത്തിരുന്ന് തന്റെ പാത്രത്തിൽ താൻകൊടുത്ത ഭക്ഷണം കഴിക്കുന്നവനാക്കി. 16ആം വർഷം തിരുവിടൈമരുതൂർ ലിഖിതം. തെന്നവർ (പാണ്ഡ്യ,കേരള,സിംഹളർ) തോറ്റ കഥയാണ്. 19ആം വർഷം ശ്രീരംഗലിഖിതം

നെട്ടൂരിലെ വീരപാണ്ഡ്യന്റെ രണ്ടാം യുദ്ധശ്രമം പറയുന്നു. തെന്നവനും ചേരളനും ചോളനുമുമ്പിൽ, സിംഹാസനച്ചോട്ടിലിരുന്നു. രാജാവ് കാൽ തെന്ന വന്റെ കിരീടത്തിൽ വെച്ച് ഭൂമിയും ഒരു കിരീട വും മാത്രം കൊടുത്ത് പോകാനനുവദിച്ചു. വില്ലു വരച്ച പതാക കേരളന് നിധി കൊടുത്തു.(ഈ പരി ഭാഷ ശരിയല്ല. കോടിവളങ്കുവില്ലവന് - കോടികോ ടി ദാനംചെയ്തിരുന്ന വില്ലവനായ കേരളന് വില്ലു വരച്ച കൊടി മാത്രം നിധിയായി കൊടുത്തു എ) ന്നാണ് ശരിയായ അർത്ഥം).

പുതുക്കോട്ടലിഖിതം. ഈലവും കൊങ്ങും പിടിച്ച് കരുവൂരിൽ വിജയമാല മുടിച്ചു. പിന്നെ വീരമുടി ചൂടാൻ മലയസൈന്യത്തോടു യുദ്ധം ചെയ്തു. മട്ടി യൂരും കളിക്കോട്ടവും പ്രതിരോധിച്ചു. മറവപ്പട, ഏ്ലപ്പടയെ തടവുകാരാക്കി, മൂക്കുമുറിച്ചു, മധുര വളഞ്ഞു. പാണ്ഡ്യനെ ഭാര്യ,മക്കൾ,സൈന്യം ഇവ രോടൊപ്പം കാടുകയറ്റി. പാണ്ഡ്യന്റെ അഭിഷേകമ ണ്ഡപം തകർത്ത് കഴുതയെക്കൊണ്ട് ഉഴുത്, കവടി വിതച്ചു. ചോളപാണ്ഡ്യനെന്ന നാമം ധരിച്ച് വീര ശ്യംഖല കെട്ടി ത്രിഭുവനവീരനെന്ന പേരിൽ മധുര ചുറ്റി മീനാക്ഷിക്ഷേത്രത്തിൽ തൊഴുതു. ദേവിക്ക് ആഭരണങ്ങൾ സമർപ്പിച്ചു. പാണ്ഡ്യമണ്ഡലത്തെ ചോളപാണ്ഡ്യമണ്ഡലമാക്കി. മധുരയെ മുടിത്തലൈ കൊണ്ട ചോളപുരമാക്കി. താൻ ഇരുന്ന മണ്ഡപ ത്തിന് ചേരപാണ്ഡിയന് തമ്പിരാൻ എന്ന് ലിഖിതം കൊത്തിവെച്ചു. പാണന് പാണ്ഡ്യനെന്ന് പേരു കൊ ടുത്തു. മധുരയിലെ ദേവപ്രദക്ഷിണത്തിന് തന്റെ പേരിൽ രാജവീഥിയുണ്ടാക്കി. പുതിയ ഉത്സവം ഏർപ്പെടുത്തി. മധുരക്ഷേത്രം സ്വർണ്ണം പൊതിഞ്ഞു. ചേരപാണ്ഡ്യരാജ്യങ്ങളിലെ സ്വർണ്ണവും ഭൂമിയും

ചിദംബരം, തിരുവാരൂർ, ത്രിഭുവനം ക്ഷേത്രങ്ങ ൾക്ക് സമമായി വിതരണം ചെയ്തു. എല്ലായിട ത്തും വിജയസ്തംഭം നാട്ടി. അവസാനം പാണ്ഡ്യന് രാജ്യം തിരിച്ചുകൊടുത്ത് സൌഹൃദം പുനസ്ഥാപി ക്കയും ചെയ്തു. പാണ്ഡ്യയുദ്ധം മൂന്നു ഘട്ടമായാ ണ് നടന്നത്.

1.വീരപാണ്ഡ്യനെ മാറ്റി വിക്രമപാണ്ഡ്യനെ മധുര സിംഹാസനത്തിലിരുത്തുന്നു വീരപാണ്ഡ്യന് കുലോ ത്തുംഗന്റെ വൈരം ലഭിച്ചത് പ്രത്യേകകാരണം പറയുന്നില്ല. വിക്രമപാണ്ഡ്യൻ സഹായം ചോദിച്ച തു കൊണ്ട് കൊടുത്തു എന്നേ ഉള്ളു. കുലശേഖര ന്റെ ആരാണ് വിക്രമപാണ്ഡ്യൻ. ഏതു പരിതസ്ഥി തിയിലാണ് അദ്ദേഹം വീരപാണ്ഡ്യനെതിരെ ചോള സഹായം ചോദിച്ചത്. കുലശേഖരന്റെ ബന്ധുവും മധുരസിംഹാസനത്തിന് യഥാർത്ഥഅവകാശിയും ആണ് വിക്രമപാണ്ഡ്യൻ. സിലോണിലെ പരാക്രമി ബാഹു ഒന്നാമന്റെ ഭരണാവസാനകാലത്ത്, 1182നു മുമ്പാണ് ഈ ഒന്നാംഘട്ടം സംഭവിച്ചത്.

2.നെട്ടൂർ യുദ്ധം. വീരപാണ്ഡ്യന്റെ രണ്ടാം ഉദ്യമം. 1189ലോ അതിന്നുമുമ്പോ പാണ്ഡ്യനും ചേരനും കൂടി ചോളനെതിരേ നയിച്ചയുദ്ധം. വീരപാണ്ഡ്യൻ വേണാട്ടിന്റെ കൊല്ലത്ത് അഭയം തേടിയത് കേരളം തന്റെ അമ്മാമന്റെ വീടായതിനാലാണ്. അതുകൊ ണ്ടാണ് പാണ്ഡ്യവീരകേരളന് സൂര്യകുലമുഖ്യനെന്ന് പേരു കൊടുത്തത്. പക്ഷേ മകന് കുലോത്തുംഗനെ ന്ന് പേരിട്ട കൈകയനാരാണ്. ആചോദ്യത്തിന് ഉത്തരം കിട്ടിയിട്ടില്ല. പരാക്രമബാഹുവിന്റെ പിൻഗാമി നിശ്ശങ്കമല്ലന്റെ ശിലാലിഖിതം താൻ സംഗീതവും നൃത്തനാടകവും കാണാനിരുന്ന ശില

യിലാണ്. ആ ക്ഷേത്രത്തെ ധാരാളം നിധികളാൽ പുനരുദ്ധരിച്ച് നിശ്ശങ്കമല്ലേശ്വരം എന്ന് പേരിട്ടതായി ലിഖിതം പറയുന്നു.

34ആം വർഷത്തെ പുതുക്കോട്ടലിഖിതം കരുവൂരിൽ വിജയാഭിഷ്കം ചെയ്തശേഷം മധുരക്കു് വീരാഭിഷേകം ചെയ്യാനുള്ള യാത്രയെ പറയുന്നു(1205ൽ). 1190ൽ രാജാവായ ജടാവർമ്മകുലശേഖരന് എതിരെയാണ് ഈ സൈനികനീക്കം.(ഇദ്ദേഹത്തിന്റെ സഹോദരൻ മാരവർമ്മസുന്ദരപാണ്ഡ്യൻ). ഒരുപ ക്ഷേ ഇത് കുലോത്തുംഗനാൽ സഹായിക്കപ്പെട്ട വിക്രമപാണ്ഡ്യന്റെ മകനോ പിൻഗാമിയോ ആവാം ജടാവർമ്മകുലശേഖരൻ, മട്ടിയൂരും കളിക്കോട്ടയും എവിടെയാണെന്ന് നിശ്ചയിക്കപ്പെട്ടിട്ടില്ല. വർഷങ്ങൾക്ക് ശേഷം മാരവർമ്മസുന്ദരപാണ്ഡ്യൻ , തന്റെ സഹോദരന്റെ കൂടെ കുലോത്തുംഗന്റെ കർമ്മങ്ങൾ സഹിച്ചതിനാൽ ചോളരാജ്യത്ത് ആയിരത്തളി എന്ന മുടികൊണ്ടചോളപുരത്ത് വീരാഭിഷേകം നടത്തി പക വീട്ടി.

തെലുഗുചോഡർഃ- കാശ്യപഗോത്രം സൂര്യവംശം. കരിലാലന്റെ പിന്മുറക്കാരാണ് ഇവരുടെ നെല്ലൂർശാഖയും കുലോത്തുംഗൻ മൂന്നാമനും തമ്മിലാണ് ബന്ധം. സൂര്യകുലമുഖ്യനെന്ന് പാണ്ഡ്യവീരകേരളന് ബിരുദം കൊടുത്തത് ഈ സൂര്യവംശകരികാല ബന്ധം കൊണ്ടാവാം. രണ്ട് തെരുഗുചോളന്മാർ സൈന്യാധിപരായി കാണുന്നു. 1. മധുരാന്തകപൊട്ടാപ്പിച്ചോള . കടപ്പ ജില്ലയിലെ പുല്ലാംപോട്ട് താലൂക്കിലെ പൊട്ടാപ്പിഗ്രാമം ഇദ്ദേഹമാണ് സ്ഥാപിച്ചത്. 2. ഉത്തംപുരിയിൽ വിജയസ്തംഭമായി

ഗരുഡസ്തംഭം നാട്ടിയ തെലുഗുവിദ്യ. ഇദ്ദേഹ ത്തിന്റെ ചരിത്രത്തിലെ പൂർവ്വികആദ്യനാമം വിക്രമചോളന്റെ സാമന്തനായ ബെട്ടയിൽനിന്ന് ആരംഭിക്കുന്നു.

1.ബെട്ട

2.മക്കൾ എറ്റസിദ്ധിയും നല്ലസിദ്ധിയും

3.എറ്റസിദ്ധന്റെ 3 മക്കൾ നല്ലസിദ്ധ 2 എന്ന മന്മ സിദ്ധ, ബെട്ട 2, തമ്മെസിദ്ധ. ബെട്ടക്ക് ഭരണത്തിൽ താൽപ്പര്യമുണ്ടായില്ല. അതിനാൽ നല്ലസിദ്ധനുശേഷം തമ്മുസിദ്ധ രാജാവായി (ശകം 1127) 1129ലെ ലിഖി തം നല്ലസിദ്ധന്റെ കൂടെ രാജ്യം ഭരിച്ചിരുന്നതായി കാണുന്നു (കാവലിലിഖിതം- തത് കടാക്ഷാദേവ രാജ്യം കരോതി)

4.നല്ലസിദ്ധമന്മസിദ്ധന്റെ ഭാര്യ ബാചലദേവി. അവ രുടെ മകൻ ബെട്ടരശ. 1187 എഡിയിലാണ് നല്ല സിദ്ധരശരാജാ കുലോത്തുംഗന്റെ മൂന്നാമന്റെ ചക്രവർത്തിപദം അംഗീകരിച്ചത് 1120ൽ (ചോളന്റെ 12ആം വർഷം) സിദ്ധിമധുരാന്തകപൊട്ടാപ്പിച്ചോളൻ നെല്ലൂർക്ഷേത്രത്തിലേക്ക് സമ്മാനം കൊടുത്തിട്ടുണ്ട്. തിരുപ്പാലൈവനത്തും, കാളഹസ്തിയിലും നന്ദലൂരി ലും കുലോത്തുംഗന്റെ 18, 19, 24 വർഷങ്ങളിൽ നല്ലസിദ്ധന്റെ രാജ്ഞി നൂംഗമയുടെ സമ്മാനങ്ങളു ണ്ട്. നന്ദലൂര് ലിഖിതം നല്ലസിദ്ധനും മധുരാന്തക പൊട്ടാപ്പിച്ചോളഎറ്റമസിദ്ധനും കുലോത്തുംഗന്റെ 26ആം വർഷം(1204) കുലോത്തുംഗന്റെ ചക്രവർത്തി പദം അംഗീകരിച്ചതായി പറയുന്നു. 1213ൽ (9 വർഷം കഴിഞ്ഞ്) നല്ലസിദ്ധിയും അംഗീകരിക്കുന്നു. ഇതിനിടയിൽ നെല്ലൂരിലും ചിങ്കൽപേട്ടിലും നിന്ന് തമ്മുസിദ്ധന്റെ 2 ലിഖിതം കിട്ടിയിട്ടുണ്ട്. അദ്ദേഹ

ത്തിന്റെ മകൻ ബെട്ടരശന്റേത് ഒന്ന് കാഞ്ചീപുരത്തും ഒന്ന് നന്ദലൂരും കിട്ടി. ഇവയിൽ അദ്ദേഹത്തെ തിരുക്കാളത്തിദേവനെന്നും തിക്കന്റൃപനെന്നും പറയുന്നു. പിതാവ് മനുമസിദ്ധരശനല്ലസിദ്ധനുള്ള നന്മക്കാണ് ലിഖിതം. 1192 കർണ്ണാടകലിഖിതം ഭുജബലവീരനളസിദ്ധദേവ ചോളരശ വള്ളൂരപുരം (കടപ്പക്ക് 8 മൈൽ വടക്കുപടിഞ്ഞാറുള്ള മഹാരാജപാടി 7000ത്തിന്റെ തലസ്ഥാനം) ഭരിക്കുന്നതായി പറയുന്നു. അദ്ദേഹം കാഞ്ചിയിൽനിന്ന് കപ്പം വാങ്ങിയിരുന്നു. .

കുലോത്തുംഗന്റെ അവസാനഭരണവർഷങ്ങളിൽ മാരവർമ്മസുന്ദരപാണ്ഡ്യനാണ് ശക്തനായ ശത്രു. എന്നാൽ 1201ൽ കുലോത്തുംഗൻ വടക്ക് വടുഗ (തെലുങ്ക)രോട് യുദ്ധം ചെയ്ത് വെങ്കി പിടിച്ച് ഉരങ്കൈയിൽ പ്രവേശിക്കയാണ്. എന്നാലും നെല്ലൂരിന് വടക്ക് ഇക്കാലത്ത് ഒറ്റ ചോളലിഖിതം പോലും ഇല്ല. അതായത് അപ്പോൾ വെങ്കി പിടിച്ചിട്ടില്ല. ഇക്കാലത്ത് വെങ്കിയിൽ കാകതീയശക്തിയാണ് വർദ്ധിച്ച് വരുന്നത്. 1199ൽ കാകതീയഗണപതി സിംഹാസനാരൂഢനായി. തമിഴിലെ ഉറങ്കൈ (ഒറുഗല്ലു) ആണ് വാറങ്കൽ.

കൊങ്ങുയുദ്ധവും കരുവൂർ പ്രവേശവും വിജയാഭിഷേകവും 16ആം വർഷമാണ്. 26ആം വർഷം മുതൽ കൊങ്ങിനെ വിജയചോളപുരമെന്ന് വിളിക്കുന്നുണ്ട്. കരുവൂർ,തകടൂർ,മൈസൂർ ലിഖിതങ്ങൾ കൊങ്ങുചേരം പിടിച്ചെടുക്കാൻ ചോളരെ സഹായിച്ചത് ചേരവംശക്കാർ തന്നെയായ അതികമാൻ വിടുകടലാക്കിയ പെരുമാളാണെന്ന് സാക്ഷ്യം വഹിക്കുന്നു.

1218-19 സുന്ദരപാണ്ഡ്യന്റെ മൂന്നാം വർഷലിഖിതം. ചോനാട് തിരിച്ചുപിടിച്ചതായി പറയുന്നു 16ആം വർഷലിഖിതം താൻ മുടിക്കൊണ്ടചോളപുരം കുലോത്തുംഗചോളന് കൊടുത്തതായും രേഖപ്പെടുത്തുന്നു. ഈ ലിഖിതങ്ങൾ ചോളരാജ്യത്തുതന്നെയാണ് കണ്ടത്. വ്യാഘ്രശക്തി പൊന്നിരാജ്യത്തേക്ക് ചുരുക്കാൻ മീൻശക്തി കന്നിരാജ്യം വരെ ശക്തി പ്രാപിച്ചു. ആയിരത്തളിയിൽ വെച്ച് ചോളവളവന്റെ അഭിഷേകമഞ്ചത്തിൽ സ്വയം വീരാഭിഷേകം ചെയ്തു. പുലിയൂരിലെ ശിവപാർവ്വതിക്ഷേത്രത്തിൽ വേദവിത്തുക്കളായ ബ്രാഹ്മണരുടെ സഭാമണ്ഡപത്തിൽ വെച്ച് ചോളന് വെണ്മാലയും കിരീടവും തിരിച്ചുകൊടുത്തു. വാലഗിരിക്കപ്പുറം പോയിരുന്ന വളവൻ ബന്ധുക്കളോടുകൂടി വന്ന്, മകനേ, നിന്റെ നാമത്തിലെന്ന് പറഞ്ഞ്, സമർപ്പിച്ച് കാൽക്കലിരുന്നു. ഉദകത്തോടെ അവന്ന് നഷ്ടപ്പെട്ടത് തിരിച്ചുകൊടുത്തു. (ചോളപതിസ്ഥാനവും, പഴയ നഗരവും, മത്സ്യചിഹ്നം വരച്ച ഒരു തിരുമുഖവും- തിരുമുഖം എന്നാൽ രാജചിഹ്നമുള്ള എഴുത്താണ്) പണ്ട് കുലോത്തുംഗൻ ഒരു പാണന് പാണ്ഡ്യനാമം കൊടുത്തു. ഇവിടെ ഒരു ബാണപതിക്ക് ചോളരാജ്യം പാണ്ഡ്യൻ കൊടുത്തു. (1216-17ൽ).

ഇക്കാലത്താണ് മൈസൂരിലെ ചോളശക്തി ക്ഷയിച്ച് ഹോയ്സലശക്തിക്ക് വർദ്ധനവ് ഉണ്ടായത്. ബല്ലരണ്ടാമന്റെ ഭരണാവസാനകാലത്താണ് സുന്ദരപാണ്ഡ്യൻ ചോളരെ ആക്രമിച്ചത്. ബല്ലലന്റെ ഒരു ഭാര്യ ചോളരാജകുമാരിയായതുകൊണ്ട് ചോളൻ ബല്ലലനോട് സഹായം ആവശ്യപ്പെട്ടു. ബല്ലലപുത്രനായ വീരനരസിംഹൻ ശ്രീരംഗത്തേക്ക് മാർച്ച് ചെയ്തു. ഹോയ്ശനശ്രീവീരവല്ലഭല ദേവന

മകാവീരനരസിംഹദേവന തെലുങ്കുരംഗന മേലേ നടവന്തു (1217) ചോളരാജ്യപ്രതിഷ്ഠാചാര്യ., പാണ്ഡ്യഗജകേസരി, ചോളകുലൈകരക്ഷകനാടി, ചോള സ്ഥാപക, പാണ്ഡ്യഖണ്ഡന മുതലായ ബിരുദങ്ങൾ നേടി. വീരരാജേന്ദ്രദേവ കുലോത്തുംഗ മൂന്നാമന്റെ അവസാനലിഖിതം 1217-18ലാണ്.

കുലോത്തുംഗ മൂന്നാമന്റെ 23ആം വർഷത്തെ ബിരുദങ്ങൾ ത്രിഭുവനചക്രവർത്തി ചോളകേരളദേവ, കരുവൂരിനുശേഷം പുതുക്കോട്ടലിഖിതത്തിൽ ചോള കേരളമണ്ഡലം കൊണ്ട (ഈ ലിഖിതം കുലോത്തുംഗ മൂന്നാമന്റെ തന്നെയാണോ എന്ന കാര്യത്തിൽ പലരും ഭിന്നാഭിപ്രായക്കാരാണ്) തഞ്ചാവൂരും ഉറൈയൂരും പഴയ തലസ്ഥാനങ്ങളായിരുന്നു. ആയിരത്തളിയിലാണ് അഭിഷേകം നടന്നത്. മാരവർമ്മസുന്ദരപാണ്ഡ്യന് ചോളനാട്ടിന്റെ മുഴുവനും ആധിപത്യം കിട്ടിയിരുന്നു. കമ്പഹരേശ്വരക്ഷേത്രം (ത്രിഭുവനം) കുലോത്തുംഗൻ നിർമ്മിച്ചു. സിദ്ധാന്തരത്നാകരം രചിച്ച ശ്രീകണ്ഠശംഭുമകൻ ഈശ്വരശിവനെന്ന രാജഗുരുവിനെ അദ്ദേഹം ആദരിച്ചു. സഭാപതിക്ക് മുഖമണ്ഡപവും ഗിരീന്ദ്രജശിവകാമിക്ക് ഗോപുരവും ചിദംബരത്ത് പ്രാകാരഹർമ്മ്യവും പണിയിച്ചു. കാഞ്ചീപുരത്ത് ഏകാമ്രേശ്വരവും മധുരയിലെ ഹാലാഹലാസ്യവും പുനരുദ്ധരിച്ചു. തിരുവിടൈമരുതൂർ, തിരുവാരൂർ, രാജരാജേശ്വരം, ദാരാസുരം ഇവയും സംരക്ഷിക്കാനായി പുനരുദ്ധാരണപ്രവർത്തനം നടത്തി. തിരുവാരൂരിലെ സഭാമണ്ഡപവും വാൽമീകേശ്വരന്റെ ഗോപുരവും പണിതു. അദ്ദേഹത്തിന്റെ 23-24 ഭരണവർഷങ്ങളിൽ ക്ഷാമംഉണ്ടായി. തിരുവണ്ണാമല ലിഖിതപ്രകാരം ക്ഷാമകാലത്ത്

നെല്ലുവില കാശിന് കാൽ അളവ് ആയിരുന്നു. രണ്ടുപേരെ ക്ഷാമനിവാരണപ്രവർത്തനത്തിന് നിയോഗിച്ചിരുന്നു. പുഴകൾക്ക് തടയണ കെട്ടി, കുളങ്ങൾ കുഴിപ്പിച്ചു. തൊഴിലാളികൾക്ക് ശമ്പളം സ്വർണ്ണത്തിലും നെല്ലിലും കൊടുത്തു. ക്ഷാമനിയന്ത്രണം വളരെ ശക്തവും വിജയവുമായിരുന്നു.

തഞ്ചാവൂരിലെ തിരുപ്പാമ്പുവം ലിഖിതം 23ആം വർഷമാണ്. ഇതിൽ ക്ഷാമകാലത്ത് വില കൂടിയപ്പോൾ വെള്ളാളനും രണ്ട് പെൺമക്കളും സ്വയം 110 കാശിന് മഠത്തിനു വിറ്റ് പട്ടിണിമരണം ഒഴിവാക്കിയതായി പറയുന്നു. മനുഷ്യരെ വിൽക്കുക എന്നത് പതിവില്ലാത്തതിനാലാണ് ഇത് രേഖപ്പെടുത്തപ്പെട്ടിരിക്കുക. പട്ടിണി ഒഴിവാക്കാനാണ് സ്വയം വിറ്റതെന്നു പറയുകയും ചെയ്തിരിക്കുന്നു. കുലോത്തുംഗന്റെ 12ആം വർഷത്തെ മൈസൂർലിഖിതം ബല്ലലദേവൻ(വല്ലാലതേവൻ) എന്ന വല്ലല രണ്ടാമനും ഭാര്യ ചോളമഹാതേവിയും കൂടിയാണ് ഹോയ്സലനാട് ഭരിക്കുന്നതെന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധേയമാണ്.

ബാണരാജാക്കന്മാർ:-കളത്തൂരിലെ ഏകവാചകം കുലോത്തുംഗചോളവാനകേവരയൻ (ബാണ കോ അരയൻ) , അദ്ദേഹത്തിന്റെ സാമന്തൻ കർക്കടക രാജാ എന്നാണ്. മഗധമണ്ഡലത്തിലെ പൊൻപരപ്പിന മഗധേശൻ ആരഗലൂരുടൈയാൻ രാജരാജദേവൻ (സേലം ആരഗലൂരാണ് തലസ്ഥാനം) തെക്കേ ആർക്കോട്ടിലെ കൂഗലൂർകാമി, ശ്രീകൈലാസക്ഷേത്രം കിഴക്കേ മണ്ഡപംപ്രാകാരം ഗോപുരം കുളം പൊൻപരപ്പിന ഈശ്വരവിഗ്രഹം ഇവ രാജരാജദേവനാണ് പണിയിച്ചത്. ആർക്കോട്ടും ചിങ്കൽപേട്ടും

ചിറ്റൂരും സാംബവ,കാടവ,ചേദിരായന്മാരുടെ ശക്തികേന്ദ്രങ്ങളായിരുന്നു. സെങ്കേനി അവനികലാപാൻ വീരരാക്ഷസപല്ലവനെന്ന് സ്വയം വിളിക്കുന്ന സാംബുവരായരുടേതാണ്. കാടവരായരാണ് ഇതിന്റെ വടക്ക് രാജാവ്. കൂടലൂർ അരശനാരായണൻ ഏലിശൈമോഹനെന്ന ജഗന്നാഥകാച്ചിയരയാൻ ഭരിക്കുന്നു. വൃദ്ധാചലം തിരുവെണ്ണനല്ലൂർ അരശനാരായണൻ കാച്ചിയരയകാടവരായന്റെ മകനായ ആളപ്പിറന്താൻ വീരശേഖരകാടവരായനാണ് (1186ൽ) കാട്ടക്കുടി (കാടവക്കുടി) ഭരിക്കുന്നത്. അതായത് കാടവരായനും ബാണവംശജനാണ്. കാടവപ്രശസ്തിയിൽ അവരുടെ നാലുതലമുറ വീരശേഖരനു ശേഷം അവസാനിച്ചതായി പറയുന്നു. പിന്നീട് വന്ന നാമം കൂടൽആളപ്പിറന്താൻ അഴകിയ പല്ലവൻ കാടവരായന്റേതാണ്. (33ആം വർഷലിഖിതം). 35ആം വർഷലിഖിതം അഴകിയ പല്ലവന്റെ മകനായ കോപ്പെരും ചിങ്കന്റേതാണ്. അദ്ദേഹത്തിന്റെ അമ്മ ശീലാവതി തിരുവെണ്ണനെല്ലൂർ ദേവീവിഗ്രഹം പ്രതിഷ്ഠിച്ചു. കാടവവംശം വളന്ദാനർ(സിംഹള, ഗംഗയുദ്ധകാലം), നാലു ദിശയും കീഴടക്കിയ ആട്ക്കൊല്ലിയാർ അദ്ദേഹത്തിന്റെ രണ്ട് പുത്രന്മാരായ ഏഴിശൈമോഹനനും അരശനാരായണകച്ചിയരാജനും(1140) എന്ന് മൂന്നു തലമുറ. ഏഴിശൈമോഹന്റെ മകനാണ് ആട്ക്കൊല്ലി. അരശനാരായണകച്ചിയരാജപുത്രൻ ആളപ്പിറന്താൻ വീരശേഖര(1108-1186).വീരശേഖരപുത്രൻ അഴകിയ പല്ലവൻ ശീയാർ, പത്നി ശീലാവതി. അവരുടെ പുത്രൻ അഴകിയ ശീയാൻ കോ പെരുംചിങ്കൻ. അദ്ദേഹത്തിന്റെ 11ആം വർഷം തിരുവെണ്ണെനല്ലൂരിൽ ലിഖിതമുണ്ട്. ഇത് പഴയ ലിഖിതം വീണ്ടും നൽകിയതാണ്.

ത്രിഭുവനചക്രവർത്തി രാജരാജദേവന്റെ 12ആം വർഷം ആട്ക്കൊല്ലി കാടവരായന് ഒരു പുത്രനുണ്ടായപ്പോൾ നൽകിയ സമ്മാനമാണ്. അരശനാരായണൻ വാതാപി വരെ യാത്ര ചെയ്തിരുന്നു. വാദാവി നാട്ടാർതെന്മലൈ വാദാവി ചെന്റേരിന്തേയ് എന്നാണ് വാക്യം. വീരശേഖരൻ ഗാന്ധാരാദിത്യൻ വാശലിന്റെ പടിഞ്ഞാറുനിന്ന് പുറപ്പെട്ട് കർക്കടമാരായന്റെ കൂടലിനുനേരെ ചെന്ന് ആ ദേശവും അതികമാന്റെ രാജ്യവും കീഴടക്കി. കൂടൽ കീഴടക്കിയ ശേഷം കൂടൽ അവനിയാളപ്പിറന്ത ബിരുദം കിട്ടി. കൂടലും കൂടല്ലൂരും തിരുമുനപ്പാടി പെരുഗലൂരല്ല, കേരളത്തിലെ പ്രദേശങ്ങളാവാം.

തൊണ്ടൈമണ്ഡലം കൊണ്ട പല്ലവാണ്ടാർ കാടവരായർ കൂടൽ ആളപ്പിറന്താർ കാടവരായരുടെ പിൻഗാമിയാണ്. കോപ്പെരും ചിങ്കന്റെ അഛൻ അഴകിയ പല്ലവൻ തന്നെയാണ് തൊണ്ടൈമണ്ഡലം കൊണ്ട പല്ലവാണ്ടാൻ. (തൊണ്ടൈമണ്ഡലം ചോളമനാട് മാത്രമല്ല, തിരുനെല്ലിക്കടുത്ത് വയനാട്ടിലുമുണ്ട്. വെങ്കടം തിരുപ്പതി പെണ്ണാർ കാഞ്ചി പല്ലവരാണ് ഭരിച്ചിരുന്നത്.

പല്ലവനാണ്ടാരുടെ ചേവൂർയുദ്ധം- കാടവ രണ്ടാമൻ തെക്കുനിന്ന് കാകതീയരെ ഓടിച്ചു. കാടവനു മുന്നിൽ തല കുനിക്കാത്ത വടമന്നർക്ക് ഒരു മലയോ കാടോ പോലും ഒളിക്കാൻകിട്ടിയില്ല. കുലോത്തുംഗന്റെ 13ആം വർഷം തിരുവണ്ണാമലക്ക് ഏകാവല്ലിവടമെന്ന രത്നകല വീരശേഖരകാടവ അരംഗനാരായണആളപ്പിറന്താൻ സമർപ്പിച്ചു. 12 വർഷം കഴിഞ്ഞാണ് അദ്ദേഹം കൂടലൂർ അതികമാൻ എന്ന പേരോടെ തിരുവെണ്ണനല്ലൂരിൽ വിളക്ക് വെക്കു

ന്നത്. 1181ൽ കൂടൽ മോഹൻ ആളപ്പിരന്താൻ , ഉടൈയാർ കാടവരായൻ, അദ്ദേഹത്തിന്റെ അകമ്പ ടിമുതലിയായ ചേന്ദമംഗലം മുതലി എന്നിവരും വിളക്ക് വെക്കുന്നു. കാടവരുടെ പ്രധാനനഗരങ്ങ ളിലൊന്നാണ് ചേന്ദമംഗലം. കൂടലും ചേന്ദമംഗലം വും കാടവരുടെ രാജ്യമാണ്. ഇത് വളരെ പ്രധാ നമായ ഒരു കാര്യമാണ്. തിരുവെണ്ണെനല്ലൂരും വൃദ്ധാചലത്തും കാണുന്ന രണ്ട് ലിഖിതങ്ങളിൽ കൂടൽ ഏലിശൈമോഹൻ മണവാളപ്പെരുമാൾ വാനിലൈക്കന്തൻ രാജരാജകാടവരായനെ പരാമ ർശിക്കുന്നു.

മലയമാൻ രാജകുമാരന്മാർഃ- രണ്ട് ശാഖകളാണുള്ള ത്. ചേദിയിലെ ഹൈഹയവംശം ചേദിരായന്മാരെ ന്ന് അറിയുന്നു. കോവലരായർ, (കോവൽ) അഥവാ കോയിക്കന്മാരെന്ന് വിളിക്കുന്ന തിരുക്കോവലൂർശാ ഖ. തിരുക്കോവലൂർ തെക്കേ ആർക്കോട്ടിലെ പെണ്ണാറിന് സമീപമാണ്. വടക്കേ ആർക്കോട്ടിലെ നീരണിഞ്ഞാൻ ചേതിരായൻ സാംബുവരായ വാണ കുലരായനെന്ന കിളിയൂർ മലയമാന്റെ കീഴിലാണ്. വാണ കോ അരയ മലയമാൻ, ശിശുപാലനെന്ന നാമം വഹിക്കുന്ന ചോളഗംഗപല്ലവരായൻ, കിളി യൂരിലെ പൊൻപരപ്പിനാൻ മലയമാൻ ഇവരെല്ലാം മലയമാന്മാരാണ്. കരികാലചോള ആമയൂർനാടാ ളുന്ന മലയൻ നരസിംഹവർമ്മൻ (ചെങ്കമ, തിരു വത്തുമല ലിഖിതങ്ങൾ)നരസിംഹനാമം സുന്ദരമൂ ർത്തികാലത്ത് കിട്ടിയതാണ്. നരസിംഹമുകമുടൈയ അരയരെന്നായിരുന്നു ആദ്യം. രാജേന്ദ്ര 2, കുലോ ത്തുംഗ 3 കാലത്താണ് ഈ പേര് കിട്ടിയത്. മലയ മാന്മാരുടെ ഭരണം കുലോത്തുംഗ 3 കാലം വരെ നില നിന്നിരുന്നു.

തകടൂരിലെ പെണ്ണാർനദിക്ക് വടക്കുള്ള മലയ ന്നൂരെന്ന പ്രദേശം തിരുവണ്ണാമലക്ക് കൊടുത്തത് തകടൂരിലെ രാജരാജതേവൻ അതികമാൻ കൊങ്ങു ചേരനാണ്. ഹോയസലരോടും ചോളരോടും ഡി പ്ലോമാറ്റിക്ക് ബന്ധമാണ് അതികമാനുണ്ടായിരുന്നത്. ബല്ലല രണ്ടാമന്റെ ഭാര്യ ചോളമാതേവിയായിരുന്നു. രാജരാജതേവന്റെ മകൻ വിടുകടലാക്കിയ പെരു മാൾ എന്ന വ്യാമുക്തശ്രവണോജ്വലൻ എഴിനിവം ശം. ഇദ്ദേഹത്തിന്റെ നാമം ഗുരുവായൂരും ആന്ധ്ര ലഢികം ജില്ലയിലും കാണുന്നത് നേരത്തേ പറഞ്ഞു. തിരുമലയിൽ ചേരരാജാവ് എഴിനി (എഴിനി) വെ ച്ച യക്ഷിയക്ഷപ്രതിമ ഇദ്ദേഹം പുനരുദ്ധരിച്ചു. പാ ലാർ,പെണ്ണാർ,കാവേരി ഭാഗങ്ങളിൽ ഇദ്ദേഹം വള രെ ശക്തനായിരുന്നു. വടക്കും തെക്കും ആർക്കോട്ടി ലും പ്രബലമായിരുന്നു. കരികാലചോളആദയൂർ നാടാൾവാനും ചെങ്കേനി അമ്മയപ്പൻ അത്തിമല്ല നെന്ന വിക്രമചോളനാടാൾവാനും തമ്മിൽ പണ്ട് നിലനിന്നിരുന്ന സന്ധി പുതുക്കി. ഇത് നിലനി ൽക്കുന്ന കാലം വരെ ശീയഗംഗനുമായി അതിഗമാ ൻ സന്ധി ചെയ്യില്ല.ചേന്ദമംഗലം ഉടൈയാൻ അര യൻ എതിരിലിച്ചോളൻ 1188ൽ കുലോത്തുംഗചോള ന്യായപരിപാലനചതുർവേദിമംഗലമെന്ന അഗരം ഉണ്ടാക്കി. 1190ൽ വിക്രമചോളീശ്വരമുടൈയാർക്ഷേ ത്രം (പരകേസരിനല്ലൂർ) ചിദംബരത്തിനടുത്ത് നിർമ്മിച്ചു. ഗംഗൈകൊണ്ടാൻ രാജരാജതേവനെന്ന പൊട്ടാപ്പിച്ചോളർ വേദാരണ്യത്തിൽ 1182ൽ വിളക്ക് വെച്ചു. പഞ്ചനദിവാണൻ നീലഗംഗരയൻ കടമപ്പരി ഗ്രാമം തിരുക്കച്ചൂർ ദാനം ചെയ്തു.
രാജരാജവംഗാരത്തരയനെന്ന മാണ്ഡലികൻ തിത്ത ക്കുടി ക്ഷേത്രനികുതിയും തിരുവടത്തൂരിലെ

ആഭരണപരിശോധനയും ചെയ്തു. തിരുക്കാളത്തി ദേവയാദവരായ, ഭാര്യ പുതോലിമാദേവിയാർ മകൻ സിംഗപ്പിള്ളയാരെന്ന വീരരാക്ഷസയാദയരായ ഇവരെ കാളഹസ്തി,കാഞ്ചീപുരം, തക്കോലം ലിഖിതങ്ങൾ പരാമർശിക്കുന്നു. അദ്ദേഹത്തിന് ഗോദാവരീതീരകനഖാരിപുരവരാധീശ്വരബിരുദം നൂലംബദുരയരനാണ് കൊടുത്തത്. മഹാമണ്ഡലവീര രാക്ഷസശ്രീ കാഞ്ചീപുരപരമേശ്വരൻ ചിങ്കൽപേട്ട് രാമഗിരിയിൽ വിളക്ക് വെച്ചു.അമരാവതിയിലെ തിരുക്കൊടുംകുന്റം ഉടൈയാൻ കേരളരാജൻ എന്ന വീരമഴകിയ നിഷാദരാജൻ പുതുക്കോട്ട തിരുവരം കുളത്ത് ബൃഹദാംബക്ക് ക്ഷേത്രം പണിതു.ഏരസി ദ്ധന്റെ സാമന്തനായ രാച്ചമല്ല യാദവരായൻ നാഗമ ദോൾ ഗ്രാമം ഉണ്ടാക്കി. അവിടെ അദ്ദേഹത്തിന്റെ ഭാര്യ കമലാദേവി ചിറ കുഴിപ്പിച്ചു. വീരനരസിം ഹദേവ യാദവരായനും (തിരുക്കാലത്തിദേവ ശശികുലചാലൂക്കി തനിനിന്റു വെന്റ)അദ്ദേഹ ത്തിന്റെ മകൾ ചോളവ്വൈയാരും കാലഹസ്തിയിൽ സമ്മാനം കൊടുത്തു. മൈസൂരിലെ പുല്ലദേവമാണ്ഡ ലികൻ മൈസൂരിലും ദാനം ചെയ്തു.

രാജരാജമൂന്നാമനും രാജേന്ദ്ര മൂന്നാമനും

1216 മുതൽ 1279 വരെയുള്ള ഇവരുടെ കാലം ചോളരുടെ അവസാനകാലമാണ്. രാജരാജ 3 കുലോത്തുംഗ മൂന്നാമന്റെ മകനല്ല, മരുമകനാണെ ന്നാണ് ചരിത്രകാരന്മാരുടെ പക്ഷം. ചോളകേരളമ ണ്ഡലം ഭരിക്കുന്ന കുലോത്തുംഗ മൂന്നാമൻ മാതൃ ദായപ്രകാരമാണ് അനന്തരാവകാശിയെ തെരഞ്ഞെ ടുത്തത്. രാജരാജന് രണ്ട് ഭാര്യമരുണ്ടായിരുന്നു. ഇവരിൽ മൂത്ത റാണി ബാണരാജകുമാരിയും

രാജാവും ഒരുമിച്ചാണ് തുല്യഅവകാശങ്ങളോടെ സിംഹാസനസ്ഥരായി കിരീടധാരണം ചെയ്തത്. ജൂനിയർറാണി ഭുവനമുഴുതടയാളെന്ന ബിരുദം വഹിച്ചു.

ഇക്കാലത്ത് വടക്കുപടിഞ്ഞാറ് കല്യാണിലെ ചാലൂക്യന്മാരെ സ്യൂനരെന്ന് വിളിക്കുന്ന യാദവവംശം തോൽപ്പിച്ചു. വടക്കുകിഴക്കേ ചാലൂക്യന്മാർ ഹോയ്സല, കാകതീയബന്ധം ഉള്ളവരായിരുന്നു. തെക്ക് കൂടല്ലൂരിലും ചേന്ദമംഗലത്തും ഉള്ള കാടവരാജാക്കന്മാർ ചോളർക്ക് രാഷ്ട്രീയമായി പ്രതിബന്ധങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. മാരവർമ്മസുന്ദരപാണ്ഡ്യനിൽനിന്ന് ഹോയ്സലസഹായത്തോടെ ചോളനാട് ഭിക്ഷചോദിച്ച് വാങ്ങേണ്ട ഗതികേട് ചോളരാജ്യത്തിനുണ്ടായി. 1223-24ല് വടക്കൻആർക്കോട്ടിൽ വീരനരസിംഹദേവയാദവരായനും ഉറട്ടി കാടവരായനും തമ്മിൽ യുദ്ധമുണ്ടായി. കാടവരായരും ഹോയ്സലരും തമ്മിലും യുദ്ധമുണ്ടായി. 1218ൽ വീരനരസിംഹദേവൻ കാഞ്ചികാഞ്ചനകാടവർ കുലാന്തകനെന്നും കാടവരായദിശാപത്തനെന്നും ബിരുദം നേടി. ചോളന് എതിരെ പാണ്ഡ്യനുമായി കാടവൻ സഖ്യം ചെയ്തു. ചോളനെ രക്ഷിക്കാൻ ഹോയ്സലന് കാടവ,പാണ്ഡ്യരോട് നേരിടേണ്ടിവന്നു. 1230ൽ വീരനരസിംഹനാണ് കാഞ്ചി ഭരിക്കുന്നത്. അദ്ദേഹത്തിന്റെ സൈന്യം(ഭേരുണ്ഡ) കാഞ്ചിയിലുണ്ട്. തനിക്ക് രാജ്യം തിരിച്ചുതന്ന പാണ്ഡ്യനോടും കൂടി ചോളർ യുദ്ധം പ്രഖ്യാപിച്ചതോടെ ചോളശക്തി തീരെ ക്ഷയിച്ചു.എന്തിനാണീ യുദ്ധം ചെയ്തത്. കാലകളഭന്റെ ഗദ്യകർണ്ണാമൃതം ഇതിനെ വിവരിക്കുന്നുണ്ട്. പാണ്ഡ്യൻ ചോളനാട്ടിൽ രാജ്യാഭിഷേകം ചെയതപ്പോൾ, അകമ്പടി സേവിച്ചത്

ചോളന്റെ പട്ടമഹിഷി ഉൾപ്പെട്ട അന്തപുരസ്ത്രീക
ളാണ്. തിരുവേന്തിപുരം ലിഖിതം പറയുന്നത്
രാജരാജൻ സപരിവാരം കുന്തളരാജാവിനെ അഭ
യം പ്രാപിച്ചു എന്നാണ്. പോകുന്ന വഴി കാടും
മലയും കാക്കുന്ന കാടവരാജാവിനോട് ഏറ്റുമുട്ടി
തടവുകാരനായി. ശംബരന്റെ അവതാരം പോലെ
യുള്ള ഈ കാടവരാജാവ് തന്റെ നഗരമായ ചേന്ദ
(ജയന്ത)മംഗലത്തേക്ക് ചോളനെ കൊണ്ടുപോയി.
ഇത് കേട്ട നരസിംഹൻ കാവേരിയുടെ വടക്കേ
കരയില് വന്ന് തമ്പടിച്ചു. ശത്രുസാമന്തർക്കെതിരെ
ദണ്ഡനാഥനെ അയച്ച് ചോളനെ വിടുവിച്ചു. പാ
ണ്ഡ്യനിൽനിന്ന് കപ്പം വാങ്ങി. ഹോയ്സലദണ്ഡനാ
ഥയുദ്ധവും ചോളനെ തടവിലിട്ടതും മഹാരാജാ
സിംഹനെന്ന കോപ്പെരുംചിങ്കനാണ്. നരസിംഹൻ
കോപ്പെരുംചിങ്കന്റെ ചെയ്തികളാണ് കേട്ടത്. (അതാ
യത് ശംബരതുല്യനായ ആ കാടവനൃപൻ കോപ്പെ
രുംചിങ്കനാണ്. അദ്ദേഹം ചേന്ദമംഗലം തലസ്ഥാനമാ
ക്കിയ പെരുമ്പടപ്പിലെ കാടവ, (തലപ്പള്ളി) രാജാ
വാണ്. ചേന്ദമംഗലത്ത് ചോളനെ തടവിലിട്ട
കാടവൻ ചോളരാജ്യത്തെ വിഷ്ണുക്ഷേത്രങ്ങളെല്ലാം
(ഹോയ്സലരുടെ) നശിപ്പിക്കയും ചെയ്തു. ചോള
മണ്ഡലപ്രതിഷ്ഠാചാര്യനെന്ന് പേരെടുക്കും വരെ
തന്റെ കാഹളം മുഴക്കുമെന്ന് പ്രതിജ്ഞയെടുത്ത്
ദ്വാരാസമുദ്രത്തിൽനിന്ന് നരസിംഹം യാത്രതിരിച്ചു.
പാണ്ഡ്യന്മാരുടേയും കാടവന്മാരുടേയും ഉറ്റ സുഹൃ
ത്തായ മഗധരാജ്യം നശിപ്പിച്ച് പാച്ചൂരിലെത്തി
തമ്പടിച്ചു. (ശ്രീരംഗത്തിന് എതിർവശം കൊള്ളിട
ത്തിനു 2 നാഴിക വടക്ക്) അപ്പണ്ണ,സമുദ്രഗോപ്പയ്യ
എന്ന രണ്ട് സേനാനായകരെ അയച്ചു. അവർ
കോപ്പെരുംചിങ്കന്റെ എല്ലേരി, കള്ളിയൂർമൂല,

ചോലക്കോന്റെ തൊളുടഗയൂർ (ഇത് പരാക്രമബാ ഹുവിന്റെയും ചോളന്റെയും നിഗ്രഹിച്ച മുഖ്യന്റെ യാണ്) അവിടെനിന്ന് തൊണ്ടമാനല്ലൂർ, തിരുവടി, തിരുവക്കരൈ (വാരണവാസിനദിക്ക് തെക്ക്) , ചേന്ദമംഗലത്തിനു കിഴക്ക് എത്തി. കോപ്പെരും ചിങ്കൻ നരസിംഹന് താൻ കീഴടക്കിയതെല്ലാം ചോളന് തിരിച്ചുതരാൻ തയ്യാറാണെന്ന് സന്ദേശം അയച്ചു. തിരുവേന്തിപുരത്ത് രാജരാജ മൂന്നാമനെ സിംഹാസനസ്ഥനാക്കിയ ശേഷമാണ് ഹോയ്സല സൈന്യാധിപന്മാർ മടങ്ങിപ്പോയത്. (ഈ ഗ്രാമങ്ങ ളെല്ലാം തെക്കേ ആർക്കോട്ടുജില്ലയിലാണ്. ദ്വാരാസ മുദ്രം മുതൽ കാവേരിയുടെ വടക്കേ തീരം വരെ വന്ന്, അവിടെനിന്ന് തെക്കേ ആർക്കോട്ടിലെ ഗ്രാമ ങ്ങളെല്ലാം പിടിച്ച ശേഷമാണ് കേരളത്തിലെ ചേന്ദ മംഗലത്തിനു കിഴക്കുവരെ ഹോയ്സലസൈന്യം എത്തിയത്.)കോപ്പെരുംചിങ്കനെ ഈ യുദ്ധത്തിൽ മ്ലേഛരകും വൈദേശികരും സഹായിച്ചിരുന്നു. (1230-31 ലെ യുദ്ധത്തിൽ സഹായിച്ചത് യൂറോപ്യന്മാരാ വാനിടയില്ല. യഹൂദരും നസ്രായരും അറബികളു മാവാനിടയുണ്ട്). 1232ലെ മറ്റൊരു ലിഖിതം തഞ്ചാവൂരിലെ നീടൂർ മുമ്പ് കോപ്പെരുംചിങ്കനാണ് വാണിരുന്നതെന്ന് കാണിക്കുന്നു.

വായലൂർലിഖിതം പറയുന്നത് കോപ്പെരുംചിങ്കൻ അളകിയ ശീയൻ തെല്ലാരുവിൽ ചോളനെ തോ ൽപ്പിച്ചു, അദ്ദേഹത്തേയും മന്ത്രിമാരേയും തടവിലി ട്ട് ചോളസിംഹാസനത്തിരുന്നു എന്നാണ്. അദ്ദേഹ ത്തെ തൊണ്ടയും മല്ലയും ഭരിക്കുന്ന അവനിനാരാ യണൻ, നൃപതുംഗനെന്നും വിളിക്കുന്നു.വായലൂരി ലെ ലിഖിതം ചേന്ദമംഗലത്തെ പറയുന്നില്ല. അളകിയ ജീയാൻ മകൻ കോപ്പെരുംചിങ്കനെന്ന്

പറയുന്നു. അഴകിയ ജീയാനെന്നത് (സുന്ദരനായ കോവിലധികാരി) ചേന്ദമംഗലം പാലിയത്തിന്റേ താണെന്ന് മുമ്പ് ഒരവസരത്തിൽ പറഞ്ഞത് ഓർക്കുക. സുന്ദരനായ സിംഹം എന്ന ശൊക്കശീയാൻ കൽപ്പന വായലൂർ പ്രശസ്തിയിലുണ്ട്. വൃദ്ധാചലത്തിന് 10 നാഴിക തെക്കുപടിഞ്ഞാറായി ഒരു ചേന്ദമംഗലം ഉണ്ട്. കൊച്ചിപെരുമ്പടപ്പ് പാലിയത്തിന്റെ ഒരു ശാഖയാണിത്. മാരവർമ്മസുന്ദരപാണ്ഡ്യന്റേയും രാജരാജ മൂന്നാമന്റേയും പിൻഗാമികൾ വീരനരസിംഹപുത്രനായ വീരസോമേശ്വരനെ മാമാദി (അമ്മാമൻ) എന്നുതന്നെ വിളിക്കുന്നു. (ഇരുവരും ഒരേ വംശമാണ്). നരസിംഹ രണ്ടാമന്റെ മകൾ രാജരാജ മൂന്നാമന്റെ ഭാര്യയാണ്. 1246ൽ രാജേന്ദ്രനെ രാജരാജ മൂന്നാമന്റെ പിൻഗാമിയായി പ്രഖ്യാപിച്ചു. രണ്ടുപേരുടെ ലിഖിതവും സേലം കടപ്പ ചിറ്റൂർ നെല്ലൂർ എന്നിവിടങ്ങളിലുണ്ട്. 1232ൽ തിരുവെണ്ണനല്ലൂർ കാടവരായനും ചേദിരായനും തമ്മിലുള്ള പ്രശനം പരിഹരിക്കാനായി വിവാഹബന്ധം സ്ഥാപിച്ചത് പറയുന്നു. ചേന്ദമംഗലത്തെ ജടാവർമ്മ സുന്ദരപാണ്ഡ്യനും ആക്രമിച്ചിട്ടുണ്ട്.

ചോഡതിക്ക , തിക്കനൃപതി ഗന്ധഗോപാലൻ ചോളന്റെ സുഹൃത്തും ഹൌയ്സാലരുടെ ശത്രുവുമായിരുന്നു. മന്മസിദ്ധന്റെ അഛനാണ് തിക്കൻ. നിർവ്വചനോത്തരരാമായണമു എഴുതിയ തിക്കണന്റെ (തിക്കണസോമയാജി) രക്ഷിതാവായിരുന്നു മന്മസിദ്ധൻ. മലനാട് കീഴടക്കി അവിടത്തെ ഒരു ക്ഷേത്രത്തിൽനിന്ന് എടുത്ത മരകതലിംഗമാണ് (അഗസ്ത്യരുടെ) ചോളൻ തിരുപ്പളനത്ത് (പഴനി) പ്രതിഷ്ഠിച്ചതെന്ന് ലിഖിതം പറയുന്നത് ശ്രദ്ധേയമാണ്. കേരളത്തിലെ അഗസ്ത്യകൂടവും അവിടത്തെ അഗസ്ത്യനാമമുള്ള

നിരവധി ക്ഷേത്രങ്ങളും ഓർക്കേണ്ടതാണ്. പ്രത്യേകിച്ചും കുന്നംകുളം ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന അകത്തിയൂരിലെ പ്രാചീനസ്ഥാനങ്ങൾ. അവ നേരിട്ട് കാടവവംശത്തിന്റെ അധീനതയിലായിരുന്നു.

മണിഗ്രാമം എന്ന തലപ്പള്ളിയിലെ വിഷ്ണുക്ഷേത്രം നേരത്തേ സൂചിപ്പിച്ചു. വിദേശത്തും സ്വദേശത്തുമുള്ള കച്ചവടത്തെ പ്രോത്സാഹിപ്പിക്കുന്ന അഞ്ഞൂറ്റുവർ എന്ന വണികസംഘം നയിക്കുന്ന തലപ്പള്ളി നാലാം തമ്പുരാൻ ഈ ക്ഷേത്രഭരണം നടത്തിയിരുന്നു. മണിഗ്രാമമെന്ന പേരിൽ വാണിജ്യസംഘം വിദേശത്തും കാണാം. വീടുകടലാക്കിയ നാവികസംഘമാണ് ഇതിന്നു കാരണമായത്. ഗുരുവായൂരിലെ പടിഞ്ഞാറെ ഗോപുരത്തില് ഇവരിലൊരാളുടെ ലിഖിതം കാണുന്നത് നേരത്തേ പറഞ്ഞു. 9ആം നൂറ്റാണ്ടില് സിയാമിൽ മണിഗ്രാമം കാണുന്നുണ്ട്. പല്ലവകാലത്ത് വിദേശവ്യാപാരം വർദ്ധിച്ചു. ഇതിനെ തടയാനാണ് ചോളർ കാന്തലൂരിലെ ശാല കലം അറുത്തത്. (ചേരന്റെ നാവികസൈന്യം ആണ് കലം അഥവാ കപ്പൽ ഉള്ള ശാല) കേരളത്തിന് പെരിപ്ലസ് കാലത്തേ മൂന്നു തരം കപ്പലുകളുണ്ട്. വിജയാലയചോളവംശം ശക്തമാകുന്നതിനുമുമ്പാണ് അറബ് സുലൈമാന്റെ സമുദ്രം വഴിയുള്ള വരവ്. ചേരന്റെ കപ്പലുകളിലാണ് വിദേശികളുടെ വരവ്. ചേരന്റെ കപ്പലിൽ ലോഹആണി ഉപയോഗിക്കില്ല, മരം കൊണ്ടാണ് ഇണി എന്നതിനാൽ തുരുമ്പില്ല എന്ന് വിദേശികൾ സാക്ഷ്യപ്പെടുത്തിയിരുന്നു. തിരുവായ്ക്കേൾവി (രാജാവിന്റെ വാക്ക്) ധർമ്മമനുസരിച്ചുള്ള വ്യവസ്ഥകൾ പ്രാദേശികസഭ നടപ്പിലാക്കിപ്പോന്നു. കേന്ദ്രഭരണനിയന്ത്രണവും പ്രാദേശികമായ സാമൂഹ്യസഹകരണവും

തമ്മിലുള്ള ബാലൻസ് കൃത്യമായി പാലിക്കപ്പെട്ടു. സംഘകാലം മുതലേ ഏനാദി, മാരായൻ മുതലായ ഔദ്യോഗികനാമങ്ങൾ കാണുന്നു. ഘടികൈമാരായൻ, വാച്ചിയമാരായൻ, അരയൻ, പേരരയൻ, നിത്ത (നൃത്ത)പ്പേരരയൻ, മുതലായ ഔദ്യോഗികനാമങ്ങളുണ്ടായിരുന്നു. മാരായന്റെ സ്ത്രീലിംഗം മാരാശി. മാരായനാണ് മഹാരാജാവെന്ന് പരിണമിച്ചത്. പേരരയനാണ് മാരായനെന്ന മഹാരാജാ. തക്കയാഗ പരണി രാജാവിന്റെ വംശജരും പിൻഗാമികളുമായ അധികാരികൾക്കും മന്ത്രിമാർക്കും കിരീടം ഒഴികെയുള്ള എല്ലാ രാജചിഹ്നങ്ങളും ഉള്ളതായി പറയുന്നു ഉയർന്നതും താഴ്ന്നതുമായ പദവി വഹിക്കുന്നവരെ പെരുന്തരം ചിരുതരം എന്ന് രണ്ട് ഗ്രേഡായി പറയുന്നു. ഇവരുടെ ഇടയിലായി ചിരുതരത്ത് പെരുന്തരം എന്ന ഒരു ഗ്രേഡും കൊടുത്തിരുന്നു. പഴുവെട്ടരയൻ കന്തൻ മറവന് ഇപ്രകാരമുള്ള ഗ്രേഡ് ഉള്ള ഉദ്യോഗസ്ഥരുണ്ടായിരുന്നു. ന്യാത്താർ എന്ന ജഡ്ജിമാരിലും പെരുന്തരം,ചിരുതരം ഗ്രേഡ് കാണുന്നു. സ്വയംഭരണമുള്ള ഒരു ഗ്രൂപ്പ് ഗ്രാമങ്ങൾ ഒരു കൂട്ടം അഥവാ നാട് ആയും, അത്തരം പല കൂട്ടം അഥവാ കൊറ്റം (ഐശ്വര്യം) ഒരു തനിയൂരായും കണക്കാക്കപ്പെട്ടു. നിരവധി കൂറ്റം ചേർന്നതാണ് ഒരു വലനാട്. അത്തരം വലനാടുകൾ ചേർന്ന് ഒരു മണ്ഡലം. 8-9 മണ്ഡലം(സിലോൺ അടക്കം) ചേർന്നതായിരുന്നു ഭരണാവസാനകാലത്ത് രാജരാജന്റെ രാജ്യം.

സുന്ദരചോളന്റെ അൻപിൽ പ്ലേറ്റ്:-ബ്രാഹ്മണസചിവൻ അനിരുദ്ധന്റെ പിതാവായിരുന്നു അദ്ധ്യാപകൻ. അദ്ദേഹത്തിന്റെ മുത്തശ്ശൻ ആഹിതാഗ്നിയും രങ്കനാഥഭക്തനുമാണ്. അൻപിൽ ഗ്രാമത്തിലെ പ്രസിദ്ധ

വൈഷ്ണവകുടുംബമാണ്. ജൈമിനിസൂത്രം പഠിച്ചു. ആവേണികഗോത്രക്കാരനായ ഈ മാന്യസചിവന് ഏതു പങ്കാണ് ഭരണത്തിലുണ്ടായിരുന്നത്. ബ്രഹ്മാദിരാജബിരുദവും 10 വേളി നിലവും അദ്ദേഹത്തിന്റെ സേവനത്തിന് കൊടുത്തിട്ടുണ്ട്. പഴയന്നൂർ ദേവദാനമായി രാജേന്ദ്ര ഒന്നാമന്റെ തിരുവാലങ്ങാട്ട് പ്ലേറ്റും ഉണ്ട്. (6ആം ഭരണവർഷം 88-90 ദിവസം, 7ആം വർഷം 115ആം ദിവസം) 1114ലെ ലിഖിതത്തിൽ ആദിത്തചൂഡാമണി ബ്രഹ്മരായനാണ് എണ്ണായിരം നാടിന്റെ റെവന്യൂ സർവ്വേയും സെറ്റിൽമെന്റും ചെയ്തിരിക്കുന്നത്.

സമൂഹജീവിതത്തിന്റെ കേന്ദ്രം ഗ്രാമമാണ്. സമൂഹമൂല്യങ്ങളെ വളർത്തുന്ന കേന്ദ്രവും അതാണ്. ധർമ്മാധിഷ്ഠിതമായാണ് ഗ്രാമസഭകൾ പ്രവർത്തിച്ചിരുന്നത്. ഗ്രാമത്തിലെ വാണിജ്യക്കാർവളാഞ്ചിയരും മണിഗ്രാമക്കാരുമാണ്. ക്ഷേത്രഭരണം മൂലപ്പരുടൈയാരും (ശിവബ്രാഹ്മണരോ വൈഖാനസരോ ആകാം) ചെയ്യുന്നു. ശാത്തഗണം ,കുമാരഗണം ,കൃഷ്ണഗണം, കാളീഗണം എന്നിവരാണ് ഓരോ ക്ഷേത്രത്തിലും മാനേജർമാരായി പ്രവർത്തിക്കുന്നത്. പേരിലാമൈയാർ ശങ്കരപ്പാടിയാർ എണ്ണ കൊടുക്കുന്നവരാണ്. ഗ്രാമം ചേരികളും തെരുവുകളുമായി തിരിക്കപ്പെട്ടിരുന്നു. ഓരോ തെരുവും ഓരോ പ്രത്യേകഉപജീവനക്കാര്ക്ക് ഉള്ളതാണ്. കമ്മാള, ആശാരി, തട്ടാൻ, ഇരുമ്പുപണി, അലക്കുകാർ എന്നിങ്ങനെ) മന്റാടിക്കളനൈ ഇടയന്മാരുടെ കേന്ദ്രമാണ്.

1077ൽ ചെബ്രോലുവിലെ വിളക്കുകൾ സ്ഥാനപതിയുടെയും 300 അയ്യാളുകളുടേയും 300 സാനുളുക

ളുടേയും സംരക്ഷണത്തിലാണ്. തെക്കേ ആർക്കോട്ടിലെ ഒലക്കൂറിൽ ഭട്ടർ, പെരിയനാട്ടാർ, പന്നാട്ടാർ എന്നിവരെ ഊർ, സഭ, നഗരം എന്ന് പ്രത്യേകനാമത്തിലാണ് അറിയുന്നത്. (ഭട്ടരാണ് ഊർ. പെരിയനാട്ടാരാണ് സഭ. പലനാട്ടുകാരായ വണികരാണ് നഗരം) മംഗലം ബ്രാഹ്മണഗ്രാമമാണ്. ദേവദാനവും പള്ളിച്ചന്തവും (ദേവനുള്ള ആഭരണം, ആഘോഷം) ഊരിലുണ്ട്. ഉദാഹരണം 1245ൽ പുതുക്കോട്ട കുമാരമംഗലവും ഉറട്ടൂർകൂറ്റവും ചേർന്ന ഇരട്ടയൂരാണ്.

സഭകൾ പ്രവർത്തിച്ചിരുന്നത് വാരിയം എന്ന് വിളിക്കുന്ന കമ്മിറ്റികളിൽകൂടിയായിരുന്നു. തമിഴ്നാട്ടിലും കർണ്ണാടകത്തിലും വാരികൾക്ക് വലിയ ഡിമാന്റ് ഉണ്ടായിരുന്നു. വാരിയപ്പെരുമാക്കളെയാണ് ക്ഷേത്രകാര്യനടത്തിപ്പിന് തെരഞ്ഞെടുത്തിരുന്നത്. ഉത്തരമേരൂരിലെ സഭക്ക് നിരവധി വാര്യങ്ങളുടെ സേവനം (കഴകം) ഉണ്ടായിരുന്നു. 1. വൈരമേഘ തടാകപല്ലവചോളലിഖിതം ഏരിവാരിയം. 2. എഡി 919 പരാന്തകന്റെ സഭയുടെ വ്യവസ്ഥയിൽ ഒരു കമ്മിറ്റിയിൽ 30 കടുംബു (വാർഡ്). പ്രതിനിധികളുണ്ടാവണം ഗ്രാമം 30 കുടുംബു ആയും 12 ചേരി (തെരുവ്)ആയും വാർഡുകളാക്കി തിരിച്ചിരിക്കണം. 3. സ്വർണ്ണപരിശോധനക്ക് 8 പേർ നികുതിദായകരായ പൊൻവാരിയം 4. ഉത്തമചോളചതുർവേദിമംഗലത്ത് ധർമ്മവാരിയം സഭയിൽ മന്ത്രബ്രാഹ്മണരെ ഉൾപ്പെടുത്തുന്നു. (എഡി 996). 5. അവനി(അമനി)നാരായണചതുർവ്വേദിമംഗലംമൂന്നാം വർഷം(പാർത്ഥിവേന്ദ്ര വർമ്മൻ) 9 വാരിയം ഉണ്ട്. 6. എഡി 919ലെ തിരുപ്പാർക്കടൽലിഖിതത്തിലും വാരിയം പരാമർശിക്കപ്പെടുന്നു.

നഗരം പ്രൊഫഷണൽ ഗ്രൂപ്പുകളുടെ വാസസ്ഥലമാണ്. ചാലിയനഗരം വണികനഗരങ്ങൾ വ്യാപാരനഗരങ്ങൾ എന്നിങ്ങനെ. 15ആം ഭരണവർഷം പരകേസരി കന്തൻ മറവൻ കണ്ടക്കൂട്ടത്ത് നാട്ടാർക്ക് ഒരു ദേവദാനം ഭൂമിക്ക് 25 പവനിലധികം വാർഷിക നികുതി ചുമത്തിയാണ് കൊടുക്കുന്നത്. ആനമംഗലം (ലൈഡൻ)ഗ്രൂപ്പിൽ ഒപ്പിട്ടവർ 1. ഗ്രാമത്തിന്റെ അതിർത്തി നിശ്ചയിച്ച നാട്ടാരോടുകൂടി ഉണ്ടായിരുന്ന പുറവുവരി ഓഫീസർ. 2. അപ്രകാരം അതിർത്തി നിശ്ചയിക്കുമ്പോൾ ആനപ്പുറത്തിരുന്ന് നിരീക്ഷിച്ച വ്യക്തി 3. പട്ടിണക്കൂറ്റിലം ആനമംഗലം ഉൾപ്പെടെ 27 ഗ്രാമത്തിലെ കണക്കന്മാർ 4. വ്യവഹാരം മുഴുവനും നിയന്ത്രിക്കുന്ന ഭട്ടന്മാർ.

10ആം നൂറ്റാണ്ടിൽ കുലോത്തുംഗപുറമലനാട്ടിലെ നാട്ടാർ സേലം തീർത്ഥമലയിലെ (കൊങ്ങുചേരം) പൂജാരിയെ നിയമിക്കുന്നു. 1149ൽ പുതുക്കോട്ട വടപനങ്ങാട്ട് നാടിൽ 1 മാ കൃഷിനിലത്തിനു നാശം വരുത്തിയ വ്യക്തി ക്ഷേത്രത്തിന് പിഴ ചുമത്തണമെന്ന വ്യവസ്ഥയാണ്. നാൽവയലൂരിന് അടുത്തും ചുറ്റുമാണ് ഈ നിലം. ജമ്പ കരികാലചോളലിഖിതം വാനഗപ്പാടിനാടിന്റെ ഒരുഭാഗം വാളയൂർ നക്കർ യോഗവാണർക്ക് ക്ഷേത്രകാര്യനടത്തിപ്പിനായി ബാണവംശമുഖ്യനാണ് കൊടുക്കുന്നത്. അദ്ദേഹത്തിന്റെ പൂർവ്വികർ രണഭീമമംഗലംഗ്രാമം ക്ഷേത്രത്തിന് നേരത്തേ ദാനം ചെയ്തതാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു ഈശ്വരനു മുമ്പിൽ പാടാനുള്ള ശിവബ്രാഹ്മണരുദ്രഗണവും ആടാനുള്ള രുദ്രഗണികമാരും വാദ്യം വായിക്കാനുള്ള ഉവച്ചരെന്ന ഗായകരും ക്ഷേത്രങ്ങളിലുണ്ടായിരുന്നതായി നിരവധി ലിഖിതങ്ങളിൽ കാണാം.

പഴയന്നൂർ ഗ്രാന്റ്:- പഴയന്നൂർ നാട്ടിലെ നാട്ടാർ ബ്രഹ്മദേയഗ്രാമത്തിലെ കിളവന്മാരോടും (മുതിർന്ന വർ) ദേവദാനം ഉൾപ്പെടെയുള്ള എല്ലാ ഊരുകളി ലെ ഊർകളിലാരോടും ,പള്ളിച്ചന്തം, കണിമുറ്റൂത്ത്, വെറ്റിപ്പേര്, പളയ അരചാളഭോഗം നഗരം ഇവ രോടും ചേർന്ന് സഹകരണാടിസ്ഥാനത്തിൽ (നാട്ടാ രും നഗരത്താരും ഊരുകളും ചേർന്ന്) പ്രായം, ജ്ഞാനം, ധനം, ജനനം ഇവ നേതൃത്വത്തിന് ആവ ശ്യമാണെന്ന് നിശ്ചയിച്ചു. ഗ്രാമങ്ങളുടെ അതിർത്തി തിരിച്ച് ഓരോന്നിനേയും റിപ്പബ്ലിക്കുകളാക്കാൻ കരണത്താരെ നിശ്ചയിച്ചു. മന്നാർകോവിൽ ലിഖിതം മദ്ധ്യസ്ഥനും കരുവാനും ആശാരിയും തട്ടാനും ഇപ്രകാരം അതിർത്തി നിശ്ചയിച്ച കര ണത്താരെന്ന് പ്രസ്താവിക്കുന്നു. ഭാരതം രാമായ ണം പുരാണം ഇവ വായിക്കുന്നവർക്കുള്ള ഭാരത പ്പങ്ക് നാടകശാലക്കും ഉപരിവിദ്യാഭ്യാസശാലക ൾക്കും ആസ്പത്രികൾക്കുമുള്ള പങ്ക് വഴിയമ്പലം തണ്ണീർപ്പന്തലെന്നിവക്കുള്ള പങ്ക് ഇവയും നിശ്ച യിച്ചു.

നികുതി നന്ദിപുരത്തെ പഴയ നിയമപ്രകാരമാണ്. മേലേപ്പഴുവൂരിലും തിരുച്ചെങ്കോട്ടും സുന്ഗചോള, രാജരാജ 1 ഇവരുടെ കാലത്ത് മന്റുവാട് ദണ്ഡം എറിപുരം (ആയിരത്തളി)നന്ദിവർമ്മൻ പല്ലവമ ല്ലനെ ചോളർ തടവിലിട്ട് സേനാപതി ഉദയചന്ദ്രൻ പുറത്തുവിട്ട സ്ഥലത്തും (സുന്ദരചോളൻ നന്ദിപുരം രാജാവായിരുന്നു) നന്ദിപുരം നിയമമാണ്. എഡി 922ലെ ഈറോഡ് ലിഖിതം അര പണം ഓരോ കുടിക്കും, എട്ടിലൊന്നുപണം ഒരു വിവാഹത്തിനും ഒരു കുന്നി സ്വർണ്ണം ഒരു മണവാട്ടിക്കും, കൂടാതെ പാട്ടം ദഹിപ്പിക്കാനും കൊടുക്കണമെന്ന് ഈറോഡ്

വിഷ്ണുക്ഷേത്രത്തിൽ സമ്മേളിച്ച നാട്ടാർ തീരുമാനിച്ചു. കാവേരതീരഗ്രാമങ്ങളിൽ വിശേഷാൽ ബണ്ടുകളും അണകളും കെട്ടണമെങ്കിൽ വേറെ നികുതി അടക്കണം. കുലോത്തുംഗ 3ആമന്റെ കാവിരിക്കരൈ വിനിയോഗനിയമം അപ്രകാരമാണ്.

ഭൂമി സർവ്വേ:- ഭാരതത്തിലെ ക്ഷേത്രങ്ങൾ എല്ലാ ഗ്രാമങ്ങളിലും നഗരങ്ങളിലും ശാഖകളോടുകൂടിയ ഒരു റിസർവ്വ് ബാങ്കുപോലെ പ്രവർത്തിച്ചു. സാധാരണ സമയത്ത് രാഷ്ട്രത്തിന്റെ അധികസ്വത്ത് അവ ശേഖരിച്ച് സൂക്ഷിച്ചു. ക്ഷാമമോ വെള്ളപ്പൊക്കമോ മറ്റു പ്രകൃതിദുരന്തമോ വരുമ്പോൾ അതിനെ കടമായി എടുത്ത് രാജാക്കന്മാർ ക്ഷേമപ്രവർത്തനം നടത്തി. പ്രാദേശികജനതക്ക് ഭക്ഷണമില്ലാതെ പട്ടിണി കിടക്കേണ്ടിവരില്ല എന്ന സാഹചര്യം ക്ഷേത്രഭരണത്തിലൂടെ നിർവ്വഹിച്ചു.

ജാതി പാരമ്പര്യമായി പിന്തുടരുന്ന ജോലി അഥവാ പ്രൊഫഷനെന്നാണ് ഈ ലിഖിതങ്ങളിലെല്ലാം കാണുന്ന വ്യവസ്ഥ. എണ്ണായിരത്തിൽ വ്യാപാരം ജോലിയാക്കിയ ബ്രാഹ്മണരെ എണ്ണായിരത്തിന്റെ തെക്കേ അങ്ങാടിയിലെ വളാഞ്ചിയകച്ചവടക്കാരുടെ കൂടെയാണ് കൂട്ടുന്നത്, ബ്രാഹ്മണരുടെ കൂടെയല്ല. വെള്ളാളർ(കുന്റവട്ടനക്കോട്ടം) ശിൽപ്പി(ഓവികുലം) നെയ്ത്തുകാർ ഇവരെല്ലാം സ്വന്തം സ്ഥാനവും തൊഴിലും പാലിച്ച് സുഖമായി ജീവിച്ചു. പഴയന്നൂർ ലിഖിതം ഈഴവർ തെങ്ങും കവുങ്ങും ചെത്തി കള്ളെടുത്ത് വിൽക്കരുതെന്ന വിലക്ക് ഏർപ്പെടുത്തിയത് മദ്യപാനം രാജ്യത്തിന് നന്മ ചെയ്യുന്നില്ല എന്ന് കണ്ടിട്ടാണ്.

അനുലോമവും പ്രതിലോമവും.

കുലോത്തുംഗൻഒന്നാമന്റെ ഭരണാവസാനകാലത്ത് രാജാശ്രയചതുർവേദിമംഗലത്തെ ഭട്ടന്മാർ ശാസ്ത്രാനുസരണം രഥകാരന്മാർക്ക് വാസ്തുകല, രഥനിർമ്മാണം ഗോപുരനിർമ്മാണം, മണ്ഡപനിർമ്മാണം യാഗോപകരണനിർമ്മാണം എന്ന് ജോലി നിശ്ചയിച്ചു. ഇത് യാജ്ഞവല്ക്യസ്മൃതിഭാഷ്യം ആയ മിതാക്ഷര എഴുതിയ വിജ്ഞാനേശ്വരന്റെ കാലത്താണ്.1169ലെ ലിഖിതത്തിൽ രഥകാരന്മാരിൽ കൊല്ലനും തട്ടാനും കല്ലാശാരിയും മരാശാരിയുമെല്ലാം പെടും. വിക്രമചോളന്റെ രണ്ട് ലിഖിതങ്ങളിൽ ഒന്നിൽ ഉത്കൃഷ്ടആയോഗവാൻ(പട്ടിണവൻ)എന്നും മറ്റേതിൽ ബ്രഹ്മവൈദ്യനെന്നും ഓരോ ഉദ്യോഗപ്പേരുണ്ട്. ഇവ മിതാക്ഷരയിലില്ല. വൈശ്യസ്ത്രീക്ക് ശൂദ്രനിലുണ്ടായ കുട്ടികളെന്നും ക്ഷത്രിയസ്ത്രീക്ക് വൈശ്യനിലുണ്ടായ കുട്ടികളെന്നും ശിൽപ്പികളെ ചില സ്മൃതികൾ വിളിക്കുന്നു. രണ്ടായാലും പ്രതിലോമവിധിയിൽ ജനിച്ചവരാണ്. വൈദ്യവും നെയ്ത്തും ഇവരുടെ ഉപജീവനമാർഗ്ഗങ്ങളിലാണ് പെടുന്നത്. ഉപനയനത്തിന് പുതുവസ്ത്രവും ഉത്സവത്തിന് ധ്വജപടവും ഇവർ ഈശ്വരനും ബ്രാഹ്മണർക്കും രാജാവിനും നെയ്യുന്നു.

കരൂർ പേരൂർ ഇവ ചേരന്മാരുടെ കേന്ദ്രങ്ങളാണ്. കോനേരിന്മൈക്കൊണ്ടാൻ ഈ പ്രദേശങ്ങളിലെ കമ്മാളരെന്ന കല്ലാശാരിമാർക്ക് (വെങ്കലനാട്ടിലേയും കൊങ്ങിലേയും) പ്രത്യേകആനുകൂല്യങ്ങൾ അനുവദിച്ചിരുന്നതായി രേഖപ്പെടുത്തുന്നു. രണ്ട് ശംഖു വിളിക്കാനും ശുഭവേളയിലും അശുഭവേളയിലും പറ(ചെണ്ട)അടിക്കാനും ,ചന്ദനം ധരിച്ച് പുറത്തു

പോകാനും വീടുകൾ കുമ്മായം അടിക്കാനും രണ്ട് വാതിലുള്ള ഇരുനിലവീടുണ്ടാക്കി താമസിക്കാനും അവര്ക്ക് ആനുകൂല്യമുണ്ട്. വാതിലിന്റെ മുൻവശം താമരപ്പൂമാല കൊണ്ട് അലങ്കരിക്കാനും അനുവാദമുണ്ട്. ഇവരിലെ ഇടംകൈഗ്രൂപ്പ് അഗ്നികുലമാണ്. കശ്പന്റെ ഹോമാഗ്നിയിൽനിന്ന് അരിന്ദമകാലത്ത് ഉണ്ടായി. അന്തർവേദിയിൽനിന്ന് (ഗംഗായമുനാസമതലം) രാജാവ് കൊണ്ടുവന്ന ബ്രാഹ്മണരുടെ മെതിയടിയും കുടയും പിടിച്ച് വന്നവരാണ്. ഇവരെ തൃച്ചിയിലെ 5 ഗ്രാമങ്ങളിലാണ് താമസിപ്പിച്ചത്. 1128ൽ ഇവർ ഒരു സംഘം രൂപീകരിച്ചു. കൊറ്റിത്തൂവലും ഞാന്നുകിടക്കുന്ന മുടിയും ചിഹ്നങ്ങളായി സ്വീകരിച്ചു. കൊമ്പും ശംഖും മുഴക്കുന്നതിനും കാഹളമൂതുന്നതിനും പ്രത്യേകശൈലികളുണ്ടാക്കി. ഇങ്ങനെ ചെയ്യാത്തവരെ ശ്രുതിമാനായി കണക്കാക്കിയിരുന്നില്ല. അവരെ കൂട്ടത്തില്നിന്ന് പുറത്താക്കും.ഇടങ്കൈസംഘത്തിൽ 98 ശാഖകളുണ്ടായിരുന്നു. വണ്ണിയകുടിയാന്മാരും ബ്രാഹ്മണരും വെള്ളാളജന്മിമാരും സർക്കാരുദ്യോഗസ്ഥരും തങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ഇവർ കരുതി. അപ്രകാരം ഇവർ വലങ്കൈ ഉപയോഗിക്കുന്ന അമ്പലമോ മണ്ഡപമോ ഉപയോഗിക്കാതായി. ജനങ്ങളുടെ ഇടയിൽ ആദ്യമായി ഒരു വിപ്ലവം ഇടങ്കൈശാഖയാണ് ഉണ്ടാക്കിയത്. വലംകൈശാഖയിൽനിന്ന് സ്വയം വിട്ടുപോയ ഇടങ്കൈകൾ സ്വന്തം കൂട്ടക്കാരെ ശ്രുതിമാന്മാരായി കണക്കാക്കാതിരിക്കയും കൂട്ടത്തിൽനിന്ന് പുറത്താക്കുകയും ചെയ്തവരാണെന്നത് ആശ്ചര്യകരമാണ്. ഇവിടെ വേറെ ഒരു കാര്യം കൂടി സ്മരിക്കണം. അരിഞ്ചിമാതേവടികളെ രാജാവിന്റെ പെണ്ടാട്ടി എന്നല്ലാതെ രാജ്ഞി എന്ന് വിളിക്കു

ന്നില്ല. അവരുടെ മകൻ ഭട്ടൻ ഗാന്ധാരാദിത്തി യാണ്. അരുമൊഴിദേവന്റെ അമ്മയും ഇവരാണ്. അതായത്ദേവദാസികളുടെ പുത്രന്മാരും രാജാക്ക ന്മാരായിരുന്നു. ശരഭപുരീയരുടെ ലിഖിതങ്ങളിൽ നൃതുംഗന്റെ ദേവദാസിയിലുള്ള മകളെ മദ്ധ്യപ്രദേ ശിലേക്ക് രാജാവിന് വിവാഹം കഴിച്ചുകൊടുത്തത് എഴുതിയിരുന്നത് ഓർക്കുമല്ലോ.ഉദ്യോഗസ്ഥശ്രേണി യിലെ മുകളിലും താഴെയുമുള്ള ഗ്രഡേഷനല്ലാതെ ജാതീയമായ വേർതിരിവായിരുന്നില്ല ഇവിടെ ഉണ്ടായിരുന്നതെന്ന് ഇതെല്ലാം സൂചന തരുന്നു. രാജ്യം ഒരുമയോടെ കഴിയുന്നതാണ് ശ്രേയസ്സും പ്രേയസ്സും എന്ന് ഗ്രഹിച്ചവരായിരുന്നു ഇവർ. എന്നിട്ടും പലപ്പോഴും അവരിൽ ചിലർ സ്ഥാന ത്തിനും പദവിക്കുമായി വേറിട്ടുനിന്നു മത്സരിച്ചു, യുദ്ധം ചെയ്തു എന്നാണ് മനസ്സിലാക്കേണ്ടത്. അതിന്റെ ഫലമാണ് രാജ്യം വിഘടിച്ച് വിദേശിക ൾക്ക് ലഭിച്ചത്.

ഗ്രാമം കർഷകരുടെ വാസസ്ഥാനമാണ്. ഗ്രാമസഭക ളാണ് അവരുടെ ഭൂമി വിതരണം ചെയ്യുന്നത്. ഇട ക്കിടക്ക് ഭൂമി പുനർവിതരണം ചെയ്യുന്നു. പ്രത്യേ കിച്ചും ഗ്രാമകേന്ദ്രത്തിലെ ഭൂമിയാണ് ഇപ്രകാരം ചെയ്യുന്നത്. അതിർത്തിയിലെ ഭൂമി പൊതുസ്ഥല മാണ് ആരുടേയും സ്വന്തമല്ല. ഭൂമിയില്ലാത്ത കർഷ കർ അഥവാ കർഷകത്തൊഴിലാളികൾ ഒരു അഗ്രേ റിയൻ പ്രോളിറ്ററേറ്റ് ആയി പ്രവർത്തിച്ചു. സമുദാ യത്തിന്റെ പൊതുഉടമയിലുള്ള ഭൂമിയെ സഭാമാ ഞ്ചിക്കം ഊർമാഞ്ചിക്കം , ഊർപ്പോട് മുതലായ പേരുകൾ സൂചിപ്പിക്കുന്നു. ശെക്കിളാർ മേർക്കാനാ ട്ടിലെ ആദനൂര് എന്ന പഴയ കേന്ദ്രത്തിലെ കൊല്ലി ടം സമൃദ്ധമായിരുന്നു , മാളികകള് ഉള്ളിലും

പുലയക്കുടികൾ (വയലിലെ പണിക്കാരുടെ കുടികൾ) അതിർത്തിയിലും പറയുന്നു. കറുത്ത കോഴിക്കുട്ടികളും നായക്കുട്ടികളെ പിടിച്ചുനടക്കുന്ന ഇരുമ്പുവളയണിഞ്ഞ കറുത്ത ബാലികമാരും അവിടെയുണ്ട്. അരയിലെ അരഞ്ഞാണക്കിലുക്കവും നായക്കുട്ടികളുടെ കുരയും തോൽക്കിടക്കയിൽ മരുതുമരച്ചോട്ടിൽ ഉലത്തി (തൊഴിലാളിസ്ത്രീ) കുട്ടിയെ ഉറക്കുന്ന പാട്ടും ചുറ്റുമുള്ള മാവുകളും, തെങ്ങിൻചോട്ടിൽ പ്രസവിച്ച പട്ടികൾ ചെറിയ തല ചായ്ച്ചുവെച്ച് ഉറങ്ങുന്നതും , ചുവന്ന പൂവുള്ള കോഴി പുലയരെ വിളിച്ചുണർത്തുന്നതും ചുരുണ്ട മുടിയഴകുള്ള പുലയികളുടെ ശബ്ദവും കാഞ്ചിമരച്ചോട്ടിൽ നെല്ലുണക്കുന്ന അവർ പാടുന്ന ശബ്ദവും നിറയെ പക്ഷികളുള്ള കുളക്കടവിൽ കതിരും സുഗന്ധപുഷ്പവും ചൂടി വാദ്യത്തോടൊപ്പം ചുവടുവെക്കുന്ന പുലയസ്ത്രീകളുടെ ലഹരിപാനീയം കുടിച്ചതിനാൽ വാക്ക് വ്യക്തമാകാത്ത പാട്ടും ഉള്ള ഈ ഗ്രാമത്തിൽ (കട്ടൈനാരുടെ) ശിവനിൽ ഭക്തിയുള്ള ഒരാൾ-നന്ദനാർ- എങ്ങനെയോ ജനിച്ചു എന്ന് പറയുന്നു. ഊർപ്പുലമൈയായി തന്റെ സേവനത്തിന് ഒരു നിലം അദ്ദേഹത്തിനും പരമ്പരയായി കിട്ടി. ത്രിസൂലം ധരിച്ചവൻ (ക്ഷേത്രം) ചെണ്ടക്ക് തോലും യാഴിന് തന്ത്രിയും അദ്ദേഹവും കൊടുത്തു. ഇത് ക്ഷേത്രത്തിലേക്ക് ഓരോരുത്തരും അവനവന്റെ തൊഴിലനുസരിച്ച് കൊടുക്കുന്ന സേവനത്തെ കാണിക്കുന്നു.

മാനാഭരണചതുര്വേദിമംഗലത്തിന്റെ കാണിക്കടൻ മണ്ണാർകോവിൽ രാജേന്ദ്രചോളവിഷ്ണുക്ഷേത്രത്തിലേക്ക് 3810 കലം ആണ്. ഇത് കൂടുതലാണെന്ന് കണ്ട ചേരൻ രാജരാജതേവൻ 10 വേലിനാടു കൂടി

കൂട്ടിക്കൊടുത്ത് 2600 കലം വാർഷികവാടക എന്ന് നിശ്ചയിച്ചു. ക്ഷേത്രഭൂമിയുടെ മാനേജ്മെന്റിലും റിവിഷനിലും ഉള്ള നിയന്ത്രണങ്ങൾ ഈ ലിഖിതം മനസ്സിലാക്കിത്തരുന്നു. കന്നുകാലിപരിപരിപാലന വും കൈനി കൃഷിയും മന്റാടിയാർമാരാണ് നട ത്തിയിരുന്നത്. (ആട്ടിടയന്മാർ). മലനാട്ടിലെ (മലബാ ർ) വ്യാപാരി ചിങ്കൽപേട്ടയിലെ തിരുവടന്തയിൽ വ്യാപാരം ചെയ്യുന്ന രേഖ ഉണ്ട്. പ്രാദേശികമായ വ്യാപാരം ദൂരസ്ഥലങ്ങളിലേക്കും വ്യാപിച്ചിരുന്നു. സിലോണിൽനിന്ന് ശുചീന്ദ്രത്ത് വിളക്ക് വെച്ചിരി ക്കുന്നതും ഇത്തരം ദൂരദേശവ്യാപാരവും സമ്പ ർക്കവും കാണിക്കുന്നു. വ്യാപാരവ്യവസായങ്ങൾ സ്വതന്ത്രമായി നടത്തിയിരുന്നു. ലോഹം കൊണ്ടുള്ള കലകളും ആഭരണനിർമ്മാണവും ചെമ്പ്, വെങ്കലം വസ്തുക്കളും കല്ലും രത്നവും പതിച്ച ആഭരണ വും രാജകൊട്ടാരവും ക്ഷേത്രങ്ങളും പോഷിപ്പിച്ചു. ക്ഷേത്രത്തിലെ പട്ടശാലികൾ രാജാവിനും ക്ഷേത്ര ത്തിനുമുള്ള ആയുധങ്ങളും ഉപകരണങ്ങളും നിർമ്മിച്ചു. ഇവ കൂടാതെ ഉപ്പായിരുന്നു വലിയ ധനാഗമമാർഗ്ഗം. കേരളത്തിലെ ഊരകം ഗ്രാമം പോലെ കാഞ്ചീപുരത്തും ഊരകമുണ്ട്. അവിടത്തെ ക്ഷേത്രത്തിലെ വരവുചെലവും ഫിനാൻസു മുഴുവ നും പട്ടശാലികളെന്ന നെയ്ത്തുകാരാണ് നോക്കിയി രുന്നത്. അവരാണ് മാസം തോറും ക്ഷേത്രക്കണക്ക് ഓഡിറ്റ് ചെയ്തിരുന്നത്. (കാഞ്ചീപുരം പട്ട് ഇന്നും പ്രസിദ്ധമാണ്). കനാലുകളും തോടുകളും നദികളും വഴിയാണ് ഗതാഗതം . പെരുവഴി, ഇടവഴി(വാടി) വടുകപ്പെരുവഴി (ആന്ധ്രാപഥം) കൊങ്ങപ്പെരുവഴി, തഞ്ചാവൂർ പെരുവഴി , പെണ്ണാടം പെരുവഴി, കല്യാണപുരം പെരുവഴി മുതലായ പ്രധാനറോഡു

കളും ഗതാഗതത്തിന് ഉണ്ടായിരുന്നു. കൊടുമ്പാളൂരിലെ മണിഗ്രാമം, സേലത്തെ ചന്ദേരും തിരുപ്പുറമ്പിയം വളാഞ്ചിയരും ബെസവാഡ തെലിക്കിയും കച്ചവടസംഘങ്ങളാണ്. തിരുവണ്ണാമലക്ക് 3 ഉത്സവത്തിനും സത്യവാചക ധർമ്മവാണിയർ മഠം തിരുക്കോടി കൊടിക്കുവേണ്ടി കൊടുത്തിരുന്നു. തെന്നിലങ്കൈയിലെ സൂചകർ കരുണാകരവീരർ വളാഞ്ചിയർ 1189 മുതൽ തിരുക്കണ്ണപുരം വിഷ്ണുമഠത്തിന്റെ നോക്കിനടപ്പ് ചെയ്യുന്നു. തിരുനെല്വേലി വളാഞ്ചിയർക്കാണ് അവിടത്തെ പ്രാദേശികക്ഷേത്രങ്ങളുടെ കാരാണ്മ. 1207 എഡി മുതൽ നെല്ലൂർ, നാരായണപുരം, ആർക്കാട്, മയിലാപ്പൂർ, തിരുവൊറ്റിയൂർ, പൂണ്ടമല്ലി, നെടുംപുറൈ, ദമനക്കച്ചേരി, പെരുങ്കലൂർ, തിരുനീരു ഇവയെല്ലാം ഒന്നിച്ചാണ് നോക്കിനടത്തുന്നത്. ഒരു ഗ്രാമം വാങ്ങി തിരുപ്പാമ്പൂർ ക്ഷേത്രത്തിന് ദേവദാനമായി കൊടുത്ത് ചുറ്റും മതിൽ കെട്ടി ഗ്രാമം മുഴുവനുമായി തമ്മുസിദ്ധിയെ ഏൽപ്പിച്ച രേഖ കാണുന്നു. 1235ലെ അൻപിൽ പ്ലേറ്റ് ചിറ്റിരുമേലിപ്പെരിയ നാട്ടാരും തിശൈ ആയിരത്തു അഞ്ഞൂറ്റുവരും പലനാട്ടിലെ ചെട്ടിമാരിൽ പെട്ട ദാസനച്ചെട്ടിയും ജയപാലരും മുനൈവീരകോടിയാരും ശിൽപ്പികളും മുതർപടൈ മലനായരും സഭ കൂടി രാജരാജപെരുനീ രവിയോം എന്ന് പേരിട്ട് സേവനമെന്ന നിലക്ക് നിർണ്ണയിച്ച പ്രകാരം വളാഞ്ചിയരും നാനാദേശത്തിശൈ ആയിരത്തഞ്ഞൂറ്റുവരും തിരുവിളങ്കുടിക്ഷേത്രത്തിന്റെ ഒരു ഭാഗം നിർമ്മിച്ചു. രാജ്യത്തിന്റെ 1000 ദിശയിലുള്ള അഞ്ഞൂറ്റുവർ എന്ന പ്രയോഗം ശ്രദ്ധേയമാണ്. അഥവാ 1500 പേർ നാനാദിശകളിലും നിന്ന്. ആദ്യത്തെ വിജയാലയചോളവംശാരംഭത്തിനു

മുമ്പേ ഇവരുണ്ട് എന്നതും ശ്രദ്ധേയമാണ്. സുമാത്ര യിലും മൈസൂരിലും ഇവരുണ്ട്. കേരളത്തിൽ വളാഞ്ചിയരുടെ നാമം വഹിക്കുന്ന വളാഞ്ചേരി തന്നെ ഉണ്ട്. വാസുദേവ, കന്തളി, മൂലഭദ്ര, ഭഗവ തി ഇവരുടെ വംശക്കാരെന്ന് അവകാശപ്പെടുന്ന ഇവർ ചേര,ചോള,പാണ്ഡ്യ, മലേയ, മഗധ,കോസല സൌരാഷ്ട്ര,ധാനുഷ്ട്ര,കുറുംബ, കൈംബോജ, ലാല, ബരുവര, നേപാള, ഏകലദ, ലംബകർണ്ണ, സ്ത്രീരാ ജ്യ, ഗോളമുഖ, മുതലായ സ്ഥലങ്ങളിലും 6 വൻക രകളിലും ജലമാർഗ്ഗമായും കരമാർഗ്ഗമായും സഞ്ച രിച്ച് ശാഖോപശാഖികളായി പന്തലിച്ചവരാണ്. ആന,കുതിര,രത്നം, മുത്ത്, ഔഷധസസ്യങ്ങളും പച്ചമരുന്നുകളും സുഗന്ധവ്യഞ്ജനങ്ങളും വിൽക്കു ന്നവരാണ്. കാള,എരുമ, കഴുത മുതലായവയുടെ പുറത്തും ഇവർ സഞ്ചരിച്ചിരുന്നു.

500 വീരശാസനങ്ങളിലൊന്ന് രാജാധിരാജ ഒന്നാമ ന്റെ കാലത്ത് 32ആം വർഷം (1056) ശീരവല്ലിഗ്രാമ. ത്തെ നാനാദേശീയദശമാദി എരിവീരപട്ടണമാക്കി 13ആം നൂറ്റാണ്ടിൽ ബർമ്മയിലെ പാഗനിൽ നാനാ ദേശികർ വിഷ്ണുക്ഷേത്രം നിർമ്മിച്ചു. മലബാർ തീരത്തെ തുറമുഖത്തിലെ വ്യാപാരികളാണ് അതി നുള്ള സമ്മാനങ്ങൾ കൊടുത്തിരിക്കുന്നത്. നാണ്യ ങ്ങളും തൂക്കവും കട്ടിയും സൈന്ധവസംസ്കൃതി കാലം മുതലേ ഇന്ത്യയിലുണ്ട്. ഡെക്കാനിലെ സ്വ ർണ്ണം എന്ന ഗദ്ധ്യാണം സ്റ്റാൻഡേഡ് 58 യവത്തൂ ക്കം കഴഞ്ച് ഉള്ളതാണ്. ചോളകാലത്ത് 20 മഞ്ചാടി എന്നത് 72 യവത്തൂക്കം മുതൽ 80 വരെ വരും. പരാന്തക 1ന്റെ 13ആം വര്ഷം കഴഞ്ച് നിഷ്കമാ ണ്. കഴഞ്ച് ഭാരമുള്ള സ്വർണ്ണനാണ്യമായ പൊന്നി ന് മധുരാന്തകദേവൻ മാടൈ എന്നാണ് പേര്.

(ഉത്തമചോളകാലം മുതൽ). അതിന്റെ പകുതിയാണ് രാജരാജൻകാശ്. ആദിത്യ രണ്ടാമന്റെ കാലത്ത് 10 കഴഞ്ച് 20 കാശാണ്. മാട, കാശ് ഇവ സ്റ്റാൻഡേഡ് സ്വർണ്ണനാണ്യങ്ങളാണ്. അന്റാടുനർക്കാശ്, പഴങ്കാശ്, അന്റാടുനർപ്പഴംകാശ് ഇവയും പ്രചാരത്തിലുണ്ട്. ഏറ്റവും ശുദ്ധമായ ഒമ്പതര മാരിവരെ സൂക്ഷ്മമായ സ്വർണ്ണനാണ്യമാണ് മാട. ചെബ്രോലുവിലെ ജയമാട ശകം 898 മുതലുണ്ട്. ബാപട്ല ലിഖിതത്തിൽ ഉത്തമഗന്ധമാടയെ പരാമർശിക്കുന്നു. ചാമരമാട (ബിരുദമാശ്രീ), നക്കിമാട (കാഞ്ചീപുരം രാജാധിരാജ 2 ഭരണവർഷം 14), ഭുജബലമാട (കുലോത്തുംഗ 3 മൂന്നാം ഭരണവർഷം. നന്ദലൂർ, കാഞ്ചീപുരം, തിരുപ്പാലവനം) പലം പുള്ളിമാട (തിരുമുല്ലവായിൽ 1232) ഗന്ധഗോപാലൻ മാട(അല്ലൂരിലെ ചുത്തുചോഡ) ഇങ്ങനെ പലവിധമാടക ളെ ലിഖിതങ്ങൾ പരാമർശിക്കുന്നു. രാജരാജ 3, രാ ജേന്ദ്ര 3 കാലത്ത് വെള്ളിനാണ്യങ്ങളുണ്ട്. ചെമ്പൊ ന്നിന് മധുരാന്തകൻ മാടയുടെ അതേ മാറ്റാണ്. (ഒമ്പതര മാറ്റ്) സാധാരണ പൊന്നിന് എട്ട് എട്ടിൽ മൂന്ന്. സ്റ്റ്രാൻഡേഡേ കാശ് മുക്കാൽ കഴഞ്ച് 3 മഞ്ചാടി . കനം കുറഞ്ഞ കാശിന് 7 മഞ്ചാടി. ഈലക്കാശിന് മാടയുടെ അരക്കഴഞ്ചാണ് 7ആം നൂറ്റാണ്ടുമുതൽ. ദിവാകരനിഖണ്ഡു ഈലം സ്വർണ്ണ മെന്നും കരിങ്കാശ് ഈലക്കരിംകാശെന്നും നീലകഹാ പനം വെള്ളിക്കാശെന്നും ഗഡ്യാണം സ്റ്റാൻഡേഡു തൂക്കമെന്നും ശ്രീലങ്കാവിഭു എന്നെഴുതിയത് ലങ്കേശ്വരനാണ്യമെന്നും കോദണ്ഡരാമചെമ്പുകാശ് പാണ്ഡ്യന്റേതെന്നും ഒന്നര എന്ന അക്കം ഉള്ളത് ഈഴക്കാശെന്നും പറയുന്നു.

അക്കം ഉള്ളത് കാശിന്റെ അര.കഴഞ്ചിന്റെ 23ൽ ഒന്ന്. രാജരാജ 1ന്റെ കാലത്ത് ഇതിലെ ഗ്രന്ഥവരി മാറ്റി നാഗരിയാക്കി പരിഷ്കരിച്ചു. സ്വർണ്ണവും വെള്ളിയും തമ്മിലുള്ള അനുപാതം 1 കഴഞ്ച് സ്വർണ്ണം ഉള്ളതാണ് ഒമ്പകര മാറ്റ്. അതിൽ 8.66 കഴഞ്ച് വെള്ളി വരാം. (സൈന്ധവസംസ്കൃതി കാലത്തെ തൂക്കം തന്നെയാണിത്). 433 കഴഞ്ച് വെള്ളി വന്നാൽ മാറ്റു കുറഞ്ഞ് കാശായിത്തീരും.

തിരമം അഥവാ ദ്രമ്മം ചെറിയ യൂണിറ്റാണ്. 6 ത്രമ്മമാണ് ഒരു കാശ്. (1076).100 വർഷം കഴിഞ്ഞ പ്പോൾ രാമനാട് ജില്ലയിൽ 7 ദ്രമ്മമാണ് ഒരു കാശ്. തഞ്ചാവൂരിൽ രാജരാജകാലത്ത് 2 തൂക്കയൂണിറ്റ് ഉണ്ട്. ആടവല്ലാൻ(സ്വർണ്ണം) ദക്ഷിണവേദവിത്തംഗൻ (രത്നത്തിന്റെ തൂക്കം).

16 കോൽ, കടികൈക്കളത്തുകോൽ, ശ്രീപാദക്കോൽ, മാളികൈക്കോൽ ഇതനുസരിച്ചാണ് മാനിലവും ചേ രുനിലവും കൂലിയായി കൊടുക്കുന്നത്. വേലിനില ത്തിന്റെ 20ൽ ഒരു ഭാഗമാണ് ചേരുനിലം. തെക്കേ ആർക്കോട്ടിലെ കീഴൂരിൽ 256 കൂലി 16 കോലളവ് മാനിലം രാജേന്ദ്രൻ ഒന്നാമന്റെ 6ആം ഭരണവർഷം നിശ്ചയിച്ചിരുന്നു. തഞ്ചാവൂരിലെു കൊണ്ട് അളന്ന് 100 കൂലിയാണ് ഒരു മാനിലം. 12 വർഷത്തിനു ശേഷം കീഴൂരിനടുത്ത് തിരുവാമത്തൂരിൽ 200 കൂലി 16 കൂലി കൊണ്ട് അളന്നതാണ് ഒരു മാനി ലം. തിരുവാലങ്ങാട്ടിലെ ക്ഷേത്രച്ചുമരിലും ഗോപു രത്തിലും ക്ഷേത്രം പണിത കോൽ രേഖപ്പെടുത്തി യിട്ടുണ്ട്. ക്ഷേത്രത്തിലെ വാസ്തുവിന്റെ അളവ് സ്റ്റാൻഡേഡൈസ് ചെയ്യുന്നതിനാണ് ശിൽപ്പി തന്റെ മുഴക്കോലും ഉളിയും രേഖപ്പെടുത്തുന്നത്. കേരള

ത്തിലെ പല ക്ഷേത്രങ്ങളിലും ഇപ്രകാരം തച്ചന്മാർ കോൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാലതിന്റെ വാസ്തുഗണിതം മനസ്സിലാക്കാത്ത ജനവും ചരിത്ര കാരന്മാരും പെരുന്തച്ചന്റെ ശാപമായും വരമായും എല്ലാം വ്യാഖ്യാനിച്ചുവെച്ചിരിക്കയാണ്. ശാസ്ത്രം ഐതിഹ്യമാക്കി മാറ്റപ്പെടുന്നതിന്ന് ഇത് ഉദാഹര ണമാണ്.

ഉത്തമചോളനാണ്യം വില്ലും ഇരിക്കുന്ന പുലിയും രണ്ട് മത്സ്യവും (ചേര,ചോള,പാണ്ഡ്യചിഹ്നം) ഇരു വശം ചാമരവും രേഖപ്പെടുത്തിയതാണ്. നാഗരിയി ൽ ഉത്തമചോള എന്നും ഉണ്ട്. രാജരാജചതുർവേദി മംഗലം എണ്ണായിരം അഗ്രഹാരത്തിലെ വിദ്യാഭ്യാ സസമ്പ്രദായത്തിൽ 270 ജൂനിയർ വിദ്യാർത്ഥികളും 70 സീനിയർ വിദ്യാർത്ഥികളുമാണ് ഉണ്ടായിരുന്ന ത്. 14 അദ്ധ്യാപകരുണ്ടായിരുന്നു. ജൂനിയറിൽ 40 ബ്രഹ്മചാരികൾ രൂപാവതാരപ്രകാരം(രൂപാവതാരം കർത്താവ് ധർമ്മകീർത്തിയാണ്) വ്യാകരണം പഠി ക്കുന്നു. 75 പേർ ഋഗ്വേദവും 20 പേർ വാജസനേ യവും ഛാന്ദോഗ്യവും തലവക്കരസാമവും 10 പേർ അഥർവ്വവും ബാക്കി 10 പേർ ബൊധായന ഗൃഹ്യ,കൽപ്പ,ഗണിതങ്ങളും പഠിക്കുന്നു. ഓരോ ജൂനിയർ വിദ്യാർത്ഥിക്കും നിത്യം 6 നാഴി അരി യുടെ ചോറു കൊടുക്കണം. 70 സീനിയർ വിദ്യാ ർത്ഥികൾക്ക് (ഛാത്രം) 10 നാഴി അരിയുടെ ചോറാ ണ് നിത്യം. 35 പ്രഭാകരമീമാംസാശ്ലോകവും 10 വേ ദാന്തശ്ലോകവും 4 വേദവും ഉൾപ്പെട്ട സിലബസ്സിൽ ഋഗ്വേദത്തിൽനിന്ന് ഒറ്റ സൂത്രമേ ഉള്ളു.
വൈഷ്ണവസ്ഥാപനമായിരുന്നുവെങ്കിൽ രാമാനുജ ന്റെ വിശിഷ്ടാദ്വൈതം കൂടി പഠിപ്പിക്കുമായിരുന്നു. അതുപോലെ ബൌദ്ധ,ശൈവസ്ഥാപനമെങ്കിൽ ഈ

ഫിലോസഫി പഠിപ്പിക്കാനും വേറെ പണ്ഡിതരുണ്ടാവുമായിരുന്നു. വേദാന്തം പഠിപ്പിക്കുന്ന അദ്ധ്യാപകന് ഒന്നും മൂന്നിലൊന്നും കലം , മീമാംസയും വ്യാകരണവും പഠിപ്പിക്കുന്ന നമ്പിമാർക്ക് 1 കലം, റ്റുള്ളവർക്ക് 3 കുറുണി (കാൽ കലം) ആണ് നിത്യവൃത്തിക്ക് നീക്കിവെച്ചിരിക്കുന്നത്. വേദാന്താദ്ധ്യാപകർക്കും ഛത്രികൾക്കും ഒഴികെയുള്ള അദ്ധ്യാപകർക്ക് മാത്രമേ സ്വർണ്ണം അലവൻസ് ഉള്ളു.

വ്യാകരണത്തിനും മീമാംസക്കും ഒരദ്ധ്യായം പഠിപ്പിച്ചാൽ 1 കഴഞ്ച്. മുഴുവൻ കോഴ്സ് പഠിപ്പിച്ചാൽ വ്യാകരണത്തിന് എട്ടും മീമാംസക്ക് 12ഉം കഴഞ്ച്. മറ്റുള്ളവർക്ക് ഒരു വർഷത്തിൽ ഒരാൾക്ക് അര കഴഞ്ച് വീതം. വേദാന്തം പണത്തിനുവേണ്ടി പഠിപ്പിക്കാൻ പാടില്ല. അതിനാലാണ് ആ വിഷയത്തിലെ അദ്ധ്യാപകർക്ക് സ്വർണ്ണം കൊടുക്കാത്തത്.

1067ലെ തിരുമുക്കൂടൽ ലിഖിതം ലോകത്തിലെ ഏറ്റവും വലിയ ലിഖിതമാണ്. മഹാവിഷ്ണുക്ഷേത്രത്തിലെ ഈ ലിഖിതം ആസ്പത്രിക്കും കോളേജിനുമുള്ള സൌകര്യങ്ങളാണ് കൊടുക്കുന്നത്. ഋക്ക്, യജുസ്സ്,രൂപാവതാരത്തോടെ വ്യാകരണം ഇവ പഠിപ്പിക്കാനുള്ള സൌകര്യമുണ്ട് വേദാദ്ധ്യാപകർക്ക് ദിനംതോറും 1 പടക്ക് നെല്ലും വർഷംതോറും 10 കാശും കൊടുക്കുന്നു. ഓരോ കുട്ടിക്കും ഒന്നരനാഴി അരിയുടെ ഭക്ഷണവും കറികളും കിടക്കാൻ പായയും കൊല്ലത്തിൽ 51 ശനിയാഴ്ച തേച്ചുകുളിക്കാനുള്ള എണ്ണയും രാത്രി പഠിക്കാൻ ഒരു വിളക്കും കൊടുക്കും. തികച്ചും സൌജന്യവിദ്യാഭ്യാസമായിരുന്നു. 2 സ്ത്രീകളെ പരിചരണത്തിനും ശുചീകരണത്തിനും നിയമിച്ചിരുന്നു.1121ൽ വിക്രമചോളകാല

ത്ത് വാഗ്ഭടന്റെ അഷ്ടാംഗഹൃദയവും ചരകസംഹിതയും രൂപാവതാരവും പഠിപ്പിക്കുന്ന വൈദ്യശാലസ്ത്രകലാലയം തിരുവാവട്തുറയിലുണ്ടായിരുന്നു. തിരുവൊറ്റിയൂരിൽ പാണിനി, ശിവചരിതം, ഇവ പഠിപ്പിക്കുന്നുണ്ട്. തഞ്ചാവൂരിലെ തിരുവിടൈക്കളിയിൽ മലബാറിലെ വേദാന്തവിദ്യാർത്ഥികൾക്ക് പ്രത്യേകം സൌജന്യഭക്ഷണമുണ്ട്. എഡി 998ൽ കാമരസവല്ലിയിൽ തലവക്കരസാമം പഠിച്ചവർക്ക് പ്രത്യേകം എന്ഡോവ്മെന്റുകളുണ്ട്. വെമ്പാറ്റൂർ ഘടികയിലെ തമിഴ് പണ്ഡിതർക്കും ഇതുണ്ടായിരുന്നു. പരാന്തകനുമുമ്പ് പല്ലവവിജയനന്ദിവിക്രമകാലത്ത് തന്നെ തിരുവല്ലം ക്ഷേത്രത്തില് തിരുപ്പതികം പാടുന്നവരുണ്ട്. ഇത് നമ്പിആണ്ടാർ നമ്പി, രാജരാജ, രാജേന്ദ്രകാലത്തിനു മുമ്പാണ്. അവരുടെ കാലത്ത് തേവാരനായകം നിത്യം പാടുന്നതിന് എൻഡോമെന്റുകളുണ്ട്.

അൻപിൽ പ്ലേറ്റിൽ പറയുന്ന ശ്രീനാഥൻ നാഥമുനിയാവണം. അദ്ദേഹത്തിന്റെ വൈഷ്ണവസാഹിത്യം പ്രസിദ്ധമാണ്. (9ആം നൂറ്റാണ്ടിന്റെ അവസാനം) പരാന്തക രണ്ടാമന്റെ മന്ത്രി അനിരുദ്ധൻ വൈഷ്ണവനാണ്. അദ്ദേഹത്തിന്റെ മുത്തശ്ശൻ അനന്തൻ സാധുക്കൾക്ക് വലിയ സഹായമായിരുന്നു. നാഥമുനി തന്റെ നാടായ കുറുശൂരിൽ ചില അതിഥികൾ തിരുവായ്മൊഴി (നമ്മാൾവാരെന്ന ശടഗോപരുടെ 1000 സ്തുതി) പാടുന്നത് കേട്ടു.അദ്ദേഹം നമ്മാൾവാരുടെ ജന്മസ്ഥലമായ കുറുശൂരിലെ വിഷ്ണുവിനെ സന്ദർശിച്ചു.ആൾവാരെ കാണാൻ പുളിഞ്ചോട്ടിൽ കാത്തിരുന്നു.12000 തവണ മധുരകവി രചിച്ച ശതഗോപഗുരുവെ കുറിച്ച കീർത്തനം പാടി. മധുരകവിയും നമ്മാൾവാരും പ്രത്യക്ഷ

മായി അദ്ദേഹത്തെ പ്രബന്ധങ്ങളെല്ലാം പഠിപ്പിച്ചു. തന്റെ നാടായ വീരനാരായണപുരത്തെ കൃഷ്ണൻ തിരിച്ചുവിളിച്ചു. അവിടെചെന്ന് ശിഷ്യരോടൊപ്പം പ്രബന്ധങ്ങൾ പാടി. കുറുശൂർ മധുരകവിയുടെ നാടാണ്. അവിടെ വന്ന് പാടിയ അതിഥികൾ പടി ഞ്ഞാറൻ തീരത്തെ (കേരളം) ആളുകളാണ്. കേരളം നമ്മാൾവാരുടെ നാടാണ്. 995ലെ തിരുമാൽപുരം ക്ഷേത്രത്തിലെ കോലനൂർ കുളത്തിൽ വിഷ്ണുവി നെ കീർത്തിക്കുന്ന തിരുപ്പതികമുണ്ട്. ഇഷ്ടിക കൊണ്ട് ഉണ്ടാക്കിയ വളരെ പഴയ ക്ഷേത്രമാണിത്.

പല്ലവരാണ് കട്ടിയുള്ള കരിങ്കല്ലിഷ്ടികകളിൽ ഗുഹാ ക്ഷേത്രങ്ങൾ പണിയുന്നതിൽ മികവ് കാണിച്ചത്. കാഞ്ചീപുരം കൈലാസനാഥക്ഷേത്രം , മഹാബലി പുരം കല്ലമ്പലം ഇവ ഉദാഹരണം. മഹേന്ദ്രവർമ്മ ന് 200 വർഷം ശേഷം വിചിത്രചിത്തൻ ലോഹമോ മരമോ ഇഷ്ടികയോ ഇല്ലാത്ത ക്ഷേത്രം നിർമ്മിച്ചു. ഇത്തരം കല്ലമ്പലങ്ങൾ ചോളനാട്ടിൽ 8-9 നൂറ്റാണ്ടു കളിൽ ഇല്ല. പാണ്ഡ്യനാട്ടിലെ ആനമലയിൽ (മധുര) നരസിംഹഗുഹാക്ഷേത്രം അതിന്നുമുമ്പേ ഉണ്ട്. കേരളത്തിലെ പല്ലവ(പാലിയം)ന്മാരുടെ തൃക്കൂരും തിരുവഞ്ചിക്കുഴിയും ഗുഹാക്ഷേത്രങ്ങളും ുമ്പേ ഉള്ള പ്രാചീനഗുഹാക്ഷേത്രങ്ങളാണ്. ആദിത്യൻ ഒന്നാമൻ കാവേരീതീരത്ത് 108 ശിവക്ഷേത്രം ഉണ്ടാ ക്കിയെന്ന് പറയുന്നത് ഭാരതപ്പുഴയും കാവേരിയും അടക്കമാണ്. കാവേരിയും ഭവാനിയും ഭാരതപ്പുഴ ഴയും ചേർന്ന നദീസമുച്ചയത്തെയാണ് കാവേരീ തീരം എന്ന് ലിഖിതം പറഞ്ഞിരിക്കുന്നത്. എണ്ണായിരവും ഉത്തരമേരൂരിലെ കുന്തവൈമഠവും വൈഷ്ണവമഠങ്ങളാണ്. ശിവയോഗികൾ എന്ന പാശുപതകാപാലികകാളമുഖർ മഹാവ്രതികളായ

അതിമാർഗ്ഗി ശൈവരാണ്. ഭക്ഷണം കപാലത്തിൽ കഴിക്കുക, ഭസ്മലേപനം സർവ്വാംഗം ചെയ്യുക, ശവശരീരത്തിലെ ഭസ്മം പൂശുക, ഭസ്മം ഭക്ഷിക്കുക, ദണ്ഡ് ധരിക്കുക, മദ്യചഷകം ഏന്തുക, അതിലെ ഈശ്വരനേ ആരാധിക്കുക, നരഹത്യ എന്ന ബലി ചെയ്യുക ഇവ മഹാവ്രതികളായ വ്രാത്യർ ചെയ്തിരുന്നു. രാജരാജനാണ് ഇവ പാടില്ലെന്ന് വിലക്കിയത്. എന്നിട്ടും 9 മുതൽ 11 നൂറ്റാണ്ടുവരെ കാളമുഖരുടെ സംഘം തെക്കേ ഇന്ത്യയിൽ പ്രബലമായി തുടർന്നു. പരാന്തക രണ്ടാമന്റെ കാലത്ത് കൊടുമ്പാളൂർ വിക്രമകേസരി മൂവർകോവിൽ ഉണ്ടാക്കി അത് ബൃഹന്മഠത്തിലെ കാളമുഖാചാര്യനായ മല്ലികാർജുനന് (ആത്രേയഗോത്രം, മധുരനാട്, വേദവിത്ത്, വിദ്യാരാശി തപോരാശിമാരുടെ ശിഷ്യപരമ്പര) ദാനം ചെയ്ത രേഖയുണ്ട്. യാദവനായ വിക്രമകേസരി ആ ഗുരുവിന് 11 ഗ്രാമം മഠത്തോട് ചേർത്ത് കൊടുത്തു. 50 അസിതവക്ത്രസന്യാസിമാരുടെ ഊട്ടിനാണ് ഈ ദാനം. ഈ ലിഖിതത്തിനുമുമ്പ് ആർക്കോട്ടിലെ വേതാളലിഖിതമുണ്ട്.വടക്കേ ആർക്കോട്ടിലെ മേൽപാടിയിലെ കാളമുഖമഠത്തിലെ മുഖ്യഗുരു ലകുലീശ്വരപണ്ഡിതൻ. ആ പരമ്പരയിലെ കാലമുഖ ദശപുരീയാൻ (ഹാരീതഗോത്രം , ആപസ്തംബസൂത്രം) എന്ന ഗുരുവിനാണ് വേതാളദാനം. ലകുലീശ്വരനെന്ന ഗുരു അഭിനവഗുപ്തന്റെ ഗുരുപരമ്പരയിലെ ആദ്യഗുരുവാണ്. വളാഞ്ചേരി പൂക്കാട്ടിയൂരിലെയും മഥുര കിണറ്റിലെ സ്തംഭത്തിലേയും ലകുലീശന്മാരുടെ നാമവും ഗുരുപരമ്പരയും നേരത്തേ പല സ്ഥലങ്ങളിലായി വിവരിച്ചു, ഇവിടെ ആവർത്തിക്കുന്നില്ല. മല്ലികാർജ്ജുനനും

അഭിനവഗുപ്തന്റെ പ്രപിതാമഹരും ആത്രേയ ഗോത്രമാണ്. അവരുടെ ആദിഗുരു ലകുലീശനും തെക്കേ ഇന്ത്യയിലാണ് തന്റെ ശൈവാദ്വൈതം പഠിപ്പിച്ചിരുന്നത്. അഭിനവഗുപ്തന്റെ കാശ്മീരശൈവിസവും കേരളം തമിഴ്നാട് എന്നിവിടങ്ങളിലെ ശൈവിസവും തമ്മിൽ സാമ്യം കാണുന്നതിന്റെ കാരണം സൂചിപ്പിക്കുക മാത്രമാണ്. തിരുവൊറ്റിയൂരിലെ ചതുരാനനപണ്ഡിതന്റെ (വീരരാജേന്ദ്രകാലം) തെക്കേ ആർക്കോട്ടിലെ ചബൈലിഖിതവും മഹാവ്രതി ലകുലീശ്വര പണ്ഡിതനെ പറയുന്നുണ്ട്. ചതുരാനനപണ്ഡിതൻ കേരളീയനാണ്. 1123ൽ കാളമുഖഗോ മഠത്ത് അരുളാലഭട്ടൻ തഞ്ചാവൂരിലെ കോയിൽ തോവരായൻ പേട്ടൈ നിലം കാളമുഖാചാര്യന്മാരായ (ഇതേ പരമ്പര) ശൈലരാശി, ജ്ഞാനരാശി എന്നിവർക്ക് വിൽക്കുന്നു.

കണ്ണാരദേവലിഖിതത്തിൽ ചതുരാനനപണ്ഡിതൻ കേരളരാജവംശത്തിൽ ജനിച്ചവനാണെന്നും ജ്ഞാനത്തിൽ ഈ വലഭൻ ഗുഹനു സമമാണെന്നും പറയുന്നു. യൌവനത്തിൽ തന്നെ സഹോദരിയുടെ വിവാഹശേഷം (അവളുടെ കൂടെ) ചോളനാട്ടിലേക്ക് വന്നു. രാജാദിത്യന്റെ ഗുരുവും സുഹൃത്തും സാമന്തനുമായി അദ്ദേഹത്തേയും പിതാവിനേയും സേവിച്ച വെള്ളൻ കുമരനെന്ന വള്ളുവനാട്ടിലെ രാജാവാണ് അദ്ദേഹം. രാജാദിത്യനെ യുദ്ധത്തിൽ സഹായിക്കാനാതെ അദ്ദേഹം ആനപ്പുറത്തിരുന്ന് മരിച്ചതു കണ്ട് അദ്ദേഹം സന്യസിച്ചു. നിരഞ്ജനഗുരുവിൽനിന്നാണ് മഹാവ്രതവും ചതുരാനനപണ്ഡിതനെന്ന നാമവും ലഭിച്ചത്. എഡി 960ലാണ് കച്ചിയും തഞ്ചൈയും കീഴടക്കിയ കണ്ണരദേവലിഖിതം. മലബാറിലെ ശ്രീമൂലവാസം നേരെ എതിരിലാ

യി നേഗപട്ടണം കോറോമാൻഡൽ തീരത്താണ്. അത്തി,വായലൂർ, വൃദ്ധാചലം പ്രശസ്തികളെല്ലാം മലബാറിലെ കാടവരുടേതാണ്. മലബാറിലെ പയ്യൂർ കവികൾ പ്രസിദ്ധരാണ്. 1146ലെ മരുതത്തൂർ ഉടോയാർ നാങ്കുപട്ടിക്ഷേത്രത്തിന് ഭൂമി ദാനം ചെയ്യുന്നത്, തനിക്ക് പയ്യൂരിലെ വേദവനം (വേദക്കാട്)ഉടൈയാൻ ദാനം ചെയ്ത ഭൂമിയാണ്. അദ്ദേഹത്തെ ഒരു ശ്ലോകം കൊണ്ട് അദ്ദേഹം പ്രശസ്തി പാടുന്നു:- നാൻ കവി പാടി പാടിന കവിക്ക് എനും പരിശിൽ തന്ത തൻ കാണിയാന കുടിക്കാട്. പൂങ്കോയിൽ നാലകത്ത് തലക്കോലിയുടെ നൃത്തം കണ്ട്, തിരുവാരൂർ ക്ഷേത്രമണ്ഡപത്തിലിരിക്കുന്ന രാജാവ്, വായാറ്റൂർ ബ്രഹ്മദേയഗ്രാമം ഇറൈയിലിയായി പൂങ്കോയിൽ നാലകത്ത് നമ്പിക്ക് (നം മകൻ വീരശോളഅണുക്കനെ പ്രശംസിച്ചതിന്) വീരരണുക്കവിജയത്തിന് സംഭാവനയായി കൊടുത്തു. നമ്പിയും തലൈക്കോലിയും കൂടി ക്ഷേത്രഭരണം നടത്തണമെന്ന് ശാസനയിട്ടു.

തിരുവല്ലം ലിഖിതം 100 കൂലി ക്ഷേത്രനിലം കുറട്ടിയിലെ വരദയപ്പുലവർക്ക് ദേവനെ സ്തുതിച്ച് വല്ലൈ അന്താദി എഴുതിയതിനാണ്. മുമ്പത്തെ വരിയിലെ അവസാനഅക്ഷരം വെച്ചാണ് ഓരോ വരിയുടെ ആദ്യാക്ഷരം തുടങ്ങുന്നത്. പാണ്ഡ്യപല്ലവകാലാവസാനം ബൃഹദ്കഥയുടെ തമിഴ് വിവർത്തനമായി പെരുങ്കതൈ അഥവാ ഉദയനൻ കഥൈ എഴുതിയ കവി കൊങ്ങുവേളിർ ആണ്. കൊങ്ങുമംഗലശത്കപ്രകാരം ഇദ്ദേഹം മങ്കൈനാട്ടുകാരനാണ്. കോയമ്പത്തൂർ ഈരോഡുതാലൂക്കിലെ വിജയമംഗലമാണ് മങ്കൈനാട്. 12ആം നൂറ്റാണ്ടിലെ അടിയാർക്കുനല്ലാർ ഉദയനൻകഥ രണ്ടാം സംഘകാല

ത്തെ നിരവധി കഥകൾ പരിശോധിച്ചാണ് എഴുതി യത്. എഡി മൂന്നാം നൂറ്റാണ്ടിലോ അതിനും മുമ്പോ ആണ് ഉദയനകഥ സംഭവിച്ചത് എന്ന് തീരു മാനിക്കപ്പെട്ടിരിക്കുന്നു. സ്വാമിനാഥഅയ്യർ പറയുന്നത് ഗംഗാരാജാവായ ദുർവ്വിനീതൻ 6ആം നൂറ്റാണ്ടിലെഴുതിയ സംസ്കൃതഗ്രന്ഥത്തിന്റെ തമിഴ് ആണെന്നാണ്. ഇത് ശരിയല്ല, തെളിയിക്കപ്പെട്ടിട്ടു മില്ല. ഗുണാഢ്യന്റെ ബൃഹദ്കഥയിലെ ഉദയനൻ അദ്ദേഹത്തിന്റെ പുത്രൻ നരവാഹനദത്തൻ ഇവ രുടെ കഥ പ്രാകൃതത്തിലാണ് ആദ്യം എഴുതപ്പെട്ടത്. (ഇതിനെ കുറിച്ച് വരരുചികഥ പറയുമ്പോൾ പറ യുകയുണ്ടായി). ചോളരാജാവായ തിരുത്തക്കത്തേ വരാണ് ജീവകചിന്താമണികർത്താവ്. ഏതാണ്ട് 1800 വർഷം മുമ്പ് രചിച്ച ചേന്ദം ദിവാകരം കേര ളത്തിലെ ചേന്ദൻ ദിവാകരനാണ് രചിച്ചത്.അരുവ ന്തെയുടെ രക്ഷിതാവായ അംബർമുഖ്യൻ(തഞ്ചാവൂ ർ) ഇതിന്റേയും രക്ഷിതാവായിരുന്നു. കമ്പരുടെ രക്ഷിതാവായ ചടയന്റെ അഛനായ പുതുവൈ മുഖ്യൻ ശങ്കരന്റെ സൈന്യത്തിൽ ചേർന്ന തന്തു വായനാണ് ഒറ്റക്കൂത്തനെന്ന കവി. ഗാംഗേയനെക്കു റിച്ച് 4000 കോവൈ രചിച്ചു. പുത്തി ത്രിഭുവന സോമനും ഇദ്ദേഹത്തിന്റെ രക്ഷകനായിരുന്നു. വിക്രമചോളഉലാ, കലിംഗത്തുപരണി(വിക്രമചോള) കുലോത്തുംഗ രണ്ടാമനെക്കുറിച്ച പിള്ളൈത്തമിഴ് (ഏറ്റവും നല്ല കവിത) ഈട്ടിയെളുപത്, ഏളുപല്ലു പാട്ട്, തക്കയത്ത് പരണി ഇവ കൂടാതെ ആദ്യക വനമായ സരസ്വതി അന്താദിയും അരുമ്പൈ തൊ ള്ളായിരവും പ്രസിദ്ധമാണ്. അരിശില് കരയിലെ സരസ്വതിക്ഷേത്രം തമിഴ് ലിഖിതം കവിപ്പെരുമാൾ ഓവാതകൂത്തൻ മലരിയിലെ കവിചക്രവർത്തി

യുടെ പേരക്കുട്ടിയാണെന്ന് പറയുന്നു. ഈ ക്ഷേത്രം ആ കവിചക്രവർത്തി പ്രതിഷ്ഠിച്ചതാണ്.

കമ്പൻ വെണ്ണെയിലെ ചടയന്റെ കീർത്തിപോലെ നിലാവ് പരക്കുന്നതായി എഴുതി. കമ്പന്റെ അഛൻ മൂവലൂരിലെ (തഞ്ചെ മായാവരം)ആദിത്യൻ തിരുവാലത്തൂരിലെ ഉവച്ചനായിരുന്നു. അദ്ദേഹത്തിന്റെ കവിത ചടയപ്പവള്ളൽ ശരരാമനേയും, പുതുവൈത്രിഗർത്തമുഖ്യനേയും (ത്രിഗർത്തവിക്രമചോള ഉലായിലും പറയുന്നു), ഗംഗാവംശത്തിലെ ചേദിരായനേയും ആകർഷിച്ചു. കമ്പനാടും കവിചക്രവർത്തി ബിരുദവും അങ്ങനെ ലഭിച്ചു. രാമാഭിഷേകം വരെയുള്ള രാമായണരചനയാണ് അദ്ദേഹത്തിന്റെ പ്രശസ്തി ഇന്നും നില നിർത്തുന്നത്. ഉത്തരകാണ്ഡം ചേർത്തത് ഒറ്റക്കൂത്തനോ വാണീദാസനെന്ന വാണിയൻ നാടാനോ ആണ്. തിരുവൊറ്റിയൂരിലെ ചതുരാനനപണ്ഡിതന്റെ മഠത്തിലെ നര്ത്തകി വള്ളിയുമായി ഇദ്ദേഹം പ്രേമത്തിലായി.അക്കാലത്തെ പാണ്ഡ്യ, കാകതീയരുദ്ര, ചോളരാജാക്കന്മാർ ഒരുമിച്ച് പ്ലാനിട്ട് അദ്ദേഹത്തെ വധിച്ചു. ഒറ്റക്കൂത്തനും ചെക്കിളാരും കമ്പന്റെ സമകാലീനരാണ്. ഏറെലുപ്പാട്ടും തിരുക്കൈവെഴക്കവും അദ്ദേഹത്തിന്റേതാണ്. സഭയിൽ പാടിയ കൃഷിസംബന്ധമായ പാട്ടുകൾ അദ്ദേഹം വെള്ളാളനാണെന്ന് സൂചിപ്പിക്കുന്നു. ചടയന്റെ മകനായ ചേദിരാജൻ പാമ്പുകടിച്ച് മരിച്ചപ്പോൾ കമ്പൻ വെമ്പാ പാടി ജീവിപ്പിച്ച ഐതിഹ്യം പഴയ മ്യൂസിക്ക് തെറാപ്പിയുടെ ചരിത്രവുംമാണ്. പാണ്ഡ്യസഭയിലുണ്ടായിരുന്ന കളന്തയിലെ പുകഴേന്തിയും കമ്പന്റെ സമകാലീനനാണ്. ചോളൻ പാണ്ഡ്യപുത്രിയെ വിവാഹം കഴിച്ചപ്പോളാണ് പുകഴേന്തി ചോളസഭയിലെത്തിയത്. അവിടെവെച്ച്

ഒറ്റക്കൂത്തനുമായി വഴക്കുണ്ടായി. രാജാവ് ഇട പെട്ട് രണ്ടുപേരേയും ശാന്തരാക്കി. മധുരക്കടുത്ത് മാരനാട്ടിലെ തഞ്ചാക്കൂരിലെ മുഖ്യനും മലൈനാട് കീഴടക്കിയവനുമായ വഞ്ചിപൊല്ലാമൊഴി പുലവ രുടെ കവിതയാണ് തഞ്ചൈയിലെ വാണനെ(ബാണ) കുറിച്ച തഞ്ചൈവാണൻ കോവൈ. ഈ പുലവർ മാരവർമ്മകുലശേഖര 1 (1260-1308) ആണെന്നാണ് അഭിപ്രായം. ചെക്കിഴാരുടെ ശിവപുരാണം,പെരു മ്പറ്റ പുലിയൂർ നമ്പിയുടെ തിരുവിളയാടൽ പുരാ ണം, ഇവയും പ്രസിദ്ധമാണ്. ചെക്കിഴാരുടെ ജന്മ സ്ഥലം കുന്റെവലനാട്ടിലെ കുന്റത്തൂർ (തൊണ്ടൈമ ണ്ഡലം പുലിയൂർക്കോട്ടം ശുചീന്ദ്രം) ആണ്. ഇദ്ദേ ഹം സേവൈകാവലാർ ഗംഗൈകുലതിലകം എന്ന നാമമുള്ള വെള്ളാളനായിരുന്നു. ഉത്തമചോളപല്ലവ ന്റെ ഉന്നതപദവിയുള്ള ഉദ്യോഗസ്ഥരിലൊരാളായി രുന്നു. കുന്റത്തൂരിലും തിരുനാഗീശ്വരക്ഷേത്രം പോലെ ക്ഷേത്രം ഇദ്ദേഹം പണിയിച്ചു. പേരമ്പലം സ്വർണ്ണം പൊതിഞ്ഞ അനപായനെ സന്തോഷിപ്പി ക്കാനാണ് ചെക്കിലാരുടെ രചന.

മേയവിവ്വുരൈകൊണ്ടു വിരുമ്പുമാഞ്ചേയമിന്റിരു പേരമ്പലം ചെയ്യ തൂയപൊന്നനിചോലനീടൂളി പാരായ ശീരനനപായനരശവൈ (കുലോത്തുംഗ 1, 2 ഇവരുടെ കാലം) അനുജൻ പാലരാവായർ (കുലോത്തുംഗ 2 കാലം) കുന്റത്തൂരിലെ കളപ്പാല രായരെന്ന് ചെക്കിളാർ. കുന്നത്തൂർ എന്നത് ചേക്കി ളാരുടെ കുടുംബനാമമാണ്. ഇദ്ദേഹമാണ് അനിയൻ പാലരാവായർ. ചേക്കിളാർ അമ്മയപ്പൻ പരാന്തകദേവനെന്ന കരികാലചോളപല്ലവരായനും ഈ കുടുംബാംഗമാണ്. (1182ലെ തിരുക്കാടയൂർ ദാനം) ചെല്ലിനഗരം പെരുഞ്ചെല്ലൂരാണ് . അവിട

ത്തെയാണ് പെരുംപറ്റ പുലിയൂർ നമ്പി. ബ്രാഹ്മണ നായ ഇദ്ദേഹം തിരുനെൽവേലി പനയൂർ(കരിവ ലം വന്ത നല്ലൂർ) ചിദംബരം മഠം വിനായകനെന്ന ഗുരുവായി. പാണ്ഡ്യരാജാവിനു വേണ്ടി കൃതികൾ രചിച്ചു. 1227ൽ അദ്ദേഹത്തിന്റെ മഠത്തിലെ ആനന്ദ താണ്ഡവനമ്പിയും ഭാര്യയും മധുരയിൽ ഗോപുരം പണിതു. ചേന്ദനാർ, കരുവൂർ തേവർ, നമ്പി കാട നന്ദി (ആത്രേയനമ്പി കാടനമ്പി അർച്ചകൻ എഡി 1050 തിരുവൈയ്യാറ്) ഇവരെല്ലാം കേരളത്തിൽനി ന്നുള്ളവരാണ്. കുലോത്തുംഗ 1ന്റെ കാലത്തെ 2 നീടൂര് ലിഖിതങ്ങൾ ,കുളത്തൂർ കന്തൻ മാധവന്റെ മുന്ഗാമിയായ അമൃതസാഗരനെ ചിരുകുന്റനാട് (ജയം കൊണ്ട ചോളമംഗലം) കൊണ്ടുവന്നതായി പറയുന്നു. കഴുകുമലലിഖിതപ്രകാരം അമൃതസാ ഗരന്റെ ഗുരു ഗുണസാഗരനാണ്. കാരിഗൈ കുള ത്തൂരും അതിന്റെ ചരിത്രമായ യാപ്പെരുങ്കലവും ലിഖിതം പറയുന്നുണ്ട്. കളന്തയിലെ വജ്രനന്ദിശി ഷ്യന്റെ നേമിനാഥവും, ഭവനന്ദിയുടെ നന്നൂലും കൂടാതെ, വിജയാലയചോളന്റെ ശാഖ ആരംഭിക്കു ന്നതിനു മുമ്പ് ചേന്ദൻ ദിവാകരൻ എഴുതിയ ചേന്ദൻ ദിവാകരം എന്ന നിഖണ്ഡുവും ഉണ്ടായി ട്ടുണ്ട്. കാവേരിയുടെ തെക്കേ കരയിലെ വെങ്കടരാ യന്റേയും സുന്ദരിയുടേയും മകൻ മാധവൻ ഋഗ്വേ ദത്തിന് സംസ്കൃതത്തിൽ ഭാഷ്യം രചിച്ചു. താൻ, ജഗതാം ഏകവീരസ്യ വിഷയേ നിവസൻ സസുഖം എന്ന് പറയുന്നുണ്ട്. പരാന്തക 1 ന്റെ സംരക്ഷണ ത്തോടെ സസുഖം വാഴുന്നു. (വീരരാജേന്ദ്രന്റെ കന്യാകുമാരിലിഖിതം തോൽപ്പിക്കാനാവാത്ത കൃഷ്ണരാജനെ തോൽപ്പിച്ച വീരചോഡനെന്ന് പറയുന്നു)

തമിഴകത്തേയും പാണ്ഡ്യചേരചോളരാജ്യങ്ങളേയും അശോകകാലത്തും,(ബിസി 3ആം നൂറ്റാണ്ട്) മെഗാസ്തനീസിന്റെ കാലത്തും ചരിത്രകാരന്മാർക്ക് അറിയാം. പാണ്ഡവരിൽ അർജ്ജുനന്റേയും (പാണ്ഡ്യവംശം) ഭീമന്റേയും (ഹിഡിംബഘടോത്കചവംശം) മക്കളാണ് മഹാഭാരതം കാലശേഷം തെക്കേ ഇന്ത്യ ഭരിച്ചത്. ഇവരും സോമവംശിപാണ്ഡുവംശികളാണ്കൊർക്കൈയിൽ മൂന്നു സഹോദരന്മാർ കോർക്കൈ, മണലൂർ,കല്യാണപുരം ഇവയെ മൂന്നു തലസ്ഥാനമാക്കി, മധുരയെ മൂലസ്ഥാനമാക്കി ഭരിച്ചിരുന്നു. വലിയ പ്രളയമുണ്ടായി പാണ്ഡ്യന്റെ കവാടപുരം നശിച്ചശേഷം സോമവംശം യാദവ പാണ്ഡ്യവംശമെന്ന പേരിൽ ചെല്ലി എന്ന രാജാവാണ് പുനരുദ്ധരിച്ചത്.

ലിഖിതങ്ങളിൽ വേൾവിക്കുടിശാസനം പല്യാശമുതുക്കുടുമി വഴുതിയാണ് വേൾവിക്കുടി ഗ്രാന്റ് ആദ്യം നൽകിയതെന്ന് കാണാം. വഴുതിയുടെ നാമം തൊവരി ഗുഹയിൽ കാണുന്നുണ്ട്. വേൾവിക്കുടിയെ വളരെ കാലം നീടുഭുക്തിയായി കളഭ്രകാലത്തിനുമുമ്പ് അനുഭവിച്ചിരുന്നു. കളഭ്രകാലത്തിനുശേഷം പാണ്ഡ്യരേയും ചേരരേയും വീണ്ടും പുനരുദ്ധരിച്ചത് കടുങ്ങോനെന്ന ചേരവംശജനാണ്. കടുങ്ങോൻ ശിലൈത്തടക്കൈ കോലർക്കളിറ്റു ചെലിയൻ വാനവൻ ചെങ്കോൽ ചേന്ദന്റെ പേരക്കുട്ടിയാണ്. (പെരുഞ്ചെല്ലൂരും വാനവനെന്ന നാമവും ചേന്ദമംഗലവും എല്ലാം കേരളത്തിലെ മൂഷകചേരരാജാവിനെ സൂചിപ്പിക്കുന്നു. വഴുതിയായ പാണ്ഡ്യനും കടുങ്ങോനായ ചേന്ദനും (ചേരൻ) ഒരേ വംശമാണ്. അരികേസരി പരാങ്കുശനാണ് വേൾവിക്കുടി ശാസനത്തിലെ ചേന്ദന്റെ പിൻതുടർച്ചാവകാശി.

(ചിന്നമാനൂർ പ്ലേറ്റ് ക്രോണോളജി) കളഭ്രർക്ക് മുമ്പ് മുതുക്കുടുമിയും ഭരിച്ചിരുന്നുകടുങ്ങോന്റെ പേരക്കുട്ടിയാണ് ചെലിയൻ (തലയലങ്കാനത്ത് നെടും ചെലിയൻ). ഇദ്ദേഹം ചെലിയനല്ല, ചേന്ദ നാണ്, അതായത് ഇദ്ദേഹത്തിന്റെ കാലത്ത് പെരു ഞ്ചെല്ലൂരല്ല വന്ദേരിയിലെ ചേന്ദമംഗലമാണ് ചേര ന്റെ ആസ്ഥാനം. ചിന്നമാനൂരിലെ ക്രോണോളജി ആരംഭിക്കുന്ന ചെലിയൻ ചേന്ദൻ ജയന്തവർമ്മ നാണ് തലയലങ്കാനം യുദ്ധം ജയിച്ചതും ഭാരതം തര്ജ്ജമ ചെയ്യിച്ചതും. . പൽശാലൈ മുതുക്കുടുമി ക്ക് ശേഷം കളഭ്രകാലം കഴിഞ്ഞ് വീണ്ടും ചേര ചോളപാണ്ഡ്യരുടെ പുനരുദ്ധാരണം വരെ വലിയ ഒരു ഇടവേള കാണുന്നത് കളഭ്രകാലമാണ്. ചിലപ്പ തികാരത്തിലെ നെടുഞ്ചെലിയൻ തന്നെയാണ് ആരി യപ്പടൈ കണ്ട പെരുവഴുതി എന്നാണ് അഭിപ്രായ യം. പുറനാനൂറിലെ 5 പുറങ്ങളിൽ മുതുക്കുടുമി പെരുവഴുതിയെ പറയുന്നുണ്ട്. വലിയ യോദ്ധാ വും ഔദാര്യവാനും ഇന്ത്യ മുഴുവനും ഭരിച്ചവനു മാണെന്ന് പുറനാനൂറിലുണ്ട്. കാരി കിഴാർ അദ്ദേ ഹത്തെ നെടുമ്പള്ളി ആത്തനാർ (നെടുമ്പര അഥവാ പെരുമ്പ ള്ളിയിലെ ആത്തനെന്ന ചേരൻ) എന്ന് വിളിക്കുന്നു. നെടുമ്പ്രദേശത്തെ പെരുമ്പടപ്പിലെ ആതൻ ചേരനാണ് മുതുക്കുടുമി പെരുവഴുതി. ഇദ്ദേഹത്തിന്റെ മകനായ നെടുംചെലിയൻ (ചിലപ്പ തികാരകാലം) മാന്തരം(മഹേന്ദ്ര)ചേരലിനെ തടവു കാരനാക്കിയിട്ടുണ്ട്. കോഴി എന്ന നാമം മൊഹ ഞ്ജോദാരോ മുതലായ പ്രാചീനനഗരങ്ങളുടെ നാമമാണെന്ന് കാണാം. കോഴിയൂരുകൾ (ഉറൈ യൂർ, കൊടുങ്ങല്ലൂർ, കോഴിക്കോട്, കോഴിക്കുള ങ്ങര, കൊക്കോഴിക്കോട് ഇപ്രകാരം)കൂകൈക്കോഴി

വാകൈപ്പുറത്തലൈ എന്ന് കോഴിനഗരവും വാകൈ പ്പെരുംതുറൈയായ വാകയൂരെന്ന തിരുനാവായും സ്ഥലനാമങ്ങളിലൂടെത്തന്നെ പ്രാചീനത തെളിയിക്കു ന്നുണ്ട്. എവ്വിയെ മാവേളനെന്ന് വിളിക്കുന്നു. മാ (പെരിയ വലിയ മഹാ) വേളമാണ് എവ്വി. (ഇള ങ്കോവേലിനെ പറ്റി നേരത്തേ പറഞ്ഞതെല്ലാം കാണുക. പാരിവള്ളലായ എവ്വിവംശമെന്ന് പറ യുന്നുണ്ട്). രാജാവിന്റെ ഐംപെരുംകുഴു ജനം, മഹാജനം,പാർപ്പനർ(ദാർശനികർ)വൈശ്യർ(മരുത്ത) നിമിത്തർ(ജ്യോതിഷികൾ) അമൈച്ചർ (മന്ത്രിസഭ) ഇവരാണ്. അദ്ദേഹത്തിന്റെ അകമ്പടിക്കാരാണ് എൺപേരായം.

ചോളചേരനാടുകളും പാണ്ഡ്യനാടും തമ്മിലുള്ള ബന്ധവും മേൽക്കോയ്മക്കുള്ള അവകാശത്ത ർക്കങ്ങളും അതു കൊണ്ടുവന്ന തകർച്ചയും സാമാന്യമായി ഇവിടെ പറഞ്ഞു. ഒരു കുടുംബ ത്തിലെ പല മക്കൾ പരസ്പരം കലഹിച്ചാലുള്ള നാശവും ദോഷവുമാണ് ചരിത്രം നമ്മോടു സംവ ദിക്കുന്നത്. വർത്തമാനകാലത്ത് ഇതേ സംഭവങ്ങ ളുടെ തനിയാവർത്തനം കാണുന്ന മനുഷ്യൻ (ചരി ത്രകാരൻ) ഭാവിയിലേക്ക് നോക്കി വേണം സംവദി ക്കുന്നത്. വീണ്ടും രാജ്യം തകര്ച്ചയിലേക്കും വിദേ ശാധിപത്യത്തിലേക്കും വഴുതിവീഴാതിരിക്കാനാണ് ഒരുമയെ പഠിപ്പിക്കുന്ന ചരിത്രം വായിക്കേണ്ടത്. പരസ്പരം കലഹിക്കരുത്, ഒരുമയോടെ രാജ്യത്തി ന്റെ നന്മക്കായി പ്രവർത്തിക്കണമെന്ന് പഠിക്കണം. വിഭാഗീയതകൾക്ക് അതീതമായി ചിന്തിക്കണം.